# കേരള പാഠാവലി

## മലയാളം

932

...TUTE OF CHILDREN'S LITE... Date ...



7

INSTITUTE OF CHILDREN'S LITERATURE, TRIVANDRUM
Date No.-932

# കേരളപാഠാവലി

134

## മലയാളം

### സ്റ്റാൻഡേർഡ് 7

1979

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതിനുള്ള അർഹതയ്ക്കായി ഞാൻ എപ്പോഴും പ്രയത്നിക്കുന്നതാണ്.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും എന്നെക്കാൾ പ്രായമുള്ള എല്ലാവരെയും ബഹുമാനിക്കുകയും ഏതൊരാളോടും മര്യാദയോടുകൂടി പെരുമാറുകയും ചെയ്യും.

ഞാൻ എന്റെ രാജ്യത്തോടും എന്റെ നാട്ടുകാരോടും പ്രതിപത്തിയുള്ളവനായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. അവരുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ ആനന്ദം കുടികൊള്ളുന്നത്.

---

©

**Government of Kerala**

**1979**

# വിഷയവിവരം


| | | | പേജ് |
|---|---|---|---|
| 1. | ഒരു നല്ല രാജ്യം (പദ്യം) | .. | 1 |
| 2. | വിടവാങ്ങൽ | .. | 2 |
| 3. | ഊർജ്ജം | .. | 10 |
| 4. | വർഷക്കാലം (പദ്യം) | .. | 16 |
| 5. | കുഷ്ഠരോഗം | .. | 17 |
| 6. | യേശുവിനെക്കാത്ത് | .. | 22 |
| 7. | യേശു വരുന്നു | .. | 30 |
| 8. | ഭഗവദ്ദൂത് (പദ്യം) | .. | 34 |
| 9. | ഛായാഗ്രഹണത്തിന്റെ വളർച്ച | ... | 37 |
| 10. | മനുഷ്യവർഗ്ഗങ്ങൾ | .. | 43 |
| 11. | ധൃതരാഷ്ട്രസന്ദേശം (പദ്യം) | .. | 55 |
| 12. | ദിലീപൻ | .. | 56 |
| 13. | ഇന്ത്യയിലെ ജനസംഖ്യാപ്രശ്നം | .. | 65 |
| 14. | അദ്ഭുതരശ്മികൾ | .. | 70 |
| 15. | മോഹനസ്മരണകൾ (പദ്യം) | .. | 75 |
| 16. | അഗ്നിപരീക്ഷ | .. | 77 |
| 17. | ആത്മാഹുതി | .. | 85 |
| 18. | ഒരരിപ്പിറാവ് (പദ്യം) | .. | 92 |
| 19 | ചന്ദ്രനിലേക്ക് | .. | 94 |
| 20. | ഒരു വിപ്ലവത്തിന്റെ കഥ | .. | 100 |
| 21 | അണയാത്ത മണിവിളക്ക് (പദ്യം) | .. | 109 |
| 22. | തലച്ചോറ് | .. | 111 |
| 23. | ഭീമറാവ് റാംജി അംബേദ്കർ | .. | 118 |
| 24. | ബാല്യകാലസഖി (പദ്യം) | .. | 125 |
| 25. | അനന്തമായ വിശ്വം | .. | 127 |
| 26. | ആരു നീ? (പദ്യം) | .. | 134 |
| 27. | കവിത്രയം | .. | 136 |
| 28. | മാതൃപാദങ്ങളിൽ | .. | 142 |
| 29. | അത്യാഹിതം (പദ്യം) | .. | 152 |
| 30. | എന്റെ ബാബു | .. | 153 |

INSTITUTE OF CHILDREN'S L
Date
TRIVANDRUM

പാഠം 1

# ഒരു നല്ലരാജ്യം

കന്യാകുമാരിക്ഷിതിയാദിയായ് ഗോ-
കർണ്ണാന്തമായ് തെക്കുവടക്കുനീളെ
അന്യോന്യമംബാശിവർ നീട്ടിവിട്ട
കണ്ണോട്ടമേറ്റുണ്ടൊരു നല്ലരാജ്യം. 1

വൻകാറ്റടിച്ചാഴിയൊഴിഞ്ഞകന്നോ
ഹുങ്കാരിഭൂകമ്പമിയന്നുയർന്നോ
മുൻകാലമിക്കേരളകൊങ്കണങ്ങൾ
മൺകാഴ്ചയായെന്നു ചിലർക്കുപക്ഷം. 2

അച്ചൊല്ലെഴും ഭാർഗ്ഗവഭൂമിയിങ്കൽ
വെച്ചൊന്നു തെക്കെപ്പുറമുള്ളഭാഗം
ഇച്ചൊന്ന ഗോകർണ്ണകുമാരികാന്തം
നൽച്ചൊൽപ്പെടും കേരളഭൂമിഭാഗം. 3

ഇക്കണ്ടഭൂമിക്കു കിഴക്കതിർക്കായ്
ചൊൽക്കൊണ്ട സഹ്യൻമല കോട്ടപോലെ
അക്കുന്നിനും മേൽ മലയാദ്രിയുണ്ടു
നിൽക്കുന്നു നൽക്കൊത്തളമെന്നപോലെ. 4

തെക്കും വടക്കും കടൽമുട്ടുമഗ്ര-
മൊക്കുന്നൊരിപ്പശ്ചിമശൈലഘട്ടം
നൽക്കുന്നുവില്ലെന്നലഞ്ഞാണുലച്ചു
കൈക്കുള്ളവിൽപോലെ വളഞ്ഞു കാൺമൂ. 5

കുന്നും പയോരാശിയുമൊത്തു രക്ഷി-
ക്കുന്നുണ്ടു വേണ്ടാത്തവർ കേറിടാതെ
എന്നും കളിപ്പാൻ മലയാളിമാതർ
നിന്നുള്ളൊരീക്കേരള മണ്ഡലത്തെ. 6

രാമായണം ഭാരതവും പുരാണ-
സാമാന്യവും തീർത്ത മഹർഷിമാരും
ഈ മാന്യമാം കേരളമന്നു മുഖ്യ-
പ്രാമാണ്യമോടുണ്ടു പറഞ്ഞിരിപ്പൂ. 7

ഈ മൂലശൈലാബ്ധി തടത്തിലല്ലോ
ജീമൂതവാഹാഭിധബോധിസത്വൻ
സാമോദമാത്മാവിനെ നാഗയോഗ-
ക്ഷേമോദയാർത്ഥം ഗരുഡന്നു നൽകി. 8

സർപ്പാധിവാസത്തിനു യോഗ്യമാമ്മാ
റിപ്പാരിടം പണ്ടു പെരുത്തുകാലം
മുൽപ്പാടുവള്ളിച്ചെടിമാമരങ്ങൾ
നിൽപ്പായ് നെടുങ്കാടു പിടിച്ചിരുന്നു. 9

കേരളം] [കുഞ്ഞിക്കുട്ടൻ തമ്പുരാൻ

### അഭ്യാസം

1. കേരളം ഒരു നല്ല രാജ്യമായിരിക്കാൻ കവി കൽപിക്കുന്ന കാരണം എന്ത്?
2. കേരളകൊങ്കണങ്ങൾ 'മൺകാഴ്ച'യായത് എങ്ങനെയെന്നാണ് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളത്?
3. സഹ്യപർവ്വതത്തെ കവി എന്തായി കൽപിച്ചിരിക്കുന്നു?
4. മലയപർവ്വതത്തെ എന്തായി കൽപിച്ചിരിക്കുന്നു?
5. ഏതിനെയാണ് 'നൽക്കുന്നുവില്ലൻെറ' ചാപമായി കവി വിഭാവനം ചെയ്യുന്നത്?
6. 'കുന്നുവില്ലൻ' എന്ന പദംതന്നെ പ്രയോഗിച്ചിട്ടുള്ളത് എന്തിനാണ്?
7. 'മലയാളിമാതർ' എന്ന പദത്തിലെ ശ്ലേഷവും അതിൻെറ ചമൽക്കാരവും വിശദീകരിക്കുക.
8. കുന്നും പയോരാശിയും കേരളത്തെ പരിരക്ഷിക്കുന്നതിൽ സദാ ജാഗരൂകരായിരിക്കാൻ കവി കൽപിച്ചിട്ടുള്ള കാരണമെന്ത്?
9. കേരളത്തിൻെറ പഴമയെ സൂചിപ്പിക്കുന്ന ശ്ലോകം ഉദ്ധരിക്കുക.
10. എട്ടാം ശ്ലോകത്തിലെ സൂചിതകഥ വിവരിക്കുക.
11. 4, 5 ശ്ലോകങ്ങളിലെ പ്രധാനാലങ്കാരം ഉപമയോ ഉൽപ്രേക്ഷയോ? എന്തുകൊണ്ട്?
12. 'അലഞ്ഞാൺ'—ഇവിടെ എന്താണ് അലങ്കാരം?
13. ''പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു—
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ.''
എന്ന വള്ളത്തോൾ വരികളെ അനുസ്മരിപ്പിക്കുന്ന ശ്ലോകമേത്?

---

പാഠം 2

# വിടവാങ്ങൽ

അന്ന് ചൈത്രമാസത്തിലെ പൗർണ്ണമിയായിരുന്നു. ആ സുദിനത്തിനൊത്തവണ്ണം ചന്ദ്രികയാൽ വെൺപട്ടുചേലയുടുത്തും, താരകങ്ങളാൽ രത്നാഭരണങ്ങളണിഞ്ഞും, എങ്ങും പൂമണം പരത്തിയുമാണ് രാത്രി വന്നത്. ഹിമവാൻെറ മുകൾപ്പരപ്പിൽ നിന്നിറങ്ങിവന്ന മന്ദമാരുതൻ ആ വസന്തരാവിൽ സുഖകരമായ ഒരു കുളുർമ കലർത്തി. പൂർണ്ണചന്ദ്രൻ

രോഹിണീനദിയിലെ കൊച്ചോളങ്ങളെയും തീരത്ത് സ്ഥിതി ചെയ്യുന്ന കുന്നിനു ചുറ്റുമുള്ള മൈതാനത്തെയും തെളുതെളെ പ്രകാശിപ്പിക്കുകയും വിശ്രമവനത്തിലെ വെൺമാടങ്ങളിൽ വെള്ളിപൂശുകയും ചെയ്തു. എങ്ങും നിശ്ശബ്ദത കളിയാടി. കാവൽക്കാരുടെ വിളിയും, സമയമറിയിക്കാൻ യാമംതോറും മുഴങ്ങിയ പെരുമ്പറയും, മധുരസ്വപ്നങ്ങൾക്കിടയിൽ കാൽത്താരുകൾ താളത്തിൽ മെല്ലെമെല്ലെ ചലിപ്പിച്ച നർത്തകിമാരുടെ തളക്കിലുക്കവുമല്ലാതെ മറ്റൊന്നും ആ നിശ്ശബ്ദതയ്ക്ക് ഭംഗമേകിയില്ല. വിശ്രമവനം സുഖനിദ്രയിൽ ആണ്ടിരിക്കയാണ്.

ഗാഢനിദ്രയിലാണ്ടിരുന്ന യശോധര പൊട്ടിക്കരഞ്ഞുകൊണ്ട് ഞെട്ടിയുണർന്നു. സിദ്ധാർത്ഥൻെറ കൈത്താരിൽ ദേവി മൂന്നുരു ചുംബിച്ചു. മൂന്നാമത്തെ ചുംബനത്തോടെ ആ സതീരത്നം തേങ്ങിക്കരഞ്ഞുപോയി. ''നാഥാ ! ഉണരൂ ! ഒന്നു സംസാരിക്കൂ ! എന്നെ ആശ്വസിപ്പിക്കൂ !'' എന്ന വിലാപം കേട്ട് കൺമിഴിച്ച രാജകുമാരൻ ചോദിച്ചു: ''എൻെറ ജീവനും ജീവനായ യശോധരേ ! എന്താണിത്? നിനക്കെന്തുപറ്റി?'' വീണ്ടും ദേവി തേങ്ങിക്കരഞ്ഞു; പിന്നെ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു: ''നാഥാ ! ഞാൻ സുഖമായി ഉറങ്ങുകയായിരുന്നു. ഇന്ന് അന്തിക്ക് അവിടത്തെ സന്താനം എൻെറ ഉദരത്തിൽ മെല്ലെയൊന്നിളകി. അപ്പോൾ ജീവനും മോദവും സ്നേഹവും എൻെറ ഹൃദയത്തിൽ ഇരട്ടിച്ച ആവേശത്തോടെ തുടിച്ചു. ആ ആനന്ദമൂർച്ഛയിലാണ്ട് ഉറങ്ങിപ്പോയ ഞാൻ ഭയങ്കരമായ മൂന്നു കിനാവുകൾ കണ്ടു. അവയെക്കുറിച്ചോർക്കുമ്പോൾ ഇപ്പോഴും എൻെറ ഉള്ളം നടുങ്ങുകയാണ്. വെളുത്തുകൊഴുത്ത ഒരു കാള തെരുവിലൂടെ വരുന്നതാണ് ഞാൻ ആദ്യം കണ്ടത്. അവൻെറ കൊമ്പുകൾ നീണ്ടുവിടർന്നവയായിരുന്നു. അവനെക്കണ്ടാൽ എല്ലാ മേച്ചിൽപുറങ്ങളുടേയും നായകനാണെന്നു തോന്നും. അത്രയ്ക്കുണ്ട് അന്തസ്സ് ! അവൻെറ നെറ്റിയിൽ ആകാശത്തിൽനിന്നു വീണ നക്ഷത്രത്തെപ്പോലെ ഒരു രത്നം മിന്നിത്തിളങ്ങി. തെരുവുകളിലൂടെ മെല്ലെ നടന്ന് അവൻ നഗരദ്വാരത്തിലെത്തി. അവനെപ്പിടിച്ചുനിർത്താൻ ആർക്കും കഴിഞ്ഞില്ല. 'കെട്ടുവിൻ, അവനെപ്പിടിച്ചുകെട്ടുവിൻ ! അല്ലെങ്കിൽ നഗരശ്രീ അവൻെറകൂടെ ഇറങ്ങിപ്പോകും !' എന്ന അശരീരി ഇന്ദ്രക്ഷേത്രത്തിൽനിന്ന് ഇടിമുഴക്കംപോലെ പൊങ്ങി; എന്നിട്ടും അവനെപ്പിടിച്ചുനിർത്താൻ ആരും മുന്നോട്ടുവന്നില്ല. അപ്പോൾ ഞാൻ വാവിട്ടു കരഞ്ഞു; പിന്നെ ഓടിച്ചെന്ന് കൈകൾ കഴുത്തിലിട്ടു കെട്ടിപ്പിടിച്ച് അവനെ തടഞ്ഞുനിർത്താൻ

ശ്രമിച്ചു; 'വാതിലടയ്ക്കുക' എന്നു വിളിച്ചു പറയുകയും ചെയ്തു. എന്നാൽ ആ കൂറ്റൻ മുക്കറയിട്ട് തല മെല്ലെയൊന്നു കുലുക്കി. എൻെറ പിടിയിൽനിന്നു മുക്തനായി. കോട്ട വാതിൽ തള്ളിപ്പൊളിച്ചു കാവൽക്കാരെ ചവിട്ടിമെതിച്ചുകൊണ്ട് അവൻ കടന്നുപോയി.

പിന്നെക്കണ്ട സ്വപ്നം: ''സുമേരുപർവ്വതത്തിനു മുകളിൽ വാഴുന്ന ദിക്പാലൻമാർ തന്നെ എന്നു തോന്നിയ നാലു ദിവ്യരൂപികൾ ആകാശത്തുനിന്നിറങ്ങി. അസംഖ്യം ദേവൻമാരുടെ അകമ്പടിയോടെ അവർ നമ്മുടെ നഗരത്തിലേക്ക് തള്ളിക്കയറി. അപ്പോൾ ഗോപുരത്തിൻെറ മുകളിൽ പറന്നു കളിച്ചിരുന്ന ഇന്ദ്രപതാക നിലംപതിച്ചു. ഉടനെ മറ്റൊരു കൊടി ആ സ്ഥാനത്തുയർന്നു. അതിൻെറ ഞെറികളിൽ നീളെ രത്നങ്ങൾ തുന്നിപ്പിടിപ്പിച്ചിരുന്നു. കിഴക്കുനിന്നു പുലർകാലത്തെ കുളിർകാറ്റു വീശി. കൊടിക്കൂറയുടെ ചുരുളുകൾ വിടർന്നു. അപ്പോൾ അതിലെ രത്നങ്ങൾ ചിതറിയ രശ്മികളിൽ ചില പുതിയ വാക്കുകളും അർത്ഥഗർഭങ്ങളായ വാക്യങ്ങളും തെളിഞ്ഞുവന്നു. അതു വായിച്ച് എല്ലാവർക്കും അമിതമായ ആനന്ദമുളവായി. അത്രയുമല്ല പതാകയുടെ ചുരുളുകൾ വിടർന്നപ്പോൾ അദ്ഭുതകരമായ പൂമഴ പൊഴിഞ്ഞു. എന്തൊരു കാന്തിയും സുഗന്ധവുമായിരുന്നു ആ പൂക്കൾക്ക് ! ഏതുദ്യാനത്തിൽ വിരിഞ്ഞവയായിരിക്കാം ആ പുക്കളെന്ന് ഞാൻ വിസ്മയിച്ചു.''

''ഓമനേ ! ഇക്കണ്ടതെല്ലാം ശുഭസൂചകമാണല്ലോ'' എന്ന് സിദ്ധാർത്ഥൻ സമാശ്വസിപ്പിച്ചു. യശോധര തുടർന്നു: ''നാഥാ ! അതെ. എന്നാൽ ഭയങ്കരമായ ഒരു വിളിയിലാണ്—'സമയമായി !' എന്ന ആഹ്വാനത്തിലാണ്—ആ സ്വപ്നം കലാശിച്ചത്. അതുകേട്ട് ഞെട്ടിയുണർന്ന ഞാൻ പ്രാണനായകൻ പള്ളിമെത്തയിൽ എൻെറ അരികെയുണ്ടോ എന്ന് ഉണരാതെതന്നെ തിരക്കി. ഉലയാത്ത തലയണയും അഴിച്ചുവച്ച ഉടുപ്പും മാത്രമാണ് ഞാൻ ശയ്യയിൽക്കണ്ടത്. അവിടത്തേതായി മറ്റൊന്നും അവശേഷിച്ചിരുന്നില്ല. എൻെറ ജീവനും വെളിച്ചവും രാജാവും ലോകവും സർവ്വസ്വവുമായ അവിടന്ന് എന്നെ വിട്ടുപോയിരുന്നു ! അതായിരുന്നു മൂന്നാമത്തെ സ്വപ്നം.''

''യശോധരേ ! എന്തിനാണിങ്ങനെ നടുങ്ങുന്നത് ? നീ കണ്ടത് വെറും കിനാവാണല്ലോ'' എന്ന് ദേവൻ അനുസ്മരിപ്പിച്ചു.

യശോധര പറഞ്ഞു: ''സ്വപ്നംതന്നെയെങ്കിലും അങ്ങനെ യല്ല തോന്നിയത്. ഉറക്കത്തിൽ ഇങ്ങനെയൊരു ഉണർവ്വുണ്ടോ? അവിടന്ന് എനിക്കുതന്ന ആദ്യത്തെ സമ്മാനം, തൃക്കൈകളാൽ എൻെറ അരയിൽ അണിയിച്ച ആ മരതകമാല, കൊത്താൻ ഒരുങ്ങിനിൽക്കുന്ന സർപ്പമായി എൻെറ മാറിനുതാഴെ ചുറ്റി ക്കിടക്കുന്നു; പിന്നെ എൻെറ ചിലങ്കകൾ ഊരിപ്പോയി; വളകൾ പൊട്ടിത്തെറിച്ചു. മുടിയിൽ ചൂടിയിരുന്ന മുല്ലപ്പൂ മാല ഉണങ്ങിക്കരിഞ്ഞു. നമ്മുടെ ഈ മണിമഞ്ചം ഭൂമിയിൽ താണുപോയി. അന്തഃപുരത്തിൻെറ മുന്നിലുള്ള ചെംപട്ടു തിരശ്ശീല കീറിപ്പൊളിഞ്ഞു. അപ്പോൾ ദൂരത്തുനിന്ന്, ആ കൂറ്റൻെറ മുക്കറയും ആ പുതിയ പതാക കാറ്റത്ത് ഉല ഞ്ഞാടുന്ന ഒച്ചയും കേട്ടു. 'സമയമായി! സമയമായി!' എന്ന ഭീകരമായ വിളിയും മുഴങ്ങി. ഇപ്പോഴും എൻെറ ആത്മാ വിനെ വിറകൊള്ളിക്കുന്ന ആ വിളി കേട്ടുകൊണ്ടാണ് ഞാൻ ഉണർന്നത്. ഈ കിനാവ് എന്തായിരിക്കാം സൂചിപ്പിക്കു ന്നത്? എൻെറ മരണം അടുത്തിരിക്കുന്നു എന്നല്ലേ? അഥവാ നൂറുനൂറു മരണത്തെക്കാളും ഭയങ്കരമായ മറ്റൊരു വസ്തുത യായിരിക്കാം ഈ സ്വപ്നത്തിൻെറ അർത്ഥം—അങ്ങ് എന്നെ വിട്ടകലും, അല്ലെങ്കിൽ അകറ്റപ്പെടും!''

ദീനദീനം വിലപിക്കുന്ന പ്രിയതമയിൽ സിദ്ധാർ ത്ഥൻെറ കരുണാർദ്രമായ കടാക്ഷം പതിഞ്ഞു. സന്ധ്യാ സമയം തൂകുന്ന അവസാനത്തെ വെളിച്ചംപോലെ മനോഹര മായിരുന്നു അത്. യശോധരയുടെ കണ്ണുനീർ തുടച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ''ഓമനേ! ആശ്വസിക്കൂ. നിൻെറ സ്വപ്നങ്ങൾ വരാനിരിക്കുന്ന സംഭവങ്ങളുടെ നിഴലുക ളായിരിക്കാം. കാലമെത്തുമ്പോൾ വരാനുള്ളതു വരും. ദേവ ലോകത്തും മനുഷ്യലോകത്തും വമ്പിച്ച മാറ്റങ്ങൾ വന്നേക്കാം. എന്നാൽ എനിക്ക് നിന്നോടുള്ള സ്നേഹത്തിന് ഒരിക്കലും ഇളക്കം തട്ടുകയില്ല.

സിദ്ധാർത്ഥൻ യശോധരയെ സ്നേഹിച്ചു; ഇന്നും സ്നേഹിക്കുന്നു; എന്നും സ്നേഹിക്കും. അചഞ്ചലമായ ഈ സ്നേഹത്തിൽ ആശ്വാസം തേടുക. കുറെ നാളായി ഞാൻ അഗാധമായ ഒരു ചിന്തയിൽ മുഴുകിക്കഴിയുകയാണെന്നു നിനക്കറിയാം. ദുഃഖത്തിലാണ്ട ഈ ലോകത്തെ എങ്ങനെ രക്ഷിക്കാം? ഇതു മാത്രമാണ് എൻെറ ഏകാഗ്രചിന്തയ്ക്കു വിഷയം. കാണുകയും കേൾക്കുകയും ചെയ്തിട്ടില്ലാത്ത എണ്ണമറ്റ ജീവകോടികളെ ഞാൻ സ്നേഹിക്കുന്നു. അവരുടെ

ദുഃഖങ്ങൾ എന്നെ ദുഃഖിപ്പിക്കുന്നു. അങ്ങനെയുള്ള എൻെറ ആത്മാവിന് യശോധരേ, നിന്നെയും ഈ തോഴിമാരെയും അച്ഛനെയും ശാക്യജനങ്ങളെയും എങ്ങനെ വിസ്മരിക്കാൻ കഴിയും? എൻെറ ജീവിതത്തിൻെറ ഊടും പാവുമാണല്ലോ നിങ്ങൾ. എൻെറ ജീവിതത്തിൽ മാധുര്യം കലർത്തിയവരാണല്ലോ നിങ്ങൾ. ഈ പ്രിയജനങ്ങളിൽ യശോധരേ, നീയാണ് ഏറ്റവും പ്രിയപ്പെട്ടവൾ, നീയാണ് ഏറ്റവും ഗുണം തികഞ്ഞവൾ, നീയാണ് എന്നോട് ഏറ്റവും അടുത്തവൾ, നീയാണ് ഉത്തമോത്തമ. ഇതിനെല്ലാം ഉപരിയായി നീ ഇപ്പോൾ എൻെറ കുഞ്ഞിനെ ഗർഭത്തിൽ വഹിക്കുന്ന അമ്മയുമായിരിക്കുന്നു. എൻെറ ഹൃദയത്തിന് നിന്നെ വിട്ടുപോകാൻ എങ്ങനെ സാധ്യമാകും? ആൺപക്ഷി ആകാശത്തിൽ എത്രതന്നെ പറന്നുയർന്നാലും അതിൻെറ സ്നിഗ്ദ്ധചിന്തകൾ പിടയും കുഞ്ഞുങ്ങളും കാത്തിരിക്കുന്ന നീഡത്തിനു മുകളിൽ ചുറ്റിക്കൊണ്ടിരിക്കും. അതുപോലെ അനന്തമായ ലോകത്തിൽ ചുറ്റിത്തിരിയുമ്പോഴും എൻെറ ഹൃദയം ഇടയ്ക്കിടെ നിന്നിലേക്ക് പൂർവ്വാധികമായ സന്തോഷത്തോടും സ്നേഹാവേശത്തോടും തിരിച്ചുവരുന്നു. ഇതു സത്യമാണ്. ഇങ്ങനെയൊരു മാധുര്യം, ഇങ്ങനെയൊരു സ്നേഹം. ഇത്രയേറെ ഗുണങ്ങൾ ഞാൻ വേറെയെങ്ങും കാണുന്നില്ല. യശോധരേ, നീ എൻേറതാണ്. പോര, ഞാൻതന്നെയാണ്. എല്ലാവർക്കുംവേണ്ടി ഞാൻ അന്വേഷിക്കുന്ന മോക്ഷമാർഗ്ഗം മറ്റാരെക്കാളും പ്രിയതമേ നിനക്കുവേണ്ടിയാണെന്നോർത്ത് ഈ ദുഃഖം സഹിക്കുക. ഓമനേ, എൻെറ സ്നേഹത്തിൽ വിശ്വസിച്ച് മനം തെളിഞ്ഞുറങ്ങൂ. ഞാൻ കണ്ണിമയ്ക്കാതെ കാവലിരിക്കാം.''

## II

യശോധര കരഞ്ഞുകൊണ്ടുതന്നെ നിദ്രയിൽ ലയിച്ചു. 'സമയമായി! സമയമായി!' എന്ന് ഉറക്കത്തിൽ പുലമ്പുകയും ചെയ്തു. ദേവി അതേ സ്വപ്നം വീണ്ടും കണ്ടിരിക്കാം. ആ വിളികേട്ടു ഞെട്ടിയ സിദ്ധാർത്ഥൻ ആകാശത്തിലേക്കു നോക്കി. നക്ഷത്രങ്ങൾ ഇപ്രകാരം പറയുന്നതുപോലെ തോന്നി; ''ഇതാണ് ആ രാത്രി. ഐശ്വര്യത്തിലേക്കുള്ള വഴിയും ധർമ്മത്തിലേക്കുള്ള വഴിയും ഇവിടെവച്ച് രണ്ടായിപ്പിരിയുന്നു. ചക്രവർത്തിയായി വാഴാനാണ് ഇഷ്ടമെങ്കിൽ പൂവിരിച്ച ആ വഴിയിലൂടെ പോകൂ. ഉറ്റോരും ഉടയോരുമില്ലാതെ ഒറ്റയ്ക്ക് അലഞ്ഞുതിരിഞ്ഞ് ലോകത്തെ രക്ഷിക്കാനാണ് ആശിക്കുന്നതെങ്കിൽ കല്ലും മുള്ളും നിറഞ്ഞ ഈ വഴിയിലേക്കു വരൂ.''

മുമ്പൊരുനാരം വീണക്കമ്പികളിൽ കാറ്റ് പാടിയ പാട്ട് സിദ്ധാർത്ഥൻെറ കർണ്ണങ്ങളിൽ മാറ്റൊലിക്കൊണ്ടു.

പരിശാന്തിതേടിയുഴലും പവനൻെറ
പരിദേവനം ദേവൻ കേട്ടീടേണം.
അണയുമ്പോളതിതരാമകലുമാസുഖമെന്ന
നിഴലിനെത്തേടിത്തളർന്നു വീണേൻ.
മരണത്തിൽച്ചെന്നെത്തും മനുജൻെറ ജീവനു-
മനിലനാം ഞാനുമേ സോദരങ്ങരം.
ചുടുനെടുവീർപ്പൊരുനിലവിളി, പിടയലു-
മടിയലുമിതുതാനീ ഞങ്ങളെന്നോ?

* * * *

കാലമായ്ക്കാലമായ്ക്കാതരരാമിവർ
കാത്തിരുന്നീടുന്നു തൻമതിൽക്കിപ്പുറം
മായാകുമാരകാ, പോരുക തേടുവാൻ
മായയ്ക്കതീതമജ്ഞാതമാം ശാന്തിയെ.

ദേവൻ ഉദ്ഘോഷിച്ചു: ''ഞാൻ വരികയായി. ഇതിനു വേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നത്. എല്ലാ പകലുകളും രാത്രികളും എന്നെ ഇതിലേക്കാണ് നയിച്ചത്. എൻേറതാകാവുന്ന കിരീടം എനിക്കു വേണ്ട. എൻെറ വാളൊളിക്കു മുമ്പിൽ മുട്ടുകുത്താൻ കാത്തിരിക്കുന്ന വിശാലമായ സാമ്രാജ്യവും എനിക്കു വേണ്ട. എൻെറ തേർച്ചക്രങ്ങരം രക്തത്തിൽക്കുളിച്ച് വിജയത്തിൽനിന്നും വിജയത്തിലേക്ക് നീങ്ങുകയും വേണ്ട. ഭൂമുഖത്ത് എൻെറ പേർ ചെഞ്ചോരയിൽ കുറിച്ചിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കളങ്കമറ്റ കാൽവെപ്പുകളോടെ ഞാൻ ലോകയാത്ര തുടരും. ഭൂമി വിരിച്ച പൂഴിയാണ് ഇനി എൻെറ മെത്ത. അതിലെ നിർജ്ജനപ്രദേശങ്ങളാണ് എൻെറ വാസസ്ഥാനം; അവനിയിലെ ഏറ്റവും എളിയ ജീവികളാണ് എൻെറ കൂട്ടുകാർ; പാവങ്ങളുടെ ഉടുപ്പാണ് എൻെറ ഉടുപ്പ്; ഉദാരമതികരം ഉള്ളലിഞ്ഞു തരുന്ന ഭിക്ഷയാണ് എൻെറ ഭക്ഷണം; ഇരുണ്ട ഗുഹകളും കുറ്റിക്കാടുകളുമാണ് എൻെറ അഭയസങ്കേതങ്ങരം. ഈ ത്യാഗം ഞാൻ ചെയ്തേ തീരൂ. ലോകത്തിൻെറ രോദനം എൻെറ കാതുകളിൽ മുഴങ്ങുന്നു. മഹത്തായ ത്യാഗത്താലും തളരാത്ത പരിശ്രമത്താലും ലോകത്തിൻെറ രോഗത്തിനുള്ള ഔഷധം കണ്ടെത്താമെങ്കിൽ ഞാൻ നിശ്ചയമായും അതു കണ്ടെത്തും. ദേവൻമാരെ വിളിച്ചു വിലപിച്ചിട്ടു ഫലമില്ല. മനുഷ്യൻതന്നെ ലോകത്തെ രക്ഷിക്കണം. മനുഷ്യൻതന്നെ മുക്തിമാർഗ്ഗം തേടിപ്പോകണം.

ആരെങ്കിലും അതാരാഞ്ഞു പോകണമെങ്കിൽ ഞാൻതന്നെയാണ് പോകേണ്ടത്. അന്യൻെറ ദുഃഖങ്ങളല്ലാതെ എൻേറതായി എനിക്ക് ഒരു ദുഃഖവുമില്ല. ദുഃഖിക്കുന്ന ലോകമേ നിനക്കു വേണ്ടി ഞാൻ യൗവനവും, സിംഹാസനവും, സുഖവും, ആനന്ദം അലതല്ലുന്ന ഈ കേളീഗൃഹവും, പ്രിയതമയായ യശോധരയുടെ കരവല്ലികളും ഇതാ കൈവെടിയുന്നു. യശോധരേ, നിൻെറ ഭുജവല്ലരികൾ വിട്ടുപോകാനാണ് ഏറ്റവുമധികം പ്രയാസം. എന്നാൽ ലോകത്തെ രക്ഷിക്കാൻ, നിന്നെ രക്ഷിക്കാൻ നിൻെറ ഗർഭത്തിലിരിക്കുന്ന നമ്മുടെ അരുമസന്താനത്തെ— നമ്മുടെ പ്രേമലതയിൽ കുരുത്ത കടിഞ്ഞൂൽപ്പൂമൊട്ടിനെ— രക്ഷിക്കാൻ, ഞാൻ ഇപ്പോൾ ഇവിടം വിട്ടിറങ്ങണം. കുഞ്ഞിൻെറ ഓമനമുഖം കാണാൻ നിന്നാൽ എൻെറ മനം തളർന്നുപോകും. പിന്നെ ഞാൻ പോയില്ലെന്നുവരും. പ്രാണപ്രിയേ! ഓമന ക്കുഞ്ഞേ! പിതാവേ! ശാക്യജനങ്ങളേ! നിങ്ങൾ കുറച്ചു കാലം ഈ ദുഃഖത്തിൽ നിങ്ങൾക്കുള്ള പങ്കു വഹിക്കണം. അല്ലാതെ ഈ ഇരുട്ടുനീങ്ങി വെളിച്ചം പുലരുകയില്ല. ഞാൻ പോവുകയായി. തെരഞ്ഞുപോകുന്നതുംകൊണ്ടേ ഞാൻ തിരിച്ചുവരൂ.''

സിദ്ധാർത്ഥൻ വിശാലമായ തൻെറ നെറ്റിത്തടം യശോധരയുടെ പാദങ്ങളിൽച്ചേർത്തു. അപ്പോഴും കണ്ണീരൊഴുക്കിക്കൊണ്ടിരുന്ന ദേവിയുടെ മുഖത്ത് അവിടന്ന് അവസാനമായൊന്നു നോക്കി. മൂകമായ വിടവാങ്ങലായിരുന്നു അത്. പിന്നെ തുടിക്കുന്ന ഹൃദയത്തിൽ ചേർത്തുവച്ച കൂപ്പുകൈയോടെ ഭഗവാൻ പള്ളിമഞ്ചത്തെ മൂന്നുരു പ്രദക്ഷിണംവച്ച് രണ്ടടി നടന്നു വീണ്ടും മടങ്ങി വന്നു; പിന്നെയും പുറപ്പെട്ടു. ഇങ്ങനെ മൂന്നു തവണ തിരിയെവന്നു. അത്രയ്ക്കു ആകർഷകമായിരുന്നു യശോധരയുടെ അകളങ്കസൗന്ദര്യം. അത്രയ്ക്കു മഹത്തായിരുന്നു അവിടത്തെ സ്നേഹം. ഒടുവിൽ അദ്ദേഹം ഉത്തരീയംകൊണ്ട് മുഖംമറച്ച് യവനിക നീക്കി അന്തഃപുരം വിട്ടിറങ്ങി.

ഗംഗയും ഗൗതമിയും പള്ളിയറവാതിൽക്കൽ കിടക്കുന്നുണ്ട്. പുറത്തളത്തിൽ വിശ്രമവനത്തിലെ മറ്റു സൗന്ദര്യക്കൂമ്പുകൾ വിരിഞ്ഞു തൂമണം തൂകാൻ പുലരിയുടെ വരവു കാത്തിരിക്കുന്ന പൂമൊട്ടുകളെപ്പോലെ. കൺപൂട്ടിയുറങ്ങുന്നു. സിദ്ധാർത്ഥൻ അവരോട് ഇപ്രകാരം മനസാ യാത്ര പറഞ്ഞു: ''തോഴിമാരേ, നിങ്ങളെയെല്ലാം വിട്ടുപോകാൻ വേദനയുണ്ട്. എന്നാൽ പോകാത്തപക്ഷം നമ്മുടെ ഗതിയെന്താണ്! വാർദ്ധക്യം, രോഗം, മരണം! പനിനീർപ്പൂ മനോഹരം തന്നെ.

എന്നാൽ വാടിക്കരിയുമ്പോറം അതിൻെറ അഴകും ആമോദവും എവിടെപ്പോകുന്നു? ലാവണ്യക്കൂമ്പുകളേ, മരണത്തിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ ഞാൻ പോയിവരട്ടെ!''

പിന്നെ അദ്ദേഹം ഇപ്രകാരം മൗനമായി പ്രാർത്ഥിച്ചു: ''നിദ്രേ! ഇവരുടെ മനോഹരമായ കൺപോളകളെ അടച്ചു പിടിക്കൂ! അധരങ്ങളെ മുദ്രവയ്ക്കൂ. ഇവരുടെ കണ്ണീരും വാക്കുകളും എൻെറ യാത്ര മുടക്കാതിരിക്കട്ടെ.''

ഉറങ്ങിക്കിടക്കുന്ന ആ സുന്ദരിമാരുടെ ഇടയിലൂടെ മന്ദം മന്ദം നടന്ന് സിദ്ധാർത്ഥൻ കൊട്ടാരത്തിനു വെളിയിലെത്തി. വിശ്രമവനത്തിൻെറ പ്രാണനായ ഇളംകാറ്റ് അദ്ദേഹത്തിൻെറ വസ്ത്രാഞ്ചലത്തിൽ തേങ്ങലോടെ ചുംബിച്ചു. ആരാമത്തിലെ എല്ലാ കോരകങ്ങളും വിരിഞ്ഞ് പരിമളം കാഴ്ചവച്ചു. ഹിമാലയംതൊട്ട് ദക്ഷിണസമുദ്രംവരെ ഉള്ള പുണ്യഭൂമി മെല്ലെയൊന്നിളകി; ഭാരതഭൂമിയുടെ ഹൃദയം ആശയാൽ തുടിച്ചതായിരിക്കുമോ? ഈ സന്തോഷവാർത്തയും വഹിച്ച് നാലുദിക്കിലേക്കും പറന്നുപോകുന്ന ദേവൻമാരുടെ കളകളത്താൽ ആകാശം മുഖരിതമായി. അവരുടെ ചിറകൊളി ചന്ദ്രികയ്ക്കു നിറംകൂട്ടി.

### പദങ്ങറം

യാമം, ആനന്ദമൂർച്ഛ, കിനാവ്, നഗരശ്രീ, മുക്കറയിടുക, സുമേരു പർവ്വതം, ദിക്പാലൻമാർ, സർവ്വസ്വം, മഞ്ചം, അന്തഃപുരം, ഏകാഗ്രചിന്ത, ജീവകോടികറം, ഊടുംപാവും, സ്നിഗ്ദ്ധചിന്ത, നീഡം, സ്നേഹാവേശം, പരിദേവനം, കാതരൻ, ഉദാരമതി, അഭയസങ്കേതം, ഭുജവല്ലരി, പ്രേമലത, യവനിക, ആമോദം, ലാവണ്യക്കൂമ്പ്, വസ്ത്രാഞ്ചലം, കോരകം, കളകളം, മുഖരം.

### അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:
മൂർച്ഛ, കരുണാർദ്രം, ഏകാഗ്രം, ഊടുംപാവും, ആവേശം, ഉദാരമതി, അഭയസങ്കേതം, ആമോദം, ലാവണ്യം, മുഖരം.

II. (a) ഈരണ്ടു പര്യായങ്ങറം പറയുക:
ആനന്ദം, നഗരം, പർവ്വതം, വല്ലരി.

(b) അർത്ഥം പറയുക:
അന്തഃപുരം, സ്നിഗ്ദ്ധം, നീഡം, പരിദേവനം, കാതരൻ, യവനിക.

(c) നാനാർത്ഥങ്ങറം എഴുതുക:
സ്നിഗ്ദ്ധം, ആമോദം.

(d) വിഗ്രഹിച്ച് സമാസം പറയുക:
ആനന്ദമൂർച്ഛ, സുമേരുപർവ്വതം, ഏകാഗ്രചിന്ത, സ്നിഗ്ദ്ധചിന്ത, സ്നേഹാവേശം, ഉദാരമതി, ഭുജവല്ലരി, പ്രേമലത, ലാവണ്യക്കൂമ്പ്.

III. എന്തു വിഭക്തി?
ചൈത്രമാസത്തിലെ, മുകപ്പരപ്പിൽനിന്ന്, തെരുവുകളിലൂടെ, ദേവലോകത്ത്, നിന്നിലേക്ക്, നിലംപതിച്ചു, കൺപൂട്ടി.

IV. അന്യാഖ്യാന സംഭാഷണമായി മാറ്റിയെഴുതുക:
(1) 'യശോധരേ, എന്തിനാണ് ഇങ്ങനെ നടുങ്ങുന്നത്? നീ കണ്ടത് വെറും സ്വപ്നമാണല്ലോ' എന്ന് ദേവൻ അനുസ്മരിപ്പിച്ചു.
(2) പിന്നെ അദ്ദേഹം ഇപ്രകാരം മൗനമായി പ്രാർത്ഥിച്ചു: ''നിദ്രേ, ഇവരുടെ മനോഹരമായ കൺപോളകളെ അടച്ചു പിടിക്കൂ. അധരങ്ങളെ മുദ്രവെയ്ക്കൂ.''

V. അഞ്ചുവരിയിൽ ചുരുക്കി എഴുതുക:
(1) യശോധരയുടെ സ്വപ്നങ്ങളും അവയുടെ പൊരുളും.
(2) സിദ്ധാർത്ഥൻ യശോധരയെ എന്തുപറഞ്ഞാണ് സമാധാനിപ്പിച്ചത്?
(3) നക്ഷത്രങ്ങൾ എന്തു പറയുന്നപോലെയാണ് സിദ്ധാർത്ഥനു തോന്നിയത്?
(4) കാറ്റിൻെറ ഗാനത്തിൻെറ സാരമെന്ത്?
(5) എന്തു പ്രതിജ്ഞ ചെയ്തുകൊണ്ടാണ് സിദ്ധാർത്ഥൻ വിശ്രമവനം വിട്ടിറങ്ങിയത്?

VI. സന്ദർഭം പറഞ്ഞ് ആശയം വിശദീകരിക്കുക:
(1) ''അപ്പോൾ ജീവനും മോദവും സ്നേഹവും എൻെറ ഹൃദയത്തിൽ ഇരട്ടിച്ച ആവേശത്തോടെ തുടിച്ചു.''
(2) 'കെട്ടുവിൻ................................ഇറങ്ങിപ്പോകും.'
(3) 'ഏതുദ്യാനത്തിൽ വിരിഞ്ഞവയായിരിക്കാം ആ പൂക്കൾ എന്ന് ഞാൻ വിസ്മയിച്ചു.'
(4) 'ആൺപക്ഷി ആകാശത്തിൽ ...............ചുറ്റിക്കൊണ്ടിരിക്കും.'
(5) 'ഉറ്റോരും ഉടയോരും ................ഈ വഴിയിലേക്കു വരൂ.'
(6) 'തെരഞ്ഞുപോകുന്നതും കൊണ്ടേ ഞാൻ തിരിച്ചു വരൂ.'
(7) 'പുലരിയുടെ വരവു കാത്തിരിക്കുന്ന................ഉറങ്ങുന്നു.'
(8) 'ഭാരതഭൂമിയുടെ ഹൃദയം ആശയാൽ തുടിച്ചതായിരിക്കുമോ?'

---

പാഠം 3

# ഊർജ്ജം

''ജഗത്തിൻെറ ഉൽപത്തിഹേതുവും വിശ്വത്തിൻെറ ആത്മാവും ആകാശത്തിൻെറ സഹജഭൂഷണവും ഉരുക്കിയ സ്വർണ്ണംപോലെ തിളങ്ങുന്ന അനേകശതം മരീചിമാലകളാൽ ശോഭിക്കുന്നവനും ആയ സവിതാവ് (സൂര്യൻ) വിജയിക്കുന്നു'' എന്ന് വരാഹമിഹിരാചാര്യർ കീർത്തിക്കുന്നു. ഭൂമിയിൽ ജീവജാലങ്ങളെ ഉൽപാദിപ്പിച്ചതും നിലനിർത്തിപ്പോരുന്നതും ആദിത്യനാണ്. എല്ലാ ഊർജ്ജരൂപങ്ങളുടെയും പ്രഭവമാണ് സവിതാവ്. ജലം, വായു, അഗ്നി ഇവയുടെ പ്രവർത്തനങ്ങളിൽ നിന്നുണ്ടാവുന്നവയെന്ന് നാം കരുതിപ്പോരുന്ന ഊർജ്ജ

ഭേദങ്ങളെല്ലാം യഥാർത്ഥത്തിൽ സൂര്യനിൽനിന്നാണ് ഉദ്ഭവിക്കുന്നത്. വെള്ളം തിളപ്പിച്ചുകിട്ടുന്ന നീരാവികൊണ്ട് നാം യന്ത്രങ്ങൾ നടത്തുന്നു. അഗ്നിയാണ് വെള്ളത്തെ തിളപ്പിക്കുന്നത്. എന്നാൽ അഗ്നിക്ക് അതിനുള്ള ഊർജ്ജം എവിടെനിന്നു കിട്ടി? ആദിത്യനിൽനിന്നു വരുന്ന ഊർജ്ജം ഇന്ധനങ്ങളിൽ (വിറക്, എണ്ണ മുതലായവയിൽ) ശേഖരിച്ചു വയ്ക്കപ്പെട്ടിരിക്കുന്നു. അങ്ങനെയാണ് അഗ്നിക്ക് ഊഷ്മാവ് നൽകാൻ കഴിയുന്നത്. കാറ്റിൽനിന്നു കിട്ടുന്ന ഊർജ്ജത്തിൻെറ കഥയും വേറൊന്നുമല്ല. സൂര്യാതപമേറ്റ് ചില സ്ഥലങ്ങളിലെ വായു ഘനം കുറഞ്ഞു പൊങ്ങുമ്പോൾ ഘനം കൂടിയ വായു ആ സ്ഥാനത്തേയ്ക്ക് പ്രവഹിക്കുന്നു. ഈ പ്രവാഹമാണ് കാറ്റ്. അതിനെക്കൊണ്ടും യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാം. സൂര്യപ്രകാശത്തെ സസ്യങ്ങൾ സ്വന്തം നിലനിൽപ്പിനും വളർച്ചയ്ക്കും പറ്റിയ ഊർജ്ജമാക്കി പരിവർത്തിപ്പിക്കുന്നു. ഈ സസ്യങ്ങൾ ജീവികൾക്ക് ഭക്ഷണമായിത്തീർന്ന് അവയ്ക്ക് പ്രവർത്തനശക്തി നൽകുന്നു. ഇന്ധനരൂപത്തിലും അവ ഊർജ്ജോൽപത്തിക്കു സഹായിക്കുന്നു. ജലവൈദ്യുതിയും, സൂക്ഷ്മമായി ചിന്തിച്ചാൽ , രൂപംമാറിയ സൗരോർജ്ജം തന്നെയാണ്. ജലപ്രവാഹമില്ലെങ്കിൽ ജലവൈദ്യുതി എങ്ങനെ ഉൽപാദിപ്പിക്കാം. മഴയ്ക്കു കാരണം സൂര്യോഷ്ണം നിമിത്തം ഭൂമിയിലെ വെള്ളം നീരാവിയായിപ്പൊങ്ങി മേഘങ്ങളായിത്തീരുന്നതാണ്. ഈ ഭൂമിയുടെ ഉൽപത്തിക്കും നിലനിൽപിനും കാരണം സവിതാവാണെന്ന് ഇത്രയും പറഞ്ഞതിൽനിന്നു സിദ്ധമായല്ലോ.

സൂര്യാതപത്തെ നേരിട്ടും നമുക്കാവശ്യമായ ഊർജ്ജമായി ഉപയോഗിക്കാം. അതുകൊണ്ടുതന്നെ ഭക്ഷണംപാകംചെയ്യുകയും യന്ത്രങ്ങൾ നടത്തുകയും മറ്റുമാവാമെന്നർത്ഥം. എന്നാൽ അതു കുറച്ചു വിഷമമുള്ള കാര്യമാണ്. സൂര്യനിൽനിന്ന് സദാസമയവും അനന്തമായ ഊർജ്ജം, പ്രസരിക്കുന്നുണ്ടെങ്കിലും ഭൂമിയിൽ ഏതെങ്കിലും ഒരു സ്ഥലത്തുവന്നു പതിക്കുന്ന ആ താപത്തിൻെറ മാത്ര വളരെ കുറവാണ്. അത് നമ്മുടെ മേൽ പറഞ്ഞ ആവശ്യങ്ങൾക്കു മതിയാകയില്ല. അത്രയുമല്ല, സൂര്യപ്രകാശം ഒരിടത്തുതന്നെ തുടർച്ചയായി പതിച്ചുകൊണ്ടിരിക്കുന്നുമില്ല. വെയിൽ നീങ്ങിനീങ്ങി നിഴലിന് ഇടംകൊടുക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? രാത്രികാലങ്ങളിലാകട്ടെ, സൂര്യപ്രകാശം ഭൂമിയിൽ പതിക്കുന്നുമില്ല. അപ്പോഴാണ് ഊർജ്ജത്തിൻെറ ആവശ്യം ഏറ്റവുമധികം നേരിടുന്നതും. അതിനാലാണ് സൂര്യോർജ്ജത്തെ നേരിട്ടുപയോഗിക്കാതെ

അതടങ്ങിയിരിക്കുന്ന, അല്ലെങ്കിൽ അതിൻെറ രൂപഭേദങ്ങളായ ഇന്ധനങ്ങളെയും വൈദ്യുതിയെയും നാം കൂടുതൽ ആശ്രയി ക്കുന്നത്. എന്നാൽ ശാസ്ത്രത്തിൻെറ വളർച്ച സൂര്യോർജ്ജത്തെ വൈദ്യുതിയെപ്പോലെതന്നെ സംഭരിച്ചുവച്ച് ആവശ്യാനുസാരം ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗങ്ങളാം ആവിഷ്കരിച്ചിട്ടുണ്ട്. വികസിതങ്ങളായ പല പാശ്ചാത്യരാജ്യങ്ങളും ഇക്കാര്യത്തിൽ ഗണ്യമായി പുരോഗമിച്ചിരിക്കുന്നു. അചിരേണ അത് സർവ്വസാധാരണമായിത്തീരുമെന്നാശിക്കാം.

ഇന്ധനങ്ങളാം ചിരോപയോഗംകൊണ്ട് ക്രമേണ കുറഞ്ഞു വരികയാണ്. അതിനാൽ പുതിയ ഊർജ്ജരൂപങ്ങളാം കണ്ടു പിടിച്ച് ഉപയോഗപ്പെടുത്തേണ്ടത് നമ്മുടെ നിലനിൽപിന് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. സൂര്യോഷ്മാവിനെ സംഭരിച്ച് ഉപയോഗപ്പെടുത്താൻ പണ്ടുപണ്ടുതന്നെ മനുഷ്യൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തതായി സൂചി പ്പിക്കുന്ന ഒരു കഥയുണ്ട്. ആർക്കിമിഡിസ് എന്ന ശാസ്ത്ര ജ്ഞൻ 'സൈറക്കൂസി'നെ ആക്രമിക്കാൻ വന്ന റോമൻ കപ്പലുകളുടെമേൽ, സൂര്യപ്രകാശത്തെ കണ്ണാടികളുപയോഗിച്ച് കേന്ദ്രീകരിച്ച് അവയെ കത്തിച്ചുകളഞ്ഞുവത്രേ.

അണുവിഘടനംകൊണ്ടും അണുസംയോജനംകൊണ്ടും അപരിമിതമായ ശക്തി ഉൽപാദിപ്പിക്കാമെന്ന് ആധുനിക കാലത്തെ പരീക്ഷണങ്ങളാം തെളിയിച്ചിരിക്കുന്നു. ഊർജ്ജ ക്ഷാമത്തെ പരിഹരിക്കാനുള്ള ഏറ്റവും പ്രധാനമായ മാർഗ്ഗ മായി ഇതു വളർന്നുവരുന്നു.

എന്താണ് ഊർജ്ജം? ലോകത്തിലെങ്ങും ഊർജ്ജത്തിൻെറ വിലാസങ്ങളാം നാം സദാ കണ്ടുകൊണ്ടിരിക്കുന്നു. മനുഷ്യരും മൃഗങ്ങളും പലതരം ജോലികളാം ചെയ്യുന്നു; തീവണ്ടി ഓടുന്നു; വിദ്യുത്പങ്ക കറങ്ങിക്കൊണ്ടിരിക്കുന്നു; ദീപങ്ങളാം പ്രകാശിക്കുന്നു; സസ്യങ്ങളാം വളരുന്നു; ഇതെല്ലാം ഊർജ്ജ ത്തിൻെറ വിളയാട്ടമാണ്. എപ്പോഴും എല്ലായിടത്തും അതുണ്ടെ ങ്കിലും അതിനെ കാണാനോ സ്പർശം കൊണ്ടറിയാനോ തൂക്കിനോക്കാനോ അളന്നെടുക്കാനോ സാദ്ധ്യമല്ല. ദ്രവ്യത്തിൽ നിന്ന് ഊർജ്ജത്തിനുള്ള ഭേദം ഇതാണ്. എത്ര സൂക്ഷ്മമായ ദ്രവ്യകണവും തനതായി കുറച്ചു സ്ഥലം പിടിക്കുന്നു. എന്നാൽ എത്ര വമ്പിച്ച ഊർജ്ജത്തിനും സ്ഥലം വേണ്ട. ഘനം, ദ്രവം, ബാഷ്പം എന്ന മൂന്നു രൂപത്തിലുള്ള ദ്രവ്യങ്ങളെപ്പോലെ ദൃശ്യമോ സ്പൃശ്യമോ അല്ല ഊർജ്ജം. എന്നാൽ ദ്രവ്യത്തെക്കൊ ണ്ടെന്നപോലെ ലോകം ഊർജ്ജത്തിനാലും നിറഞ്ഞിരിക്കുന്നു.

ചലനമോ പ്രവൃത്തിയോ വികാസമോ സ്ഥിതിപരിണാമമോ ഉള്ളിടത്തെല്ലാം ഊർജ്ജം പ്രവർത്തിക്കുന്നുവെന്നു തീർച്ചയാക്കാം ഒരു സ്ഥലത്തിരുന്ന വസ്തു മറ്റൊരു സ്ഥലത്തെത്തുന്നത് ഊർജ്ജം പ്രയോഗിക്കപ്പെടുന്നതുകൊണ്ടാണ്. ഭാരങ്ങൾ പൊക്കുക, വിറകു കീറുക, വെള്ളം കോരുക, കുന്നു കയറുക, ചാടുക, ഓടുക എന്നീ പ്രവൃത്തികളിലെല്ലാം നാം ഊർജ്ജം ചെലവഴിക്കുന്നു. വെള്ളം നീരാവിയായി പരിണമിക്കുന്നതും ഊർജ്ജവ്യയത്തിന് ഉദാഹരണമാണ്. രാസപരീക്ഷണങ്ങളിലെല്ലാം ഊർജ്ജത്തിന്റെ സാന്നിദ്ധ്യമുണ്ട്.

''ദ്രവ്യവും ഊർജ്ജവും അത്യന്ത വിഭിന്നങ്ങളാണ്. ഒരിക്കലും ദ്രവ്യത്തെ ഊർജ്ജമായോ ഊർജ്ജത്തെ ദ്രവ്യമായോ മാറ്റുക സാദ്ധ്യമല്ല'' എന്നാണ് അടുത്തകാലംവരെ ശാസ്ത്രം പറഞ്ഞിരുന്നത്. എന്നാൽ ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞൻമാർക്കിടയിൽ ഏറ്റവും പ്രഗൽഭനായ ഐൻസ്റ്റീൻ ഇതു തെറ്റാണെന്നു തെളിയിച്ചു. ദ്രവ്യത്തെ ഊർജ്ജമായും ഊർജ്ജത്തെ ദ്രവ്യമായും മാറ്റാം എന്ന് അദ്ദേഹം സ്ഥാപിച്ചു. അത്യൽപമായ ദ്രവ്യത്തെപ്പോലും ഊർജ്ജമാക്കി മാറ്റുമ്പോൾ മറ്റെന്തുകൊണ്ടും ഉൽപാദിപ്പിക്കാൻ കഴിയുന്നതിനെക്കാൾ ബഹുസഹസ്രം മടങ്ങ് ഊർജ്ജം ഉൽപാദിപ്പിക്കാമെന്ന് അദ്ദേഹം കണ്ടുപിടിച്ചു. അണുവായുധങ്ങളുടെ പിന്നിലുള്ള ശാസ്ത്രതത്ത്വം ഇതാണ്. അണുവിഘടനംകൊണ്ടും അണുസംയോജനംകൊണ്ടും വസ്തുവിനെ ഊർജ്ജമാക്കി മാറ്റുന്നുണ്ട്. അൽപമായ വസ്തുവിൽനിന്ന് അനന്തമായ ഊർജ്ജം സംജാതമാകുന്നു. ഒരു തുള്ളി വെള്ളത്തിലെ അണുക്കളെ പിളർക്കുമ്പോൾ സിദ്ധിക്കുന്ന ഊർജ്ജം കൊണ്ട് നാലെഞ്ചിനുള്ള ഒരു വിമാനത്തെ ഭൂമിക്കുചുറ്റും അഞ്ചു പ്രാവശ്യം പറപ്പിക്കാം! ഒരു ശ്വാസത്തിൽ അടങ്ങിയിരിക്കുന്ന അണുശക്തി മതി ലോകത്തിലെ യന്ത്രശാലകളത്രയും പ്രവർത്തിപ്പിക്കാൻ എന്ന് ആർ. കെ. ഡങ്കൺ എന്ന ശാസ്ത്രജ്ഞൻ പറഞ്ഞത് ഒരതിശയോക്തിയല്ല.

ദ്രവ്യത്തെ ഊർജ്ജമാക്കി മാറ്റുമ്പോൾ ഇത്ര വലിയ ശക്തി ലഭിക്കുമെങ്കിൽ നമ്മുടെ പ്രശ്നം വളരെ എളുപ്പമായല്ലോ എന്നു നിങ്ങൾ വിചാരിച്ചേക്കാം. എന്നാൽ ഇങ്ങനെ പരിണമിപ്പിക്കാൻ വളരെയധികം ഊർജ്ജം ചെലവാക്കേണ്ടിവരും എന്ന കാര്യം നിങ്ങളെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ചെലവാക്കിയതു മാത്രമോ അതിലും കുറച്ചോ നേടിയതുകൊണ്ടെന്തു ലാഭം? കുറഞ്ഞ ചെലവുകൊണ്ടു കൂടുതൽ ഊർജ്ജം നേടാൻ വല്ല മാർഗ്ഗവുമുണ്ടോ? ഉണ്ട്. അണുഭേദനത്തിലൂടെയും

അണുയോജനത്തിലൂടെയും ആണ് ഇതു സാധിക്കുന്നത്. യൂറേനിയം മുതലായ ചില പ്രത്യേക മൂലകങ്ങളുടെ അണുക്കളെ വിഘടിപ്പിക്കുമ്പോൾ ദ്രവ്യത്തിൻെറ ഒരു ചെറിയ അംശം ഊർജ്ജമായി മാറ്റും. U-235 എന്ന യൂറേനിയം വകഭേദത്തിൻെറ ഒരു കിലോഗ്രാമിൽനിന്ന് 3000 ടൺ കൽക്കരിയുടെ ശക്തി നേടാം.

സൂര്യനും നക്ഷത്രങ്ങളും ഭീമമായ അണുശക്ത്യുല്പാദന കേന്ദ്രങ്ങളാണ്. 93 ദശലക്ഷം നാഴിക അകലെ സ്ഥിതിചെയ്യുന്ന സൂര്യൻ ഉദ്വമിക്കുന്ന അണുശക്തിയുടെ അത്യൽപമായ അംശം മാത്രമാണ് ഭൂമിയിൽ വന്നുപതിക്കുന്നത്. എന്നാൽ കേവലം മൂന്നു മിനിട്ടുകൊണ്ട് ഭൂമുഖത്തു പതിക്കുന്ന സൂര്യോർജ്ജം മതി ഒരു കൊല്ലക്കാലമത്രയും ലോകത്തിലുള്ള യന്ത്രശാലകളെ മുഴുവൻ പ്രവർത്തിപ്പിക്കാൻ.

ലോകത്തിലെ പ്രമുഖരാഷ്ട്രങ്ങളെല്ലാം ഇന്ന് അണുശക്ത്യുൽപാദനത്തിൽ ബദ്ധശ്രദ്ധരായിരിക്കുകയാണ്. നമ്മുടെ രാജ്യവും ഈ വിഷയത്തിൽ ഒട്ടും പിന്നിലല്ലെന്ന് 1974 മേയ് മാസത്തിൽ രാജസ്ഥാൻ മരുഭൂമിയൽ ഭൂമിക്കടിയിൽ വച്ച് ഭാരതീയശാസ്ത്രജ്ഞൻമാർ നടത്തിയ അണുവിസ്ഫോടനം പ്രഖ്യാപിച്ചിരിക്കുന്നു. അണുശക്തി മാനവരാശിയുടെ ക്ഷേമത്തിനല്ലാതെ വിനാശത്തിനായി ഒരിക്കലും ഉപയോഗിക്കുകയില്ലെന്നത് ഭാരതസർക്കാരിൻെറ പ്രഖ്യാപിതനയമാണ്.

### പദങ്ങൾ

ജഗത്ത്, ഉൽപത്തിഹേതു, വിശ്വം, സഹജഭൂഷണം, മരീചിമാല, സവിതാവ്, പ്രഭവം, ഊർജ്ജഭേദം, ഇന്ധനം, ആതപം, പരിവർത്തിപ്പിക്കുക, ജലവൈദ്യുതി, സൗരോർജ്ജം, സിദ്ധം, പ്രസരിക്കുക, മാത്ര, ആവിഷ്ക്കരിക്കുക, സർവ്വസാധാരണം, ചിരോപയോഗം, കേന്ദ്രീകരിക്കുക, വിഘടനം, സ്പൃശ്യം, സ്ഥിതിപരിണാമം, പ്രഗല്ഭൻ, ബഹുസഹസ്രം, ഉദ്വമിക്കുക, ബദ്ധശ്രദ്ധൻ, വിസ്ഫോടനം, പ്രമുഖരാഷ്ട്രങ്ങൾ, പ്രഖ്യാപിതനയം.

### അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:
ആതപം, പരിവർത്തിപ്പിക്കുക, സിദ്ധം, പ്രസരിക്കുക, മാത്ര, ആവിഷ്ക്കരിക്കുക, സ്ഥിതിപരിണാമം, പ്രഗല്ഭൻ, ബഹുസഹസ്രം, ഉദ്വമിക്കുക, ബദ്ധശ്രദ്ധൻ, വിഘടനം, വിസ്ഫോടനം, സർവ്വസാധാരണം, ചിരോപയോഗം, സ്പൃശ്യം.

(b) ഈരണ്ടു പര്യായങ്ങൾ പറയുക:
ഭൂഷണം, മരീചി.

(c) പിരിച്ചെഴുതുക:
അത്യൽപം, അണ്വായുധം, ചിരോപയോഗം, ഉദ്ഗമിക്കുക, സൗരോർജ്ജം.

(d) വിപരീതപദം പറയുക:
ഉത്പത്തി, സിദ്ധം, സാധാരണം, ചിരം, വിഘടനം, സ്പൃശ്യം, അചിരേണ.

(e) വിഗ്രഹിച്ച് സമാസം പറയുക:
ഉത്പത്തിഹേതു, സഹജഭൂഷണം, മരീചിമാല, ഊർജ്ജഭേദം, സൗരോർജ്ജം, ചിരോപയോഗം, ബഹുസഹസ്രം, ബദ്ധ ശ്രദ്ധൻ, പ്രമുഖരാഷ്ട്രങ്ങൾ, ഊർജ്ജവ്യയം.

II. (a) എന്തു വിഭക്തി?
നീരാവികൊണ്ട്, കാറ്റിൽനിന്ന്, എല്ലായിടത്തും, അണുയോജനത്തിലൂടെ.

(b) രണ്ടു ചൂർണ്ണികകളാക്കി മാറ്റുക:

(1) ഭൂമിയിൽ ജീവജാലങ്ങളെ ഉൽപ്പാദിപ്പിച്ചതും നിലനിർത്തിപ്പോരുന്നതും ആദിത്യനാണ്.

(2) സൂര്യാതപമേറ്റ് ചില സ്ഥലങ്ങളിലെ വായു ഘനം കുറഞ്ഞു പൊങ്ങുമ്പോൾ. ഘനം കൂടിയ വായു ആ സ്ഥാനത്തേയ്ക്കു പ്രവഹിക്കുന്നു.

(c) ഒരൊറ്റ വാക്യമാക്കുക:
തീവണ്ടി ഓടുന്നു; വിദ്യുത്പങ്ക കറങ്ങിക്കൊണ്ടിരിക്കുന്നു; ദീപങ്ങൾ പ്രകാശിക്കുന്നു; സസ്യങ്ങൾ വളരുന്നു.

III. (1) നമുക്കുപകരിക്കുന്ന പല ഊർജ്ജഭേദങ്ങളുടെയും ഉത്പത്തി സ്ഥാനം ഏത്?

(2) സൂര്യാതപത്തെ നമ്മുടെ ആവശ്യങ്ങൾക്കായി നേരിട്ട് ഉപയോഗിക്കാൻ പ്രയാസമുണ്ട്—എന്തുകൊണ്ട്?

(3) ആധുനികകാലത്ത് കണ്ടുപിടിക്കപ്പെട്ട വമ്പിച്ച ഊർജ്ജോല്പാദന മാർഗ്ഗം എന്ത്?

(4) ദ്രവ്യത്തിനും ഊർജ്ജത്തിനും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ?

(5) ദ്രവ്യത്തെ ഊർജ്ജമായും ഊർജ്ജത്തെ ദ്രവ്യമായും മാറ്റാമെന്ന സിദ്ധാന്തം ആരാണ് ആവിഷ്ക്കരിച്ചത്?

(6) അണുസ്ഫോടനംകൊണ്ടു സിദ്ധിക്കുന്ന ഊർജ്ജം വമ്പിച്ചതാണെന്നു തെളിയിക്കുന്ന രണ്ടുദാഹരണം എടുത്തുകാട്ടുക.

(7) സൂര്യൻ ഒരു വലിയ അണുശക്ത്യുത്പാദനകേന്ദ്രമാണ് എന്ന് ഏതിൽനിന്നു മനസ്സിലാക്കാം?

പാഠം 4

# വർഷക്കാലം

പാൽക്കടൽമാനിനി തന്നുടെ കണ്ണിനു
പാൽക്കുഴമ്പായുള്ളോരായർപ്പൈതൽ
പാർക്കൊരുഭൂഷണമായിവിളങ്ങുമ്പോൾ
കാർക്കാലം പോന്നിങ്ങു വന്നുകൂടി.

മേചകകാന്തി കലർന്നു തുടങ്ങീതേ
മേഘങ്ങളെല്ലാമേ മെല്ലെ മെല്ലെ
വല്ലവീവല്ലഭൻ തന്നുടെ കാന്തിയെ
വെല്ലേണമെന്നുടൻ ചിന്തിച്ചിട്ടോ

ഡംബരമാണ്ടുമുഴങ്ങിത്തുടങ്ങീത-
ങ്ങംബരം തന്നിലെ മെല്ലെ മെല്ലെ
അംബുദജാലങ്ങളംബുധിതന്നിലു-
മംബരം തന്നിലും മേവിനിന്നു.

ഹംസങ്ങൾ മെല്ലവെ പാഞ്ഞുതുടങ്ങീതേ
കംസൻതൻ ജീവിതമെന്നപോലെ.
പാരിച്ചുനിന്നൊരു പേമഴ തൂകീട്ടു
പാരിടമെങ്ങുമേ മുങ്ങിക്കൂടി.

വർഷത്തെക്കണ്ടുള്ള കർഷകൻമാരെല്ലാം
ഹർഷത്തെപ്പൂണ്ടു തുടങ്ങീതെങ്ങും
കച്ചുകിടക്കുന്ന മച്ചകമോരോന്നി-
ലിച്ഛ തുടങ്ങി പലർക്കുമപ്പോൾ.

പച്ചോടമില്ലാഞ്ഞിട്ടുൾച്ചൂടുമുണ്ടായി
പിച്ചയായുള്ളോന്നിക്കാലലീല.
ചീർത്തുള്ള മേഘത്തിൻ ചാർത്തു പരന്നപ്പോൾ
മാർത്താണ്ഡബിംബം മറഞ്ഞുപോയി.

മായയിൽ മൂടിന മാനസം തന്നിലേ
ജ്ഞാനം മറഞ്ഞങ്ങു പോകും പോലെ.
നീപങ്ങൾ പൂത്തതു കണ്ടൊരു വണ്ടുകൾ
നീളവേ പാഞ്ഞുതുടങ്ങി തന്നിൽ

നൻമകുറഞ്ഞൊരു നെൻമേനി വേണ്ടീലാ
കല്മഷമാണ്ടുള്ളോർക്കെന്നേയുള്ളൂ!
ബാധകനായൊരു വാതം വരുന്നേരം
വാതിലടച്ചു തുടങ്ങീതെങ്ങും:

ജാള്യമാണ്ടിങ്ങനെ പോരുന്നോരെങ്ങുമേ
മാന്യരായെന്നുമേ വന്നുകൂടാ.
ശോഷിച്ചുപോയുള്ള തോയങ്ങളെല്ലാമേ
പോഷിച്ചു നിന്നുതാനെങ്ങുമപ്പോഠം;
കാർമുകിൽ നേരായ പൈതൽ താൻ ചെന്നപ്പോ-
ളാനായ ദേശങ്ങളെന്നപോലെ,
ചാതകമെല്ലാമേ ജാതസുഖങ്ങളായ്
വീത വിഷാദങ്ങളായി വന്നു.

കൃഷ്ണഗാഥ] [ചെറുശ്ശേരി

## അഭ്യാസം

1. മേഘങ്ങഠം മേചകകാന്തി കലരാനുള്ള കാരണം എന്തായിരിക്കാമെന്നാണ് കവി ആശങ്കിക്കുന്നത്? ഈ വരികളിലെ അലങ്കാരമെന്ത്?
2. വർഷർത്തുവർണ്ണനയെ കഥാവസ്തുവിനോടു സംബന്ധിപ്പിക്കുന്ന ഉപമകഠം ഏതെല്ലാം?
3. ''പച്ചോടമില്ലാഞ്ഞിട്ടുഠംച്ചൂടുമുണ്ടായി
പിച്ചയായുള്ളോന്നിക്കാലലീല.''—ചമൽക്കാരം വിശദമാക്കുക.
4. ''കല്മഷമാണ്ടുള്ളോർ മുമ്പ് ഉപകാരം ചെയ്തവരുടെ സമ്പത്തു ക്ഷയിക്കുമ്പോഠം അവരെ ഉപേക്ഷിച്ച് സമ്പന്നരായ വേറെ ചിലരെ സേവിക്കുന്നു''—ഈ സാമാന്യതത്ത്വത്തെ കവി എങ്ങനെ സമർത്ഥിക്കുന്നു?
5. 'ജാള്യമാണ്ടിങ്ങനെ ..................................വന്നുകൂടാ' എന്ന സാമാന്യതത്ത്വത്തെ സമർത്ഥിക്കാൻ കവി എടുത്തുകാണിക്കുന്ന വിശേഷമെന്ത്? 'ജാള്യം' എന്ന പദത്തിലെ ശ്ലേഷവും അതിൻെറ ചമൽക്കാരവും സ്പഷ്ടമാക്കുക.
6. ഈ കവിതാഖണ്ഡത്തിലെ ഉപമകഠം തിരഞ്ഞെടുക്കുക.
7. 'പാൽക്കടൽമാനിനി............................................... പൈതൽ' എന്താണ് അലങ്കാരം?
8. 'പിച്ചയായുള്ളോന്നിക്കാലലീല'—എന്ന സാമാന്യതത്ത്വത്തെ എങ്ങനെയാണ് സമർത്ഥിക്കുന്നത്?

പാഠം 5

# കുഷ്ഠരോഗം

അതിപ്രാചീനകാലം മുതൽക്കുതന്നെ അറിയപ്പെടുന്ന ഒരു മഹാരോഗമാണ് കുഷ്ഠം. ക്രിസ്തുവിന് 1500 വർഷം മുമ്പ് ഈ രോഗം ഇൻഡ്യയിൽ നിലവിലുണ്ടായിരുന്നതായി ക്കാണുന്നു. ക്രിസ്തീയവേദപുസ്തകത്തിൽ ഇതേപ്പറ്റി അനേകം പരാമർശങ്ങളുണ്ട്. പണ്ടെങ്ങും ഈ രോഗത്തിന്

ഫലപ്രദമായ ചികിത്സ ഇല്ലായിരുന്നതുകൊണ്ടും, അതു ശരീരത്തെ അറപ്പുതോന്നുംവണ്ണം വിരൂപമാക്കുകയും മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുമെന്നുള്ളതുകൊണ്ടും അതിനെ എന്തെന്നില്ലാത്ത ഭയത്തോടും വെറുപ്പോടും കൂടിയാണ് എല്ലാ രാജ്യക്കാരും വീക്ഷിച്ചിരുന്നത്. കുഷ്ഠരോഗികൾ കണ്ണൊഴികെയുള്ള ശരീരഭാഗങ്ങളെല്ലാം തുണികൊണ്ടുപൊതിഞ്ഞ്, മണിയും കിലുക്കിക്കൊണ്ടു നടക്കണമെന്ന് യൂറോപ്യൻ രാജ്യങ്ങളിൽ പൂർവ്വകാലത്ത് നിർബന്ധിച്ചിരുന്നു. നിയമത്തിൻെറ ദൃഷ്ടിയിൽ അവിടെ കുഷ്ഠരോഗിയെ മരിച്ചവനു തുല്യമായിട്ടാണ് ഗണിച്ചിരുന്നത്. ദൈവകോപം, പൂർവജൻമദുഷ്കൃതങ്ങൾ, സർപ്പകോപം എന്നിങ്ങനെ മനുഷ്യന് നിയന്ത്രിക്കുവാൻ കഴിയാത്ത കാരണങ്ങൾ മൂലമാണ് ഈ മാറാരോഗം പിടിപെടുന്നത് എന്ന പുരാതനവിശ്വാസങ്ങളും നിലവിലിരുന്നതുകൊണ്ട് അടുത്ത കാലംവരെ അതു ബാധിച്ച ഭാഗ്യഹീനൻമാർക്ക് മരണത്തിലൂടെ കൈവരുന്ന ദുരിതശാന്തിയല്ലാതെ മറ്റൊരു രക്ഷാമാർഗ്ഗവും ഇല്ലായിരുന്നു.

കുഷ്ഠരോഗം ഉഷ്ണമേഖലയിലാണ് സാധാരണയായി കാണപ്പെടുന്നത്. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള എഴുപതിൽപ്പരം രാജ്യങ്ങളിൽ അതു പൊതുജനാരോഗ്യത്തിന് സാരമായ ഒരു വിപത്തായി നിലനിൽക്കുന്നു. മധ്യദക്ഷിണ അമേരിക്കാ, പെസഫിക് സമുദ്രത്തിലെ ദ്വീപുകൾ എന്നീ ഭൂവിഭാഗങ്ങളിലും ഈ രോഗം ധാരാളമുണ്ട്. ലോകാരോഗ്യസംഘടനയുടെ കണക്കുപ്രകാരം ലോകമാകെ 150 ലക്ഷം കുഷ്ഠരോഗികളുണ്ടെന്നു കാണുന്നു. (1971-ൽ കേരളത്തിലെ ജനസംഖ്യ 213 ലക്ഷമായിരുന്നു എന്ന വസ്തുത ഓർമ്മിച്ചാൽ ഈ സംഖ്യയുടെ വലിപ്പം മനസ്സിലാകും.) പക്ഷേ ഇതു മുഴുവനും അംഗഭംഗംവന്ന അവശൻമാരല്ല. അങ്ങനെയുള്ളവരുടെ എണ്ണം ഏകദേശം 40 ലക്ഷത്തോളം വരുമെന്നാണ് ഊഹിക്കപ്പെടുന്നത്. യൂറോപ്പിലും അരലക്ഷത്തിൽപ്പരം ആളുകൾക്ക് ഈ രോഗം ബാധിച്ചിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ട്.

ഇൻഡ്യയിൽ 31 ലക്ഷം കുഷ്ഠരോഗികളുണ്ട്. അധികം ആന്ധ്രാപ്രദേശ്, തമിഴ്നാട്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലെ ഗ്രാമപ്രദേശങ്ങളിലാണ്. സമുദായം ഈ രോഗം ബാധിച്ചവരുടെ നേർക്ക് പ്രദർശിപ്പിക്കുന്ന സഹതാപശൂന്യമായ മനോഭാവംമൂലം പലരും രോഗത്തിൻെറ പ്രാരംഭദശകളിൽ കാര്യം പുറത്തുപറയാതെ നടക്കുകയാണ് പതിവ്. ഇക്കാരണത്താൽ കുഷ്ഠരോഗികളുടെ ശരിയായ എണ്ണം തിട്ടപ്പെടുത്തുവാൻ വളരെ പ്രയാസമുണ്ട്. കുഷ്ഠവുമായി ഒരു ബന്ധവുമില്ലാത്തതും

പകരാത്തതുമായ വെള്ളപ്പാണ്ടിനെ അറിവില്ലാത്ത ആളുകൾ ഈ രോഗമാണെന്നു തെറ്റിദ്ധരിക്കാറുള്ളതായും കാണുന്നു.

ബാക്ടീരിയങ്ങൾ എന്ന വിഭാഗത്തിൽപ്പെട്ട ഒരു ജാതി അണുജീവിയാണ് മനുഷ്യശരീരത്തെ ബാധിച്ച് ഈ രോഗം ജനിപ്പിക്കുന്നത്. നോർവേ രാജ്യക്കാരനായ ഹാൻസൻ എന്ന വൈദ്യശാസ്ത്രജ്ഞനാണ് 1868-ൽ ഈ വസ്തുത കണ്ടുപിടിച്ചത്. അന്നുമുതൽക്ക് അതിന് ''ഹാൻസൻരോഗം'' എന്നും പേർപറയാറുണ്ട്. മൈക്രോബാക്ടീരിയാ ലെപ്രേ എന്നു വിളിക്കുന്ന കുഷ്ഠരോഗബീജം മരുന്നുകളെ ചെറുത്തുനിൽക്കുവാൻ വളരെയധികം ശക്തിയുള്ളതാണ്. ഇക്കാര്യത്തിലും മറ്റു പല ലക്ഷണങ്ങളിലും അതിന് ക്ഷയരോഗബീജത്തോട് സാദൃശ്യമുണ്ട്. രോഗികളുമായി ദീർഘകാലം അടുത്ത സമ്പർക്കം ഉണ്ടാകുന്നതുമൂലമാണ് കുഷ്ഠം പകരുന്നത്. ഏതുവഴിക്കാണ് രോഗബീജം ശരീരത്തിൽ കടക്കുന്നതെന്ന് ഇനിയും തീർച്ചയായിട്ടില്ല. കേടുപറ്റിയ തൊലിയിലൂടെയും ശ്വാസകോശത്തിലൂടെയും ആയിരിക്കണം എന്നാണ് ശാസ്ത്രജ്ഞൻമാരുടെ ഊഹം. രോഗബീജങ്ങൾ മനുഷ്യശരീരത്തിൽ പ്രവേശിച്ചതിനുശേഷം രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുവാൻ മൂന്നുമുതൽ അഞ്ചുവരെ വർഷങ്ങൾ കഴിയണം. രോഗത്തിൻെറ കഠിനദശയിൽ രോഗിയുടെ ശരീരത്തിലെ ഓരോ ഗ്രാം മാംസത്തിലും 700 കോടി രോഗബീജങ്ങൾ ഉണ്ടാകുമെന്ന് ഒരു ശാസ്ത്രജ്ഞൻ പറയുന്നു. അടുത്ത കാലത്തു മാത്രമേ എലി തുടങ്ങിയ ജന്തുക്കളിൽ ഈ രോഗബീജം കുത്തിവച്ച് ചെറിയ തോതിലുള്ള പരീക്ഷണങ്ങളെങ്കിലും നടത്തുവാൻ സാധിച്ചിട്ടുള്ളൂ. പക്ഷേ മനുഷ്യശരീരത്തിന് രോഗബാധയുണ്ടാകാതെ തടയുന്ന കരുതൽകുത്തിവയ്പ് കുഷ്ഠത്തിൻെറ കാര്യത്തിൽ ഇനിയും കണ്ടുപിടിച്ചിട്ടില്ല. അതുകൊണ്ട് രോഗികളുമായി സമ്പർക്കമുണ്ടാകാതെ സൂക്ഷിക്കുകയും, എത്രയുംനേരത്തെ, അതായത് രോഗത്തിൻെറ ആദ്യലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾ ത്തന്നെ, ചികിത്സിക്കുകയും മാത്രമേ ഇപ്പോൾ പ്രതിവിധിയുള്ളൂ.

കുഷ്ഠരോഗബീജം ഞരമ്പുകൾ, തൊലി, ശ്വാസനാളം എന്നീ ശരീരഭാഗങ്ങളോടാണ് കൂടുതൽ പ്രതിപത്തി കാണിക്കുന്നത്. അത് ഞരമ്പുകളെ ബാധിച്ച് അവയ്ക്കു കേടുവരുത്തുമ്പോൾ ശരീരത്തിന് വേദനയറിയുവാനുള്ള ശക്തി ഇല്ലാതാകുന്നു. തൊലിപ്പുറത്ത്, തൊട്ടാലറിയാത്ത തടിപ്പുകളായിട്ടാണ് ഈ രോഗത്തിൻെറ പ്രാരംഭലക്ഷണങ്ങൾ

സാധാരണയായി പ്രത്യക്ഷപ്പെടുന്നത്. വ്രണങ്ങളും, വൈരൂപ്യവുമെല്ലാം വളരെക്കാലം കഴിഞ്ഞേ ഉണ്ടാവുകയുള്ളൂ. കൈകാലുകൾ, മുഖം എന്നിവയുമായി ബന്ധപ്പെട്ട ഞരമ്പുകളുടെ അഗ്രഭാഗത്തിനാണ് വലിയ കേടുസംഭവിക്കുന്നത്. വിരലുകളിലെ മാംസപേശികൾ ശോഷിക്കുകയും വിരലുകൾതന്നെ അറ്റുപോവുകയും ചെയ്യും.

ഈ സന്ദർഭത്തിൽ കുഷ്ഠരോഗികൾക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്ത ഒരു മഹാൻെറ അനുഭവങ്ങൾക്ക് വളരെ പ്രസക്തിയുണ്ട്. പെസഫിക് മഹാസമുദ്രത്തിൽ ഹോണോലൂലുവിനു സമീപമുള്ള മൊളോക്കോയി ദ്വീപുകളിൽ 16 വർഷം ചെലവഴിച്ച്, അവിടെ അകറ്റി താമസിപ്പിച്ചിരുന്ന രോഗികളെ ശുശ്രൂഷിച്ച് അവരുടെ ദുഃഖപൂർണ്ണമായ ജീവിതത്തിൽ അൽപമെങ്കിലും ആശ്വാസവും സന്തോഷവും ജനിപ്പിക്കുവാൻ അശ്രാന്തപരിശ്രമംചെയ്ത ഫാദർ ഡാമിയൻ എന്ന ബൽജിയൻ മിഷനറിയാണ് ഈ മഹാൻ. 1873-ൽ താൻ അവിടെ ചെന്നകാലത്ത് രോഗികൾ കത്തിയെടുത്ത് വാഴത്തടപോലെ സ്വന്തം കൈവിരലുകൾ മുറിച്ചുകളയുന്നതുകണ്ട് അദ്ഭുതപ്പെട്ടതായി അദ്ദേഹം എഴുതിയിട്ടുണ്ട്. മനുഷ്യസ്നേഹിയായ ഈ മഹാത്മാവിനും ഒടുവിൽ ഈ രോഗം പിടിപെട്ടു. കൈ പൊള്ളിയാലും മുറിഞ്ഞാലും ഒന്നും രോഗി ഒരു വേദനയും അറിയുകയില്ലെന്ന് അപ്പോൾ അദ്ദേഹത്തിനു മനസ്സിലായി. ആ ദ്വീപിൽവച്ച് തൻെറ 49-ാമത്തെ വയസ്സിൽ 1889-ലാണ് അദ്ദേഹം മരിച്ചത്. അവിടെ ഇന്ന് 8000 ഏക്കർ വിസ്താരമുള്ളതും ലോകത്തിലേക്കുവച്ച് ഏറ്റവും വലുതും പ്രസിദ്ധവുമായ ഒരു കുഷ്ഠരോഗചികിത്സാകേന്ദ്രം പ്രവർത്തിച്ചുവരുന്നു.

ഈ രോഗത്തിൻെറ ലക്ഷണങ്ങളും ദോഷഫലങ്ങളും ഭയാനകമാണെങ്കിലും മനുഷ്യരിൽ ഭൂരിപക്ഷംപേരും അതിൻെറ നേർക്ക് പ്രകൃതിദത്തമായ പ്രതിരോധശക്തിയുള്ളവരാണ്. അതുകൊണ്ടാണ് കുഷ്ഠരോഗം ജനസഞ്ചയത്തിൽ വസൂരിയും വിഷൂചികയുംപോലെ പടർന്നുപിടിക്കാത്തത്. രോഗികളായ മാതാപിതാക്കളുമായി ഇടപഴകിക്കഴിയുന്ന കുട്ടികളിൽ എല്ലാവർക്കും ഈ രോഗം പകരാറില്ല. കുഷ്ഠത്തിൽത്തന്നെ പകരാത്ത ഒരു ജാതിയും ഉണ്ട്.

ഭാഗ്യവശാൽ ഇന്ന് ഈ രോഗം ചികിത്സിച്ച് ഭേദമാക്കുവാൻ കഴിയും. അതിനു പറ്റിയ ഫലപ്രദമായ ഔഷധങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ രോഗലക്ഷണങ്ങൾ നേരത്തെ

തിരിച്ചറിയുകയും ചികിത്സ ദീർഘകാലം മുടങ്ങാതെ നടത്തുകയും വേണം. അങ്ങനെ ചെയ്താൽ ശരീരത്തിന് വൈരൂപ്യം വരുന്നത് തടയാൻ സാധിക്കും. ഞരമ്പുകളുടെ ശക്തി നഷ്ടപ്പെട്ട രോഗികളെപ്പോലും കൈകാലുകൾക്ക് കേടും വ്രണങ്ങളും വരാതെ കഴിയുന്നതിനുള്ള ദിനചര്യകൾ പഠിപ്പിക്കാവുന്നതാണ്. വൈരൂപ്യം ബാധിച്ച അവയവങ്ങളെ ശസ്ത്രക്രിയകൊണ്ട് ഒരുവിധമൊക്കെ നേരെയാക്കുവാനും സാധിക്കും.

ഈ ശുശ്രൂഷാപദ്ധതികളും രക്ഷാനടപടികളും വിപുലമാക്കുന്നതിനും വിജയിപ്പിക്കുന്നതിനും വളരെയധികം ധനവ്യയം ആവശ്യമാണ്. ഭാഗ്യഹീനരായ മനുഷ്യസഹോദരങ്ങളുടെ നേർക്കുള്ള സഹാനുഭൂതിയും, അവരെ സഹായിക്കുന്നതിനു വേണ്ട ഔദാര്യവും എല്ലാ രാജ്യത്തും ഉണ്ടായാൽ മാത്രമേ ഈ സൗകര്യങ്ങൾ കൈവരുത്തുവാൻ സാധിക്കുകയുള്ളൂ. ഈ രോഗത്തോടും അതു ബാധിച്ച രോഗികളോടും ഉള്ള മനോഭാവം മാറേണ്ടതും അത്യാവശ്യമാണ്. അന്ധവിശ്വാസങ്ങൾ വച്ചു പുലർത്താതെ ശാസ്ത്രീയവും സുപരീക്ഷിതവും ഫലപ്രദവുമെന്നു തെളിഞ്ഞിട്ടുള്ളതുമായ ചികിത്സാവിധികളും നിവാരണ മാർഗ്ഗങ്ങളും ജനങ്ങൾ സ്വീകരിക്കണം.

[ഡോ. കെ. ഭാസ്ക്കരൻനായർ.

പദങ്ങൾ

പരാമർശം, പൂർവജന്മദുഷ്കൃതം, ലോകാരോഗ്യസംഘടന, സഹതാപശൂന്യം, കരുതൽകുത്തിവയ്പ്, പ്രസക്തി, പ്രതിരോധശക്തി, ധനസഞ്ചയം, സുപരീക്ഷിതം.

അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:
പരാമർശം, സഹതാപം, പ്രസക്തി, പ്രതിരോധം, സഞ്ചയം, സുപരീക്ഷിതം.

II. അനുപ്രയോഗങ്ങളെ വേർതിരിച്ചു കാണിക്കുക:
കിലുക്കിക്കൊണ്ട്, നിർബന്ധിച്ചിരുന്നു, തുല്യമായിട്ട്, തെളിഞ്ഞിട്ടുണ്ട്.

III. (a) കർമ്മിണിപ്രയോഗമാക്കി മാറ്റുക:
(1) ക്രിസ്തുവിന് 1500 വർഷം മുമ്പ് ഈ രോഗം ഇൻഡ്യയിൽ നിലവിലുണ്ടായിരുന്നതായി കാണുന്നു.
(2) ഏതുവഴിക്കാണ് രോഗബീജം ശരീരത്തിൽ വ്യാപിക്കുന്നതെന്ന് ഇനിയും തീർച്ചയായിട്ടില്ല.

(b) കർത്തിരിപ്രയോഗമാക്കി മാറ്റുക.

(1) അതിപ്രാചീനകാലം മുതൽക്കുതന്നെ അറിയപ്പെടുന്ന ഒരു മഹാരോഗമാണ് കുഷ്ഠം.

(2) അങ്ങനെയുള്ളവരുടെ എണ്ണം ഏകദേശം 40 ലക്ഷത്തോളം വരുമെന്നാണ് ഊഹിക്കപ്പെടുന്നത്.

IV. (1) കുഷ്ഠരോഗത്തെ ഏറ്റവുമധികം ഭയപ്പെടാൻ കാരണമെന്ത്?

(2) കുഷ്ഠരോഗികളെ അധികമായി എവിടെയാണ് കണ്ടുവരുന്നത്?

(3) ഇൻഡ്യയിൽ ഏതു പ്രവിശ്യകളിലാണ് കുഷ്ഠരോഗികളെ ധാരാളമായി കാണുന്നത്?

(4) കുഷ്ഠരോഗികളുടെ സംഖ്യ തിട്ടപ്പെടുത്തുവാൻ പ്രയാസമുണ്ട്. എന്തുകൊണ്ട്?

(5) കുഷ്ഠരോഗത്തിൻെറ ഹേതുവെന്ത്? ആരാണ് ഇതു കണ്ടുപിടിച്ചത്?

(6) കുഷ്ഠരോഗത്തിന് ക്ഷയരോഗത്തോടുള്ള സാദൃശ്യമെന്ത്?

(7) ഈ രോഗബീജങ്ങൾ ഏതുവഴിക്കാണ് മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതെന്നാണ് ഊഹിക്കപ്പെടുന്നത്?

(8) രോഗാണുക്കൾ വളരെ വേഗത്തിൽ വർദ്ധിക്കുന്നുവെന്ന് ഏതു വസ്തുതയിൽനിന്ന് തെളിയുന്നു?

(9) രോഗം പകരാതിരിപ്പാൻ ഇപ്പോൾ സാധ്യമായ നടപടികൾ ഏവ?

(10) കുഷ്ഠരോഗി വേദനയറിയാതിരിപ്പാനുള്ള കാരണം എന്ത്?

(11) ലോകത്തിലെ ഏറ്റവും വലിയ കുഷ്ഠരോഗ ചികിത്സാകേന്ദ്രം എവിടെയാണ്? ആരുടെ സ്മാരകമാണത്?

(12) വസൂരി, വിഷൂചിക എന്നിവയെപ്പോലെ കുഷ്ഠരോഗം അത്ര വേഗം പടർന്നുപിടിക്കാത്തത് എന്തുകൊണ്ട്?

---

പാഠം 6

# യേശുവിനെക്കാത്ത്

ഒരു പട്ടണത്തിൽ മാർട്ടിൻ എന്നു പേരായ ഒരു ചെരിപ്പുകുത്തി പാർത്തിരുന്നു. റോഡരികിലുള്ള ഒരു ചെറിയ മുറിയായിരുന്നു അയാളുടെ പാർപ്പിടവും കടയുമെല്ലാം. മുറിയിലുണ്ടായിരുന്ന ഒരേയൊരു ജാലകം പാതയ്ക്ക് അഭിമുഖമായിരുന്നു. അതിൻെറ അരികത്തിരുന്നാൽ ആ വഴി പോകുന്നവരുടെ കാലടികൾ മാത്രം കാണാം. എന്നാൽ അതുകൊണ്ടുതന്നെ ആരാണ് പോകുന്നതെന്നറിയാൻ മാർട്ടിനു കഴിയുമായിരുന്നു. കാരണം, ആ ദേശത്തുള്ളവരുടെ പാദരക്ഷകളിൽ, ഒന്നുരണ്ടുപ്രാവശ്യമെങ്കിലും അയാളുടെ കൈയിൽക്കൂടെ കടന്നുപോകാത്തവയില്ല. മാർട്ടിൻ നല്ല പണിക്കാരനായിരുന്നു: നല്ല സാധനങ്ങളേ ഉപയോഗിക്കുകയുള്ളൂ: പറഞ്ഞ സമയത്ത് പണി തീർത്തുകൊടുക്കും; കൂലി മിതവും. അതിനാൽ അയാൾക്ക് എപ്പോഴും ജോലിത്തിരക്കായിരുന്നു.

മാർട്ടിൻ പ്രസ്തുത പട്ടണത്തിൽ താമസം തുടങ്ങിയിട്ട് കുറേക്കാലമായി. അതിനുമുമ്പ് അയാൾ മറ്റൊരിടത്ത് ഒരു മുതലാളിയുടെ കീഴിൽ പണിയെടുക്കുകയായിരുന്നു. അക്കാലത്താണ് മൂന്നു വയസ്സുമാത്രം പ്രായമായ ഒരു കുട്ടിയെ അയാളുടെ കൈയിൽ ഏൽപിച്ചിട്ട് ഭാര്യ ഇഹലോകവാസം വെടിഞ്ഞത്. അവർക്ക് അതിനു മുമ്പുണ്ടായ കുട്ടികളെല്ലാം ശൈശവത്തിൽത്തന്നെ മരിച്ചുപോകയും ചെയ്തിരുന്നു. ദുഃഖദഗ്ദ്ധനായ മാർട്ടിൻ തൻെറ കൊച്ചുകുട്ടിക്കുവേണ്ടി ജീവിച്ചു. അവനും മരിച്ചപ്പോൾ അയാളുടെ ആശയാകെ തകർന്നു. ജീവിതം നിരർത്ഥകവും യാതനാപൂർണ്ണവുമായി അയാൾക്കു തോന്നി. ദൈവവിശ്വാസം നശിച്ചു. മാർട്ടിൻ പള്ളിക്കു പോകാതായി. നിർദ്ദയനെന്ന് ഈശ്വരനെ ഇടയ്ക്കിടെ പഴിക്കുക അയാളുടെ പതിവായി. മരിച്ചാൽ മതി എന്ന് അയാൾ ആശിച്ചു.

ഈ സന്ദർഭത്തിലാണ് തീർത്ഥാടനം കഴിഞ്ഞു മടങ്ങിവരുന്ന ഒരു പഴയ സുഹൃത്ത് അയാളെ സന്ദർശിച്ചത്. ആ പുണ്യാത്മാവ് മാർട്ടിൻെറ വൈക്ലബ്യം ശരിക്കു മനസ്സിലാക്കി ഇങ്ങനെ ഉപദേശിച്ചു: ''മാർട്ടിൻ, ദൈവത്തിൻെറ ഇച്ഛയെയും കർമ്മങ്ങളെയും ചോദ്യംചെയ്യാൻ നമുക്ക് അവകാശമില്ല. അവിടുത്തെ വിധിക്കു കീഴടങ്ങി ജീവിക്കുകയാണ് നമ്മുടെ കർത്തവ്യം. നിങ്ങൾ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു. അതാണ് നിങ്ങളുടെ ദുഃഖത്തിൻെറയും നൈരാശ്യത്തിൻെറയും കാരണം.'' മാർട്ടിൻ ചോദിച്ചു: ''പിന്നെ ആർക്കുവേണ്ടിയാണ് ഞാൻ ജീവിക്കേണ്ടത്?'' ''ഈശ്വരനുവേണ്ടി. അങ്ങനെ ജീവിച്ചാൽ എല്ലാ സന്താപങ്ങളും അകലും. ജീവിതത്തിന് ഒരു പുതിയ അർത്ഥവുമുണ്ടാകും.'' എന്ന് ആ ഭക്തൻ പറഞ്ഞു. മാർട്ടിൻ അൽപനേരം മൗനം ഭജിച്ചു; പിന്നെ ചോദിച്ചു : ''ഈശ്വരനുവേണ്ടി ജീവിക്കുക, അതെങ്ങനെയാണ്?'' ''നിങ്ങൾക്ക് വായിക്കാനറിയുമല്ലോ. ബൈബിൾ വായിക്കൂ. അപ്പോഴറിയാം ദൈവത്തിനുവേണ്ടി ജീവിക്കുന്നതെങ്ങനെയെന്ന്.'' ഇതായിരുന്നു മറുപടി.

ഈ സംഭവം മാർട്ടിനിൽ ഒരു ഭാവഭേദം വരുത്തി. വലിയ അക്ഷരത്തിൽ അച്ചടിച്ച ഒരു ബൈബിൾ അയാൾ അന്നുതന്നെ വാങ്ങി; ഒഴിവുദിവസങ്ങളിൽ അതു വായിക്കാനും തുടങ്ങി. ആദ്യമൊക്കെ അത് ഒരു ചടങ്ങുമാത്രമായിരുന്നു. ക്രമേണ വേദപുസ്തകത്തിൻെറ പൊരുൾ അയാൾക്കു മനസ്സിലായിത്തുടങ്ങി. അത് അയാളെ ആകർഷിക്കുകയും ചെയ്തു.

അതിനാൽ അന്തിക്ക് ജോലിയെല്ലാം കഴിഞ്ഞാൽ ബൈബിൾ വായിക്കുക ഒരു പതിവായിത്തീർന്നു. ഉറക്കം വരുന്നതുവരെ വായിക്കും. വായിക്കുന്തോറും അർത്ഥം അധികമധികം മനസ്സിലായി; ഹൃദയഭാരം കുറഞ്ഞു; ജീവിതം ശാന്തവും ആനന്ദമയവുമായിത്തീർന്നു. മുമ്പൊക്കെ ജോലികഴിഞ്ഞാൽ മാർട്ടിൻ ഒന്നു പുറത്തിറങ്ങും. കടയിൽ കയറി ഒരു കോപ്പ ചായ കുടിക്കും; ചിലപ്പോൾ, അൽപം മദ്യവും. അപ്പോൾ ഒരുതരം ഉല്ലാസം തോന്നും. ബോധം കെട്ട് കണ്ടവരുമായി വഴക്കുകൂടുമാറ് അയാൾ ഒരിക്കലും മദ്യപിക്കുമായിരുന്നില്ല. അൽപം കുടിക്കും. അതിൻെറ ലഹരിയിൽ ചിരിക്കും; ചിലപ്പോൾ ചില അസംബന്ധങ്ങൾ ജൽപിക്കും. അത്രമാത്രം. വേദപുസ്തകം പാരായണം ചെയ്യാൻ തുടങ്ങിയതുമുതൽ ഈ മട്ടാകെ മാറി. അയാളുടെ ജീവിതം കാമ്പുറ്റതും കളങ്കമറ്റതുമായ ഏതോ ആനന്ദത്തിലേക്കു ക്രമേണ നീങ്ങി.

ഒരു രാത്രി മാർട്ടിൻ കുറെ അധികനേരം വായിച്ചു. ''നിൻെറ ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചുകൊടുക്കുക. നിൻെറ മേലങ്കി പിടിച്ചു പറിക്കുന്നവൻ കോട്ടുകൂടി കൊണ്ടുപോകട്ടെ. അവനെ തടയാതിരിക്കുക.

നിന്നോട് മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്ന് നീ ആശിക്കുന്നുവോ അതുപോലെ അവരോട് പെരുമാറുക.

നാഥാ, നാഥാ, എന്ന് നീ എന്നെ വിളിക്കുന്നു. പിന്നെയെന്താണ് ഞാൻ പറഞ്ഞപോലെ നീ പ്രവർത്തിക്കാത്തത്. ആര് എന്നെ സമീപിക്കുന്നുവോ, ആര് എൻെറ വാക്ക് അനുസരിക്കുന്നുവോ അവർ ആരെപ്പോലെയാണെന്ന് അറിയാമോ? പറയാം. പണ്ട് ഒരാൾ ആഴത്തിൽ അസ്തിവാരം കീറി പാറപ്പുറത്ത് വീടു പണിതു. വെള്ളപ്പൊക്കമുണ്ടായി. നദിയിലെ ജലം ഊക്കോടെ വന്നടിച്ചു. എന്നാൽ വീട് ഇളകിയില്ല. വേറൊരുത്തൻ അസ്തിവാരം കൂടാതെ വെറും മണ്ണിൽ പുര കെട്ടിപ്പൊക്കി. നദീജലം വന്നടിക്കേണ്ടതാമസമേ ഉണ്ടായുള്ളൂ, അതു തകർന്നു വീഴാൻ.''

മാർട്ടിൻ വായന നിർത്തി ചിന്തയിൽ മുഴുകി. ''പാറപ്പുറത്തോ മണൽപരപ്പിലോ എവിടെയാണ് ഞാൻ പുര പണിതിട്ടുള്ളത് ? ബൈബിൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ തീരുമാനിക്കും പരിശുദ്ധ ജീവിതം നയിക്കുമെന്ന്. എന്നാൽ കാവൽ തെല്ലൊന്നിളച്ചാൽമതി വീണ്ടും പാപത്തിലേക്കു വഴുതി വീഴുകയായി! എങ്കിലും ഞാൻ ഇനിയും പരിശ്രമിക്കും.

ഈ ഉദ്യമം തന്നെ എന്തൊരാനന്ദമാണ്! നാഥാ! എന്നെ സഹായിക്കണേ!'' വികാരവായ്പ്പോടെ ഇങ്ങനെ പ്രാർത്ഥിച്ചിട്ട് മാർട്ടിൻ വായന തുടർന്നു.

ശീമോൻെറ വിരുന്ന്. മാന്യനായ അതിഥിക്ക് കാൽകഴുകാൻ വെള്ളം പോലും അയാഠം കൊടുത്തില്ല. തൻെറ അന്തസ്സിനെക്കുറിച്ചും മേൻമയെക്കുറിച്ചുമുള്ള ചിന്തകളാൽ അയാളുടെ ഹൃദയം നിറഞ്ഞിരുന്നു. പിന്നെ ഭഗവച്ചിന്തയ്ക്ക് ഇടമെവിടെ? പാപിനിയായ മറിയം വന്നു. അവഠം സുഗന്ധതൈലംകൊണ്ട് ഭഗവാൻെറ ശിരസ്സിൽ അഭിഷേകം ചെയ്തു. കണ്ണീർകൊണ്ട് തൃപ്പാദങ്ങഠം കഴുകി; പട്ടുപോലെ മിനുത്ത മുടികൊണ്ട് തോർത്തിത്തുടച്ചു; തെരുതെരെ ചുംബിച്ചു.

''ഭഗവാൻ എൻെറ അരികത്തേയ്ക്കു വരികയാണെങ്കിൽ ഞാൻ ശീമോനെപ്പോലെ പെരുമാറുമോ?'' എന്നായി ആ ഭക്തൻെറ വിചാരം. അയാഠം കൈത്തണ്ടയിൽ തലവച്ച് ചിന്തയിൽ മുഴുകിയിരുന്നു. ആ ഇരുപ്പിൽ ഉറങ്ങിപ്പോകയും ചെയ്തു

''മാർട്ടിൻ!''—അതാ ആരോ വിളിക്കുന്നു! അയാഠം ഉണർന്ന് ചുറ്റും നോക്കി. ആരെയും കണ്ടില്ല. വാതിൽക്കലേക്കു നോക്കി. അവിടെയും ആരുമില്ല, വിളിച്ചുചോദിച്ചു: ''ആരാണത്?'' ആരുമില്ല. എങ്കിലും അയാഠം ഒരു ശബ്ദം വ്യക്തമായി കേട്ടു. ''മാർട്ടിൻ, മാർട്ടിൻ! നാളെ തെരുവീഥിയിലേക്ക് നോക്കിക്കൊണ്ടിരിക്കുക. എന്തെന്നോ? ഞാൻ വരും.''

മാർട്ടിൻ കസേരയിൽ നിന്നെഴുന്നേറ്റു; കണ്ണു തിരുമ്മി സ്വപ്നത്തിലോ ജാഗരത്തിലോ ഏതിലാണ് താൻ ആ വാക്കുകഠം കേട്ടത്? തീരുമാനിക്കാൻ കഴിഞ്ഞില്ല. വിളക്കു കെടുത്തി അയാഠം കിടന്നു.

പിറ്റേന്ന് മാർട്ടിൻ പുലരുന്നതിനുമുമ്പ് എഴുന്നേറ്റു; പ്രാതൽ ഒരുക്കി. ചായയ്ക്കു വെള്ളം തിളപ്പിക്കാൻ സമോവറിൽ തീയിട്ടു. പിന്നെ ജനലിന്നടുത്തുപോയിരുന്നു ജോലി ചെയ്യാൻ തുടങ്ങി. റോഡിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടാണ് ചെരിപ്പുതുന്നിയിരുന്നത്. തലേന്നു രാത്രിയിലെ സംഭവത്തെക്കുറിച്ച് അയാഠം വീണ്ടും വീണ്ടും ഓർത്തു: ''സ്വപ്നമായിരിക്കണം അത്. ഏയ്, അല്ല. ആ ശബ്ദം ഞാൻ കേട്ടു, തീർച്ച.''

പാതയിലൂടെ പലരും പോയിക്കൊണ്ടിരുന്നു. ചെരുപ്പുകഠം കണ്ട് അവരെയെല്ലാം മാർട്ടിൻ തിരിച്ചറിഞ്ഞു. എല്ലാം പരിചിതർ. യേശുവല്ല അവരാരും. അപ്പോഠം അതാ ഒരാഠം വരുന്നു. വലിയ പ്രതീക്ഷയോടെ മാർട്ടിൻ എഴുന്നേറ്റു നോക്കി.

സ്റ്റെപനിച്ചായിരുന്നു അത്. മുമ്പ് പട്ടാളത്തിൽ ജോലി ചെയ്തിരുന്ന ഒരു സാധു. ഇപ്പോൾ വയസ്സായി. വയറു പുലർത്താൻ അടുത്ത വീട്ടിൽ ഭൃത്യനായി വേലചെയ്യുന്നു. റോഡിൽ വീണുകിടക്കുന്ന മഞ്ഞുകട്ടകൾ തൂമ്പകൊണ്ട് കോരി ക്കളയുകയാണ് അയാൾ. ''ഞാൻ ഒരു വിടുവിഡ്ഢി തന്നെ. സ്റ്റെപനിച്ചാണല്ലോ അത്. മഞ്ഞുകോരിക്കളയാൻ വന്നതല്ലേ? യേശുവാണ് എന്നല്ലേ ഞാൻ വിചാരിച്ചത്? വയസ്സായതോടു കൂടി എനിക്ക് ബുദ്ധിഭ്രമം തുടങ്ങിയപോലെ തോന്നുന്നു. കിറുക്ക്, തനിക്കിറുക്ക്.'' മാർട്ടിൻ ചിരിയടക്കി സ്വസ്ഥാ നത്തുപോയിരുന്ന് ജോലി തുടർന്നു. ചെരുപ്പിൽ പത്തു പന്ത്രണ്ടു തുന്നലിട്ടു. വീണ്ടും പാതയിലേക്കുനോക്കി. സ്റ്റെപനിച്ച് തളർന്ന് തണുത്തുവിറച്ച് ചുമർ ചാരി നിൽക്കുന്നു. മാർട്ടിൻ അയാളെ അകത്തേക്കുവിളിച്ചു: ''വരൂ, തണുപ്പുമാറ്റിപ്പോകാം.'' സ്റ്റെപനിച്ച് ദേഹത്തിൽ പറ്റിപ്പിടി ച്ചിരുന്ന ഹിമശകലങ്ങൾ കുടഞ്ഞു കളഞ്ഞു; അകത്തെ നിലത്ത് പാടുപറ്റാതിരിക്കാൻ കാലടികൾ തുടച്ചു വൃത്തിയാ ക്കാൻ മുതിർന്നു. ''ഏയ് സാരമില്ല. വരൂ അകത്തേയ്ക്ക്. നിലത്ത് പാടുപറ്റിയാൽ ഞാൻ തുടച്ചുവൃത്തിയാക്കിക്കൊള്ളാം.'' എന്ന് മാർട്ടിൻ തിടുക്കി.

ചായയ്ക്ക് വെള്ളം തിളയ്ക്കുന്നു. മാർട്ടിൻ ചായ കൂട്ടി: രണ്ടുകോപ്പയിൽ ഒഴിച്ചു. ഒന്ന് തനിക്ക്; മറ്റേത് അതിഥിക്കും. നല്ല ചൂട്, ആവി പൊങ്ങുന്നു. തൻെറ ചായ മാർട്ടിൻ പിഞ്ഞാ ണത്തിലൊഴിച്ചു. സ്റ്റെപനിച്ച് പൊള്ളുന്ന ചായ ഒരിറ ക്കിന് കുടിച്ചുതീർത്ത് കോപ്പ കമിഴ്ത്തി. ''ഒരു കോപ്പകൂടി കുടിക്കൂ'' എന്നു പറഞ്ഞുകൊണ്ട് ആതിഥേയൻ കോപ്പ നിറച്ചു. ഒരൊറ്റ മോന്തൽ, അതും കഴിഞ്ഞു. 'മതി, മതി' എന്ന് അയാൾ പറഞ്ഞുവെങ്കിലും 'ഇതുംകൂടി' എന്ന് മാർട്ടിൻ നിർബന്ധിച്ചു. നാലാമതായി ഒന്നുകൂടി കോപ്പ നിറച്ചു. താനും കുടിച്ചു രണ്ടു കോപ്പ. ഇങ്ങനെ സൽക്കരിക്കുന്നതിനിടയിൽ മാർട്ടിൻ ഇടയ് ക്കിടെ പാതയിലേക്ക് സോൽക്കണ്ഠം നോക്കുന്നുമുണ്ടാ യിരുന്നു. അതുകണ്ട് സ്റ്റെപനിച്ച് ചോദിച്ചു: ''നിങ്ങൾ ആരെയോ കാത്തിരിക്കുന്നപോലെതോന്നുന്നല്ലോ,ആരെയാണ്?'' മാർട്ടിൻ തലേന്നു രാത്രിയിലെ സംഭവം വിവരിച്ചു. സ്റ്റെപനി ച്ചിൻെറ കവിൾത്തടങ്ങളിലൂടെ കണ്ണീരൊഴുകി. അയാൾ കൈകൾ പിണച്ചു കുരിശു രചിച്ചു; പിന്നെ ഹൃദയം നിറഞ്ഞുകവിയുന്ന നന്ദി പറഞ്ഞ് പിരിഞ്ഞു. ''സൗകര്യം കിട്ടുമ്പോൾ വരണം. വിരുന്നുകാരെ കിട്ടുന്നത് ഒരു വലിയ ഭാഗ്യമാണ്'' എന്ന് മാർട്ടിൻ പറഞ്ഞു.

അവശേഷിച്ച ചായ കുടിച്ചിട്ട് അയാൾ ജോലി തുടർന്നു. നോട്ടം അപ്പോഴും റോഡിൽത്തന്നെ. ക്രിസ്തുവിനെ പ്രതീക്ഷിച്ചിരിക്കയാണ്. തിരുമൊഴികളല്ലാതെ മറ്റൊന്നുമില്ല അയാളുടെ തലയിൽ. പരിചിതരായ കുറേപേർ ആ വഴിക്കുപോയി. പിന്നെ ഒരു പാവപ്പെട്ട സ്ത്രീ വന്നു. അവൾ മാർട്ടിൻെറ ജനൽകടന്ന് ചുമരിൻെറ മറവിൽ നിന്നു. മാർട്ടിൻെറ നോട്ടം അവളുടെ നേരേ തിരിഞ്ഞു. അപരിചിതയായ ഒരു ദരിദ്ര; കീറിപ്പറിഞ്ഞ ഉടുപ്പുകൾ, കൈയിൽ ഒരു കുഞ്ഞുമുണ്ട്. കാറ്റിൻെറ ശല്യത്തിൽ നിന്ന് കുഞ്ഞിനെ രക്ഷിക്കാൻ റോഡിലേക്ക് പുറംതിരിച്ച് ചുമരിനഭിമുഖമായി നിൽക്കുകയാണവൾ. ഉടുപ്പിൻെറ അറ്റം കൊണ്ട് കുഞ്ഞിനെ പുതപ്പിക്കാൻ വൃഥാ പാടുപെടുന്നുണ്ട് ആ പാവം. കുട്ടി കരയുന്നു. അതു മാറ്റാൻ അമ്മ ചെയ്യുന്ന ശ്രമം ഫലിക്കുന്നില്ല. തുളച്ചുകയറുന്ന തണുപ്പ്!

മാർട്ടിൻ വാതിൽ തുറന്നുകൊണ്ടു പറഞ്ഞു: ''മോളേ, മോളേ, എന്തിന് കുഞ്ഞിനെയെടുത്ത് തണുപ്പത്തു നിൽക്കുന്നു. അകത്തേയ്ക്കുവരാമല്ലോ. ഇതിലെ വരൂ. കുഞ്ഞിനെ പുതപ്പിക്കൂ.''

സ്ത്രീ തിരിഞ്ഞുനോക്കി. അവൾക്ക് അദ്ഭുതം തോന്നി. മേൽമുണ്ടുപുതച്ച ഒരു വൃദ്ധൻ; മൂക്കിൽ കണ്ണട; അവൾ അകത്തു കടന്നു. ''മോളേ, ആ നെരിപ്പോടിനടുത്തിരുന്ന് തണുപ്പു മാറ്റി കുട്ടിക്കു പാൽ കൊടുക്കൂ,'' എന്നു മാർട്ടിൻ സ്നേഹപൂർവ്വം നിർദ്ദേശിച്ചു.

''കൊടുക്കാൻ പാലില്ല, രാവിലെ മുതൽക്ക് ഞാൻ പട്ടിണിയാണ്'' എന്നു പറഞ്ഞുവെങ്കിലും അവൾ കരയുന്ന കുഞ്ഞിനെ മാറോടണച്ചു. മാർട്ടിൻ അലമാര തുറന്ന് ഒരു റൊട്ടിക്കഷണമെടുത്തു, ഒരു താലത്തിൽ കാബേജ് സൂപ്പും ഒഴിച്ചു; പിന്നെ അവളോടു പറഞ്ഞു: ''ഇതു കഴിക്കൂ. കുഞ്ഞിനെ ഇങ്ങോട്ടു തരൂ, ഞാനെടുക്കാം. എനിക്കും മക്കളുണ്ടായിരുന്നു. കുട്ടികളെ നോക്കാൻ എനിക്കറിയാം.''

ദൈവത്തെ സ്മരിച്ചുകൊണ്ട് അവൾ തിന്നാൻ തുടങ്ങി. മാർട്ടിൻ കുഞ്ഞിനെ മെത്തയിൽ കിടത്തി അരികത്തിരുന്നു കളിപ്പിച്ചു. കുഞ്ഞു കരച്ചിൽ നിറുത്തി, ചിരിക്കാൻ തുടങ്ങി. ഭക്ഷണം കഴിക്കുന്നതിനിടയിൽ അമ്മ തൻെറ കഥ പറഞ്ഞു: ''എൻെറ ഭർത്താവ് പട്ടാളത്തിലാണ്. എട്ടുമാസംമുമ്പ് അവർ അദ്ദേഹത്തെ ഏതോ ദൂരദിക്കിലേക്കയച്ചു. പിന്നെ ഒരു വർത്തമാനവുമില്ല. ഞാൻ ഒരു വീട്ടിൽ ജോലിക്കു

നിൽക്കുകയായിരുന്നു. ഈ കുഞ്ഞു ജനിച്ചപ്പോഠം അവർ എന്നെ പിരിച്ചയച്ചുകളഞ്ഞു. പിന്നെ ഞാൻ കൈയിലുണ്ടാ യിരുന്നതെല്ലാം വിറ്റു തിന്നു. മൂന്നുമാസമായി ജോലി അന്വേ ഷിച്ചുനടക്കുന്നു. ഇന്നു ഒരു വീട്ടിലേക്കു ചെല്ലാൻ പറഞ്ഞി രുന്നു. അവിടെപ്പോയി മടങ്ങുകയാണ്. ഒരാഴ്ച കഴിഞ്ഞു വരാൻ പറഞ്ഞ് അവരും മടക്കി അയച്ചു. ആകെക്കൂടി ഒരു രോമപ്പുതപ്പു ബാക്കിയുണ്ടായിരുന്നു. ഇന്നലെയാണ് അതു പണയംവച്ച് ആറു പെൻസ് കടം വാങ്ങിയത്.''

അവഠം ആഹാരം കഴിച്ചെഴുന്നേറ്റു, കുട്ടിയെ എടുത്തു. മാർട്ടിൻ ചുമരിൽ തൂക്കിയിരുന്ന വസ്ത്രങ്ങളുടെ ഇടയിൽ നിന്ന് ഒരു പഴയ ഉടുപ്പ് തെരഞ്ഞെടുത്തു കൊണ്ടുവന്നു. ''ഇതാ, ഇതെടുത്തോളു; പഴയതാണ്. എങ്കിലും കുട്ടിയെ പുതപ്പിക്കാം.'' ഇതു കേട്ടപ്പോഠം ആ സ്ത്രീയുടെ കണ്ണുകഠം നിറഞ്ഞു. അതു കാണാൻ വയ്യാതെ മാർട്ടിൻ മുഖം തിരിച്ചു. അയാഠം കട്ടിലിന്നടിയിൽനിന്ന് ഒരു പെട്ടി വലിച്ചെടുത്തു; അതു തുറന്നുവച്ച് എന്തോ തെരഞ്ഞു തുടങ്ങി. ''അമ്മാമാ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. യേശുതന്നെയാണ് എന്നെ ഈ വാതിൽക്കലേക്കയച്ചത്. അല്ലെങ്കിൽ എൻെറ കുഞ്ഞ് തണുപ്പുകൊണ്ടു മരവിച്ചുപോകുമായിരുന്നു. ഞാൻ പുറപ്പെടു മ്പോഠം ഇത്ര മഞ്ഞും തണുപ്പുമുണ്ടായിരുന്നില്ല. ഇപ്പോഴെ ന്തൊരു തണുപ്പ്! ക്രിസ്തുതന്നെയാണ് ജനലിൽക്കൂടി നോക്കാൻ നിങ്ങഠംക്കു തോന്നിച്ചത്. ഈ അഗതിയുടെ പേരിൽ നിങ്ങഠംക്കു ദയതോന്നാൻ ഇടയാക്കിയതും''.

''സത്യമാണത്. ഞാൻ നിന്നെക്കാണാൻ കാരണം യേശു തന്നെയാണ്'' എന്ന് അർത്ഥഗർഭമായി പറഞ്ഞിട്ടു മാർട്ടിൻ തലേന്നു രാത്രിയിലെ ദർശനം വിവരിച്ചു.

''ആരറിഞ്ഞു അങ്ങനെ സംഭവിക്കുകയില്ലെന്ന്'' എന്നു പറഞ്ഞുകൊണ്ട് അവഠം എഴുന്നേറ്റു. മാർട്ടിൻ കൊടുത്ത പഴയ ഉടുപ്പുകൊണ്ട് അവഠം സ്വയം പുതച്ചു; കുട്ടിയെ നന്നായി പുത പ്പിക്കുകയും ചെയ്തു. വീണ്ടും നന്ദി പറഞ്ഞിട്ട് അവഠം പുറ പ്പെട്ടു. പെട്ടിയിൽനിന്ന് തെരഞ്ഞെടുത്ത ആറു പെൻസുനാണ്യം അവഠംക്കുകൊടുത്തുകൊണ്ടു മാർട്ടിൻ പറഞ്ഞു: ''മോളെ, യേശുവിനു വേണ്ടി ഇതു വാങ്ങണം. പണയംവച്ച പുതപ്പു തിരിച്ചു വാങ്ങൂ.''

ആ സാധുസ്ത്രീ കുരിശു രചിച്ചു; തുടർന്നു മാർട്ടിനും.

### പദങ്ങൾ

പ്രസ്തുതം, ദുഃഖദഗ്ദ്ധൻ, യാതനാപൂർണ്ണം, വൈക്ലബ്യം, കർത്തവ്യം, ജൽപിക്കുക, മേലങ്കി, ഉദ്യമം. വികാരവായ്പ്, ഭഗവച്ചിന്ത, ജാഗരം, സമോവർ, ആതിഥേയൻ, സോൽക്കണ്ഠം, അഭിമുഖം, അർത്ഥഗർഭം.

### അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:—
യാതനാപൂർണ്ണം, കർത്തവ്യം, ഉദ്യമം, ജാഗരം, ആതിഥേയൻ, സോൽക്കണ്ഠം, അർത്ഥഗർഭമായി പറയുക.

II. (a) വിഗ്രഹിച്ച് സമാസം പറയുക.
ദുഃഖദഗ്ദ്ധൻ, യാതനാപൂർണ്ണം, ഭഗവച്ചിന്ത.

(b) അനുപ്രയോഗങ്ങളെ വേർതിരിച്ചു കാണിക്കുക:
കഴിയുമായിരുന്നു, വൃത്തിയാക്കിക്കൊള്ളാം, വായിച്ചുകൊണ്ടിരുന്നു.

III. വാക്യവിനിമയം:

(1) നിങ്ങൾ നിങ്ങൾക്കുവേണ്ടി ജീവിക്കുന്നു. അതാണ് നിങ്ങളുടെ ദുഃഖത്തിന്റെ കാരണം. (ഒറ്റ വാക്യമാക്കി മാറ്റുക)

(2) മാർട്ടിൻ ചോദിച്ചു: ''പിന്നെ ആർക്കുവേണ്ടിയാണ് ഞാൻ ജീവിക്കേണ്ടത്?'' (അനാഖ്യാനമാക്കുക)

(3) വലിയ അക്ഷരത്തിൽ അച്ചടിച്ച ഒരു ബൈബിൾ അയാൾ അന്നുതന്നെ വാങ്ങി, ഒഴിവുദിവസങ്ങളിൽ അതു വായിക്കാനും തുടങ്ങി. (ഒറ്റവാക്യമാക്കുക)

(4) വായിക്കുന്തോറും അർത്ഥം അധികമധികം മനസ്സിലായി. ഹൃദയഭാരം കുറഞ്ഞു; ജീവിതം ശാന്തവും ആനന്ദമയവുമായിത്തീർന്നു. (ഒറ്റവാക്യമാക്കുക)

(5) ''ഏയ് സാരമില്ല, വരൂ അകത്തേയ്ക്ക്, നിലത്തു പാടുപറ്റിയാൽ ഞാൻ തുടച്ചു വൃത്തിയാക്കിക്കൊള്ളാം'' എന്ന് മാർട്ടിൻ തിടുക്കി. (അനാഖ്യാനമാക്കുക)

(6) ''മോളേ, ആ നെരിപ്പോടിനടുത്തിരുന്ന് തണുപ്പുമാറ്റി കുട്ടിക്കു പാൽ കൊടുക്കൂ'' എന്ന് മാർട്ടിൻ സ്നേഹപൂർവം നിർദ്ദേശിച്ചു. (അനാഖ്യാനമാക്കുക)

IV. (1) മാർട്ടിന്റെ ഈശ്വരവിശ്വാസം എങ്ങനെ ക്ഷയിച്ചു?

(2) വീണ്ടും ഈശ്വരവിശ്വാസത്തിലേക്ക് അയാളെ ആര് തിരിച്ചുവിട്ടു?

(3) അദ്ദേഹം നൽകിയ ഉപദേശം എന്തായിരുന്നു?

(4) ബൈബിൾ പാരായണം മാർട്ടിനിൽ എന്തു മാറ്റം വരുത്തി?

(5) മാർട്ടിനുണ്ടായ ദർശനം എന്തായിരുന്നു?

V. അഞ്ചുവരിയിൽ ഒതുങ്ങുമാറ് ചുരുക്കിയെഴുതുക.

(1) മാർട്ടിൻ സ്റ്റെപനിച്ചിനെ സൽക്കരിച്ചത്.

(2) അഗതിയായ സ്ത്രീയെ സഹായിച്ചത്.

പാഠം 7

# യേശു വരുന്നു

അവശേഷിച്ചിരുന്ന കാബേജു സൂപ്പു കഴിച്ചു മേശതുടച്ചു വൃത്തിയാക്കിയിട്ട് മാർട്ടിൻ ജോലിക്കിരുന്നു. വഴിയിലൂടെ പോകുന്നവരുടെ നിഴൽ ജാലകത്തിൽ പതിക്കുമ്പോഴൊക്കെ അയാരം തലപൊക്കി നോക്കി. പരിചിതരും അപരിചിതരുമായ പലരും കടന്നുപോയി. എന്നാൽ അസാധാരണനായ ആരുമില്ലായിരുന്നു അക്കൂട്ടത്തിൽ.

കുറെനേരം കഴിഞ്ഞപ്പോരം, ആപ്പിരം വിൽക്കുന്ന ഒരു കിഴവി ജനലിനു മുമ്പിൽ വന്നു നിന്നു. അവളുടെ തലയിൽ ഒരു വലിയ കൂടയുണ്ടായിരുന്നു. എന്നാൽ അതിൽ പഴം അധികമൊന്നും ഉണ്ടായിരുന്നില്ല. ചരക്കു മിക്കവാറും വിറ്റു കഴിഞ്ഞിരുന്നു. വിറകിൻകഷണങ്ങരം നിറച്ച ഒരു ചാക്കുണ്ട് വൃദ്ധയുടെ പുറത്ത്. വിറകു വിൽക്കാനുള്ളതല്ല. വഴിക്ക് മരാമത്തു നടക്കുന്ന ഏതോ സ്ഥലത്തുനിന്ന് അതു പെറുക്കിയെടുത്ത് വീട്ടിലേക്കു കൊണ്ടുപോകയാണ് വൃദ്ധ. വിറകിൻ കഷണങ്ങരം പുറത്തു തറച്ചു നൊമ്പരമുണ്ടാക്കിക്കൊണ്ടിരുന്നു. ചുമലൊന്നു മാറ്റിയിടാൻ അവരം ചാക്കു താഴത്തിറക്കി; പഴക്കൂട ഒരു മരക്കുറ്റിയുടെ മേൽ വച്ചു.

ചാക്കു കുലുക്കി വിറകിൻകഷണങ്ങരം ഒതുക്കുകയായിരുന്നു മുത്തശ്ശി. ആ തക്കത്തിൽ, കീറത്തൊപ്പി ധരിച്ചിരുന്ന ഒരു കുട്ടി ഓടിവന്ന് കൂടയിൽനിന്ന് ഒരു ആപ്പിളെടുത്തു കടന്നുകളയാൻ നോക്കി. എന്നാൽ ആ വിരുതു ഫലിച്ചില്ല, കിഴവി അവൻെറ കുപ്പായക്കൈയിൽ പിടികൂടി. കുട്ടി പഠിച്ച പണിയൊക്കെ നോക്കി. എന്നാൽ രക്ഷപ്പെടാൻ പറ്റിയില്ല. മുത്തശ്ശി രണ്ടു കൈകൊണ്ടും അവനെ പിടിച്ചുനിർത്തി. പിടിയും വലിയും മുറുകി. കുട്ടിയുടെ തൊപ്പി തെറിച്ചു പോയി. കിഴവി അവൻെറ മുടിയിൽ പിടികൂടി. അവൻ മുറവിളികൂട്ടി, തള്ള ശകാരവർഷവും. മാർട്ടിൻ ജോലി നിറുത്തി വേഗം അവരുടെ അരികിലേക്കു ചെന്നു. ബദ്ധപ്പാടിൽ ഉമ്മറപ്പടിയിറങ്ങുമ്പോരം കണ്ണട താഴെ വീണതറിയാതെ അയാരം സംഭവസ്ഥലത്തേക്കോടി.

''എടാ, നിന്നെ പോലീസിൽ ഏൽപിച്ചിട്ടേ ഞാനടങ്ങൂ'', എന്ന് കിഴവി ആക്രോശിച്ചു. ''എന്തിനാണ് എന്നെ തല്ലുന്നത്? ഞാൻ ആപ്പിരം എടുത്തിട്ടില്ല, വിടൂ, എന്നെ വിടൂ,'' എന്നു പയ്യനും ബഹളം കൂട്ടി.

മാർട്ടിൻ ഇടപെട്ടു. കുട്ടിയുടെ കൈപിടിച്ചുകൊണ്ട് അയാ൦ പറഞ്ഞു: ''മുത്തശ്ശി; അവനെ വിടൂ. അവൻ പോകട്ടെ. ക്രിസ്തുവിനെ വിചാരിച്ച് അവന് മാപ്പു കൊടുക്കൂ.''

''ഇല്ല, വിടില്ല. ഇവനെ ഒരു ചുട്ടപാഠം പഠിപ്പിക്കണം. ഒരു കൊല്ലത്തേക്ക് ഇവനതു മറക്കരുത്. ഇവനെ പോലീസിൽ ഏൽപ്പിച്ചിട്ടു വേറെകാര്യം'' എന്നു വൃദ്ധ ശഠിച്ചു.

''പോട്ടെ, ഇനി അവൻ അങ്ങനെ ചെയ്യില്ല. യേശുവിനു വേണ്ടി അവനെ വിടൂ'' എന്നു മാർട്ടിൻ പിന്നെയും കെഞ്ചി.

മുത്തശ്ശി പിടിവിട്ടു. കുട്ടി ഒറ്റക്കുതിക്കു രക്ഷപ്പെടാൻ നോക്കി. മാർട്ടിൻ അവനെ തടഞ്ഞുകൊണ്ടു പറഞ്ഞു: ''മുത്തശ്ശിയോടു മാപ്പു ചോദിക്കൂ. മേലിൽ ഇങ്ങനെ ചെയ്യരുത്. നീ ആപ്പിൾ എടുത്തത് ഞാൻ കണ്ടിരിക്കുന്നു.''

കുട്ടി വിമ്മിക്കരഞ്ഞു; മാപ്പു ചോദിക്കയും ചെയ്തു.

''നന്നായി; ഇതാ നിനക്കൊരാപ്പിൾ,'' മാർട്ടിൻ ഒരാപ്പിളെടുത്തു അവനു കൊടുത്തിട്ടു മുത്തശ്ശിയോടു പറഞ്ഞു: ''വില ഞാൻ തരാം.''

''ഇങ്ങനെയായാൽ നിങ്ങൾ ഈ കൊച്ചുതെണ്ടികളെ നശിപ്പിക്കും. ഇവനെ ചാട്ടവാർകൊണ്ട് അടിക്കണം. അതെ, അതാണു വേണ്ടത്. ഒരാഴ്ചയോളമെങ്കിലും അതിന്റെ നീറൽ മാറരുത്,'' എന്നു മുത്തശ്ശി കയർത്തു.

''അതെ, അതാണ് നമ്മുടെ മാർഗ്ഗം. എന്നാൽ അതല്ല ദൈവത്തിന്റെ മാർഗ്ഗം. ആപ്പിൾ കട്ടതിനു ചാട്ടവാറുകൊണ്ട് ഇവനെ അടിക്കണമെങ്കിൽ, നമ്മുടെ പാപങ്ങൾക്കു നമ്മെ എങ്ങനെയെല്ലാം ശിക്ഷിക്കണം?'' എന്ന് മാർട്ടിൻ ചോദിച്ചപ്പോൾ വൃദ്ധ മൗനം പൂണ്ടു. മാർട്ടിൻ ബൈബിളിലെ ഒരുകഥ അവരെ സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. ഒരു യജമാനൻ തന്റെ ഭൃത്യന് വലിയൊരു കടം ഇളച്ചുകൊടുത്തു. അവനാകട്ടെ തന്റെ കടക്കാരന്റെ കഴുത്തിനു പിടിച്ചു—ഇതായിരുന്നു കഥയുടെ ചുരുക്കം. മുത്തശ്ശി കഥ ശ്രദ്ധിച്ചു കേട്ടു. കുട്ടിയും കേട്ടു. മാർട്ടിൻ തുടർന്നു: ''മാപ്പുകൊടുക്കാൻ ദൈവം നമ്മോട് ആജ്ഞാപിക്കുന്നു. അതനുസരിക്കണം. അല്ലെങ്കിൽ നമുക്ക് അവിടത്തെ മാപ്പുകിട്ടുകയില്ല. എല്ലാവർക്കും മാപ്പു കൊടുക്കൂ, വിശേഷിച്ചു വിവേകമില്ലാത്ത ഇത്തരം കുട്ടികൾക്ക്.''

മുത്തശ്ശി ഒരു നെടുവീർപ്പോടെ പറഞ്ഞു: ''ശരിയാണ്. എങ്കിലും ഈ ചെറുപ്പക്കാർ വല്ലാതെ ദുഷിച്ചുപോയിരിക്കുന്നു.'' ''അങ്ങനെയാണെങ്കിൽ നാം അവർക്കു നല്ലവഴി കാണിച്ചു കൊടുക്കണം'' എന്നായി മാർട്ടിൻ.

''ഞാനും അതുതന്നെയാണ് പറയുന്നത്. എനിക്കു ഏഴുമക്കളുണ്ടായിരുന്നു. ഇപ്പോൾ ഒന്നേയുള്ളൂ; ഒരു മകൾ.'' മുത്തശ്ശി തൻെറ കഥ പറഞ്ഞുതുടങ്ങി. മകളുടെ കൂടെയാണു അവർ താമസിക്കുന്നത്. തനിക്ക് പണിയെടുക്കാൻ വയ്യാതായി എങ്കിലും പേരക്കുട്ടികൾക്കുവേണ്ടി പണിയെടുക്കുന്നു. താൻ മടങ്ങിച്ചെല്ലുമ്പോൾ അവർ ഓടിയെത്തും എതിരേൽക്കാൻ. കൊച്ചുമകൾ ആനി. എന്തൊരു തങ്കക്കുടമാണവൾ! എപ്പോഴും മുത്തശ്ശിയുടെ വിചാരമേയുള്ളൂ അവൾക്ക്. എന്തിനും, ഏതിനും മുത്തശ്ശിതന്നെ വേണം, പ്രിയപ്പെട്ട മുത്തശ്ശി. ആ കുഞ്ഞിനെ ഓർത്തപ്പോൾ വൃദ്ധയുടെ പാരുഷ്യം ആകെ അലിഞ്ഞുപോയി. ''അതെ, കുട്ടിത്തംകൊണ്ട് ഇവന് തെറ്റു പറ്റിപ്പോയി. ദൈവം ഇവനിൽ കനിയട്ടെ!'' എന്ന് പറഞ്ഞു കൊണ്ടാണ് അവർ അവസാനിപ്പിച്ചത്.

മുത്തശ്ശി വിറകുചാക്കു പുറത്തു കയറ്റി പുറപ്പെടാൻ ഒരുങ്ങിയപ്പോൾ കുട്ടി വെമ്പലോടെ പറഞ്ഞു: ''ചാക്കെടുക്കാൻ എന്നെ അനുവദിക്കണം. ഞാനും ആ വഴിക്കുതന്നെയാണ് പോകുന്നത്.''

വൃദ്ധ സമ്മതിച്ചു. രണ്ടുപേരും കൂടി പുറപ്പെട്ടു. ആനന്ദവായ്പിൽ മാർട്ടിനോടു ആപ്പിളിൻെറ വില വാങ്ങാൻ മുത്തശ്ശി മറന്നുപോയി. മുത്തശ്ശിയും കുട്ടിയും സ്നേഹ പൂർവ്വം സംസാരിച്ചുകൊണ്ടുപോകുന്നതും നോക്കി മാർട്ടിൻ അവർ ദൃഷ്ടിയിൽനിന്ന് മറയുന്നതുവരെ തെരുവീഥിയിൽ നിന്നു.

നേരം അന്തിയോടടുത്തു. മാർട്ടിൻ വിളക്കുകൊളുത്തി തൂക്കിയിട്ട് പണി തുടർന്നു. ഒരു ബൂട്സിൻെറ പണി മുഴുമിച്ചു; തിരിച്ചും മറിച്ചും നോക്കി തൃപ്തനായി; അനന്തരം പണിയായുധങ്ങൾ പെറുക്കിയെടുത്ത് പെട്ടിയിലാക്കി. ഉപയോഗശൂന്യമായ കൊച്ചു തോൽക്കഷണങ്ങൾ തൂത്തുമാറ്റി; തൂക്കിയേടത്തുനിന്ന് വിളക്കെടുത്തു മേശപ്പുറത്തുവച്ചു; അലമാര തുറന്നു ബൈബിൾ എടുത്തു. തലേന്നു വായിച്ചു നിർത്തിയ ഭാഗത്ത് അടയാളമായി ഒരു തോൽക്കഷണം വച്ചിരുന്നു. എന്നാൽ പുസ്തകം തുറന്നപ്പോൾ കിട്ടിയ പുറം അതായിരുന്നില്ല. തലേന്നു കണ്ട സ്വപ്നം അയാൾ ഓർത്തു

പെട്ടെന്ന് പിന്നിൽനിന്നു കാലൊച്ച കേൾക്കായി. മാർട്ടിൻ തിരിഞ്ഞുനോക്കി; മുറിയുടെ ഇരുണ്ട മൂലയിൽ ചിലർ നിൽക്കുന്നപോലെ തോന്നി; എന്നാൽ ആരെന്നു തിരിച്ചറിയാൻ കഴിഞ്ഞില്ല. ''മാർട്ടിൻ, മാർട്ടിൻ! നിനക്ക് എന്നെ അറിഞ്ഞു കൂടെ?'' എന്ന് ആരോ തൻെറ ചെവിയിൽ മന്ത്രിക്കുന്നപോലെ തോന്നി.

'ആരാണത്?' എന്ന് മാർട്ടിൻ ചോദിച്ചു. 'ഞാൻതന്നെ' എന്നായിരുന്നു മറുപടി. ഇരുട്ടിൽനിന്ന് സ്റ്റെപനിച്ച് മുന്നോട്ടുവന്നു. ഒന്നു മന്ദഹസിച്ചിട്ട് അയാൾ തിരോഭവിച്ചു. 'ഞാൻ തന്നെ' എന്ന ശബ്ദം വീണ്ടും കേൾക്കായിവന്നു. കുട്ടിയെ കൈയിലെടുത്ത ആ സ്ത്രീ അന്ധകാരത്തിൽനിന്ന് മുന്നോട്ടുനീങ്ങി. അവൾ പുഞ്ചിരിതൂകി. കുട്ടി ചിരിച്ചു. വീണ്ടും കേട്ടു 'ഞാൻ തന്നെ' എന്ന ശബ്ദം. വൃദ്ധയും കൈയിൽ ആപ്പിളോടുകൂടിയ ആ കുട്ടിയും മുന്നോട്ടു വന്നു. മന്ദഹസിച്ചിട്ടു രണ്ടുപേരും മറഞ്ഞു.

മാർട്ടിൻെറ ആത്മാവിൽ അഭൂതപൂർവ്വമായ ആനന്ദം ഉയർന്നു. അയാൾ കൈകൾ മാറിൽ ചേർത്തു കുരിശു രചിച്ചു. കണ്ണട എടുത്തു ധരിച്ചു. ബൈബിൾ തുറന്നപ്പോൾ കിട്ടിയിരുന്ന ആ ഭാഗം വായിച്ചു തുടങ്ങി. ആ പുറം ആരംഭിച്ചത് ഇങ്ങനെ ആയിരുന്നു:

''വിശന്നു വലയുന്നവനായി ഞാൻ വന്നു. നീ എനിക്കു ഭക്ഷണം തന്നു. ഞാൻ ദാഹിച്ചു വലഞ്ഞിരുന്നു. നീ എനിക്കു കുടിക്കാൻ തന്നു. ഞാൻ അപരിചിതനായിരുന്നു; എന്നിട്ടും നീ എന്നെ അകത്തേയ്ക്ക് ആനയിച്ചു.''

ആ താൾ അവസാനിച്ചത് ഈ വാക്യത്തോടെ ആയിരുന്നു; ''എൻെറ ഒരു സഹോദരനോട്—ഏറ്റവും എളിയവനോട്—നീ ഇങ്ങനെ പെരുമാറിയതിനാൽ നീ എന്നെത്തന്നെ ഉപചരിച്ചു.''

സ്വപ്നം ഫലിച്ചതായി മാർട്ടിൻ മനസ്സിലാക്കി. അന്ന് യേശു പല രൂപങ്ങളിൽ തന്നെ സന്ദർശിച്ചുവെന്നും താൻ അദ്ദേഹത്തെ സൽക്കരിച്ചുവെന്നുമോർത്ത് അയാൾ ധന്യരിൽ ധന്യനായി.

—ടോൾസ്റ്റോയ്

പദങ്ങൾ

നൊമ്പരം, ആക്രോശിക്കുക, തങ്കക്കുടം, അഭൂതപൂർവ്വം, ഉപചരിക്കുക, ആനയിക്കുക, പാരുഷ്യം.

അഭ്യാസം

1. മുകളിൽ കൊടുത്തിട്ടുള്ള പദങ്ങൾ വാക്യത്തിൽ പ്രയോഗിക്കുക.

II. അനുപ്രയോഗങ്ങളെ വേർതിരിച്ചു കാണിക്കുക:
പിടിച്ചുകൊണ്ട്, കണ്ടിരിക്കുന്നു, ദുഷിച്ചുപോയിരിക്കുന്നു, വൃത്തിയാക്കിയിട്ട്, വിറ്റുകഴിഞ്ഞിരുന്നു, ഉണ്ടാക്കിക്കൊണ്ടിരുന്നു, മറന്നുപോയി, കേറക്കായിവന്നു.

III. അന്വാഖ്യാനമാക്കി മാറ്റിയെഴുതുക:
(1) ''എടാ, നിന്നെ പോലീസിൽ ഏൽപിച്ചിട്ടേ ഞാനടങ്ങൂ'' എന്ന് കിഴവി ആക്രോശിച്ചു.
(2) മാർട്ടിൻ അവനെ തടഞ്ഞുകൊണ്ടു പറഞ്ഞു: ''മുത്തശ്ശിയോടു മാപ്പു ചോദിക്കൂ. മേലിൽ ഇങ്ങനെ ചെയ്യരുത്, നീ ആപ്പിറം എടുത്തത് ഞാൻ കണ്ടിരിക്കുന്നു.''

IV. ചൂർണ്ണികയോ, സങ്കീർണ്ണകമോ, മഹാവാക്യമോ എന്ന് കാരണസഹിതം പറയുക:
(1) അവശേഷിച്ചിരുന്ന കാബേജ്സൂപ്പ് കഴിച്ചു മേശ തുടച്ചു വൃത്തിയാക്കിയിട്ട് മാർട്ടിൻ ജോലിക്കിരുന്നു.
(2) കുറെനേരം കഴിഞ്ഞപ്പോറം ആപ്പിറം വിൽക്കുന്ന ഒരു കിഴവി മുന്നിൽ വന്നുനിന്നു.
(3) ആ തക്കത്തിൽ, കീറത്തൊപ്പി ധരിച്ചിരുന്ന ഒരു കുട്ടി ഓടി വന്ന് കൂടയിൽനിന്ന് ഒരു ആപ്പിളെടുത്ത് കടന്നുകളയാൻ നോക്കി.
(4) എന്നാൽ മാർട്ടിൻ പുസ്തകം തുറന്നപ്പോറം കിട്ടിയ പുറം അതായിരുന്നില്ല.
(5) വൃദ്ധയും കൈയിൽ ആപ്പിളോടുകൂടിയ ആ കുട്ടിയും മുന്നോട്ടു വന്നു.

V. അഞ്ചുവരിയിൽ കവിയാതെ ചുരുക്കിയെഴുതുക.
(a) (1) മുത്തശ്ശിയുടെയും ആപ്പിറം മോഷ്ടിച്ച കുട്ടിയുടെയും മന:പരിവർത്തനം.
(2) അന്ന് അന്തിക്ക് മാർട്ടിനുണ്ടായ ദർശനവും അതിന്റെ പൊരുളും.
(b) ഈ കഥയുടെ സാരം ബൈബിളിലെ ഒരു വാക്യത്തിൽ ഒതുങ്ങിയിരിക്കുന്നു. പാഠത്തിൽനിന്ന് ആ വാക്യം ഉദ്ധരിക്കുക.

VI. പ്രവർത്തനം :
ടോറംസ്റ്റോയിയുടെ ചില കഥകറം വായിച്ച് സംഗ്രഹം എഴുതുക.

---

പാഠം 8

# ഭഗവദ്ദൂത്

''അംബികാതനയനും തന്നുടെ സുതൻമാരും
നിർമ്മലൻമാരാം മുനിവർഗ്ഗവും ദ്വിജൻമാരും
ദ്രോണരും കൃപരുമശ്വത്ഥാമാ, വിദുരരും
മാനിച്ചു കേറക്ക ഭീഷ്മർ, കർണ്ണനും ശകുനിയും
കഴിഞ്ഞ വൃത്താന്തങ്ങറം പറഞ്ഞു തുടങ്ങേണ്ടാ;
കിഴിഞ്ഞു ധർമ്മാത്മജൻ പറഞ്ഞ വാക്കുകേറപ്പിൻ.

സോമവംശത്തിൽപ്പണ്ടുള്ളാചാരമറിയായ്കിൽ
മാമുനിജനത്തോടു ചോദിക്ക സുയോധന!
നാഴികനേരംപോലും മൂത്തവർ തന്നെ നാടു
വാഴുകെന്നതേവരൂ, നീതി നീ നിരൂപിക്ക.
പൂർവ്വൻമാർ പണ്ടു വാണ കേളിയും നിനക്കില്ലേ?
സാർവ്വഭൗമത്വം തന്നെ ഭാവിച്ചാൽ വന്നുകൂടാ.''
എന്നതുകേട്ടു ദുര്യോധനനുമുരചെയ്തു:
''ചൊന്നതു നന്നുനന്നു ദേവകീതനയാ നീ!
ചൊല്ലെഴും യയാതിയാം ഭൂപതി തൻെറ മക്ക—
ളല്ലയോ യദു മുതൽ നാൽവരുമിരിക്കവേ,
പൂരുവല്ലയോ പണ്ടു പാരിനു പതിയായ—
താരുമേയറിയാതെയല്ലിവയിരിക്കുന്നു.''
''നന്നു നിൻ കേട്ടുകോവി മന്നവാ സുയോധനാ!
നിന്നോടൊന്നുണ്ടു പറയുന്നു, ഞാനതുകോ നീ.
പൂജ്യനായ് നൃപഗുണയോഗ്യനായുള്ളവനേ
രാജ്യത്തിൻ പ്രാപ്തിയുള്ളുവെന്നതു കൊണ്ടല്ലയോ
നിന്നുടെ താതൻ ധൃതരാഷ്ട്രൻ താനിരിക്കവെ
മന്നവനായി വാണു പാണ്ഡുവെന്നറിക നീ.
അപ്പൊഴൊ പാണ്ഡുപുത്രനാകിയ യുധിഷ്ഠിര—
നെപ്പേരുമടക്കി വാണിടുകയല്ലോ വേണ്ടൂ?

* * * *

അക്കഥനിൽക്ക, നിനക്കൊക്കെ മൂളരുതെങ്കി—
ലിക്കാലം പാതിരാജ്യം പകുത്തു കൊടുക്ക നീ.''
''കൊടുക്കയില്ലാ രാജ്യം പാതിഞാനൊന്നുകൊണ്ടും;
കൊടുക്കാനവകാശമില്ലവർക്കറിഞ്ഞാലും.''
''എങ്കിലൊരഞ്ചുദേശമിരിപ്പാൻ കൊടുക്ക നീ;
സങ്കടമാർക്കുംവേണ്ട നാശവുമുണ്ടാകേണ്ടാ''
''ആഗ്രഹം പറയാതെ, വാക്കുമുട്ടിയാൽപ്പിന്നെ—
യാർക്കാനും കൊടുക്കുന്നതാകിലന്തണർക്കത്രേ.''
''രാജ്യവും പുരം, ഗ്രാമം, ദേശങ്ങാ വേണ്ടായെങ്കിൽ
ത്യാജ്യരല്ലവരെന്നു നിന്നുടെ കൃപയാലെ
വസിപ്പാനഞ്ചുഗൃഹം ചമച്ചുകൊടുക്ക നീ.
വസുക്കാം ധാന്യങ്ങളും പകുത്തു കൊടുക്കേണ്ട
അതിനും മടിയെങ്കിലൈവർക്കും കൂടിയൊരു
സദനം നാട്ടിലൊരു ഭാഗത്തു കൊടുക്ക നീ!''
അന്ധകകുലജാത, നന്തകാന്തകസേവ്യ—
നന്തമാദിയുമില്ലാതുള്ളവൻ, പരൻപുമാൻ,

ബന്ധൂക സമമായ ചെന്തളിരടിയുള്ളോൻ,
ബന്ധുക്കളില്ലാത്തോർക്കു ബന്ധുവാകിയ കൃഷ്ണൻ,
ബന്ധുരരൂപൻ, പാണ്ഡുരാജനന്ദനന്മാർക്കു
ബന്ധുവായൊരു ദൂതനായതു പറഞ്ഞപ്പോൾ
അന്ധനാം, നരപതിനന്ദനനുരചെയ്താൻ:
''ബന്ധമില്ലെന്തെങ്കിലുമെന്നോടിത്തരം ചൊൽവാൻ.
എന്തിനു പലതരമിങ്ങനെ പറയുന്നു,
കുന്തിതൻമക്കളെന്ന കൂറുകൊണ്ടത്രേയല്ലീ?
സൂചകനായ നിന്റെ വാക്കുകൾ കേൾക്കുന്തോറും
സൂചിതൻ മുനകൊണ്ടു കുത്തുവാനുള്ളനിലം
കൊടുക്കും ഞാനെന്നതു നിനച്ചീടേണ്ടായേതും
പടയ്ക്കു വരുന്നാകിൽക്കണ്ടുപോകണം തന്നെ.''

ഭാരതം കിളിപ്പാട്ട്]　　　　　　　　　　　　[എഴുത്തച്ഛൻ

### അഭ്യാസം


1. ദൂതിന്റെ ആരംഭത്തിൽ ഭഗവാൻ സംബോധന ചെയ്യുന്നത് രാജാവായ ദുര്യോധനനെയല്ല. എന്താണിതിന്റെ ഉദ്ദേശ്യം?
2. ദുര്യോധനന്റെ അഹങ്കാരത്തെ ഭഗവാൻ ഏതു വരിയിലൂടെയാണ് മന്ദമായി ഉപഹസിക്കുന്നത്.
3. ദുര്യോധനൻ ഭഗവാനെ പരുഷമായി നിന്ദിക്കുന്നത് ഏതു വരിയിലൂടെയാണ്?
4. 'അന്ധനാം നരപതിനന്ദനൻ'—ഈ പദംകൊണ്ട് ദുര്യോധനനെ വിശേഷിപ്പിച്ചിരിക്കുന്നത് എന്തുദ്ദേശത്തോടെയാണ്?
5. 'കുന്തിതൻമക്കളെന്നകൂറുകൊണ്ടത്രേയല്ലീ'—കുന്തിതൻ മക്കളോട് ഭഗവാന് എന്തിനു കൂറുണ്ടാകണം?
6. ''ആർക്കാനും കൊടുക്കുന്നതാകിലന്തണർക്കത്രേ''—ആശയം വിശദീകരിക്കുക.
7. ധർമ്മപുത്രർക്കാണ് രാജ്യത്തിനവകാശം എന്നു സമർത്ഥിക്കാൻ ഭഗവാൻ ആദ്യമായി ഉന്നയിക്കുന്ന ന്യായം എന്ത്? അതിനെ ദുര്യോധനൻ എങ്ങനെ ഖണ്ഡിക്കുന്നു, അപ്പോൾ ഭഗവാൻ പറയുന്ന ന്യായമെന്ത്?
8. എഴുത്തച്ഛന്റെ ഭഗവദ്ഭക്തിയെ പ്രകടമാക്കുന്ന വരികൾ ഏവ?
9. 'ബന്ധൂകസമമായ ചെന്തളിരടിയുള്ളോൻ'—അലങ്കാരമെന്ത്?
10. എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും കവിതാരീതികൾക്കു തമ്മിലുള്ള പ്രധാന വ്യത്യാസമെന്ത്?

പാഠം 9

# ഛായാഗ്രഹണത്തിൻെറ വളർച്ച

പ്രപഞ്ചത്തിലുള്ള വസ്തുക്കളെല്ലാം നശ്വരമാണ്. രമ്യങ്ങളായ ദൃശ്യങ്ങളും മധുരങ്ങളായ ശബ്ദങ്ങളും മനോഹരങ്ങളായ വസ്തുക്കളും മഹോന്നതരായ വ്യക്തികളും ഒന്നുപോലെ കാലപ്രവാഹത്തിൽപ്പെട്ടു മറയുന്നു. നശ്വരതയെ ജയിക്കാൻ മനുഷ്യനിലുള്ള തീവ്രാഭിലാഷമാണ് ശാസ്ത്രത്തിൻെറ നിരവധി കണ്ടുപിടിത്തങ്ങൾക്ക് പ്രചോദനമേകിയത്. പ്രിയപ്പെട്ട രൂപങ്ങളും അഴകുറ്റ വർണ്ണശോഭകളും തീരെ മാഞ്ഞുപോകാതെ പരിരക്ഷിക്കാൻ ചിത്രകലയെ മനുഷ്യർ അതിപ്രാചീനകാലം മുതൽക്കുതന്നെ ഉപയോഗപ്പെടുത്തിവന്നു. എന്നാൽ മികച്ച ചിത്രകാരൻമാരുടെ എണ്ണം എന്നും കുറവായിരിക്കുന്നതുകൊണ്ട് ഈ മാർഗ്ഗം സാർവ്വജനീനമായിരുന്നില്ല. ഛായാഗ്രഹണവിദ്യയുടെ ആവിർഭാവത്തോടുകൂടി ഇക്കാര്യത്തിൽ ഗണ്യമായ വിജയം കൈവന്നു. ശബ്ദലേഖനം സാധ്യമായപ്പോൾ ശബ്ദത്തെ ചിരസ്ഥായിയാക്കാനും കഴിഞ്ഞു. ഛായാഗ്രഹണവിദ്യയുടെ പടിപ്പടിയായുള്ള വികാസപരിണാമങ്ങളാണ് സിനിമ, ടെലിവിഷൻ. ഹോളോഗ്രാഫി, എന്നീ ആധുനികശാസ്ത്രസിദ്ധികൾ.

ക്യാമറ എന്ന ഉപകരണത്തിൻെറ സഹായത്തോടുകൂടിയാണ് ഫോട്ടോ എടുക്കുന്നതെന്നറിയാമല്ലോ. ക്യാമറ എന്ന ഇറ്റാലിയൻ പദത്തിന് 'അറ' എന്നു മാത്രമേ അർത്ഥമുള്ളൂ.




വാസ്തവത്തിൽ ഈ ഉപകരണം ഒരു ചെറിയ അറയാണുതാനും. ഇതിൻെറ മുമ്പിലും പിമ്പിലുമുള്ള ഭിത്തികൾ

മരംകൊണ്ടുള്ളവയാണ്. ഇവയെ ഹ്രാസവികാസക്ഷമമായ മടക്കുകളോടുകൂടിയ തോലുകൊണ്ട് ഘടിപ്പിച്ചിരിക്കുന്നതിനാൽ ആവശ്യമനുസരിച്ച് പെട്ടിയുടെ നീളം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. മുമ്പിലത്തെ ഭിത്തിയിൽ മധ്യോന്നതമായ ഒരു കാചം ഉറപ്പിച്ചിട്ടുണ്ട്. അതിലൂടെ മാത്രമേ പെട്ടിയുടെ അകത്തേയ്ക്കു വെളിച്ചം കടക്കുകയുള്ളൂ. പ്രകാശരശ്മികൾ തട്ടുമ്പോൾ രാസപരിണാമവും തൽഫലമായി വർണ്ണഭേദവും സംഭവിക്കുന്ന പ്രത്യേകതരം ലവണം പൂശിയ ഒരു ഫലകം പിന്നിലെ ഭിത്തിയോടു ചേർത്തുവച്ചിരിക്കും. കാചത്തിലൂടെ അകത്തേയ്ക്കു കടക്കുന്ന വെളിച്ചം ഫലകത്തിലെ ലവണത്തിൽ പലയിടത്ത് പലതോതിൽ വർണ്ണഭേദം വരുത്തും. കൂടുതൽ വെളിച്ചം വീഴുന്ന ഭാഗങ്ങൾ കൂടുതലായി കറുത്തിരിക്കും. വെളിച്ചം കുറവായി വീഴുന്ന ഭാഗങ്ങൾ അത്രതന്നെ കറുത്തിരിക്കയില്ല. ഫോട്ടോ എടുക്കപ്പെടുന്ന വസ്തുവിൻെറയോ ആളുടെയോ വിവിധ ഭാഗങ്ങളിൽനിന്നു പതിക്കുന്ന പ്രകാശത്തിൻെറ ഏറ്റക്കുറവനുസരിച്ച് ഫലകത്തിൽ അങ്ങിങ്ങ് നിറമാറ്റം സംഭവിക്കുന്നു. ഇതുതന്നെയാണ് ഛായാപടത്തിൻെറ ആദ്യരൂപം. ഇതിന് 'നെഗറ്റീവ്' എന്നു പറയുന്നു; വിപരീതപടം എന്നാണ് 'നെഗറ്റീവ്' എന്നതിന് ഇവിടെ അർത്ഥം. വസ്തുവിൻെറ മങ്ങിയ ഭാഗങ്ങൾ പ്രകാശമാനങ്ങളായും പ്രകാശമാനങ്ങളായ ഭാഗങ്ങൾ മങ്ങിയുമാണ് 'നെഗറ്റീവി'ൽ കാണുക. വസ്തുവിൻെറ രൂപം തലകീഴായും ഇടംവലം തിരിഞ്ഞുമാണ് നെഗറ്റീവിൽ പതിയുന്നത്. ഈ വിപരീതപടത്തിൻെറ ഛായ വീണ്ടും എടുത്തിട്ടാണ് ശരിയായ പ്രതിച്ഛായ ഉണ്ടാക്കുന്നത്.

ഫലകം ക്യാമറയിൽനിന്നു പുറത്തെടുത്താൽ അതിൻമേൽ സൂര്യപ്രകാശമേൽക്കുകയും തൽഫലമായി ലവണത്തിനു മുഴുവൻ നിറംമാറ്റം വരികയും ചെയ്യും. അതിനാൽ വെളിച്ചം തട്ടാത്തവണ്ണം ഫലകം ക്യാമറയിൽനിന്ന് പുറത്തെടുത്ത് ഉറയിലിട്ടു സൂക്ഷിക്കണം. പിന്നീട് ഇരുട്ടറയിൽവച്ച് ചില പ്രത്യേക ലവണങ്ങൾ കലക്കിയ ലായനിയിൽ കുറേനേരം മുക്കിവച്ച് ശുദ്ധജലത്തിൽ കഴുകിയെടുക്കണം. ഇത്രയുമായാൽ വെളിച്ചത്തിന് ഛായയിൽ ഒരു മാറ്റവും വരുത്താൻ കഴികയില്ല. ഈ പ്രക്രിയകൾ നടക്കുന്ന മുറിയിൽ ചുവന്ന വെളിച്ചം ഉപയോഗിക്കാം. കാരണം, അതിന് ഛായാഫലകത്തിലെ ലവണത്തിൽ വർണ്ണഭേദം വരുത്താൻ സാധ്യമല്ല. സൂര്യപ്രകാശത്തിനുപകരം വിദ്യുത്പ്രകാശം ഉപയോഗിച്ചും ഫോട്ടോ എടുക്കാം.

INSTITUTE OF CHILDREN'S LIT
Date No– 932

നിശ്ചലചിത്രങ്ങളെക്കുറിച്ചാണ് നാം ഇതുവരെ പറഞ്ഞത്. ഇനി ചലച്ചിത്രങ്ങളിലേക്കു കടക്കാം. സിനിമയിൽ കാണുന്നത് ചലച്ചിത്രങ്ങളാണ്. ഓടുന്നതും ചാടുന്നതും നീന്തുന്നതും പടവെട്ടുന്നതുമെല്ലാം ശരിക്കു നടക്കുന്നപോലെയാണല്ലോ സിനിമയിൽ പ്രദർശിപ്പിക്കുന്നത്. ചിത്രത്തിലും സാധാരണ ഛായാപടങ്ങളിലും അങ്ങനെയല്ല. ഇയാൾ ഓടുകയാണ്; ചാടുകയാണ്; നീന്തുകയാണ് എന്നൊക്കെ അനുമാനിക്കാൻ സഹായിക്കുക മാത്രമേ ചിത്രവും ഛായാപടവും



ചെയ്യുന്നുള്ളൂ. ഒരു ക്രിയയും അവയിൽ സിനിമയിലെന്നപോലെ പൂർണ്ണമായി പകർത്തിക്കാണിക്കുന്നില്ല. ക്രിയയുടെ ഒരു നൈമിഷികഘട്ടം മാത്രമാണ് ചിത്രവും ഛായാപടവും കാണിച്ചുതരുന്നത്. ബഹുവിധമായ വ്യാപാരങ്ങളെ സിനിമയിൽ അതേപടി പ്രദർശിപ്പിക്കുന്നത് എങ്ങനെയാണെന്നു നോക്കാം.

ഒരു ക്രിയ നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ വിവിധ ദശകളുടെ ഛായാപടങ്ങളെടുത്ത് അവയെ തുടർച്ചയായി അതിവേഗത്തിൽ നമ്മുടെ ദൃഷ്ടിപഥത്തിൽ കൊണ്ടുവരികയാണെങ്കിൽ നാം ആ പടങ്ങളെ ഒറ്റയൊറ്റയായി കാണുകയില്ല. ആ പ്രവർത്തനത്തിന്റെ ഏകചിത്രമാണ് നമുക്കപ്പോൾ ദൃശ്യമാവുക. ഒരുദാഹരണം പറയാം. ഒരു മനുഷ്യൻ കോണി കയറിപ്പോകുന്നതിനിടയിൽ അതിന്റെ വിവിധ ദശകളിലെ പടങ്ങളെടുത്ത് ചിത്രത്തിൽ കാണിച്ചപോലെ ഘനം കുറഞ്ഞ ഒരു പീപ്പയുടെ ചുറ്റും പതിച്ച് പീപ്പ അതിവേഗത്തിൽ ചുഴറ്റുകയാണെങ്കിൽ ആൾ കോണികയറിപ്പോകുന്നപോലെ തോന്നും. ഓരോ ചിത്രവും നാം വേറെ വേറെ കാണുകയില്ല. എന്താണിതിനു കാരണം? നയനേന്ദ്രിയത്തിന്റെ പ്രത്യേകത തന്നെ.

ദർശിക്കപ്പെടുന്ന വസ്തുവിൽനിന്നു പുറപ്പെടുന്ന വെളിച്ചമാണ് ദ്രഷ്ടാവിൻെറ ദർശനേന്ദ്രിയത്തിൽ വസ്തുവിൻെറ ചിത്രം പതിപ്പിക്കുന്നത്. ഈ ചിത്രം $\frac{1}{20}$ സെക്കൻറ് നേരം കണ്ണിൽ തങ്ങിനിൽക്കുന്നു. അതിനിടയ്ക്കു വേറൊരു വസ്തു ദൃഷ്ടിപഥത്തിലെത്തിയാൽ രണ്ടിൻെറയും നടുക്കുവരുന്ന കാലവിടവ് നാം അറിയുകയില്ല. അതിനാൽ ഒരു പ്രവർത്തനത്തിൻെറ തൊട്ടുതൊട്ടുള്ള വിവിധദശകളുടെ ഛായാപടങ്ങൾ സെക്കൻറിൽ ഇരുപതെണ്ണത്തിൽ കുറയാത്ത വേഗത്തോടെ സ്ക്രീനിൽ വിക്ഷേപിച്ചാൽ അവ തുടർച്ചയായി നടക്കുന്ന ക്രിയയുടെ പ്രതീതി ജനിപ്പിക്കുന്നു. ഒരു സിനിമാക്കഥ എത്രയെത്ര സംഭവങ്ങളോടു കൂടിയതാണെന്നു നിങ്ങൾക്കറിയാമല്ലോ. ഓരോ സംഭവത്തിലും അനേകമനേകം പ്രവർത്തനങ്ങൾ, ഈ ചലനാത്മക പ്രവർത്തനങ്ങളോരോന്നിൻെറയും ഒട്ടേറെ ഛായകളെടുത്ത് സ്ക്രീനിൽ വിക്ഷേപിച്ചാണ് സിനിമാ പ്രദർശനം നടത്തുന്നത്. ഏതെങ്കിലും ഒരു 'ഫിലിം' എടുത്തു പരിശോധിച്ചു നോക്കിയാൽ മേൽപറഞ്ഞ വസ്തുതകൾ വ്യക്തമായി ഗ്രഹിക്കാം. ഹൈസ്പീഡ് ക്യാമറ ഉപയോഗിച്ചാണ് ചലച്ചിത്രമെടുക്കുന്നത്. സാധാരണ ക്യാമറകൊണ്ട് അതു സാധ്യമല്ല. സിനിമ ആരംഭിച്ച കാലത്ത് മൂകചിത്രങ്ങളേ ഉണ്ടായിരുന്നുള്ളൂ. സംസാരിക്കുന്ന ചിത്രങ്ങൾ വന്നതു പിന്നീടാണ്. ക്യാമറയോടൊപ്പം സ്വനഗ്രാഹി യന്ത്രവും പ്രവർത്തിപ്പിച്ച് രൂപവും ശബ്ദവും ഏകകാലത്ത് ലേഖനം ചെയ്താണ് സംസാരിക്കുന്ന പടങ്ങൾ നിർമ്മിക്കുന്നത്. കറുപ്പും വെളുപ്പുമായ ചിത്രങ്ങൾ മാത്രമേ ആരംഭത്തിൽ ഉണ്ടായിരുന്നുള്ളൂ. പിന്നീട് സവർണ്ണ ചിത്രങ്ങൾ പ്രചാരത്തിൽ വന്നു. ഛായാഗ്രഹണവിദ്യയുടെ വളർച്ചയിൽ ഇതൊരു നാഴികക്കല്ലാണ്.

നാടകരംഗത്ത് അവതരിപ്പിക്കാൻ അസാധ്യമായ പല അദ്ഭുത ദൃശ്യങ്ങളും സിനിമയിൽ യഥാർത്ഥമായി പ്രദർശിപ്പിച്ചു കാണുന്നുണ്ടല്ലോ. ഛായാഗ്രഹണവിദ്യയിലുള്ള പല കൗശലങ്ങളിലൂടെയാണ് ഇതു സാധിക്കുന്നത്.

ഹോളോഗ്രാഫി ഛായാഗ്രഹണത്തിൻെറ പരമകാഷ്ഠയാണെന്നുവേണം പറയാൻ. പൂർണ്ണലേഖനം എന്നാണ് ആ ആംഗലപദത്തിനർത്ഥം. ഛായാപടങ്ങളിലും സിനിമയിലും നാം കാണുന്നത് ദ്വിമാനങ്ങളായ ചിത്രങ്ങളാണ്. അവയ്ക്കു നീളവും വീതിയുമേയുള്ളൂ: ഘനമില്ല. അതുകൊണ്ടാണ് ദ്വിമാനചിത്രങ്ങൾ എന്ന് അവയെ വിളിക്കുന്നത്. എന്നാൽ നാം കാണുന്ന വസ്തുക്കളെല്ലാം ത്രിമാനങ്ങളാണ്. ചിത്രകാരൻ

വരയ്ക്കുന്ന ചിത്രങ്ങളിലും ക്യാമറ ഉപയോഗിച്ചെടുക്കുന്ന ഛായാപടങ്ങളിലും ആഴത്തിൻെറയും ഘനത്തിൻെറയും പ്രതീതി രേഖകളുടെ സവിശേഷതകൊണ്ട് കുറെയൊക്കെ ജനിപ്പിക്കാറുണ്ട്. എന്നാൽ ലോകത്തിലെ യഥാർത്ഥാനുഭവങ്ങാം വച്ചുകൊണ്ട് നാം ചിത്രങ്ങളെയും ഛായാപടങ്ങളെയും വീക്ഷിക്കുന്നതുകൊണ്ടാണ് വാസ്തവത്തിൽ ത്രിമാനപ്രതീതിജനിക്കുന്നത്. ഹോളോഗ്രാഫികൊണ്ട് എടുക്കുന്ന ഛായകളാകട്ടെ സാങ്കേതിക രീതിയിലുള്ള പ്രത്യേകതകൊണ്ട് തികഞ്ഞ ത്രിമാനപ്രതീതിയുണ്ടാക്കുന്നു. വസ്തുക്കളെ ത്രിമാനമായി കാണാവുന്നതിനു പുറമേ പ്രകാശത്തിൻെറ ഏറ്റക്കുറവും വർണ്ണഭേദവും മറ്റും ഹോളോഗ്രാമുകളിൽ വ്യക്തമായി ദർശിക്കാം. ചിത്രം കാണുന്നു എന്നല്ല ഹോളോഗ്രാം നോക്കുമ്പോാം തോന്നുക. വസ്തു അതേപടി അതാ മുമ്പിൽ വർത്തിക്കുന്നു! അതിനെ തൊടാൻ ആരും കൈനീട്ടിപ്പോകും. ഒരു ജാലകത്തിലൂടെ വസ്തുവിനെ കാണുകയാണന്നേ തോന്നൂ. ഹോളോഗ്രാമിൻെറ പിന്നിലേക്കെത്തിനോക്കിയാൽ ഛായയെടുക്കുമ്പോാം വസ്തുവിൻെറ പിന്നിൽ എന്തെല്ലാമുണ്ടായിരുന്നുവോ അതുപോലും കാണാം. അത്രയുമല്ല. വസ്തുവിൻെറ ധർമ്മങ്ങാംകൂടി ഹോളോഗ്രാമിലേയ്ക്കു പകരുന്നു. മധ്യനതമായ ഒരു ദർപ്പണത്തിൻെറ ഹോളോഗ്രാമെടുത്ത് അത് സൂര്യനഭിമുഖമായി പിടിച്ചപ്പോാം യഥാർത്ഥ ദർപ്പണമെന്നപോലെ അത് പ്രകാശത്തെ പ്രതിഫലിപ്പിച്ചു എന്ന് ഹോളോഗ്രാഫിയുടെ ഉപജ്ഞാതാക്കളിൽ ഒരാളായ യൂറിഡെനിസ്യൂക്ക് എന്ന യുവശാസ്ത്രകാരൻ പറഞ്ഞു കാണുന്നു. മനുഷ്യരുടെ ഹോളോഗ്രാമുകാം ത്രിമാനങ്ങളായി കാണപ്പെടുന്നു എന്നതല്ല അവയുടെ പ്രധാനമായ പ്രത്യേകത. പല്ലുകളിൽനിന്നും കണ്ണുകളിൽനിന്നും പുറപ്പെടുന്നപ്രകാശം പോലും അതേപടി പ്രസ്ഫുരിക്കുന്നു.

വിശ്വസിക്കാൻ കഴിയാത്തവണ്ണം അദ്ഭുതകരമായി തോന്നുന്നു, അല്ലേ? എന്നാൽ ഇതിൽ അദ്ഭുതപ്പെടാനൊന്നുമില്ല എന്നാണ് വിദഗ്ദ്ധൻമാരുടെ അഭിപ്രായം. നമ്മുടെ കണ്ണുകാം വസ്തുക്കളെ കാണുമ്പോാം വാസ്തവത്തിൽ ചെയ്യുന്നതെന്താണ്? വസ്തുക്കാം ചിതറുന്ന വെളിച്ചത്തെ പിടിച്ചെടുക്കുകമാത്രം. ഈ വെളിച്ചത്തെ വീണ്ടും അതേപടി ആവിഷ്കരിക്കാൻ കഴിഞ്ഞാൽ മുമ്പുകണ്ട വസ്തുവിനെത്തന്നെ വീണ്ടും കാണാം. അതിന് വസ്തു അവിടെ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇതാണ് ഹോളോഗ്രാഫിയുടെ തത്ത്വം. ടേയ്പ്പുകളിലോ പ്ലേയ്റ്റുകളിലോ രേഖപ്പെടുത്തിയിരിക്കുന്ന ശബ്ദങ്ങളെ വീണ്ടും കോംക്കുന്നതിനു സമാനമാണിത്.

നടീനടൻമാർ കുറെ മുമ്പ് അഭിനയിച്ച രംഗങ്ങളുടെ ഛായകൾ നാം സിനിമയിൽ കാണുന്നു. അഭിനയവും ദർശനവും ഏകകാലത്തല്ല നടക്കുന്നത്. അതിദൂരത്തെങ്ങോ നടന്നുകൊണ്ടിരിക്കുന്ന സംഭവം അതു നടക്കുമ്പോൾതന്നെ അതേപടി ഇവിടെയിരുന്ന് കാണാൻ സാധിക്കുമെങ്കിൽ ഹാ! എന്തുരസം! അല്ലേ? കാണാൻ സാധിക്കും. ആ വിദ്യയാണ് ടെലിവിഷൻ. എത്രയോ അകലെനിന്നു ചെയ്യുന്ന പ്രസംഗങ്ങളും പാടുന്ന പാട്ടുകളും റേഡിയോവിൽക്കൂടി അതേസമയത്ത് നിങ്ങൾ കേൾക്കുന്നില്ലേ? ഏതാണ്ട് അതുപോലെയാണ് ടെലിവിഷനും. ഉൽപത്തിസ്ഥാനത്തുനിന്ന് ശബ്ദ തരംഗങ്ങളെ വിദ്യുത്കാന്ത തരംഗങ്ങളാക്കി മാറ്റി പ്രക്ഷേപിക്കുന്നു; ആ തരംഗങ്ങളെ നമ്മുടെ റേഡിയോ ശബ്ദതരംഗങ്ങളാക്കി വീണ്ടും മാറ്റിത്തരുമ്പോൾ അകലെനിന്നു പുറപ്പെടുന്ന ശബ്ദം അതേപടി നാം ശ്രവിക്കുന്നു. ഇതാണ് ശബ്ദപ്രക്ഷേപണതത്ത്വം. ഇനി ടെലിവിഷൻെറ തത്ത്വമെന്തെന്നു പറയാം. എല്ലാ കാഴ്ചകളും പ്രകാശതരംഗരൂപത്തിലാണ്നമ്മുടെ കണ്ണുകൾ ഗ്രഹിക്കുന്നത്. അതിനാൽ അങ്ങകലെ നടക്കുന്ന രംഗങ്ങൾ ചിതറുന്ന പ്രകാശരശ്മികളെ വിദ്യുത്കാന്തതരംഗങ്ങളാക്കി പരിവർത്തിപ്പിച്ചു പ്രക്ഷേപിക്കുകയും പിന്നീട് അതാതു ദിക്കിലെ ടെലിവിഷൻ സെറ്റിലൂടെ പ്രകാശതരംഗങ്ങളാക്കി തിരിച്ചു മാറ്റുകയും ചെയ്താൽ അവിടെ നടക്കുന്നത് ഇവിടെയിരുന്നുകാണാം. അദ്ഭുതം! അദ്ഭുതം! എന്ന് എത്ര പറഞ്ഞാലും അധികമാവില്ല. ഇനി എന്തെല്ലാം അദ്ഭുതങ്ങൾ ശാസ്ത്രം ആവിഷ്കരിക്കാൻ പോകുന്നുവെന്ന് ആരുകണ്ടു!

### പദങ്ങൾ

മഹോന്നതർ, കാലപ്രവാഹം, തീവ്രാഭിലാഷം, പ്രചോദനം, സാർവജനീനം, ആവിർഭാവം, ചിരസ്ഥായി, ശബ്ദലേഖനം, ആധുനികശാസ്ത്രസിദ്ധി, ഹ്രാസവികാസക്ഷമം, കാചം, പ്രകാശരശ്മി, രാസപരിണാമം, പ്രതിച്ഛായ, പ്രക്രിയ, നൈമിഷികഘട്ടം, നയനേന്ദ്രിയം, ദ്രഷ്ടാവ്, വിക്ഷേപിക്കുക, പ്രതീതി, ചലനാത്മകം, അദ്ഭുതദൃശ്യം, യഥാതഥം, ദ്വിമാനം, ത്രിമാനം, സവിശേഷത, ഹോളോഗ്രാഫി, ഹോളോഗ്രാം, സാങ്കേതികം, വർത്തിക്കുക, ഉപജ്ഞാതാവ്, വിദ്യുത്കാന്തതരംഗം, പ്രകാശതരംഗം.

### അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:
തീവ്രാഭിലാഷം, പ്രചോദനം, ആവിർഭാവം, ചിരസ്ഥായി, സിദ്ധി, പ്രക്രിയ, ദ്രഷ്ടാവ്, യഥാതഥം, വർത്തിക്കുക, ഉപജ്ഞാതാവ്, നാഴികക്കല്ല്.

(b) ഈരണ്ടു പര്യായം എഴുതുക:
അഭിലാഷം, നയനം, തരംഗം.

II. (a) വിഗ്രഹിച്ച് സമാസം പറയുക:
കാലപ്രവാഹം, തീവ്രാഭിലാഷം, ആധുനികശാസ്ത്രസിദ്ധി, പ്രകാശരശ്മി.

(b) പിരിച്ചെഴുതുക:
മഹോന്നതർ, തീവ്രാഭിലാഷം, നയനേന്ദ്രിയം, ചലച്ചിത്രം,

III. അനുപ്രയോഗങ്ങളെ വേർതിരിച്ചു കാണിക്കുക :
ഉപയോഗപ്പെടുത്തിവന്നു, ആയിരുന്നില്ല, ഉറപ്പിച്ചിട്ടുണ്ട്, എടുത്തിട്ട്, തങ്ങിനിൽക്കുന്ന.

IV. ചൂർണ്ണികയോ സങ്കീർണ്ണകമോ മഹാവാക്യമോ എന്ന് കാരണസഹിതം പറയുക:

(1) രമ്യങ്ങളായ ദൃശ്യങ്ങളും മധുരങ്ങളായ ശബ്ദങ്ങളും മനോഹരങ്ങളായ വസ്തുക്കളും കാലപ്രവാഹത്തിൽപ്പെട്ടു മറയുന്നു.
(2) എന്നാൽ മികച്ച ചിത്രകാരൻമാരുടെ എണ്ണം എന്നും കുറവായിരുന്നതുകൊണ്ട് ഈ മാർഗ്ഗം സാർവജനീനമായിരുന്നില്ല.
(3) ശബ്ദലേഖനം സാധ്യമായപ്പോൾ ശബ്ദത്തെ ചിരസ്ഥായിയാക്കാനും കഴിഞ്ഞു.
(4) കൂടുതൽ വെളിച്ചംവീഴുന്ന ഭാഗങ്ങൾ കൂടുതലായി കറുത്തിരിക്കും.

V. (1) ഛായാഗ്രഹണവിദ്യയുടെ അടിസ്ഥാന തത്ത്വമെന്ത്?
(2) സാധാരണ ഛായാപടങ്ങൾക്കും ചലച്ചിത്രങ്ങൾക്കും തമ്മിലുള്ള പ്രധാന വ്യത്യാസമെന്ത്?
(3) ചലച്ചിത്രങ്ങൾക്ക് അടിസ്ഥാനമായ തത്ത്വം വിവരിക്കുക.
(4) ചലച്ചിത്രങ്ങളെടുക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത്?
(5) സംസാരിക്കുന്ന ചലച്ചിത്രങ്ങൾ എങ്ങനെ നിർമ്മിക്കുന്നു?
(6) ഹോളോഗ്രാഫി എന്നാൽ എന്ത്?
(7) ഹോളോഗ്രാമുകളുടെ പ്രത്യേകതകൾ ഏവ?
(8) ടെലിവിഷൻെറ അടിസ്ഥാനതത്ത്വം വിവരിക്കുക.

---

പാഠം 10

# മനുഷ്യവർഗ്ഗങ്ങൾ

ഏതാണ്ടു മുപ്പതുലക്ഷം വർഷങ്ങൾക്കുമുമ്പ് ആസ്ത്രലോപിത്തേകസ് എന്ന മനുഷ്യക്കുരങ്ങിൽനിന്ന് പരിണാമത്തിൻെറ ഫലമായി ആദിമമനുഷ്യൻ ഉണ്ടായി എന്ന് ആറാം പാഠപുസ്തകത്തിൽ നിങ്ങൾ പഠിച്ചുവല്ലോ. ഒരു പ്രത്യേക ജന്തുവർഗ്ഗമായി ഉരുത്തിരിഞ്ഞ മാനവരാശിയെ 'ഹോമോസാപിയൻസ്' എന്ന പേരുകൊണ്ടാണ് നരവംശശാസ്ത്രജ്ഞൻമാർ കുറിക്കുന്നത്. വളരെക്കാലംകൊണ്ടാണ് മനുഷ്യൻ ഇന്നത്തെ രൂപത്തിൽ ആയിത്തീർന്നത്. ഇപ്പോഴത്തെ രൂപം കൈവന്നിട്ട് അഞ്ചുലക്ഷം വർഷങ്ങളെങ്കിലും കഴിഞ്ഞിരിക്കണം എന്ന് ശാസ്ത്രജ്ഞൻമാർ അനുമാനിക്കുന്നു. പിൽക്കാലത്ത്

മനുഷ്യവർഗ്ഗം പലതായി പിരിഞ്ഞു. ഉൽപത്തിയിലുള്ള വ്യത്യാസംകൊണ്ടല്ല, ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങൾകൊണ്ടാണ് ഈ വിഭജനം സംഭവിച്ചത്. പലതരം മനുഷ്യക്കുരങ്ങുവർഗ്ഗങ്ങളിൽനിന്ന് ഭിന്നമനുഷ്യവർഗ്ഗങ്ങളുണ്ടായി എന്നൊരു എതിർസിദ്ധാന്തമുള്ളത് ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ അതിനിപ്പോൾ പ്രചാരമില്ലാതായി



ആധുനിക മനുഷ്യന്റെ പൂർവ്വികൻ

രിക്കുന്നു. മറ്റു വർഗ്ഗങ്ങളെ അടക്കി ഭരിക്കാൻ തങ്ങൾക്കവകാശമുണ്ടെന്നും ഏറ്റവും ഉയർന്നവർഗ്ഗം തങ്ങളാണെന്നും സമർത്ഥിക്കുന്നതിനുവേണ്ടി വെള്ളക്കാർ കെട്ടിച്ചമച്ച ഒരു വ്യാജസിദ്ധാന്തമാണ് ഇതെന്ന് റഷ്യൻ നരവംശശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. അതെങ്ങനെയെങ്കിലുമാകട്ടെ. ഏകവർഗ്ഗം ഭിന്നവർഗ്ഗങ്ങളായിത്തീർന്നത് കാലാവസ്ഥ, ഭൂപ്രകൃതി, സാംസ്കാരികനിലവാരം എന്നിവ നിമിത്തമായിരിക്കണം.

മനുഷ്യരെ പല വർഗ്ഗങ്ങളായി തിരിക്കുന്നതിൽ തൊലിനിറത്തിനു വലിയ പ്രാധാന്യം കൽപിച്ചിട്ടുണ്ടല്ലോ. കറുത്തവർ, വെളുത്തവർ—ഈ ഭേദത്തിന് സൂക്ഷ്മമായി ചിന്തിച്ചാൽ അത്രയൊന്നും പ്രാധാന്യം കൽപിക്കേണ്ടതില്ല. കറുത്തതൊലിക്കാരെ കാണുന്നത് ധാരാളം വെയിലേൽക്കുന്ന പ്രദേശങ്ങളിലാണ്. അൾട്രാവയലറ്റ് രശ്മികളിൽനിന്ന് വിറ്റമിൻ 'ഡി' ഉൾക്കൊള്ളാൻ കറുത്ത തൊലി സഹായകമാണ്. പരിസരപ്രേരണകൾക്ക്

അനുസരിച്ച് ജീവികളുടെ പ്രകൃതിയിൽ വന്നുചേരുന്ന രൂപപരിണാമത്തിന് ഒരു ഉദാഹരണം മാത്രമാണിത്. നന്നെ കറുത്തവരുടെ വർഗ്ഗം ഭൂമധ്യരേഖയോടടുത്ത പ്രദേശങ്ങളിലാണ് ആദ്യമുണ്ടായത്. ഒരുപക്ഷേ ആദിമമനുഷ്യൻ കറുത്തവനായിരുന്നിരിക്കാം.

തൊലിനിറം മാത്രമല്ല, ശരീരപ്രകൃതിയിലുള്ള മറ്റു പ്രത്യേകതകളും കാലാവസ്ഥയോടും പരിസരവിശേഷതകളോടും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഉഷ്ണമേഖലയിൽ വസിക്കുന്നവർക്ക് പ്രായേണ ചെറിയ ഉടലും നീണ്ട കൈകാലുകളും പ്രകൃതിദത്തമാണ്. ധ്രുവപ്രദേശത്തിലാകട്ടെ വലിയ ഉടലും ചെറിയ കൈകാലുകളുമാണ് നിയമേന കാണുന്നത്. ഉഷ്ണപ്രദേശങ്ങളിൽ ചൂടുകൊണ്ടുള്ള പീഡ കുറയ്ക്കാനും ശീതപ്രദേശങ്ങളിൽ തണുപ്പിൻെറ ബാധ തടുക്കാനും വിഭിന്നരീതിയിലുള്ള ഈ ശരീരഘടനകൾ ആവശ്യമാണ്. മൂക്കിൻെറ രൂപവും മനുഷ്യരെ വർഗ്ഗങ്ങളായി തിരിക്കുന്നതിൽ ഒരു പ്രധാന ഘടകമായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതും വ്യത്യസ്തകാലാവസ്ഥകളോടുകൂടിയ പ്രദേശങ്ങളിൽ ജീവിക്കാൻ പറ്റിയ വിധം പ്രകൃതി വരുത്തിയിട്ടുള്ള ഒരു മാറ്റം മാത്രമാണ്. ഇടുങ്ങിയ മൂക്കുള്ളവരെ ശീതപ്രദേശങ്ങളിലും പരന്ന മൂക്കുള്ളവരെ ഉഷ്ണപ്രദേശങ്ങളിലുമാണ് സാമാന്യേന കാണുന്നത്. ഉൾക്കൊള്ളുന്ന വായുവിൻെറ ചൂടു നിലനിർത്താൻ ഇടുങ്ങിയ മൂക്കും ചൂടു കുറയ്ക്കാൻ പരന്ന 'മൂക്കുമാണ് പറ്റുക. ചുരുക്കത്തിൽ വർഗ്ഗങ്ങൾക്കു തമ്മിൽ കാണുന്ന ശാരീരികമായ വ്യത്യാസങ്ങളെല്ലാം പരിസരത്തോടിണങ്ങി ജീവിക്കാൻ പ്രകൃതി നൽകിയ അനുഗ്രഹങ്ങളാണ്. ഈ പ്രത്യേകതകളിൽ ചിലതു സുന്ദരമെന്നും മറ്റു ചിലത് അസുന്ദരമെന്നും കരുതുന്നതിനൊരർത്ഥവുമില്ല. തടിച്ചു മലർന്ന ചുണ്ടും കറുകറുത്ത നിറവും ഇടുങ്ങിയ കണ്ണുകളും സൗന്ദര്യത്തികവായിത്തന്നെ ചില ജനവർഗ്ഗങ്ങൾ എണ്ണുന്നുണ്ടെന്ന് ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ.

വിഭിന്നവർഗ്ഗങ്ങൾ ഇങ്ങനെ ഭൂമിയുടെ വ്യത്യസ്തഭാഗങ്ങളിലാണ് ഉദ്ഭവിച്ചതെങ്കിലും ഇന്ന് പല വർഗ്ഗങ്ങൾ ഒരേ രാജ്യത്തുതന്നെ പാർക്കുന്നു. രണ്ടു ഭിന്നവർഗ്ഗങ്ങൾ തമ്മിൽ കലർന്ന് രണ്ടിനുമിടയിൽ നിൽക്കുന്ന പല ഉപവർഗ്ഗങ്ങളും സംജാതമായിട്ടുമുണ്ട്. എന്നാൽ ഇവയ്ക്കൊന്നും തമ്മിൽ ജന്തുശാസ്ത്രപരമായി യാതൊരു വ്യത്യാസവുമില്ല. സൂക്ഷ്മമായി ചിന്തിക്കുമ്പോൾ എല്ലാം ഒരൊറ്റവർഗ്ഗം തന്നെ.

ഉഷ്ണമേഖലാപ്രദേശങ്ങളിൽ ജനിക്കുകയും വസിക്കുകയും ചെയ്യുന്ന വെള്ളക്കാരുടെ തൊലിനിറവും മൂക്കിന്റെ ആകൃതിയും മറ്റും മറ്റും മാറുന്നില്ലല്ലോ എന്നു നിങ്ങൾ ശങ്കിച്ചേക്കാം. ഒന്നു രണ്ടു തലമുറകൊണ്ടല്ല, അനേകായിരം വർഷങ്ങൾകൊണ്ടാണ് ഈ മാറ്റങ്ങൾ സംഭവിക്കുന്നത് എന്നോർക്കണം.




ഇററാലിയൻ + ജാപ്പാനീസ്

മാത്രമല്ല ബുദ്ധിശക്തിയുടെ വികാസത്തോടുകൂടി, മനുഷ്യൻ പരിസരത്തോട് മല്ലിട്ടു ജീവിക്കാൻ സ്വയം പല ഉപായങ്ങളും കണ്ടുപിടിച്ച് ഉപയോഗിച്ചുതുടങ്ങിയതോടുകൂടി, പ്രകൃതി വരുത്തുന്ന മേൽപറഞ്ഞ മാറ്റങ്ങൾക്ക് ആവശ്യവും വളരെ കുറഞ്ഞിട്ടുണ്ട്. കൂടിയേ കഴിയൂ എന്നു വരുമ്പോഴേ പ്രകൃതി ഇടപെടുകയുള്ളൂ എന്ന തത്ത്വം മറക്കരുത്. എന്നാൽ രണ്ടു വർഗ്ഗങ്ങൾ തമ്മിൽ സങ്കരം വരുമ്പോൾ സവിശേഷതകൾ ഉടനടി സന്താനങ്ങളിലേക്കു സംക്രമിക്കുന്നത് അതിസാധാരണമാണ്.


അതിനാൽ ഇപ്പോൾ ലോകത്തിൽ കാണുന്ന ഏതു മനുഷ്യനെയും ഒരു പ്രത്യേകവർഗ്ഗത്തിന്റെ കലർപ്പറ്റ പ്രതിനിധിയായി ചൂണ്ടിക്കാട്ടാൻ പ്രയാസമുണ്ട്. എങ്കിലും വർഗ്ഗങ്ങൾ തമ്മിലുള്ള പ്രധാന ശാരീരിക വ്യത്യാസങ്ങൾ തുടർന്നു

പോകുന്നു. പ്രധാന വർഗ്ഗങ്ങളെ വേഗത്തിൽ വേർതിരിച്ചറിയാവുന്നതുപോലെ അത്ര എളുപ്പമല്ല ഒരേ വർഗ്ഗത്തിലെ ഉപവർഗ്ഗങ്ങളെ വേർതിരിച്ചറിയുക. ഇംഗ്ലീഷുകാരനെയോ റഷ്യക്കാരനെയോ നീഗ്രോവിൽനിന്നു തിരിച്ചറിയാൻ വിഷമമില്ല. എന്നാൽ ഇംഗ്ലീഷുകാരനിൽനിന്നും റഷ്യക്കാരനെ തിരിച്ചറിയുക അത്രതന്നെ എളുപ്പമല്ല.



യൂറോപ്പി + നെഗ്രി

നെഗ്രി, മംഗോളി, യൂറോപ്പി, ആസ്ത്രേലി, ഖോസാനി എന്ന അഞ്ചു വർഗ്ഗങ്ങളായി മാനവസമൂഹത്തെ ചില ശാസ്ത്രജ്ഞൻമാർ വിഭജിക്കുന്നു. ചിലർ ഖോയ്സാനിയെ നെഗ്രിയിലുൾപ്പെടുത്തി നാലു വർഗ്ഗങ്ങളേയുള്ളൂ എന്നു പറയുന്നു. റഷ്യൻ ശാസ്ത്രജ്ഞൻമാർ ഖോയ്സാനിക്കു പുറമേ ആസ്ത്രേലിയേയും നെഗ്രിയുടെ വകഭേദം മാത്രമായി ക്കരുതി മൂന്നു മനുഷ്യവർഗ്ഗങ്ങൾ (നെഗ്രി, മംഗോളി, യൂറോപ്പി) മാത്രമേയുള്ളൂ എന്നു സിദ്ധാന്തിക്കുന്നു. അടിസ്ഥാനപരമായി തെക്കു പടിഞ്ഞാറൻവർഗ്ഗം, വടക്കു പടിഞ്ഞാറൻ വർഗ്ഗം എന്നു രണ്ടായി തരംതിരിച്ചാൽ മതിയെന്നും ചില ഗ്രന്ഥകാരൻമാർ വാദിച്ചിട്ടുണ്ട്. ഉപവർഗ്ഗങ്ങൾ നിരവധിയാണെന്ന വസ്തുത സർവ്വസമ്മതമാണ്.



നെഗ്രി



നെഗ്രി




മംഗോളി




യൂറോപ്പി

കറുത്ത ആഫ്രിക്ക എന്നപേരിൽ പ്രസിദ്ധമായ തെക്കേ ആഫ്രിക്കയിലെ നീഗ്രോകളാണ് നെഗ്രിവർഗ്ഗത്തിന്റെ ഉത്തമമാതൃക. ഇതിൽ അനേകം ഉപവർഗ്ഗങ്ങളുണ്ട്. തെക്കേ ആഫ്രിക്കയിലെ കാട്ടുവർഗ്ഗക്കാരും, മധ്യാഫ്രിക്കയിലെ പിഗ്മികളും, കിഴക്കേ ആഫ്രിക്കയിലെ എത്തിയോപ്പിയൻ



ആസ്ത്രേലി



ജനവിഭാഗങ്ങളും നെഗ്രിയുടെ അവാന്തരഭേദങ്ങളാണ്. കറുത്ത നിറം, സ്പ്രിങ്ങുപോലെ ചുരുണ്ട മുടി, പരന്നു പതിഞ്ഞ മൂക്ക്, ഉന്തിനിൽക്കുന്ന താടിയെല്ല്, തടിച്ചുമലർന്നു തൂങ്ങിയ ചുണ്ട്, നിവർന്ന നെറ്റിത്തടം എന്നിവ ഇവരുടെ സവിശേഷതകളാണ്. ലോകത്തിലെ ജനസംഖ്യയുടെ പത്തു ശതമാനത്തോളം ഈ വർഗ്ഗത്തിൽ പെടുന്നു.

എണ്ണംകൊണ്ട് പ്രഥമസ്ഥാനം കിട്ടുന്നത് മംഗോളി വർഗ്ഗത്തിനാണ്. ഏഷ്യയിലും അമേരിക്കയിലും ഇവർ വ്യാപിച്ചിട്ടുണ്ട്. നൂറ്റമ്പതുകോടിയോളംവരും ഇവരുടെ എണ്ണം. അതിൽ എഴുപതു കോടി ചീനക്കാരാണ്. ഈ വർഗ്ഗത്തിലെ ഭൂരിപക്ഷവും ഏഷ്യയിൽ വസിക്കുന്നു. യു. എസ്. എസ്. ആറിന്റെ ഏഷ്യാവിഭാഗത്തിൽ ധാരാളം മംഗോളിയരുണ്ട്. നേപ്പാൾ, ഭൂട്ടാൻ, ടിബറ്റ്, ജപ്പാൻ, ഫിലിപ്പൈൻസ്, ഇൻഡോനേഷ്യ, മലയാ മുതലായ രാജ്യങ്ങളിലെ ജനതയിൽ ഭൂരിപക്ഷവും മംഗോളിയരാണ്. യൂറോപ്പിലും ഇവർ തീരെ ഇല്ലാതില്ല. അമേരിക്കയിലേക്കും വളരെ പണ്ടു തന്നെ ഈ വർഗ്ഗം വ്യാപിച്ചിരുന്നു. വടക്കേ അമേരിക്കയിലെ



അമേരിക്കൻ ഇന്ത്യൻ



എസ്കിമോ ബാലൻ

റെഡ് ഇൻഡ്യാക്കാരും എസ്കിമോകളും മംഗോളി വർഗ്ഗത്തിൽപ്പെടും. നീണ്ടു തടിച്ച ഉടൽ, നീളം കുറഞ്ഞ കാൽ, എഴുന്നു നിൽക്കുന്ന കവിളെല്ല്, പരന്ന മുഖം, താഴ്ന്ന നാസികാമൂലം, പോളകളിൽ മടക്കുകൾ കൂടിയതുകൊണ്ട് ഇടുങ്ങിയ കണ്ണ്, കറുത്ത കൺമണി, നീണ്ട കറുത്ത മുടി, മുതലായവയാണ് ഇവരുടെ ശാരീരികമായ പ്രത്യേകതകൾ. ഉടലിൽ രോമം നന്നെ കുറവായിരിക്കും. മഞ്ഞകലർന്ന വെളുപ്പുതൊട്ട് ചുവപ്പു കൂടിയും കുറഞ്ഞും വരുന്ന തവിട്ടുനിറംവരെയുള്ള തൊലിനിറം ഈ വർഗ്ഗക്കാർക്കിടയിൽ കാണാം. ചൈനയിൽ

കാണുന്നത് മഞ്ഞനിറക്കാരെയാണ്. അമേരിക്കയിലെ റെഡ് ഇൻഡ്യക്കാർക്ക് ആ പേരു കിട്ടിയതുതന്നെ തൊലിയുടെ ചുവപ്പുനിറം കൊണ്ടാണ്.

120 കോടിയോളം വരുന്ന യൂറോപ്പിവർഗ്ഗം യുറോപ്പു വൻകരയിലും വടക്കുകിഴക്കൻ ആഫ്രിക്കയിലും, അറേബ്യ, ഇറാക്ക്, പേർഷ്യ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇൻഡ്യ എന്നീരാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്നു. ലോകത്തിലെ ജനസംഖ്യയുടെ 40 ശതമാനം ഈ വർഗ്ഗമാണ്. ഇൻഡ്യയിൽ ത്തന്നെ ഈ വർഗ്ഗത്തിൽപ്പെട്ടവർ 40 കോടിയോളം ഉണ്ട്. ദക്ഷിണേന്ത്യയിൽ കാണുന്ന 'തോദ'സമുദായംപോലും യൂറോപ്പി വർഗ്ഗക്കാരാണ്. ആധുനികകാലത്ത് ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പരന്ന് ഏതദ്ദേശീയരെ കീഴടക്കി കോളനികൾ സ്ഥാപിച്ചവരാണ് യൂറോപ്പികൾ. അമേരിക്ക യിലെ ഭൂരിപക്ഷം ജനങ്ങളും 16-ാം നൂറ്റാണ്ടിലും അതിനു ശേഷവും അവിടെ കുടിയേറിപ്പാർത്ത യൂറോപ്പികളാണ്. പ്രഭവസ്ഥാനംവിട്ട് ഇത്രയേറെപ്പരന്ന മറ്റൊരു മനുഷ്യവർഗ്ഗ മില്ല. ഇടുങ്ങിയതും എഴുന്നുനിൽക്കുന്നതുമായ മൂക്ക്, അൽപം കുടിലമായ മുടി, ഒതുങ്ങിയ താടിയെല്ല്, കനംകുറഞ്ഞ ചുണ്ടുകൾ, സമൃദ്ധമായ മുഖരോമം ഇവ ഈ വർഗ്ഗത്തിൻെറ സാമാന്യലക്ഷണങ്ങളാണ്. ഇളം ചുവപ്പു കലർന്ന വെളുപ്പു തൊട്ട് ചോക്കലേറ്റ്വരെയുള്ള വർണ്ണഭേദങ്ങൾ ഇവർക്കിടയിലുണ്ട്. ഒന്നുകിൽ നരച്ചനിറം അല്ലെങ്കിൽ ചെമ്പൻനിറം—ഇതാണ് ഇവരുടെ കൺമണികളുടെ സ്വഭാവം. ഏറ്റവും വെളുത്തവരെ യൂറോപ്പിലെ ബാൾടിക് പ്രദേശത്തും വെളുപ്പു കുറഞ്ഞവരെ ആഫ്രിക്കയിലെ സോമാലിഭാഗത്തിലും ആണ് കാണുന്നത്. യൂറോപ്പിവർഗ്ഗത്തിൽ ചെമ്പൻമുടിക്കാരും കറുത്തമുടി ക്കാരുമുണ്ട്.

ആസ്ത്രേലി വകുപ്പ് നെഗ്രിയിലൊതുങ്ങുന്നു എന്ന് ആദ്യമേ പറഞ്ഞല്ലോ. ഒരു പ്രധാന ഉപവിഭാഗമായി ഇതിനെ കരുതണം. ഇതിൽ ഏഷ്യക്കാരെന്നും ആസ്ത്രേലിയക്കാരെന്നും രണ്ടു സുവിഭക്തശാഖകളുണ്ട്. ഏഷ്യൻശാഖയെ വെഡ്ഡിയ രെന്നു വിളിക്കുന്നു. ലങ്കയിലെ വെഡ്ഡർ ഈ ഇനത്തിൽ പെടുന്നു. തെന്നിൻഡ്യയിലെ പടിഞ്ഞാറൻ തീരപ്രദേശങ്ങ ളിലും മധ്യേൻഡ്യയിലും ഈ വർഗ്ഗക്കാർ ധാരാളമുണ്ട്. ഇവരുടെ നിറം കറുപ്പാണ്. നീഗ്രോകളെപ്പോലെ കടും കറുപ്പ ല്ലെന്നുമാത്രം. നീണ്ട തലയോട്, പതിഞ്ഞ നെറ്റി, ഉരുണ്ട മൂക്ക്, താഴ്ന്ന നാസികാമൂലം, ഉന്തിനിൽക്കുന്ന താടിയെല്ല്, വലിയ പല്ല്, ചടച്ച ഉടൽ, മെലിഞ്ഞ കാലുകൾ, കനത്ത

പുരികയെല്ലുകരം, ഇടതൂർന്നു വളരുന്ന ചുരുണ്ട മുടി എന്നിവയാണ് ഇവരുടെ പ്രത്യേക ലക്ഷണങ്ങരം.



വെഡ്ഡ-പുരുഷനും സ്ത്രീയും

ഖോയ്സാനികളിൽ മഞ്ഞനിറക്കാരും തവിട്ടുനിറക്കാരുമുണ്ട്. തെക്കേ ആഫ്രിക്കയിലും ടാങ്കനിക്കയിലും ഈ വർഗ്ഗക്കാരെ കാണാം. നീണ്ട ഉടലും കുറിയ കൈകാലുകളുമാണിവർക്കുള്ളത്. ഉന്തിനിൽക്കുന്ന നെറ്റി, പതിഞ്ഞ മൂക്ക് എന്നിവയിൽ ഇവർക്ക് നെഗ്രികളോട് സാദൃശ്യമുണ്ട്. എന്നാൽ നെഗ്രികരംക്കുള്ളപോലെ പൊന്തിനിൽക്കുന്ന താടിയെല്ല് ഇവർക്കില്ല. ഇടുങ്ങിയ കണ്ണുകരം ഇവർക്ക് മംഗോളിയരോടുള്ള സാദൃശ്യമാണ്. തൊലിനിറത്തിലും മംഗോളിയരോടു തുല്യതയുണ്ട്. പൊന്തിനിൽക്കുന്ന കവിളെല്ല് ഖോയ്സാനിക്കും മംഗോളിക്കും തമ്മിലുള്ള മറ്റൊരു സാമ്യമത്രെ. മേൽക്കാത് മടങ്ങിയും അടിക്കാത് നന്നെ ചെറുതായും കാണുന്നത് ഇവരുടെ ഒരു പ്രത്യേകതയാണ്. മുടി നന്നെ കുറവാണ്. ഉള്ളതുതന്നെ സ്പ്രിങ്ങുപോലെ ചുരുണ്ടതാകയാൽ തലയിലങ്ങിങ്ങായി ചില ചുരുളുകരംവച്ച് ഒട്ടിച്ചിരിക്കുകയാണെന്നു തോന്നും. തലയുടെ പല ഭാഗത്തും മുടിയില്ലതന്നെ.

ആസ്ത്രേലി വർഗ്ഗത്തിൻെറ ഭൂരിഭാഗവും ആസ്ത്രേലിയയിലെ ആദിമനിവാസികളാണ്. വെള്ളക്കാർ ആ വൻകരയിൽ പതിനെട്ടാം നൂറ്റാണ്ടിൻെറ അന്ത്യഘട്ടത്തിൽ കുടിയേറിപ്പാർക്കാൻ

എത്തിയപ്പോൾ അവിടെ ഒന്നരലക്ഷത്തോളം ആസ്ട്രേലികൾ ഉണ്ടായിരുന്നത് ഇപ്പോൾ മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുന്നു. അങ്ങനെ ആസ്ട്രേലിക്ക് വർഗ്ഗവിനാശം വന്നുകൊണ്ടിരിക്കയാണ്. ആഫ്രിക്കയിലെ നെഗ്രിയുടെ കഥ ഇതല്ല. അവർ വെള്ളക്കാരെ ചെറുത്തുനിന്നു. ഇന്നും ആഫ്രിക്ക കറുത്ത മനുഷ്യൻെറ നാടുതന്നെ. വെള്ളക്കാർ അടിച്ചേൽപിച്ച അടിമത്തത്തിൽനിന്ന് കറുത്തഭൂമി പരിപൂർണ്ണസ്വാതന്ത്ര്യത്തിൻെറ വെളിച്ചത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണിപ്പോൾ.

നിഷ്പക്ഷമായി ചിന്തിച്ചാൽ ഒരു വർഗ്ഗവും മറ്റൊന്നിനെക്കാൾ കായികമായോ ബുദ്ധിപരമായോ മികച്ചതല്ല. ആസ്ട്രേലിയയിലെ ആദിമനിവാസികളെക്കുറിച്ച് പ്രസിദ്ധശാസ്ത്രജ്ഞനായ ഡാർവിൻ പറഞ്ഞത് ഈ സന്ദർഭത്തിൽ ഓർമ്മ വരുന്നു. ''തനതുകലകളിൽ അവർക്കുള്ള നൈപുണ്യം അദ്ഭുതകരമാണ്. മുപ്പതുവാര അകലെ കുന്തമുനയിലുറപ്പിച്ചിരിക്കുന്ന ഒരു തൊപ്പി തൻെറ കുറിയ വളവൻവടിയെറിഞ്ഞ് തെറിപ്പിക്കാൻ അവനു കഴിയും. മൃഗങ്ങളെയും ശത്രുക്കളെയും വേട്ടയാടിപ്പിടിക്കുന്നതിൽ അവനുള്ള വൈദഗ്ദ്ധ്യം അന്യാദൃശമാണ്. എന്നാൽ കൃഷിചെയ്യുവാനോ പാർക്കാനൊരു കുടിൽവെച്ചുകെട്ടുവാനോ ഒരാട്ടിൻപറ്റത്തെ പോറ്റുവാനോ അവനറിഞ്ഞുകൂടാ. അതിൽ അവന് താത്പര്യവുമില്ല. അലഞ്ഞുനടക്കുക—അതാണ് ഈ വർഗ്ഗത്തിൻെറ സ്വഭാവം.'' വളഞ്ഞ ഒരുതരം കുറുവടിയാണ് അവൻെറ ആയുധം. അതുപയോഗിച്ചാണവൻ ഇരയെ വേട്ടയാടുന്നത്. തെല്ലുംപിഴയ്ക്കാതെ ലക്ഷ്യത്തിൽച്ചെന്നുപറ്റും ആയുധം. വല്ലപ്പോഴും തെറ്റിപ്പോവുകയാണെങ്കിൽ കുറുവടി മന്ത്രശക്തികൊണ്ടെന്നപോലെ അവൻെറ കൈകളിലേക്കു മടങ്ങിവരും.

വർഗ്ഗാഭിമാനം മിഥ്യയാണെന്നും നരവംശം ഏക കുടുംബമാണെന്നുമുള്ള മഹനീയാശയം പ്രചരിപ്പിക്കാൻ ഐക്യരാഷ്ട്ര സംഘടന ഇപ്പോൾ ഉറ്റു പരിശ്രമിക്കുന്നുണ്ട്. ആ പ്രയത്നം സഫലമാകുമെന്ന് നമുക്ക് ആശിക്കാം.

''ഒന്നല്ലി നാമയിസഹോദരരല്ലിപൂവേ,
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം?''

എന്ന കവിവാക്യത്തിൻെറ പൊരുൾ മനസ്സിലാക്കി പ്രവർത്തിക്കാത്തപക്ഷം മാനവസംസ്ക്കാരത്തിനു രക്ഷയില്ല.

പദങ്ങൾ

പ്രായേണ, നിയമേന, സാമാന്യേന, സംജാതം, സങ്കരവർഗ്ഗം, നിരവധി, ഏതദ്ദേശീയർ, അടിസ്ഥാനപരം, സുവിഭക്തം,

നാസികാമൂലം, വർഗ്ഗാഭിമാനം, മിഥ്യ, ഹോമോസാപിയൻസ്, നെഗ്രറ്റോ, മംഗോളി, യൂറോപ്പി, ഖോയ്സാനി, നരവംശശാസ്ത്രം, സമൃദ്ധം, സാമാന്യലക്ഷണം, വർഗ്ഗവിനാശം, പരിസരപ്രേരണ.

### അഭ്യാസം

1. വാക്യത്തിൽ പ്രയോഗിക്കുക:
   (a) പ്രായേണ, നിയമേന, സാമാന്യേന, സംജാതം, നിരവധി, ഏതദ്ദേശീയർ, അടിസ്ഥാനപരം, മിഥ്യ.
   (b) താഴെ ചേർക്കുന്ന പദങ്ങൾ ഏതുനാമത്തിൽനിന്ന് അല്ലെങ്കിൽ ഏതു നാമവിശേഷണത്തിൽനിന്നാണ് രൂപം കൊള്ളുന്നത്? സാദൃശ്യം, സാമ്യം, വൈദഗ്ദ്ധ്യം, ശാരീരികം.
   (c) വിഗ്രഹാർത്ഥമെഴുതി സമാസത്തിൻെറ പേർ പറയുക: വർഗ്ഗാഭിമാനം, ഏകകുടുംബം, മാനവസമൂഹം, സുവിഭക്ത ശാഖ.
   (d) അനുപ്രയോഗങ്ങളെ വേർതിരിച്ചു കാണിക്കുക: പറഞ്ഞുകൊള്ളട്ടെ, തുടർന്നുപോകുന്നു.
2. ചൂർണ്ണികയല്ലാത്ത വാക്യങ്ങളെ അംഗാംഗിവാക്യങ്ങളായി തിരിക്കുക. ചൂർണ്ണികയാണെങ്കിൽ അക്കാര്യം പറയുക:—
   (a) ഉൽപത്തിയിലുള്ള വ്യത്യാസംകൊണ്ടല്ല ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങൾകൊണ്ടാണ് ഈ വിഭജനം സംഭവിച്ചത്.
   (b) ഉഷ്ണമേഖലയിൽ വസിക്കുന്നവർക്ക് ചെറിയ ഉടലും നീണ്ട കൈകാലുകളും പ്രകൃതിദത്തമാണ്.
   (c) വിഭിന്നവർഗ്ഗങ്ങൾ ഇങ്ങനെ ഭൂമിയുടെ വ്യത്യസ്ത ഭാഗങ്ങളിലാണ് ഉദ്ഭവിച്ചതെങ്കിലും ഇന്ന് പല വർഗ്ഗങ്ങൾ ഒരേ രാജ്യത്തുതന്നെ പാർക്കുന്നു.
   (d) അമേരിക്കയിലെ ഭൂരിപക്ഷം ജനങ്ങളും 16—ാം നൂറ്റാണ്ടിലും അതിനുശേഷവും അവിടെ കുടിയേറിപ്പാർത്ത യൂറോപ്പികളാണ്.
   (e) എന്നാൽ കൃഷിചെയ്യുവാനോ പാർക്കാനൊരു കുടിൽ വച്ചുകെട്ടുവാനോ ഒരു ആട്ടിൻപറ്റത്തെ പോറ്റുവാനോ അവന് അറിഞ്ഞുകൂടാ.
3. ചോദ്യങ്ങൾ:
   (a) മനുഷ്യവർഗ്ഗം പലതായി പിരിയാൻ ഇടയായതെങ്ങനെ?
   (b) പ്രധാന മനുഷ്യവർഗ്ഗങ്ങൾ ഏതെല്ലാം?
   (c) ഓരോ വർഗ്ഗത്തിൻെറയും ശാരീരികമായ പ്രത്യേകതകൾ ചുരുക്കിപ്പറയുക.
   (d) എണ്ണംകൊണ്ട് ഏതു വർഗ്ഗമാണ് ഒന്നാംസ്ഥാനം നേടുന്നത്?
   (e) മംഗോളിവർഗ്ഗം ലോകത്തിൽ എവിടെയെല്ലാം വ്യാപിച്ചിരിക്കുന്നു? ഭൂരിഭാഗം എവിടെ വസിക്കുന്നു?
   (f) ആസ്ത്രേലിവർഗ്ഗത്തിൻെറ രണ്ടു പ്രധാന വിഭാഗങ്ങൾ ഏവ?
   (g) ഖോയ്സാനിക്ക് മംഗോളിയോടും നെഗ്രിയോടും ഉള്ള മുഖ്യ സാദൃശ്യങ്ങൾ എന്തെല്ലാം?

(h) ആസ്ട്രേലികാം തനതു കലകളിൽ നിപുണരാണ്—ഇതു സമർത്ഥിക്കാൻ ഒരു ഉദാഹരണം പറയുക.
(i) അമേരിക്കയിലെ ജനങ്ങളിൽ ഭൂരിപക്ഷം ഏതുവർഗ്ഗമാണ്?
(j) ഐക്യരാഷ്ട്ര സംഘടന പ്രചരിപ്പിക്കുന്ന മഹനീയ തത്ത്വമെന്ത്?
(k) ആസ്ട്രേലിവർഗ്ഗം ക്ഷയിക്കാൻ ഇടയായതെങ്ങനെ?
(l) ഏതുവർഗ്ഗമാണ് യൂറോപ്പിയുടെ ആക്രമണത്തെ വിജയപൂർവ്വം ചെറുത്തുനിന്നിട്ടുള്ളത്.

---

പാഠം 11

# ധൃതരാഷ്ട്രസന്ദേശം

നമ്മുടെ കുമാരനൊരു ചൊല്ലുകുറിയില്ലാ;
നൻമവരുവാനൊരു മനസ്സുമവനില്ലാ;
മൻമതമതിങ്കൽ ബഹുമാനമവനില്ലാ;
കർമ്മമിതു നമ്മുടെ ധരിക്ക; ഹര ശംഭോ! 1

നല്ലഗുണമുള്ളൊരു ഭവാനൊടു പറഞ്ഞാൽ
വല്ലതുമുപായമുളവാകു, മെളുതാകും.
ദുർല്ലഭമതാകിന മനുഷ്യത ലഭിച്ചാൽ
നല്ലതു നിവൃത്തിപദമേവ; ഹര ശംഭോ! 2

എങ്കലൊരു ശങ്ക പുനരെൻെറ മകനില്ല;
തങ്കലൊരു കൽപനയുമുണ്ടവനു പണ്ടേ;
എങ്കിലതമർപ്പതിനെനിക്കുമെളുതല്ലാ;
സങ്കടമിതൊക്കെയുമെനിക്കു; ഹര ശംഭോ! 3

ഭൂമിപരിപാലനമിതെത്ര ബഹുദുഃഖം!
സോമകുലജാതനിലതേറ്റവുമനർത്ഥം;
ഹേമധനധാന്യഭവനാദികളിലെല്ലാം
പ്രേമമുളവാമധികമേവ; ഹര ശംഭോ! 4

എന്തിനിഹ ഘോരഭവവാരിനിധിതൻെറ
വന്തിരകളായ വിഷയങ്ങളിലിദാനീം
നീന്തിയലയുന്നു പുനരെൻെറ മകനെ! നീ?
ശാന്തിമനുചിന്തയ ചിരായ; ഹര ശംഭോ! 5

കാനനനിവാസമതുതന്നെ തവ നല്ലൂ,
താനനുഭവിച്ചുടനറിഞ്ഞ സുഖമല്ലോ?
ഞാനനുചിതം പുനരുരയ്ക്കയുമതല്ലാ;
ജ്ഞാനികളുടേ മതമിതെന്തു; ഹര ശംഭോ! 6

കന്ദഫലമൂലജലമെന്നിവ ഭുജിപ്പാൻ
കന്ദരതലേ ശിലകളുണ്ടഥ ശയിപ്പാൻ
നന്നിതു മരങ്ങളുടെ തോലുകളുടുപ്പാൻ,
ഒന്നുമിഹ ദുർല്ലഭവുമില്ല; ഹര ശംഭോ ! 7

ഇന്ദ്രിയജയം വരികിലെത്ര സുഖമോർത്താൽ
ഇന്ദ്രപദലാഭവുമതിന്നു സമമല്ല
ചന്ദ്രമകരന്ദ ഹരിചന്ദനവുമെല്ലാം
നിന്ദിതമഹോ ! ദുരിതഹേതു; ഹര ശംഭോ ! 8

പതിനാലുവൃത്തം] [കുഞ്ചൻനമ്പ്യാർ

അഭ്യാസം

(1) ധൃതരാഷ്ട്രർ ദുര്യോധനനെ പഴിക്കുന്ന വരികൾ ഉദ്ധരിക്കുക. എന്തുദ്ദേശത്തോടെയാണ് ഇങ്ങനെ പഴിക്കുന്നത്?

(2) 'നല്ല ഗുണമുള്ളൊരു' എന്ന് ധർമ്മപുത്രരെ വിശേഷിപ്പിച്ചതെന്തിന്?

(3) ഈ സന്ദേശത്തെ ആസ്പദമാക്കി ധൃതരാഷ്ട്രരുടെ സ്വഭാവം നിരൂപണം ചെയ്യുക.

(4) 'എന്തിഹ............നീന്തിയലയുന്നു?'—അലങ്കാരമെന്ത്?

(5) 'എൻെറ മകനേ നീ' ഈ സംബോധനയുടെ ഉദ്ദേശ്യമെന്ത്?

(6) ഈ കവിതാഭാഗത്തുനിന്ന് പ്രാസഭംഗിക്ക് രണ്ടുദാഹരണം എടുത്തു കാണിക്കുക.

(7) സന്ദർഭം പറഞ്ഞ് ആശയം വിശദീകരിക്കുക:—
 (a) 'നല്ലതു നിവൃത്തിപദമേവ; ഹര ശംഭോ'
 (b) 'കർമ്മമിതു നമ്മുടെ ധരിക്ക; ഹര ശംഭോ'
 (c) 'താനനുഭവിച്ചുടനറിഞ്ഞ സുഖമല്ലോ?'

(8) കുഞ്ചൻകവിതയുടെ ഏതു പ്രത്യേകതയാണ് ഈ ഭാഗത്ത് പ്രകടമായിക്കാണുന്നത്.

---

പാഠം 12

# ദിലീപൻ

സൂര്യവംശജനും അയോധ്യാപതിയുമായ ദിലീപൻ സർവ്വഗുണങ്ങളും സമസ്തൈശ്വര്യങ്ങളും തികഞ്ഞ ഒരു മഹാരാജാവായിരുന്നു. മഗധരാജകുമാരി സുദക്ഷിണയായിരുന്നു അദ്ദേഹത്തിൻെറ പട്ടമഹിഷി. അവർ തികച്ചും ആനുരൂപ്യമുള്ള ദമ്പതികളായിരുന്നുവെങ്കിലും വിവാഹാനന്തരം വളരെക്കാലം കഴിഞ്ഞിട്ടും അവർക്ക് പുത്രലാഭം ഉണ്ടായില്ല. തന്നിമിത്തം ദുഃഖിതനായ രാജാവ് ധർമ്മപത്നീസമേതനായി ഗുരുവായ വസിഷ്ഠമഹർഷിയെ സന്ദർശിച്ച് സങ്കടമുണർത്തിച്ചു.

സന്താനലബ്ധിക്കുള്ള പ്രതിബന്ധം ധ്യാനം കൊണ്ടറിഞ്ഞ് തപോനിധിയായ വസിഷ്ഠൻ പ്രായശ്ചിത്തം വിധിച്ചു: ''കാമധേനുവിൻെറ മകളും ഞാൻ വളർത്തിപ്പോരുന്ന വളുമായ നന്ദിനിയെന്ന ദിവ്യഗോവിനെ അവഠം പ്രസാദിക്കുന്നതുവരെ അങ്ങ് ഭാര്യാസമേതനായി പരിചരിക്കണം.''

മുനി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോഠംത്തന്നെ നന്ദിനി മേയാൻപോയ വനത്തിൽനിന്ന് തിരിച്ചെത്തി. തളിരൊത്ത ഇളംചുവപ്പുനിറത്തോടും സ്നിഗ്ദ്ധതയോടും കൂടിയതായിരുന്നു ആ ധേനുവിൻെറ ഉടൽ. അവളുടെ നെറ്റിത്തടത്തിൽ ബാലചന്ദ്രനെപ്പോലെ വെളുത്തുവളഞ്ഞ ഒരു അടയാളവും ഉണ്ടായിരുന്നു. ബാലേന്ദുവോടുകൂടിയ സന്ധ്യയെപ്പോലെ അവഠം പരിലസിച്ചു. അകിടിൽനിന്നു വഴിയുന്ന ഇളം ചൂടുള്ള പാൽകൊണ്ട് വഴിനീളെ നനച്ചുകൊണ്ടാണ് നന്ദിനി വന്നത്. നിമിത്തജ്ഞനായ മുനി ഇതുകണ്ട് സന്തുഷ്ടനായി രാജാവിനോടു പറഞ്ഞു: ''വത്സാ, മംഗളകാരിണിയായ ഈ പശു നാം അവളുടെ പേർ പറഞ്ഞുകൊണ്ടിരിക്കേതന്നെ വന്നതിനാൽ അങ്ങയുടെ അഭീഷ്ടം അചിരേണ സാധിക്കുമെന്ന് ഉറപ്പിച്ചുകൊള്ളുക. വന്യവൃത്തിയായി അങ്ങ് ഇവളെ പരിചരിക്കുക. ഇവഠം നടക്കുമ്പോഠം അങ്ങ് കൂടെ നടക്കണം. ഇവഠം കിടക്കുമ്പോഠം അങ്ങേക്ക് ഇരിക്കുകയോ കിടക്കുകയോ ആവാം. ഇവഠം വെള്ളം കുടിക്കുമ്പോഠം അങ്ങേക്കും ദാഹശാന്തി വരുത്താം. സുദക്ഷിണ പ്രഭാതത്തിൽ കുളിച്ച് ശുദ്ധയായി പുഷ്പചന്ദനാദികളെക്കൊണ്ട് നന്ദിനിയെ പൂജിച്ച് ആശ്രമദ്വാരംവരെ അനുഗമിക്കണം. വൈകുന്നേരം അവിടെച്ചെന്ന് എതിരേൽക്കുകയും വേണം. ഇങ്ങനെ ചെയ്താൽ അവിടത്തെ പിതാവിനെപ്പോലെ അങ്ങും പുത്രവാൻമാരിൽ ഏറ്റവും പൂജ്യനായി ഭവിക്കും.''

ഗുരുവിൻെറ ആജ്ഞ ശിരസാവഹിച്ച് സുദക്ഷിണാദിലീപൻമാർ അന്നുതന്നെ വാനപ്രസ്ഥധർമ്മം വരിച്ചു. അന്നു രാത്രി ഫലമൂലങ്ങളാണ് അവർ അശിച്ചത്. പർണ്ണശാലയിൽ ദർഭവിരിപ്പിലാണ് അവർ ശയിച്ചത്.


പിറ്റേന്നു പുലർകാലത്ത് രാജ്ഞി പൂവും ചന്ദനവും കൊണ്ട് പശുവിനെ പൂജിച്ചശേഷം കുട്ടിയെ കുടിപ്പിച്ചുകെട്ടി. രാജാവ് പശുവിനെ അഴിച്ചുവിട്ട് അവളുടെ പിന്നാലെ പുറപ്പെട്ടു. ആശ്രമത്തിൻെറ അതിർത്തിവരെ സുദക്ഷിണ അനുയാത്ര ചെയ്തു. പ്രിയതമയെ തിരിച്ചയച്ചിട്ട് ദിലീപൻ ഗോരക്ഷണത്തിനു യാത്രയായി. നല്ലപുല്ലുപറിച്ച് ഉരുളയാക്കി

തിന്നാൻകൊടുത്തും, ചൊറിഞ്ഞ് അസുഖമകറ്റിയും ഈച്ചകളെ ആട്ടിക്കളഞ്ഞും ആ രാജാധിരാജൻ പശുവിനെ ഉപചരിച്ചു. മഹർഷി വിധിച്ചപോലെതന്നെ നന്ദിനി നടക്കുമ്പോാം നടന്നും, അവാം കിടക്കുമ്പോാം അരികത്തിരുന്നും, അവാം വെള്ളം കുടിക്കുമ്പോാംമാത്രം ജലപാനം ചെയ്തും അദ്ദേഹം സനിഷ്കർഷം വ്രതമാചരിച്ചു. സന്ധ്യയ്ക്ക് പശുവിനെ അനുഗമിച്ച് തിരിച്ചെത്തിയ ആത്മനാഥനെ, വളരെനേരം പിരിഞ്ഞിരുന്നതിനാൽ വർദ്ധിച്ച കൗതുകത്തോടെ സുദക്ഷിണ സ്വീകരിച്ചു. പാൽ ചുരത്തുന്ന നന്ദിനിയെ പ്രദക്ഷിണംവച്ച് കൊമ്പുകാംക്കിടയിൽ അക്ഷതമിട്ട് ആരാധിച്ചു. കുട്ടിയെ ക്കാണാൻ തിടുക്കമുണ്ടായിട്ടും ആ ദിവ്യധേനു ഇളകാതെനിന്ന് ഭക്തയുടെ പൂജ പ്രീതിപൂർവ്വം സ്വീകരിച്ചതുകണ്ട് രാജാവും രാജ്ഞിയും ധന്യരായി. അരുന്ധതീസമേതനായ ഗുരുവിൻെറ പാദങ്ങാം വണങ്ങിയിട്ട് സന്ധ്യാവന്ദനം ചെയ്ത് ദിലീപൻ സുദക്ഷിണയോടൊപ്പം നന്ദിനിയെ ശുശ്രൂഷിക്കാൻ അവളുടെ സന്നിധിയിലേക്കു പോയി. അവാം കിടന്നതിൽപ്പിന്നെ രാജദമ്പതികാം ദർഭവിരിപ്പിൽ ശയിച്ചു; അവാം ഉറങ്ങിയശേഷം ഉറങ്ങി; അടുത്തദിവസം ബ്രാഹ്മമുഹൂർത്തത്തിൽ അവളോടൊപ്പം ഉണരുകയും ചെയ്തു.

ഇങ്ങനെ അവിലോപമായി വ്രതം ആചരിച്ചുകൊണ്ട് ഇരുപത്തൊന്നു ദിനങ്ങാം കഴിഞ്ഞുപോയി. പിറ്റേന്നാാം നന്ദിനി മേഞ്ഞുനടന്ന്, ഗംഗാനദി വന്നുവീഴുന്ന സ്ഥാനത്തുള്ളതും ഇളംപുല്ലുനിറഞ്ഞതുമായ ഹിമവൽഗ്ഗുഹയിലേക്ക് കടന്നു. അവളെ പിൻതുടർന്ന രാജാവ് ഹിമാദ്രിയുടെ അഭൗമസൗന്ദര്യം നിരീക്ഷിച്ചുകൊണ്ട് അൽപനേരം ആനന്ദത്തിൽ മുഴുകിനിന്നുപോയി. പെട്ടെന്ന് ഒരുപടുകൂറ്റൻ സിംഹം പശുവിൻെറമേൽ ചാടി വീണു. പശു ഉച്ചത്തിൽ നിലവിളിച്ചു. ഗഹ്വരഭിത്തിയിൽച്ചെന്നടിച്ച് മാറ്റൊലിക്കൊണ്ട ആ നിലവിളി, കടിഞ്ഞാൺ വലിപോലെ, രാജാവിൻെറ ദൃഷ്ടിയെ പശുവിലേക്കു പിൻതിരിപ്പിച്ചു. ഇളംചുവപ്പുനിറത്തോടുകൂടിയ നന്ദിനിയുടെ മേൽ ആ ഭീമാകാരനായ സിംഹം കാവിമണ്ണു പുരണ്ട മലയുടെ മുകളിൽ നിറയെ പൂത്തുനിൽക്കുന്ന പാച്ചോറ്റിമരം പോലെ കാണപ്പെട്ടു. സിംഹപരാക്രമനായ ദിലീപൻെറ കൈ ആവനാഴിയിലേക്കു പാഞ്ഞു. എന്നാൽ ശരത്തിൻെറ കടയ്ക്കൽവച്ച കൈ ഇളക്കാൻ കഴിയാത്തവണ്ണം അവിടെ ഉറച്ചു നിന്നുപോയി, ചിത്രത്തിൽ എഴുതപ്പെട്ടപോലെ.

മൃഗരാജൻ നന്ദിനിയെ പിടിച്ചതുകൊണ്ടുതന്നെ ദിലീപൻ ക്ഷുഭിതനായിരുന്നു. രക്ഷണപരിശ്രമം തടയപ്പെട്ടപ്പോാം ആ

കോപം ആളിക്കത്തി. എന്നാൽ ആ ക്രോധം നിഷ്ഫലമായി രുന്നതിനാൽ മന്ത്രംകൊണ്ടു തടയപ്പെട്ട വീര്യത്തോടുകൂടിയ സർപ്പത്തെപ്പോലെ ദിലീപൻ സ്വന്തം തേജസ്സിൽ വെന്തുനീറി. അപ്പോഠം ആ പഞ്ചാസ്യൻ രാജാവിനെ വിസ്മയിപ്പിക്കുമാറ് മനുഷ്യഭാഷയിൽ ഇങ്ങനെ മൊഴിഞ്ഞു: ''അല്ലയോ രാജാവേ, അങ്ങ് എൻെറനേരേ ശരം പ്രയോഗിക്കാൻ ഉദ്യമിക്കുന്നത്



വെറുതെയാണ്. കൊടുങ്കാറ്റിന് മാമരങ്ങളെ കടപുഴക്കി വീഴ്ത്താൻ കഴിയും. എന്നാൽ മാമലയോട് അതിന് എന്തു ചെയ്യാനൊക്കും? ഞാൻ ആരാണെന്ന് അങ്ങ് അറിയുന്നില്ല. കുംഭോദരനെന്ന ശിവകിങ്കരനാണ് ഈയുള്ളവൻ, കൈലാസ ശൈലംപോലെ ധവളധവളവും സമുന്നതുവുമായ തൻെറ കാള യുടെ പുറത്ത് ശ്രീപരമേശ്വരൻ കയറുന്നത് എൻെറ ചുമലിൽ ചവുട്ടിക്കൊണ്ടാണ്. ഭഗവാൻെറ പാദസ്പർശത്താൽ പവിത്ര മാണ് എൻെറ പുറം. ദേവൻെറ കൽപനപ്രകാരമാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ഇതാ മുമ്പിൽ നിൽക്കുന്ന ഈ ദേവദാരുവൃക്ഷം കണ്ടില്ലേ? ഇതിനെ ശ്രീപരമേശ്വരൻ പുത്ര നിർവിശേഷമായാണ് കരുതുന്നത്. കാരണം, ശ്രീപാർവ്വതി സ്വർണ്ണകുംഭത്തിലെ ജലമൊഴിച്ചു വളർത്തിയ ബാലതരു വാണിത്. ഒരിക്കൽ ഒരു കാട്ടാന ചൊറിച്ചിൽ മാറ്റാൻ കവിഠം ത്തടം ഇതിൻമേൽ ഉരച്ചതിനാൽ ഇതിൻെറ തോൽ ചതഞ്ഞു

പോയി. അതുകണ്ടപ്പോഠം അസുരാസ്ത്രങ്ങളേറ്റ് വ്രണിതനായ കുമാരനെ കണ്ടപ്പോഴെന്നപോലെ ദേവി ദുഃഖിച്ചു. അന്നു തൊട്ട് കാട്ടാനകളെ വിരട്ടിയോടിക്കാൻ സിംഹരൂപമേകി ദേവൻ എന്നെ ഇവിടെ പാറാവുകാരനായി നിർത്തിയിരിക്കയാണ്. എൻെറ സമീപത്തു വരുന്ന മൃഗങ്ങളെ ഭഗവാൻ എനിക്ക് ആഹാരമായി കൽപ്പിച്ചിരിക്കുന്നു. വളരെക്കാലമായി ആഹാരമൊന്നും കിട്ടാത്തതുകൊണ്ട് ക്ഷുൽപീഡിതനായ എനിക്ക് തൃപ്തി വരാൻ ഈ പശുവിൻെറ ചുടുചോര മതിയാകും. രാജാവേ, ലജ്ജിക്കാതെ അങ്ങ് ഈ പരിശ്രമത്തിൽനിന്ന് പിൻവാങ്ങിയാലും. അങ്ങയുടെ ഗുരുഭക്തി ഇത്രയുംകൊണ്ട് വെളിപ്പെട്ടിരിക്കുന്നു. ആയുധമുപയോഗിച്ച് ചെയ്യാൻകഴിയാത്ത രക്ഷണം നിർവഹിച്ചില്ലെന്നത് ആയുധധാരികഠംക്ക് അകീർത്തികരമാവുകയില്ല.''

സിംഹത്തിൻെറ നിപുണമായ ഭാഷണം കേട്ടപ്പോഠം, രാജാവിന് തന്നെക്കുറിച്ച് മുമ്പുതോന്നിയ നിന്ദാഭാവം തെല്ലൊന്നു കുറഞ്ഞു. അസ്ത്രം പ്രയോഗിക്കാൻ കഴിയാതെവന്നത് ശ്രീപരമേശ്വരൻെറ പ്രഭാവംകൊണ്ടാണെന്നറിഞ്ഞ് അൽപം ആശ്വാസം പൂണ്ട് അദ്ദേഹം ഇപ്രകാരം പ്രതിവചിച്ചു: ''ഹേ മൃഗേന്ദ്രാ, ആയുധം പ്രയോഗിക്കാൻ മുതിർന്നിട്ട് ഒന്നും ചെയ്യാൻ കഴിയാതെവന്ന ഈയുള്ളവൻെറ വാക്കുകഠം ആർക്കും പരിഹാസ്യമായിത്തോന്നാം. എങ്കിലും എൻെറ അന്തർഗ്ഗതം അങ്ങയെ അറിയിക്കുക തന്നെ. സകല ചരാചരങ്ങളുടെയും സൃഷ്ടിസ്ഥിതിസംഹാരങ്ങഠംക്ക് കാരണഭൂതനായ ഭഗവാൻ പരമേശ്വരനെ ആദരിക്കേണ്ടത് എൻെറയും ധർമ്മമാണ്. എന്നാൽ നിരന്തരമായി ഹോമാദിപുണ്യകർമ്മങ്ങഠം ചെയ്തുകൊണ്ടിരിക്കുന്ന തപസ്വിയായ ഗുരുവിൻെറ ധനം അതിനെ രക്ഷിക്കാൻ നിയുക്തനായ എൻെറ കൺമുന്നിൽവച്ച് നശിക്കുന്നത് കണ്ടുകൊണ്ട് ഒഴിഞ്ഞുപോകുന്നത് എനിക്കു യോഗ്യമാണോ? സമീപത്തു വരുന്ന ജന്തുക്കളെക്കൊണ്ട് അങ്ങയുടെ പാരണ കഴിച്ചുകൊള്ളാനാണല്ലോ ദേവൻ കൽപിച്ചിട്ടുള്ളത്. അതിനാൽ അരികെ വന്നിട്ടുള്ള എന്നെ ആഹാരമായി സ്വീകരിച്ച് മഹർഷിയുടെ പശുവിനെ വിട്ടയക്കാൻ അങ്ങു കനിയണം. അമ്മയുടെ തിരിച്ചുവരവും പ്രതീക്ഷിച്ച് അന്തിയാകുന്നതും കാത്തുകാത്തു കഴിയുകയാണ് ഇവളുടെ ഇളംകിടാവ്.''

ദംഷ്ട്രകളുടെ കാന്തിയാൽ ഗിരിഗഹ്വരത്തിലെ ഇരുളിനെ ഭേദിച്ചുകൊണ്ട് സിംഹം മന്ദഹാസപൂർവം പറഞ്ഞു: ''രാജാവേ, ഇതെന്തു കഥ! അവിടുത്തെ ചക്രവർത്തിത്വവും നവയൗവനവും സുന്ദരമായ ശരീരവും ഈ പശുവിനെക്കാഠം എത്രയെത്ര വില

പിടിച്ചതാണ്. അത്രയും ഈ പശുവിനെ രക്ഷിക്കാനായി ബലികഴിക്കാൻ ആഗ്രഹിക്കുന്ന അങ്ങ് നല്ലവണ്ണം ആലോചിച്ചിട്ടല്ല പ്രവർത്തിക്കുന്നത്. കാരുണ്യമാണ് ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുന്നതെങ്കിൽ അതും യുക്തമല്ല. കാരണം, അങ്ങ് മരിക്കുകയാണെങ്കിൽ ഈ ധേനുവിനെ മാത്രമല്ലേ രക്ഷിക്കാനാവൂ? ജീവിച്ചിരിക്കുകയാണെങ്കിൽ പുത്രതുല്യരായ അനേകായിരം പ്രജകളെ വിപത്തുകളിൽനിന്ന് വളരെക്കാലത്തോളം രക്ഷിക്കാമല്ലോ. അഗ്നിയെപ്പോലെ പ്രതാപനായ ഗുരുവിന് ഈയൊരു പശുവേ ഉള്ളുവെന്നും അതിൻെറ നാശത്തിൽ അദ്ദേഹം കോപിക്കുമെന്നുമാണ് അങ്ങ് ഭയപ്പെടുന്നതെങ്കിൽ അതും ശരിയല്ല. ഈയൊരു പശുവിനു പകരം കുടമൊത്ത അകിടുള്ള പശുക്കളെ കോടിക്കണക്കിൽ ദാനം ചെയ്ത് അദ്ദേഹത്തിൻെറ കോപം ശമിപ്പിക്കാമല്ലോ. പശുവിനെ കൈവെടിഞ്ഞ് സ്വന്തം പ്രാണനെ രക്ഷിക്കുന്നത് സ്വർഗ്ഗപ്രാപ്തിക്ക് വിഘാതമാകുമെന്നോർത്ത് അങ്ങു വ്യാകുലചിത്തനാകേണ്ട. അങ്ങയുടെ ഭരണത്തിൻ കീഴിലുള്ള ഈ രാജ്യം സ്വർഗ്ഗസമാനമാണല്ലോ.''

സിംഹം ഇപ്രകാരം പറഞ്ഞു വിരമിച്ചപ്പോൾ ഗുഹയിൽനിന്ന് പുറപ്പെട്ട പ്രതിശബ്ദത്താൽ ഹിമവാനും മൃഗരാജൻെറ വാക്കുകളെ ആവർത്തിക്കുന്നതായിത്തോന്നി. അതു കേട്ടുനടുങ്ങിയ നന്ദിനി ഭയചകിതയായി രാജാവിനെ നോക്കി. ദയാകുലനായ രാജാവ് വീണ്ടും പറഞ്ഞു:

''ഇവൾക്കുപകരം വേറെ പശുക്കളെ ദാനം ചെയ്തു ഗുരുവിനെ പ്രീണിപ്പിക്കാവുന്നതല്ല. ഇവൾ കാമധേനുവിനു സമാനയാണ്. ശ്രീപരമേശ്വരൻെറ വൈഭവംകൊണ്ടുമാത്രമാണ് അങ്ങയ്ക്ക് ഇവളെ പിടിക്കാൻ കഴിഞ്ഞത്. അതിനാൽ എൻെറ ദേഹത്തെ ബലിയർപ്പിച്ച് ഞാൻ ഈ ദിവ്യധേനുവിനെ മോചിപ്പിക്കുകതന്നെവേണം. അങ്ങനെയായാൽ അവിടത്തെ പാരണയും മുനിയുടെ ഹോമാദിനിത്യകർമ്മങ്ങളും മുടക്കം കൂടാതെ നടക്കും. കിങ്കരൻെറ ധർമ്മം എന്താണെന്ന് ഞാൻ അങ്ങയ്ക്ക് പറഞ്ഞുതരേണ്ടതില്ല. ഈ ദേവദാരുവൃക്ഷത്തെ രക്ഷിക്കാൻ ഭവാൻ എത്ര മഹത്തായ യത്നമാണ് ചെയ്യുന്നത്. രക്ഷിക്കാൻ ഏൽപ്പിച്ചതിനെ നശിപ്പിച്ചിട്ട് യജമാനൻെറ മുമ്പിൽ ചെല്ലുന്നതിനെക്കാൾ നല്ലത് രക്ഷണപരിശ്രമത്തിൽ സ്വയം നശിക്കുകയാണ്. എൻെറ ശരീരത്തെ നശിപ്പിക്കുവാൻ വല്ല കാരണത്താലും അങ്ങയ്ക്കു മടി തോന്നുന്നുണ്ടെങ്കിൽ, ശാശ്വതമായ യശശ്ശരീരത്തെ രക്ഷിച്ചാലും. ഒരിക്കലെല്ലെങ്കിൽ

മറ്റൊരിക്കൽ നശിച്ചുപോകേണ്ട ഈ ഭൗതികശരീരത്തിൽ എന്നെപ്പോലെയുള്ളവർക്ക് മതിപ്പില്ല.

നല്ലവരുമായി എപ്പോഠം സഹവാസം തുടങ്ങുന്നുവോ ആ നിമിഷം മുതൽക്ക് അവർ ബന്ധുക്കളായിത്തീരുന്നുവെന്നല്ലേ ആപ്തവാക്യം. നമ്മഠം തമ്മിൽ ഈ വനപ്രദേശത്തുവച്ച് കണ്ടുമുട്ടാനും സംഭാഷണത്തിലേർപ്പെടാനും ഇടയായി. അങ്ങനെ അങ്ങ് എൻെറ ബന്ധുവായിത്തീർന്നിരിക്കയാണ്. അതിനാൽ എൻെറ ഈ അപേക്ഷ നിരസിക്കുന്നത് അങ്ങയ്ക്കു യുക്തമല്ല.''

''ശരി, അങ്ങയുടെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു'' എന്നു പറഞ്ഞുകൊണ്ട് സിംഹം നന്ദിനിയെ വിട്ടു. ഉടനെ തന്നെ രാജാവിൻെറ കൈയും അതിനെ ബാധിച്ചിരുന്ന സ്തംഭനത്തിൽനിന്ന് മുക്തമായി. വില്ലും ശരവും ഉപേക്ഷിച്ചിട്ട് അദ്ദേഹം തൻെറ ശരീരത്തെ ഒരു മാംസപിണ്ഡം പോലെ മൃഗേന്ദ്രൻെറ മുമ്പിൽ അർപ്പിച്ചു.

സിംഹപതനം പ്രതീക്ഷിച്ചുകൊണ്ട് കമിഴ്ന്നുകിടന്നിരുന്ന രാജാവിൻെറമേൽ ദേവൻമാരുടെ പുഷ്പവൃഷ്ടിയാണ് പതിച്ചത് ! ''വത്സാ, എഴുന്നേറ്റാലും'' എന്ന അമൃതമധുരമായ വാക്കുകഠംകേട്ട് എഴുന്നേറ്റ രാജാവ് പാൽ ചുരത്തിക്കൊണ്ട് മാതൃനിർവിശേഷയായിനിൽക്കുന്ന നന്ദിനിയെമാത്രമാണ് മുമ്പിൽ കണ്ടത്. സിംഹത്തെ അവിടെയെങ്ങും കണ്ടതുമില്ല. വിസ്മയപരവശനായ രാജാവിനോട് നന്ദിനി അരുളിച്ചെയ്തു: ''സാധോ, അങ്ങയെ പരീക്ഷിക്കാൻ ഞാൻ പ്രയോഗിച്ച മായയായിരുന്നു ഇക്കണ്ടതെല്ലാം. മഹർഷിയുടെ പ്രഭാവം ഹേതുവായി അന്തകനുപോലും എന്നെ തൊടാൻ സാദ്ധ്യമല്ല. ഹിംസ്രമൃഗങ്ങളുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. അങ്ങയ്ക്ക് ഗുരുവിൻെറ നേരേയുള്ള ഭക്തിയും എൻെറ പേരിലുള്ള കാരുണ്യവും പരീക്ഷിച്ചറിഞ്ഞ് ഞാൻ തികച്ചും സംതൃപ്തയായിരിക്കുന്നു. അതിനാൽ ആവശ്യമുള്ള വരം ചോദിച്ചുകൊള്ളുക. പ്രസന്നയായ ഞാൻ പാൽമാത്രമല്ല, സർവകാമങ്ങളും നൽകുന്നതിന് ശക്തയാണ്.''

ദിലീപൻ ഭക്തിപൂർവ്വം നന്ദിനിയെ തൊഴുത് തനിക്ക് സുദക്ഷിണയിൽ വംശത്തെ നിലനിർത്തുന്ന ഉത്തമസന്താനം ഉണ്ടാകണമെന്ന് പ്രാർത്ഥിച്ചു. ''അങ്ങനെയാകട്ടെ. ഇലക്കുമ്പിളിൽ എൻെറ പാൽ കറന്നുകുടിച്ചാലും'' എന്ന് നന്ദിനി അരുളിച്ചെയ്തു. ''മാതാവേ, കുട്ടി മതിയാവോളം കുടിക്കുകയും മുനി ഹോമത്തിനുവേണ്ടത് കറന്നെടുക്കുകയും ചെയ്തശേഷം അവശേഷിക്കുന്നത് ഗുരുവിൻെറ അനുവാദത്തോടെ

അനുഭവിക്കാനാണ് ഞാൻ ആശിക്കുന്നത്.'' എന്ന് ദിലീപൻ പറഞ്ഞപ്പോഠം, നന്ദിനി അദ്ദേഹത്തിൽ പൂർവ്വാധികം പ്രീതയായി. ദിലീപനാൽ അനുഗതയായി അവഠം ആശ്രമത്തിലേക്ക് തിരിച്ചു.

രാകാശശാങ്കനെപ്പോലെ ശോഭിക്കുന്ന രാജാവിൻെറ വദനം നന്ദിനി പ്രസാദിച്ചിരിക്കുന്നുവെന്ന വാർത്ത മഹർഷിയെ അറിയിച്ചു. ആത്മനാഥനിൽക്കണ്ട ആനന്ദവായ്പിൽനിന്ന് ഏതാണ്ടൊക്കെ ഊഹിച്ചറിഞ്ഞിരുന്ന സുദക്ഷിണയോട് രാജാവ് നടന്നതെല്ലാം പിന്നീട് വിസ്തരിച്ച് പറയുകയും ചെയ്തു. വത്സനും ഹോമാഗ്നിയും മതിയാവോളം പാനം ചെയ്തതിൽ പിന്നെ അവശേഷിച്ച നന്ദിനീദുഗ്ദ്ധം ഗുരുവിൻെറ അനുവാദത്തോടെ ദിലീപൻ സകൗതുകം നുകർന്നു.

പിറ്റേന്ന് പുലർച്ചയ്ക്ക് വ്രതാവസാനത്തിലുള്ള പാരണയ്ക്കുശേഷം വസിഷ്ഠമഹർഷി രാജദമ്പതിമാരെ ആശീർവദിച്ച് അരമനയിലേക്കു തിരിച്ചുപോകാൻ അവർക്ക് അനുജ്ഞയരുളി. ജ്വലിക്കുന്ന ഹോമാഗ്നിയെയും അരുന്ധതീവസിഷ്ഠൻമാരെയും സവത്സയായ നന്ദിനിയെയും പ്രദക്ഷിണം ചെയ്തിട്ട് സുദക്ഷിണാദിലീപൻമാർ രാജധാനിയലേക്ക് മടങ്ങി.

വ്രതാചരണംകൊണ്ട് കൃശനായിത്തീർന്നിരുന്ന രാജാവിനെ ബാലചന്ദ്രനെയെന്നപോലെ പ്രജകഠം വർദ്ധിച്ച കൗതുകത്തോടെ നിരീക്ഷിച്ചു. ഇന്ദ്രനെപ്പോലെ ഐശ്വര്യത്തോടുകൂടി അദ്ദേഹം വീണ്ടും രാജധാനിയിൽ വാണു. ഏതാനും ദിവസങ്ങഠംക്കുള്ളിൽ സുദക്ഷിണ ഗർഭം ധരിച്ചു. ആ ഗർഭത്തിൽ ജനിച്ച പുത്രനാണ് പിന്നീട് കുലകൂടസ്ഥനായിത്തീർന്ന രഘു. ശ്രീരാമദേവൻപോലും താൻ രാഘവനാണെന്ന് അഭിമാനിക്കുമാറ് അത്രയേറെ പ്രതാപശാലിയും ധർമ്മിഷ്ഠനുമായിരുന്നു നന്ദിനിയുടെ അനുഗ്രഹത്താൽ ഉളവായ ആ ദിലീപപുത്രൻ.

പദങ്ങഠം

ധർമ്മപത്നി, ആനുരൂപ്യം, തപോനിധി, ധേനു, നിമിത്തജ്ഞൻ, വത്സൻ, ആശ്രമദ്വാരം, വന്യവൃത്തി, അനുയാത്ര, പുത്രവാൻ, അശിക്കുക, സന്നിഷ്കർഷം, ആത്മനാഥൻ, ബ്രാഹ്മമുഹൂർത്തം, അവിലോപം, അഭൗമം, ഗഹ്വരം, പഞ്ചാസ്യൻ, ധവളധവളം, ദേവദാരു, കുംഭം, കുമാരൻ, ക്ഷുൽപീഡിതൻ, പ്രഭാവം, പ്രതിവചിക്കുക, അന്തർഗ്ഗതം, നിയുക്തൻ, പാരണ, ദംഷ്ട്ര, വിഘാതം, പ്രതിശബ്ദം, ഭയചകിത, യശശ്ശരീരം, ഭൗതികശരീരം, അമൃതമധുരം, ഹിംസ്രമൃഗം, രാകാശശാങ്കൻ, ദുഗ്ദ്ധം, കുലകൂടസ്ഥൻ.

## അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:
സന്നിഷ്കർഷം, ആത്മനാഥൻ, അഭൗമം, ധവളധവളം, ക്ഷുൽപീഡിതൻ, പ്രഭാവം, പ്രതിവചിക്കുക, അന്തർഗ്ഗതം, നിയുക്തൻ, പാരണ, വിഘാതം, പ്രതിശബ്ദം, ഭയചകിതം, അമൃതമധുരം, ഹിംസ്രമൃഗം, കുലകൂടസ്ഥൻ, ശിരസാവഹിക്കുക, അനുയാത്ര.

(b) ഓരോന്നിനും മൂന്നു പര്യായങ്ങൾ പറയുക:
സിംഹം, പത്നി, പശു, ഗുഹ, വൃക്ഷം, അമൃത്, ചന്ദ്രൻ, പാൽ.

(c) വിഗ്രഹാർത്ഥമെഴുതി സമാസം പറയുക:
തപോനിധി, ബ്രാഹ്മമുഹൂർത്തം, ക്ഷുൽപീഡിതൻ, സൃഷ്ടിസ്ഥിതിസംഹാരങ്ങൾ, ഭയചകിതൻ, യശശ്ശരീരം, അമൃതമധുരം, ഭാര്യാസമേതൻ, പുഷ്പചന്ദനാദികൾ, കൈലാസശൈലം, ബാലതരു, വ്യാകുലചിത്തൻ, അരുന്ധതീവസിഷ്ഠന്മാർ.

(d) വിപരീതപദം എഴുതുക:
അവിലോപം, അഭൗമം

(e) പിരിച്ചെഴുതുക:
സമസ്തൈശ്വര്യം, ബാലേന്ദു.

II. (a) താഴെ ചേർക്കുന്ന പദങ്ങൾ ഏതു നാമത്തിൽനിന്ന് അല്ലെങ്കിൽ ഏതു നാമവിശേഷണത്തിൽനിന്ന് രൂപംകൊള്ളുന്നു:
ആനുരൂപ്യം, വന്യം, വൈക്ലബ്യം, സ്നിഗ്ദ്ധത, നശ്വരത, നൈരാശ്യം, പാരുഷ്യം, വാർദ്ധക്യം.

(b) ക്രിയാനാമരൂപങ്ങൾ എഴുതുക:
(ഉദാഹരണം——അനുഗമിക്കുക, അനുഗമനം)
രക്ഷിക്കുക, ആചരിക്കുക, ശയിക്കുക, അശിക്കുക, സമീപിക്കുക, ശമിക്കുക, നിരസിക്കുക, അർപ്പിക്കുക.

(c) താഴെചേർക്കുന്ന നാമപദങ്ങൾ ഏതേതു ക്രിയകളിൽനിന്നാണ് ഉണ്ടാകുന്നത്:
ഉപചാരം, സ്വീകരണം, പരീക്ഷണം, സ്തംഭനം, ദർശനം, ദംഷ്ട്ര, ദൃശ്യം, അഭിനയം, പ്രവർത്തനം, വികാസം, ആകർഷണം.

III. (1) ദിലീപന് സന്താനമുണ്ടാകാൻ വസിഷ്ഠൻ വിധിച്ച വ്രതം എന്തായിരുന്നു?

(2) സുദക്ഷിണ സഹധർമ്മിണിയുടെ കർത്തവ്യം എങ്ങനെ നിർവ്വഹിച്ചു.

(3) ദിലീപൻ നന്ദിനിയെ കൈവെടിഞ്ഞ് ആത്മരക്ഷ ചെയ്യണം എന്ന് സമർത്ഥിക്കാൻ സിംഹം ഉന്നയിക്കുന്ന വാദങ്ങൾ ഏവ? അവ ഓരോന്നിനേയും ദിലീപൻ എങ്ങനെ ഖണ്ഡിക്കുന്നു?

(4) നന്ദിനി ദിലീപനെ എങ്ങനെയെല്ലാം പരീക്ഷിച്ചു?

(5) രഘുവിന്റെ മഹത്ത്വം ഏതു വസ്തുതയിൽനിന്നു ഗ്രഹിക്കാം?

പാഠം 13

# ഇന്ത്യയിലെ ജനസംഖ്യാപ്രശ്നം

ഐക്യരാഷ്ട്രസംഘടനയുടെ ആഹ്വാനമനുസരിച്ച് 1974 ജനുവരിമുതൽ ഡിസംബർവരെയുള്ള കാലം ലോകജനസംഖ്യാവർഷമായി എല്ലാ രാജ്യങ്ങളും ആചരിക്കുകയുണ്ടായി എന്ന വസ്തുത നിങ്ങൾ അറിഞ്ഞിരിക്കും. ജനപ്പെരുപ്പത്തിൻെറ ഭീഷണിയെക്കുറിച്ചുള്ള ബോധം എല്ലാ ജനങ്ങളിലും ജനിപ്പിക്കുക എന്നതായിരുന്നു ഈ വർഷാചരണത്തിൻെറ മുഖ്യമായ ലക്ഷ്യം. അതിനുവേണ്ടി വിപുലമായ പരിപാടികൾ ഓരോ രാജ്യത്തും നടത്തപ്പെട്ടു. അതിനുംപുറമേ 1974 ആഗസ്റ്റ് 19 മുതൽ 30 വരെ കിഴക്കൻ യൂറോപ്പിലെ റൊമാനിയാരാജ്യത്തിൻെറ തലസ്ഥാനമായ ബുക്കാറസ്റ്റു നഗരത്തിൽ 135 രാജ്യങ്ങളുടെ ഔദ്യോഗിക പ്രതിനിധികൾ പങ്കെടുത്ത വമ്പിച്ച ഒരു ലോകജനസംഖ്യാസമ്മേളനവും നടന്നു. കേന്ദ്രഗവൺമെൻറിലെ ആരോഗ്യവകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു പ്രതിനിധിസംഘത്തെയാണ് ഇന്ത്യ പ്രസ്തുതസമ്മേളനത്തിനു നിയോഗിച്ചത്. ജനപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രയാസങ്ങളെ നമ്മുടെ രാജ്യം എത്ര ഗൗരവപൂർവ്വം വീക്ഷിക്കുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഇതിൽ അദ്ഭുതത്തിന് അവകാശമില്ല. ഇപ്പോൾത്തന്നെ നമ്മുടെ ജനസംഖ്യ വളരെ വലുതാണ്. വടക്കെ അമേരിക്ക, തെക്കേ അമേരിക്ക, ആഫ്രിക്ക എന്നീ വലിയ ഭൂഖണ്ഡങ്ങളിൽപ്പോലും ഇന്ത്യയിലെ അത്ര ജനങ്ങളില്ല.

1971-ൽ ഇന്ത്യയിലെ ജനസംഖ്യ 547 മില്യൻ ആയിരുന്നു (54.7 കോടി, അല്ലെങ്കിൽ 5470 ലക്ഷം). അക്കൊല്ലം ലോകജനസംഖ്യ 3690 മില്യൻ ആയിരുന്നു എന്നും കാണുന്നു. ഇതൊക്കെ വമ്പിച്ച സംഖ്യകളാണ്. അവയുടെ വലിപ്പത്തെ പറ്റി വളരെനേരം ആലോചിച്ചാൽ മാത്രമേ നമുക്ക് പിടികിട്ടുകയുള്ളൂ.

ഇന്ത്യയെക്കാൾ കൂടുതൽ ജനങ്ങളുള്ള രാജ്യം ഒന്നേയുള്ളൂ— ചൈന. അവിടെ 1970-ൽ 750 മില്യൻ (75 കോടി അല്ലെങ്കിൽ 7500 ലക്ഷം) ജനങ്ങൾ ഉണ്ടായിരുന്നു എന്നാണ് കണക്കാക്കിയിരുന്നത്. ഇതു കേൾക്കുമ്പോൾ ഇന്ത്യയെക്കാൾ കൂടുതലായി ജനപ്പെരുപ്പത്തിൻെറ പ്രയാസങ്ങൾ അനുഭവിക്കുന്ന രാജ്യമാണ് ചൈന എന്നു തോന്നിയേക്കാം. അതു ശരിയല്ല. എന്തുകൊണ്ടെന്നാൽ ചൈനയ്ക്ക് ഇന്ത്യയുടെ മൂന്നര ഇരട്ടി

ഭൂവിസ്തൃതിയുണ്ട്. ഭൂമിയുടെമേൽ ജനങ്ങളുടെ ഞെരുക്കം ഇന്ത്യയിലാണ് കൂടുതൽ അനുഭവപ്പെടുന്നത് എന്ന് ചുരുക്കം.

ആധുനികകാലത്ത് ഭൂമിയിൽ മനുഷ്യരുടെ എണ്ണം എന്തെന്നില്ലാതെ വർദ്ധിച്ചിട്ടുണ്ട് എന്ന വസ്തുത എല്ലാവർക്കും അറിവുള്ളതാണ്. നമ്മുടെ ചുറ്റുമുള്ള സമൂഹത്തിൽ തന്നെ ഈ വർദ്ധന കാണുവാൻ സാധിക്കും. അതുമൂലമുള്ള പ്രയാസങ്ങളും നാം അനുഭവിക്കുന്നുണ്ട്. ആഹാരമില്ല, വസ്ത്രമില്ല, പാർപ്പിടമില്ല, തൊഴിലില്ല, കൃഷിചെയ്യാൻ ഭൂമിയില്ല, വിദ്യാഭ്യാസസൗകര്യങ്ങളില്ല എന്നിങ്ങനെയുള്ള പരാതികൾ നമ്മുടെ നാട്ടിൽ എവിടെയും കേൾക്കാം. സത്യത്തിൽ മുമ്പു ലഭ്യമായിരുന്ന ഈ സൗകര്യങ്ങൾ പെട്ടെന്ന് ഇല്ലാതാവുകയല്ല ചെയ്തിരിക്കുന്നത്. ഇവയെല്ലാംതന്നെ അൻപതോ നൂറോ കൊല്ലം മുമ്പുണ്ടായിരുന്ന നിലയിൽനിന്ന് വളരെയധികം വർദ്ധിച്ചിട്ടുമുണ്ട്. എന്നിട്ടും ഇല്ല, ഇല്ല എന്ന പരാതി കേൾക്കുന്നതിൻെറ യഥാർത്ഥ കാരണം ആവശ്യക്കാരുടെ എണ്ണം അതിലും കൂടുതൽ വർദ്ധിച്ചതാണ്.


ഈ വർദ്ധനയുടെ സ്വഭാവമെന്തെന്ന് നമുക്ക് മനസ്സിലാക്കുവാൻ ശ്രമിക്കാം. ഇന്നത്തെ സ്ത്രീകൾ പണ്ടുള്ളവരെക്കാൾ കൂടുതൽ പ്രസവിക്കുന്നു എന്നതല്ല അതിൻെറ കാരണം. വാസ്തവത്തിൽ ആധുനികകാലത്ത് ഓരോ സ്ത്രീയുടേയും പ്രസവത്തിൻെറ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ എട്ടും പത്തും മക്കളുള്ള അമ്മമാർ ധാരാളം ഉണ്ടായിരുന്നു. ഇന്ന് അങ്ങനെയുള്ളവർ അപൂർവ്വമാണ്. രണ്ടുംമൂന്നും കുട്ടികൾമാത്രമുള്ള കുടുംബങ്ങളാണ് നാം അധികമായും കാണുന്നത്. ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ജനനനിരക്ക് എന്നൊരു സങ്കൽപ്പം ശാസ്ത്രജ്ഞന്മാർ സ്വീകരിക്കാറുണ്ട്. ആകെയുള്ള ജനസംഖ്യയിൽ ഒരുവർഷത്തിൽ ആയിരം ആളുകൾക്കിടയിൽ ശരാശരി എത്ര കുട്ടികൾ ജനിക്കുന്നു എന്ന കണക്കാണിത്. ഇന്ത്യയിലെ കഥയെടുത്താൽ 1921-ൽ ആയിരത്തിന് 49 എന്നതായിരുന്നു ജനനനിരക്ക്. ഇത് 1971-ൽ ആയിരത്തിന് 39 എന്ന നിലയിലേക്ക് കുറഞ്ഞു എന്നാണ് കാനേഷുമാരി കണക്കുകൾ തെളിയിക്കുന്നത്. അപ്പോൾ ജനനനിരക്ക് വർദ്ധിച്ചതല്ല ജനപ്പെരുപ്പത്തിൻെറ കാരണം എന്നു സ്പഷ്ടം. ഈ 50 വർഷത്തിനിടയ്ക്ക് ഇന്ത്യയിലെ ജനസംഖ്യ വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യക്ഷമായ വസ്തുതയാണ്. അന്നത്തെ ഇന്ത്യയിൽ പാകിസ്ഥാനും ബംഗ്ലാദേശും ഉൾപ്പെട്ടിരിന്നു എന്ന് അറിയാമല്ലോ. ആ പ്രദേശങ്ങളെ ഒഴിച്ചുനോക്കിയാൽ 1921-ൽ

ഇന്ത്യയിലെ ജനസംഖ്യ 25.1 കോടിയായിരുന്നു. ഇത് 1971-ൽ 54.7 കോടിയായി വർദ്ധിച്ചു.

ജനനനിരക്ക് കുറയുകയാണ് ചെയ്തതെങ്കിലും ആകെയുള്ള ജനസംഖ്യ 50 വർഷംകൊണ്ട് ഇരട്ടിയിലധികം വർദ്ധിച്ചതിൻെറ രഹസ്യം മനസ്സിലാക്കുന്നതിന് മറ്റൊരുവസ്തുത കൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. വിപരീത രീതിയിലാണെങ്കിലും ജനനത്തെപ്പോലെതന്നെ സാമൂഹ്യജീവിതത്തെ ബാധിക്കുന്ന ഒരു വസ്തുതയാണ് മരണം. ജനനംമൂലം മുമ്പ് ഇല്ലായിരുന്ന ആളുകൾ ഉണ്ടാകുന്നു. മരണം മുമ്പ് ഉണ്ടായിരുന്നവരെ ഇല്ലാതാക്കുന്നു. അപ്പോൾ ജനസംഖ്യയെപ്പറ്റിയുള്ള വിചിന്തനത്തിൽ ജനനനിരക്കെന്നപോലെ മരണനിരക്കും പരിഗണിക്കേണ്ടത് ആവശ്യമാണ്. ഒരു വർഷത്തിനിടയ്ക്ക് ആയിരത്തിന് എത്രഎന്ന തോതിൽതന്നെയാണ് മരണനിരക്കും കണക്കാക്കുന്നത്. അതു പരിശോധിച്ചാൽ ആർക്കും അദ്ഭുതം തോന്നും. 1921-ൽ ഇന്ത്യയിലെ മരണനിരക്ക് ആയിരത്തിന് 48 ആയിരുന്നു. പക്ഷേ 1971-ൽ അത് ആയിരത്തിന് 14 ആയി കുറഞ്ഞു. ഇതിൻെറ അർത്ഥം കുഞ്ചൻനമ്പ്യാർ വർണ്ണിച്ചതുപോലെ കാലനില്ലാത്ത കാലം വരുന്നു എന്നല്ല. ഇന്നും ജനിച്ചവരൊക്കെ മരിക്കുന്നുണ്ട്. പക്ഷേ അതെല്ലാം പ്രായപൂർത്തിയെ പ്രാപിച്ചശേഷം വാർദ്ധക്യസഹജമായ കാരണങ്ങളാൽ സംഭവിക്കുന്ന മരണമാണ്. ദുർമരണങ്ങളും അകാലമരണങ്ങളുമാണ് പ്രകടമായതോതിൽ കുറഞ്ഞിരിക്കുന്നത്. വൈദ്യശാസ്ത്രത്തിൻെറയും ആരോഗ്യരക്ഷാപരിപാടികളുടെയും പുരോഗതിയാണ് ഇതിൻെറ കാരണം. 50 വർഷംമുമ്പ് ഇന്ത്യയിൽ ലക്ഷക്കണക്കിന് ദുർമരണങ്ങൾക്ക് ഇടയാക്കിയിരുന്ന പല രോഗങ്ങളും ഇന്ന് നിയന്ത്രണാധീനമായിരിക്കുകയാണ്. മലമ്പനി, പ്ലേഗ്, വിഷൂചിക, സന്നിപാതജ്വരം, മസൂരി മുതലായ മഹാരോഗങ്ങളെല്ലാം ഏറക്കുറെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നുതന്നെ പറയാം. മലമ്പനിയാണ് ജനങ്ങളുടെ ഇടയ്ക്ക് ഏറ്റവുമധികം നാശം ചെയ്തിരുന്നത്. അതെല്ലാം ഇന്ന് പഴങ്കഥകളായിരിക്കുന്നു. പ്ലേഗിനെപ്പറ്റി കേൾക്കാനേയില്ല.

സാംക്രമിക രോഗങ്ങളിലും ദുർമരണങ്ങളിലുംനിന്നുണ്ടായ ഈ വിമോചനം നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് വലിയ അനുഗ്രഹമാണെന്നുള്ളതിൽ തർക്കമില്ല. ആയുർഭീതിയില്ലാതെ ജീവിക്കാം എന്ന സ്ഥിതി കൈവന്നിരിക്കുന്നു. പക്ഷേ ഈ സ്ഥിതിവിശേഷം തന്നെയാണ് ജനപ്പെരുപ്പം എന്ന മഹാസങ്കടത്തേയും വരുത്തിവച്ചിരിക്കുന്നത്. മരണനിരക്ക് സാരമായി

കുറയുകയും ജനനനിരക്ക് അത്രത്തോളം കുറയാതിരിക്കുകയും ചെയ്തപ്പോഠം ജനസംഖ്യ വർദ്ധിച്ചു. ഈ വർദ്ധന ചിത്ര രൂപത്തിൽ താഴെ കാണിക്കാം.




ഇന്ത്യയിലെ ജനനമരണ നിരക്കുകഠം

1921 മുതൽ 1971 വരെയുള്ള ജനനമരണനിരക്കുകളുടെ ഗതിയാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. 1921-ൽ ഇവയ്ക്കുതമ്മിലുള്ള വ്യത്യാസം 1 മാത്രമായിരുന്നു. അതായത്, ആയിരം ആളുകളുള്ള ഒരു സമൂഹം ഒരു വർഷം കഴിയുമ്പോഠം 1001 പേരുള്ള സമൂഹമാകും. ഇതു നിസ്സാരമായ വർദ്ധനയാണ്—ആയിരത്തിന് ഒന്നുവീതം. എന്നാൽ 1971-ൽ ജനനമരണനിരക്കുകഠംക്കു തമ്മിലുള്ള വ്യത്യാസം 25 ആയി. ജനസംഖ്യ പ്രതിവർഷം ആയിരത്തിന് 25 വീതം വർദ്ധിക്കുന്ന നിലയിലെത്തി എന്നു ചുരുക്കം. ഇതു വലിയ വർദ്ധനയാണ്. ഈ നിരക്കിൽ വർദ്ധിച്ചുകൊണ്ടിരുന്നാൽ ആയിരം രണ്ടായിരമാകുന്നതിന് 28 വർഷം മതി. 1971 മുതൽ 28 വർഷം കഴിയുമ്പോഠം—1999-ൽ—ഇന്ത്യയിൽ $54.7 \times 2 = 109.4$ കോടി ജനങ്ങഠം ഉണ്ടാകും എന്നർത്ഥം.

ഇതാണ് നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന ഭയാനകമായ ജനസംഖ്യാപ്രശ്നം. ആളുകളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് അവരുടെ ആവശ്യങ്ങഠം സാധിക്കുന്നതിനുവേണ്ട വിഭവങ്ങഠം ഉൽപ്പാദിപ്പിക്കുവാൻ ഇപ്പോഠംത്തന്നെ നമുക്ക് കഴിയുന്നില്ല. അപ്പോഠം അവരുടെ എണ്ണം ഇരട്ടിയാകുമ്പോഴുള്ള പ്രയാസവും കഷ്ടപ്പാടുകളും ആലോചിച്ചു നോക്കുക.

പദങ്ങൾ

ഭൂവിസ്തൃതി, കാനേഷുമാരി, വിചിന്തനം, വാർദ്ധക്യസഹജം, നിർമ്മാർജ്ജനം, അഭിമുഖീകരിക്കുക.

## അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:

ആഹ്വാനം, വിചിന്തനം, നിർമ്മാർജ്ജനം, അഭിമുഖീകരിക്കുക, ഭൂവിസ്തൃതി, വാർദ്ധക്യസഹജം.

(b) വാർദ്ധക്യസഹജം—ഇതുപോലെ 'സഹജ' ശബ്ദം ചേർത്തുകൊണ്ട് വേറെ പദങ്ങൾ ഉണ്ടാക്കുക.

II. അംഗാംഗിവാക്യങ്ങളായി പിരിക്കുക:

1. ഇതു കേൾക്കുമ്പോൾ ഇന്ത്യയെക്കാൾ കൂടുതലായി ജനപ്പെരുപ്പമുള്ള രാജ്യമാണ് ചൈന എന്നു തോന്നിയേക്കാം.
1. ആധുനികകാലത്ത് ഭൂമിയിൽ മനുഷ്യരുടെ എണ്ണം വല്ലാതെ വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത എല്ലാവർക്കും അറിവുള്ളതാണ്.
3. ഈ 50 വർഷത്തിനിടയിൽ ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യക്ഷമായ വസ്തുതയാണ്.
4. ഇതിൻെറ അർത്ഥം കുഞ്ചൻനമ്പ്യാർ വർണ്ണിച്ചപോലെ കാലനില്ലാത്ത കാലം വരുന്നു എന്നല്ല.
5. സാംക്രമികരോഗങ്ങളിലും ദുർമരണങ്ങളിലും നിന്നുണ്ടായ ഈ വിമോചനം നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് വലിയ അനുഗ്രഹമാണെന്നുള്ളതിന് തർക്കമില്ല.

III. (1) ഇന്ത്യയെ അഭിമുഖീകരിക്കുന്ന ഏറ്റവും ഭയാനകമായ പ്രശ്നം ഏത്?

(2) ജനപ്പെരുപ്പത്തിൻെറ കെടുതികൾ ഇന്ത്യയിലുള്ളത്ര ആ രാജ്യത്തിൽ അനുഭവപ്പെടാതിരിക്കാൻ എന്താണ് കാരണം?

(3) 1921 മുതൽ 50 കൊല്ലംകൊണ്ട് ഇന്ത്യയിലെ ജനനനിരക്ക് എത്രയിൽനിന്ന് എത്രയായി കുറഞ്ഞു?

(4) ജനനനിരക്ക് കുറഞ്ഞിട്ടും ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ ജനസംഖ്യ വർദ്ധിക്കാൻ കാരണമെന്ത്? എത്രയിൽനിന്ന് എത്രയായി വർദ്ധിച്ചു?

(5) മരണനിരക്കു കുറയാൻ കാരണം എന്ത് ?

(6) ഇന്നത്തെ നില തുടർന്നുപോയാൽ 1999—ൽ ഇന്ത്യയിലെ ജനസംഖ്യ എത്രയായിരിക്കും? ഇപ്പോഴുള്ളതിൻെറ എത്രപങ്ക്?

(7) ജനപ്പെരുപ്പം കൊണ്ടുണ്ടാകുന്ന വിഷമപ്രശ്നങ്ങൾ ഏവ?

(8) ഈ ദുഃസ്ഥിതിക്ക് എന്താണ് പരിഹാരം?

പാഠം 14

# അദ്ഭുതരശ്മികൾ

''ഓടിക്കളിച്ചുകൊണ്ടിരിക്കുമ്പോഠം കുട്ടി താഴെ വീണു കാലൊടിഞ്ഞു. ഉടനെ ആസ്പത്രിയിലേക്കു കൊണ്ടുപോയി എക്സ്-റേ എടുത്തു. എല്ലിനു സാരമായ കേടു പറ്റിയിട്ടുണ്ട്. കുറച്ചു ദിവസത്തെ ചികിത്സ വേണ്ടിവരും''; ''ക്ഷയരോഗ ബാധിതനായ ആളുടെ ശ്വാസകോശത്തിന്റെ എക്സ്-റേ എടുത്തു'' ''രോഗം എന്താണെന്നു നിർണ്ണയിക്കണമെങ്കിൽ എക്സ്-റേ എടുത്തേ തീരൂ എന്നാണ് ഡോക്ടർ പറഞ്ഞത്''. ഇങ്ങനെ എക്സ്-റേയെക്കുറിച്ച് പല സന്ദർഭങ്ങളിലും നിങ്ങഠം പറഞ്ഞുകേട്ടിരിക്കും. വൈദ്യശാസ്ത്രത്തിൽ എക്സ്-റേക്ക് ഇന്നു വലിയ പ്രാധാന്യം കൈവന്നിരിക്കുന്നു. അതിനെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ കുറയും. അതെന്താണെന്ന് സൂക്ഷ്മമായി ഗ്രഹിച്ചിട്ടുള്ളവരും കുറയും.

എക്സ്-റേ ഒരു പ്രത്യേകതരം രശ്മിയാണ്. നമ്മുടെ നഗ്നനേത്രംകൊണ്ട് അതിനെ കാണുക സാധ്യമല്ല. മനുഷ്യ നേത്രങ്ങഠംക്ക് ഗോചരങ്ങളല്ലാത്ത രശ്മികഠം വേറെയും പലതുണ്ട്. തരംഗദൈർഘ്യം വളരെ കൂടിയോ കുറഞ്ഞോ ഉള്ള രശ്മികളൊന്നും നമുക്കു കാണാവുന്നതല്ല.

1895-ൽ കേവലം യാദൃച്ഛികമായിട്ടാണ് എക്സ്-റേ കണ്ടുപിടിക്കപ്പെട്ടത്. ജർമ്മനിയിൽ വിൽഹെം കോൺറാഡ് റോൺട്ജൻ വായുരഹിതമായ ഒരു സ്ഫടികക്കുഴലിൽക്കൂടി വിദ്യുച്ഛക്തി പ്രവഹിപ്പിച്ചുകൊണ്ട് ചില പരീക്ഷണങ്ങഠം നടത്തുകയായിരുന്നു. ഒരു ഇരുട്ടു മുറിയിൽവെച്ചാണ് പരീക്ഷണം നടത്തിയിരുന്നത്. അൽപ്പം അകലെയുണ്ടായിരുന്ന ഒരു പ്രത്യേകതരം സ്ക്രീൻ (ഫ്ളൂറോസെൻറ് സ്ക്രീൻ) പ്രകാശമാനമാകുന്നത് അദ്ദേഹം കണ്ടു. ബേരിയം-പ്ലാറ്റിനോ-സയനൈഡ് (Barium platino Cyanide) എന്ന രാസവസ്തു പൂശിയ ഒരു കടലാസായിരുന്നു ആ സ്ക്രീൻ. കണ്ണുകൊണ്ടു കാണാൻ കഴിയാത്ത രശ്മികഠം പതിക്കുമ്പോഠം പ്രകാശമാനമാകുന്ന സ്വഭാവവിശേഷത്തോടുകൂടിയ ചില രാസവസ്തുക്കളുണ്ട്. അവയിലൊന്നാണ് മേൽപ്പറഞ്ഞത്. സ്ക്രീനിൽ ദീപ്തി പരന്നുകണ്ടപ്പോഠം റോൺട്ജൻ അനുമാനിച്ചു: കുഴലിൽനിന്നു ദൃഷ്ടിഗോചരമല്ലാത്ത ഏതോ വെളിച്ചം വരുന്നുണ്ട്. കൈപ്പടം കുഴലിനുനേരേ പിടിച്ചു. എന്തൊരദ്ഭുതം ! അതിലെ എല്ലുകളുടെ മാത്രം ഛായ സ്ക്രീനിൽ

പതിഞ്ഞുകണ്ടു. റോൺട്ഗ്ജൻ ഒരു നടുക്കത്തോടെ പെട്ടെന്ന് ആ വെളിച്ചത്തിൻെറ മാർഗ്ഗത്തിൽനിന്ന് കൈപ്പടം മാറ്റി. ആശ്വാസമായി ! കേടൊന്നും പറ്റിയിട്ടില്ല.

തണ്ട്മാംസങ്ങളെ കടന്നുപോകാൻ കഴിയും ഈ പുതിയ രശ്മിക്കെന്ന് വ്യക്തമായി. റോൺട്ഗ്ജൻ പിന്നെയും പരീക്ഷണം തുടർന്നു. ലോഹനിർമ്മിതമായ തൂക്കക്കട്ടികൾ അടക്കം ചെയ്തിരുന്ന ഒരു മരപ്പെട്ടിയിൽക്കൂടി പ്രസ്തുത രശ്മികൾ കടത്തിവിട്ടു. സ്ക്രീനിൽ ലോഹക്കട്ടികളുടെ മാത്രം ഛായ അതാ കാണുന്നു. ഒരു പുസ്തകത്തിൻമേൽ രശ്മി പതിച്ചപ്പോൾ അതിനുള്ളിലുണ്ടായിരുന്ന നാണ്യത്തിൻെറ ഛായ സ്ക്രീനിൽ കാണുമാറായി. തീർച്ചയായി, സാധാരണ പ്രകാശത്തിനു കടന്നുപോകാൻ കഴിയാത്ത പദാർത്ഥങ്ങളിലൂടെ തുളച്ചു കടക്കാൻ കഴിവുള്ളതാണ് ഈ പുതിയ രശ്മി. അദ്ദേഹം അതിന് എക്സ്-റേ എന്നു പേർകൊടുത്തു. ഈ നൂതനോപജ്ഞ അദ്ദേഹത്തെ നോബൽ സമ്മാനത്തിന് അർഹനാക്കി.

ഏതു പദാർത്ഥത്തിലൂടെയും എക്സ്-റേ കുറെയൊക്കെ കടന്നുപോകും. സാധാരണ പ്രകാശത്തിനു സുതാര്യമല്ലാത്ത വസ്തുക്കൾ എക്സ്-റേക്കു പ്രതിബന്ധമാവുകയില്ല. എങ്കിലും അവയെ കടന്നുപോകുമ്പോൾ രശ്മിക്ക് ശക്തിക്ഷയം നേരിടും. ഈ ശക്തിക്ഷയം ഓരോ പദാർത്ഥത്തിൽ ഓരോ തോതിലാണ് ഉണ്ടാവുന്നത്. ഇരുമ്പിൽ മരത്തിനെക്കാൾ കൂടുതൽ ശക്തിക്ഷയം നേരിടുന്നു. അതുപോലെ നേരിയ ലോഹത്തകിടിനെക്കാൾ കട്ടികൂടിയ ലോഹത്തകിട് കൂടുതൽ ശക്തിക്ഷയമുണ്ടാക്കും. തണ്ട്മാംസങ്ങളിലൂടെ എക്സ്-റേ കടന്നുപോകുന്നുവെങ്കിലും എല്ലുകൾ അതിന് അത്ര സുതാര്യമല്ല. അതുകൊണ്ടാണ് സ്ക്രീനിൽ എല്ലുകളുടെ മാത്രം ഛായ പതിപ്പിക്കാൻ അതിനുകഴിയുന്നത്. എല്ലുകളുടെ മാത്രമല്ല ശ്വാസകോശാദികളായ പല ആന്തരാവയവങ്ങളുടെയും ഛായ എക്സ്-റേ ഉപയോഗിച്ചെടുക്കാം. അങ്ങനെ അവയ്ക്കുപറ്റിയ കേടുപാടുകൾ ശസ്ത്രക്രിയ കൂടാതെതന്നെ മനസ്സിലാക്കുകയും ചെയ്യാം. ഇതു ശസ്ത്രക്രിയ നടത്തുന്നതിന് വളരെ സഹായകമായിത്തീർന്നു. എക്സ്-റേ കണ്ടുപിടിച്ച് മൂന്നുമാസത്തിനുള്ളിൽത്തന്നെ വിയന്നയിലെ ഒരാസ്പത്രിയിൽ ശസ്ത്രക്രിയയ്ക്ക് അതിൻെറ സഹായം പ്രയോജനപ്പെടുത്തുകയുണ്ടായി. ഈ രശ്മികളുപയോഗിച്ച് രോഗബാധിതങ്ങളായ കോശങ്ങളെ കരിച്ചു കളയാവുന്നതിനാൽ അർബുദരോഗചികിത്സയിലും

ഇതിന് മാന്യമായ സ്ഥാനമുണ്ട്. എക്സ്-റേ ഏൽപ്പിച്ച് പല ത്വഗ്രോഗങ്ങളും ശമിപ്പിക്കാം.

ചികിത്സയിൽ മാത്രമല്ല വൈയവസായികരംഗത്തും എക്സ്-റേ കൊണ്ട് പല പ്രയോജനങ്ങളുമുണ്ട്. വസ്തുക്കളുടെ ആന്തരഘടന പരിശോധിച്ചറിയാൻ എക്സ്-റേ ഉപയോഗിക്കുന്നു. വാർത്തെടുക്കുന്ന ഒരു യന്ത്രഭാഗത്തിൻെറ അകത്ത് വല്ല കേടുമുണ്ടെങ്കിൽ എക്സ്-റേ കൊണ്ട് എളുപ്പത്തിൽ കണ്ടുപിടിക്കാം. ആധുനികശാസ്ത്രം മനുഷ്യനു സംഭാവനചെയ്ത അദ്ഭുതകരമായ ഒരു കണ്ണാണ് എക്സ്-റേ എന്നുതന്നെ പറയാം.

എക്സ്-റേ കണ്ടുപിടിച്ചിട്ട് മൂന്നു കൊല്ലമായപ്പോഴേക്കും റേഡിയം കണ്ടുപിടിച്ചു. യൂറേനിയം കലർന്ന വസ്തുക്കളിൽ നിന്ന് ഒരുതരം രശ്മിപ്രസരം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് നിങ്ങൾ ആറാം പാഠപുസ്തകത്തിൽ അമൂല്യലോഹങ്ങൾ എന്ന പാഠത്തിൽ പഠിച്ചതോർക്കുന്നില്ലേ? യൂറേനിയം ഉദ്വമിക്കുന്ന രശ്മികൾക്ക് എക്സ്-റേയെപ്പോലെ പല സാധാരണ പദാർത്ഥങ്ങളെയും തുളച്ചുപോകാൻ കഴിയുമെന്ന് ശാസ്ത്രജ്ഞൻമാർ മനസ്സിലാക്കി. മേരിക്യൂറിയും അവരുടെ ഭർത്താവ് പിയറിക്യൂറിയും ഈ രശ്മികളെക്കുറിച്ച് സനിഷ്കർഷം പഠിച്ചു. അതിൻെറ ഫലമായി ഏതാനും പുതിയ മൂലകങ്ങൾ അവർ കണ്ടുപിടിച്ചു. അവയിലൊന്നാണ് റേഡിയം. യൂറേനിയത്തെക്കാൾ അനേകലക്ഷം മടങ്ങ് രശ്മിപ്രസരണശക്തിയുള്ളതാണ് റേഡിയം എന്നു തെളിഞ്ഞു. രശ്മിപ്രസരണശക്തിയുള്ള പദാർത്ഥങ്ങളെ റേഡിയോ ആക്റ്റീവ് എന്നു വിശേഷിപ്പിക്കുന്നു. റേഡിയോവുമായി അതിനൊരു ബന്ധവുമില്ലെന്ന് ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ.

ഈ രശ്മിപ്രസരണം എങ്ങനെ സംഭവിക്കുന്നു എന്നറിവാനായി ശാസ്ത്രത്തിൻെറ അടുത്ത പരിശ്രമം. റഥർഫോർഡ് എന്ന ശാസ്ത്രജ്ഞൻ ഈ പ്രസരണത്തിൽ മൂന്നുതരം രശ്മികൾ അടങ്ങിയിട്ടുണ്ടെന്നു കണ്ടുപിടിച്ചു. ആദ്യത്തേതിന് ആൽഫ എന്നും രണ്ടാമത്തേതിന് ബീറ്റ എന്നും മൂന്നാമത്തേതിന് ഗാമ എന്നും അദ്ദേഹം പേർ കൊടുത്തു. ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെ മൂന്നക്ഷരങ്ങളാണ് ആൽഫ, ബീറ്റാ, ഗാമ. ആൽഫാരശ്മിക്കു ശക്തി കൂടുമെങ്കിലും പ്രതിബന്ധങ്ങളെ തുളച്ചുകയറാനുള്ള കഴിവു കുറയും. ബീറ്റാരശ്മിക്കു ശക്തി കുറയുമെങ്കിലും തുളച്ചുകയറാനുള്ള കഴിവ് ആൽഫയെക്കാൾ എത്രയോ കൂടും. ഗാമയ്ക്കാണ് ഈ ശക്തി ഏറ്റവുമധികം. കട്ടികൂടിയ കരിങ്കൽച്ചുമരുകളെപ്പോലും അതു

തുളച്ചുകടക്കും. എക്സ്-റേയെക്കാൾ എത്രയോ കൂടുതലാണ് ഗാമയ്ക്ക് ഈ വിഷയത്തിലുള്ള കഴിവ്.

റഥർഫോർഡും അദ്ദേഹത്തിൻെറ സഹപ്രവർത്തകരും ഈ രശ്മികളുടെ പ്രത്യേകതകളെക്കുറിച്ചുള്ള ഗവേഷണത്തിൽ മുഴുകി. ആൽഫാരശ്മികളെയും ബീറ്റാരശ്മികളെയും വിദ്യുച്ഛക്തികൊണ്ടും കാന്തശക്തികൊണ്ടും അവയുടെ മാർഗ്ഗത്തിൽനിന്നു വക്രിപ്പിക്കാം എന്ന് അവർ അചിരേണ കണ്ടുപിടിച്ചു. ആൽഫയും ബീറ്റയും വിഭിന്നദിശകളിലേക്കാണ് വക്രിക്കുന്നത് എന്നും ഗാമാരശ്മികളെ ഇങ്ങനെ വക്രിപ്പിക്കാൻ സാധ്യമല്ലെന്നും പരീക്ഷണങ്ങളിൽനിന്നു വ്യക്തമായി. ആൽഫയും ബീറ്റയും വെളിച്ചത്തെപ്പോലെ ഊർജ്ജവിശേഷങ്ങളല്ലെന്നും സൂക്ഷ്മതമങ്ങളായ കണങ്ങളുടെ പ്രവാഹമാണെന്നും ഗാമ പ്രകാശരശ്മിതന്നെയാണെന്നും സിദ്ധമായി; എന്തെന്നാൽ പ്രകാശരശ്മികളെ വിദ്യുച്ഛക്തികൊണ്ടോ കാന്തശക്തികൊണ്ടോ വക്രിപ്പിക്കുക സാധ്യമല്ല. എക്സ്-റേയോട് സാദൃശ്യമുള്ളതാണ് ഗാമാരശ്മി. ഗാമ എത്രയോ ശക്തി കൂടിയതാണെന്നുമാത്രം ഭേദമുണ്ട്. അർബുദരോഗചികിത്സയിൽ എക്സ്-റേയ്ക്കെന്നപോലെ ഗാമാരശ്മികൾക്കും പ്രചാരം കൈവന്നിരിക്കുന്നു.

പരീക്ഷണശാലയിൽവച്ചുമാത്രമാണ് എക്സ്-റേ ഉണ്ടാകുന്നതെന്നു ധരിക്കേണ്ട. 1962-നുശേഷം നടന്ന ഗവേഷണങ്ങൾ അനന്തമായ വിശ്വത്തിൻെറ പലഭാഗത്തുനിന്നും എക്സ്-റേ പ്രസരണം നടക്കുന്നതായി തെളിയിച്ചിരിക്കുന്നു. ആ കേന്ദ്രങ്ങളിലൊന്നാണ് നമ്മുടെ താരാപഥം. എക്സ്-റേ പ്രസരിപ്പിക്കുന്ന താരാപഥങ്ങൾ വേറെയുമുണ്ട്. ഒമ്പതു നൂറ്റാണ്ടുമുമ്പു പൊലിഞ്ഞുപോയ ഒരു നക്ഷത്രത്തിൻെറ അവശിഷ്ടങ്ങളിൽനിന്ന് ഇപ്പോഴും എക്സ്-റേ പ്രസരണം നടന്നുകൊണ്ടിരിക്കുന്നു. സൂര്യൻ ഉദ്വമിക്കുന്ന ഊർജ്ജത്തെക്കാൾ ആയിരം മടങ്ങ് ഊർജ്ജം പ്രകൃതിയിലെ ഈ എക്സ്-റേ പ്രസരണങ്ങളിലൂടെ സംഭവിക്കുന്നതായി ശാസ്ത്രകാരൻമാർ കണ്ടെത്തിയിട്ടുണ്ട്. ഗാമാരശ്മികളെ ഉദ്വമിക്കുന്ന ഒരു താരാപഥം ഉണ്ടെന്ന് സോവിയറ്റ് ശാസ്ത്രജ്ഞൻമാരുടെ പഠനങ്ങൾ അടുത്തകാലത്ത് തെളിയിച്ചിട്ടുണ്ട്.

പദങ്ങൾ

തരംഗദൈർഘ്യം, യാദൃച്ഛികം, ബേരിയം, പ്ലാറ്റിനോ സയനൈഡ്, രാസവസ്തു, ദീപ്തി, തങ്മാംസങ്ങൾ, ഉപജ്ഞ, സുതാര്യം, അർബുദം, വൈയവസായികം, ആന്തരഘടന, മൂലകം, രശ്മിപ്രസരണശക്തി, റേഡിയോ ആക്റ്റീവ്, ദിശ, താരാപഥം.

## അഭ്യാസം

I. (a) വാക്യത്തിൽ ഉപയോഗിക്കുക:
രാസവസ്തു,* ദീപ്തി, ഉപജ്ഞ, സുതാര്യം, വൈയവസായികം, പ്രസരണം.

(b) പിരിച്ചെഴുതുക:
വിദ്യുച്ഛക്തി, ത്വങ്മാംസങ്ങൾ, ത്വഗ്രോഗം.

(c) ഏതു നാമത്തിൽനിന്ന് അല്ലെങ്കിൽ നാമവിശേഷണത്തിൽ നിന്ന് രൂപംകൊള്ളുന്നു?
ദൈർഘ്യം, വൈയവസായികം, യാദൃച്ഛികം,

II. (a) വാക്യവിനിമയം:
എക്സ്–റേ ഒരു പ്രത്യേകതരം രശ്മിയാണ്. നമ്മുടെ നഗ്നനേത്രം കൊണ്ട് അതിനെ കാണുക സാധ്യമല്ല. (രണ്ടു വാക്യവും ചേർത്ത് ഒരു സങ്കീർണ്ണകമാക്കുക.)

(2) കൈപ്പടം കുഴലിനു നേരെ പിടിച്ചു. എന്തൊരദ്ഭുതം അതിലെ എല്ലുകളുടെ മാത്രം ഛായ സ്ക്രീനിൽ പതിഞ്ഞു കണ്ടു. (രണ്ടു വാക്യവും ചേർത്ത് ഒരു സങ്കീർണ്ണകമാക്കുക.)

(3) ഒരു പുസ്തകത്തിൽ രശ്മി പതിപ്പിച്ചപ്പോൾ അതിനുള്ളിലുണ്ടായിരുന്ന നാണ്യത്തിൻെറ ഛായ സ്ക്രീനിൽ കാണുമാറായി. (രണ്ടു ചൂർണ്ണികയാക്കുക.)

(b) ചൂർണ്ണികയോ, സങ്കീർണ്ണകമോ, മഹാവാക്യമോ? എന്തുകൊണ്ട്?
(1) അതെന്താണെന്ന് സൂക്ഷ്മമായി ഗ്രഹിച്ചിട്ടുള്ളവരും കുറയും.
(2) മനുഷ്യനേത്രങ്ങൾക്ക് ഗോചരങ്ങളല്ലാത്ത രശ്മികൾ വേറെയുമുണ്ട്.
(3) അല്പം അകലെ ഉണ്ടായിരുന്ന ഒരു പ്രത്യേകതരം സ്ക്രീൻ പ്രകാശമാനമാകുന്നത് അദ്ദേഹം കണ്ടു.
(4) മേരി ക്യൂറിയും അവരുടെ ഭർത്താവ് പിയറി ക്യൂറിയും ഈ രശ്മികളെക്കുറിച്ച് സനിഷ്കർഷം പഠിച്ചു.

(c) അംഗാംഗിവാക്യങ്ങളായി തിരിക്കുക.
ഒരു പുസ്തകത്തിൽ രശ്മിപതിപ്പിച്ചപ്പോൾ അതിനുള്ളിൽ ഉണ്ടായിരുന്ന നാണ്യത്തിൻെറ ഛായ സ്ക്രീനിൽ കാണുമാറായി.

III. (1) എക്സ്-റേയ്ക്കുള്ള പ്രത്യേകതയെന്ത്?
(2) എക്സ്-റേ കണ്ടുപിടിക്കാൻ ഇടയാക്കിയ സംഭവം വിവരിക്കുക.
(3) എക്സ്-റേയുടെ ഉപയോഗങ്ങൾ എന്തെല്ലാം?
(4) ആൽഫ, ബീറ്റ, ഗാമ ഈ രശ്മികളുടെ പ്രത്യേകതകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
(5) ആൽഫാരശ്മിയും ബീറ്റാരശ്മിയും ഊർജ്ജരൂപങ്ങളല്ലെന്ന് എങ്ങനെ തെളിയിക്കാം?
(6) പ്രകൃതിസിദ്ധമായ എക്സ്-റേ പ്രസരണത്തിൻെറ ഉൽപത്തിസ്ഥാനമേത്?

## പാഠം 15

# മോഹനസ്മരണകൾ

''ആര്യ, മുൻപരിചയങ്ങൾ നല്കിടും
ധൈര്യമാർന്നു പറയുന്നു മദ്ഗതം,
കാര്യമിന്നതയി ! കേൾക്കുമോ കനി—
ഞ്ഞാര്യമാകിലു, മനാര്യമാകിലും. 1

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ—
ത്തീരുകില്ല, ധരയിൽബ്ഭവാനൊഴി-
ഞ്ഞാരുമില്ലതുമിവൾക്ക് കേൾക്കുവാൻ. 2

ആഴുമാർത്തിയഥവാ കഥിക്കിലീ-
യൂഴമോർത്തിടുമിതന്യഥാ ഭവാൻ
പാഴിലോതിടുകയോ, വിധിക്കു ഞാൻ
കീഴടങ്ങി വിരമിക്കയോ വരം? 3

തന്നതില്ല പരനുള്ളു കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ;
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ !
വന്നുപോം പിഴയുമർത്ഥശങ്കയാൽ. 4

മുറ്റുമെന്നഴലറിഞ്ഞിടായ്കിലും
തെറ്റിയെൻ ഹൃദയമാര്യനോരുകിൽ
ചെറ്റുമേ പൊറുതിയില്ല, പിന്നെ ഞാൻ
പറ്റുകില്ലറിക മണ്ണിൽ വിണ്ണിലും.'' 5

''അന്യഥാ മതിവരില്ലെനിക്കു നിൻ
മന്യുവിങ്കൽ നിയതം മഹാവ്രതേ !
കന്യയെന്നു വടുവെന്നുമേലുകി-
ല്ലന്യഭാവമറികാത്മവേദികൾ.'' 6

ആടലൊട്ടവൾ വെടിഞ്ഞു സത്വരം
തേടിധൈര്യമഥ, പൂവനത്തിലും
കാടുതൻ നടുവിലും സുമർത്തുവിൽ
പ്പാടിടും കുയിലുപോലെ, ചൊല്ലിനാൾ:- 7

''വന്നു വത്സല, ഭവാൻ സമക്ഷമാ-
യിന്നു, ഞാൻ വ്യഥ മറന്നതോർക്കയാൽ;
എന്നുമല്ല, കരുതുന്നു വീട്ടിൽ നാ-
മന്നു വാണതു തുടർന്നപോൽ മനം. 8

ലോലനാര്യനുരുവിട്ടു കേട്ടൊരാ-
ബാലപാഠമഖിലം മനോഹരം.
കാലമായധികമിന്നൊരക്ഷരം-
പോലുമായതിൽ മറപ്പതില്ല ഞാൻ. 9

ഭൂരിപൂക്കാം വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ-
ചാരെ നാമെഴുമെഴുത്തുപള്ളിയും. 10

ഓർത്തിടുന്നുപവനത്തിലെങ്ങുമ-
ങ്ങാർത്തു ചിത്രശലഭം പറന്നതും,
പാർത്തുനിന്നതുമണഞ്ഞു നാം കരം-
കോർത്തു കാവിനരികേ നടന്നതും ; 11

ഉച്ചയായ്ത്തണലിലാഞ്ഞു പുസ്തകം
വച്ചുമല്ലികയറുത്തിരുന്നതും,
മെച്ചമാർന്ന ചെറുമാല കെട്ടിയെൻ-
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും. 12

എണ്ണിടുന്നൊളിവിൽ വന്നു പീഡയാം-
വണ്ണമെൻ മിഴികാം പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ-
കണ്ണുനീരു കനിവിൽത്തുടച്ചതും.'' 13

നളിനി] [ആശാൻ

## അഭ്യാസം

1. ഈ കവിതാഭാഗം നിങ്ങളെ ഏറ്റവുമധികം ആകർഷിക്കുന്നത് ഏതുകൊണ്ടാണ്? (അലങ്കാരഭംഗികൊണ്ട്, ശബ്ദമാധുര്യം കൊണ്ട്, വികാരതീവ്രതകൊണ്ട്, സാരള്യംകൊണ്ട്.)
2. നളിനി ഈ മോഹനസ്മരണകാം ദിവാകരനെ എന്തിനാണ് പറഞ്ഞുകോംപ്പിക്കുന്നത്?
3. 'തന്നതില്ല........................പിഴയുമർത്ഥശങ്കയാൽ' —തൻെറ വാക്കുകാം എന്ത് അനിഷ്ടഫലം ഉണ്ടാക്കിയേക്കുമെന്നാണ് നളിനി ശങ്കിക്കുന്നത്?
4. ഏതു ശ്ലോകത്തിലാണ് ഉപമാലങ്കാരം പ്രയോഗിച്ചിട്ടുള്ളത്?
5. 'നളിനി'യിൽനിന്ന് ഉപമ, ഉൽപ്രേക്ഷ, രൂപകം, ഇവയ്ക്ക് ഉദാഹരണങ്ങാം ശേഖരിക്കുക.
6. ഈ കാവ്യഖണ്ഡത്തിൽനിന്ന് സജാതീയ ദ്വിതീയാക്ഷര പ്രാസം പ്രയോഗിച്ചിട്ടുള്ള രണ്ടു ശ്ലോകം എടുത്തു കാണിക്കുക.

പാഠം 16

# അഗ്നിപരീക്ഷ

ഫ്രാൻസിലെ എം—നഗരം 1815-ൽ ദാരിദ്ര്യത്തിലും പട്ടിണിയിലുംപെട്ട് ഉഴലുകയായിരുന്നു. കൗതുകകരങ്ങളായ കൊച്ചു ശില്പങ്ങളും ആഭരണങ്ങളും ഉണ്ടാക്കുകയായിരുന്നു തദ്ദേശീയരുടെ പ്രധാന തൊഴിൽ. വിലകൂടിയ ഒരുതരം മരപ്പശയാണ് അവർ അതിനുപയോഗിച്ചിരുന്നത്. അതിനാൽ ഒരു കാലത്തും ആ വ്യവസായം അത്രയൊന്നും ആദായകരമായിരുന്നില്ല. നിർമ്മാണസാമഗ്രിക്ക് വില പെട്ടെന്നു കൂടിയത് ആ വ്യവസായത്തിൻെറ തകർച്ചയ്ക്ക് കാരണമായി.

ഈ ഘട്ടത്തിലായിരുന്നു അമ്പതോടടുത്ത ഒരു അപരിചിതൻ അവിടെ എത്തിയത്. വിലകുറഞ്ഞ ഒരുതരം അരക്കുപയോഗിച്ച് മോടികൂടിയ ശില്പവസ്തുക്കളും വള തുടങ്ങിയ ആഭരണങ്ങളും മറ്റും ഉണ്ടാക്കാൻ അയാൾ അന്നാട്ടുകാരെ പഠിപ്പിച്ചു. അതൊരു വലിയ അനുഗ്രഹമായി. വിലകുറവ്; മോടികൂടുതൽ; ആവശ്യക്കാർ ധാരാളമായി. ഉൽപാദകർക്ക് നല്ല ലാഭം കിട്ടി.

ആ മനുഷ്യൻ എവിടെനിന്നു വന്നു? ആർക്കും അറിഞ്ഞുകൂടാ. ഒരു സായാഹ്നത്തിൽ വന്നു, തോളിൽ ഒരു ഭാണ്ഡവും കൈയിൽ ഒരു മുൾവടിയുമായി. പട്ടണത്തിൽ ഭയങ്കരമായ ഒരഗ്നിബാധയുണ്ടായ സമയത്താണ് അയാൾ വന്നത്. കത്തിയെരിയുന്ന ഒരു വീട്ടിൽ കടന്ന് രണ്ടു കുട്ടികളെ രക്ഷിച്ചു; അങ്ങനെ നവാഗതൻ എല്ലാവർക്കും പരിചിതനും പ്രിയപ്പെട്ടവനുമായി. അന്നു മുതൽക്ക് ഫാദർ മദലിയൻ എന്നപേരിൽ അദ്ദേഹം അറിയപ്പെടുകയും ചെയ്തു.

അവിടേക്കു വരുമ്പോൾ അയാളുടെ കൈയിൽ പണം അധികമൊന്നും ഉണ്ടായിരുന്നില്ല എന്നാണ് കേൾവി. കണ്ടാൽ ഒരു തൊഴിലാളിയാണെന്നേ തോന്നുകയുള്ളൂ. രണ്ടുകൊല്ലം കൊണ്ട് പുതിയ വ്യവസായത്തിലൂടെ അദ്ദേഹം സമ്പന്നനായി; തൻെറ കീഴിൽ ജോലി ചെയ്യുന്നവരെ ദാരിദ്ര്യത്തിൽനിന്ന് മോചിപ്പിക്കുകയും ചെയ്തു.

പണം വന്നുചേർന്നപ്പോൾ ഫാദർ മദലിയൻ മോസ്യു മദലിയനായി. നഗരത്തിലെ മേലാളൻമാർ കണ്ടുമുട്ടുമ്പോൾ അദ്ദേഹത്തെ അഭിവാദനം ചെയ്തുതുടങ്ങി. അചിരേണ അദ്ദേഹം ഒരു വലിയ തൊഴിൽശാലയുടെ ഉടമയായി. അഞ്ചു കൊല്ലംകൊണ്ട് ആറുലക്ഷം ഫ്രാങ്കിലധികം ബാങ്കിലിട്ടു.


നല്ലകാര്യം. എന്നാൽ കൂടുതൽ നല്ലൊരു കാര്യം അദ്ദേഹം ചെയതു. ആ നഗരത്തെ മുഴുവൻ സമ്പന്നമാക്കി. പള്ളിക്കൂടം, ആശുപത്രി മുതലായ സ്ഥാപനങ്ങൾക്ക് കൈയയച്ച് സംഭാവനകൾ നൽകി.

കഴിഞ്ഞ മൂന്നു കൊല്ലമായി മോൺഷിയർ മദലിയൻ എം— നഗരത്തിലെ മേയറാണ്. സർവ്വസമ്മതൻ; പാവങ്ങൾക്ക് കൺകണ്ട ദൈവം. എന്നാൽ, ഒരാൾ മാത്രം അദ്ദേഹത്തെ സംശയത്തോടും അവജ്ഞയോടുംകൂടി വീക്ഷിച്ചു. പട്ടണത്തിലെ പോലീസ് ഇൻസ്പെക്ടർ ജാവെർ ആയിരുന്നു അത്. ജാവെർ ഇരുപതു കൊല്ലം മുമ്പ് തടവുകപ്പലിൽ കാവൽ പോലീസ് വിഭാഗത്തിലെ അസിസ്റ്റൻറ് ഇൻസ്പെക്ടറായിരുന്നു. അക്കാലത്ത് മദലിയനെ എവിടയോ വച്ചു കണ്ടിട്ടുള്ളതായി അയാൾ ഓർത്തു. എന്നാൽ എവിടെവച്ച് എന്ന് വ്യക്തമായി സ്മരിക്കാൻ കഴിഞ്ഞില്ല. മേയറുടെ അസാധാരണമായ ദേഹബലവും, അദ്ദേഹത്തിൻെറ പൂർവ്വചരിത്രത്തെ വലയം ചെയ്യുന്ന അഭേദ്യമായ രഹസ്യവും; ഒരുകാൽ തെല്ലൊന്ന് വലിച്ചുകൊണ്ടുള്ള നടത്തവും; എല്ലാംകൂടി ചേർത്തുനോക്കിയപ്പോൾ ഇൻസ്പെക്ടർക്ക് ബലമായൊരു സംശയം: തടവുകപ്പലിൽ കിടന്ന ഒരു ജയിൽ പുള്ളിയല്ലേ ഇവൻ!

ജീൻവാൽജീനെ കഴിഞ്ഞ എട്ടുകൊല്ലമായി പോലീസ് അന്വേഷിക്കുകയാണ്. ഇന്നുവരെ ഒരു തുമ്പുമില്ല. ബിഷപ്പിൻെറ കൊട്ടാരത്തിൽ കവർച്ച നടത്തിയതും, തിരുമേനിയുടെ കാരുണ്യത്താൽ രക്ഷപ്പെട്ടതും; പെറ്റിറ്റ് ഗെർവെയ്സിൻെറ വെള്ളിനാണ്യം തട്ടിയെടുത്തതും പോലീസ് അധികാരികൾക്കറിയാം. പിന്നെ ജീൻവാൽജീൻ എവിടെയാണ് മുങ്ങിക്കളഞ്ഞത്? പാരീസിലെ പോലീസ് മേധാവികളെ വിഷമിപ്പിച്ച ഒരു പ്രശ്നമായിരുന്നു ഇത്.

മേയർ തൻെറ കാര്യാലയത്തിൽ ചിലഔദ്യോഗിക രേഖകൾ തിരക്കിട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ''ഇൻസ്പെക്ടർ ജാവെർ കാണാൻ വന്നിരിക്കുന്നു'' എന്ന് ശിപായി അദ്ദേഹത്തെ അറിയിച്ചു. 'വരാൻ പറയൂ' എന്നു പറഞ്ഞിട്ട് മേയർ ജോലി തുടർന്നു. ജാവെർ പ്രവേശിച്ച് ആദരപൂർവം സലാം ചെയ്തിട്ട് മാറിനിന്നു. മേയർ തലപൊക്കാതെ, താൻ പരിശോധിച്ചുകൊണ്ടിരുന്ന കടലാസിൽ ചില കുറിപ്പുകൾ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. ജാവെർ രണ്ടടി മുന്നോട്ടുവച്ച് നിശ്ശബ്ദനായി നിലകൊണ്ടു. ഹൃദയാസ്വാസ്ഥ്യം അയാളുടെ

മുഖത്ത് സ്പഷ്ടമായി കാണാമായിരുന്നു. കൈയിൽ ഹാറ്റുമായി തലകുനിച്ച് നിലത്തുനോക്കിക്കൊണ്ട് അയാൾ കുറെ നേരം ഇളകാതെ നിന്നു, മേലധികാരിയുടെ മുമ്പിൽ പട്ടാളക്കാരനെപ്പോലെ, ന്യായാധിപന്റെ സന്നിധിയിൽ തടവുപുള്ളിയെപ്പോലെ. ഒടുവിൽ മേയർ മൗനം ഭഞ്ജിച്ചു.



''ജാവെർ എന്താണു വന്നത്?''

ഒരു നിമിഷനേരം ഇൻസ്പെക്ടർ ഒന്നും മിണ്ടിയില്ല. പിന്നെ ഗൗരവപൂർണ്ണമെങ്കിലും തികച്ചും ശാന്തമായ സ്വരത്തിൽ പറഞ്ഞു: ''ഒരു ക്രിമിനൽക്കുറ്റം നടന്നിരിക്കുന്നു.''

മേയർ: എന്തുണ്ടായി ?

ജാവെർ: ഒരു കീഴുദ്യോഗസ്ഥൻ ഒരു മജിസ്ട്രേറ്റിനോട് നിർമ്മര്യാദമായി പെരുമാറിയിരിക്കുന്നു.

മേയർ: ആരാണയാൾ?

ജാവെർ: ഞാൻതന്നെ.

മേയർ: നിങ്ങളോ !

ജാവെർ: അതെ, ഞാൻതന്നെ.

മേയർ: ഏതാണ് ആ മജിസ്ട്രേറ്റ്?

ജാവെർ: അവിടുന്ന്.

മേയർ ഒന്നു നിവർന്നിരുന്നു. ജാവെർ നിലത്തുറപ്പിച്ച നോട്ടത്തോടെ ഗൗരവഭാവത്തിൽ തുടർന്നു: ''മേയർ, കുറ്റപത്രം തയ്യാറാക്കി എന്നെ പിരിച്ചുവിടണം എന്നപേക്ഷിക്കാൻ വന്നിരിക്കയാണ് ഞാൻ.''

മേയർ: എന്തസംബന്ധമാണ് നിങ്ങൾ പറയുന്നത്? എന്തിനാണ് നിങ്ങൾ ഉദ്യോഗം ഉപേക്ഷിക്കുന്നത്?

ജാവെർ: ഉദ്യോഗം ഉപേക്ഷിക്കുകയില്ല. എന്നെ പിരിച്ചുവിടണം. ആറാഴ്ചമുമ്പ് ഒരു സ്ത്രീയെ രക്ഷിക്കുന്നതിനുവേണ്ടി തെരുവീഥിയിൽവച്ച് അങ്ങ് എന്നോട് കയർത്തില്ലേ? അതിനെതുടർന്ന് ഞാൻ മേലാധികാരത്തിലേക്ക് അങ്ങയ്ക്കെതിരായി ഒരു റിപ്പോർട്ടയച്ചു.

മേയർ: പോലീസ് നടപടികളിൽ ഞാൻ കൈകടത്തുന്നതായി, അല്ലേ?

ജാവെർ: അല്ല, അവിടുന്ന് ഒരു മുൻ തടവുകാരനായ ജീൻ വാൽജീനാണെന്ന്.

മേയറുടെ ഉള്ളിൽ ഒരു മിന്നൽ പാഞ്ഞു. എന്നാൽ ഭാവഭേദം പുറത്തുകാണിക്കാതെ അദ്ദേഹം ചോദിച്ചു: ''ആരെന്നാണ് റിപ്പോർട്ട് ചെയ്തത്?''

ജാവെർ: ജീൻവാൽജീൻ—പത്തൊൻപതു കൊല്ലം തടവുകപ്പലിൽ കിടന്ന ഒരു പുള്ളി. ജയിലിൽനിന്നു വിട്ട ഉടനെ ഡി—പട്ടണത്തിലെ ബിഷപ്പിൻെറ കൊട്ടാരം ഭേദിച്ച് മോഷണം നടത്തിയവൻ, പൊതുവഴിയിൽവച്ച് പട്ടാപ്പകൽ ഒരു കുട്ടിയെ ആയുധം കാണിച്ച് ഭീഷണിപ്പെടുത്തി പണം തട്ടിപ്പറിച്ചവൻ.

ഉദാസീനഭാവത്തിൽ മേയർ ചോദിച്ചു: ''മേലാവിൽനിന്ന് എന്തു മറുപടി കിട്ടി?''

ജാവെർ: എനിക്കു ഭ്രാന്താണെന്ന്. ശരിയാണ് അവർ പറഞ്ഞത്.

മേയർ: നന്നായി, നിങ്ങൾക്ക് അങ്ങനെ തോന്നിയത്.

ജാവെർ: എനിക്ക് ഭ്രാന്താണ്, സംശയമില്ല; കാരണം യഥാർത്ഥ ജീൻവാൽജീനെ കണ്ടുകിട്ടിയിരിക്കുന്നു.

മേയർ പരിശോധിച്ചുകൊണ്ടിരുന്ന കടലാസ് കൈയിൽനിന്ന് താഴെ വീണു. മുഖത്തുനിന്ന് താനറിയാതെ 'ങേ!' എന്നൊരു ശബ്ദം പൊങ്ങുകയും ചെയ്തു.

ജാവെർ തുടർന്നു: ''ആ പുള്ളി വേഷംമാറി ഷാങ്ങ് മാത്തിയോ എന്ന പുതിയപേരിൽ പോലീസുകാരെ പറ്റിച്ചു നടക്കുകയായിരുന്നു. മതിൽകയറി ഒരു തോട്ടത്തിൽക്കടന്ന് ആപ്പിൾ മോഷ്ടിച്ചു. തൊണ്ടിയോടുകൂടി പോലീസിൻെറ പിടിയിൽക്കുടുങ്ങി. അവർ ആരസ്പട്ടണത്തിലെ ജയിലി ലേക്ക് അവനെക്കൊണ്ടുപോയി. അപ്പോഴാണ് പുള്ളിയുടെ കള്ളി പുറത്തായത്, ജയിലിലെ കാവൽക്കാരൻ ബ്രെവെ ഒരു മുൻതടവുകാരനാണ്. ശിക്ഷയനുഭവിക്കുന്നകാലത്ത് വളരെ മര്യാദയോടെ പെരുമാറിവന്നതിനാൽ കാലാവധി കഴിഞ്ഞ പ്പോൾ അവൻ ജയിൽകാവൽക്കാരനായി നിയമിക്കപ്പെട്ടു. അവൻ പഴയ കൂട്ടുകാരനായ ജീൻവാൽജീനെ കണ്ട ഉടനെത്തന്നെ തിരിച്ച റിഞ്ഞു. എന്നാൽ പുള്ളി താൻ ജീൻവാൽജീനല്ലെന്നു വാദിച്ചു. അരക്കിറുക്കനെപ്പോലെയാണ് അവൻ പെരുമാറിയത്. ഇതു കൊണ്ടൊക്കെ പോലീസിനെ കബളിപ്പിക്കാനൊക്കുമോ? അവർ ജീൻവാൽജീൻെറ കൂടെ തടവുകപ്പലിൽ ശിക്ഷയനുഭവിച്ചിരുന്ന രണ്ടുപേരെ തെരഞ്ഞുപിടിച്ചുകൊണ്ടുവന്നു. ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടവരാണവർ. ആ പഴയ കൂട്ടുകാർ ജീൻവാൽജീനെ തിരിച്ചറിഞ്ഞു. ഈ ഘട്ടത്തിലാണ് എൻെറ റിപ്പോർട്ട് മേലാധികാരികൾക്ക് ലഭിച്ചത്. അവർ എന്നെ ആരസിലേക്ക് വിളിച്ചു; പുള്ളിയെ കാണിച്ചു തന്നു. എന്തൊരാശ്ചര്യം! സാക്ഷാൽ ജീൻവാൽജീൻ!

മേയർ: തീർച്ചയാണോ?

ജാവെർ: ചിരിച്ചുകൊണ്ടു പറഞ്ഞു: ''സംശയമില്ല അവൻ തന്നെ മോസ്യുമേയർ. ഞാൻ അപരാധിയാണ്. ബഹുമാന്യനായ അവിടുത്തെ ഞാൻ ശങ്കിച്ചു. കുറ്റപ്പെടുത്തി, അപമാനിച്ചു. എന്നെ ശിക്ഷി ക്കണം. ഉദ്യോഗത്തിൽനിന്ന് പിരിച്ചുവിടണം.''

വിനയപൂർവ്വമെങ്കിലും ദൃഢമായ സ്വരത്തിലാണ് ജാവെർ ഇത്രയും പറഞ്ഞത്. മേയർ ഇൻസ്പെക്ടരുടെ നേരേ സൗഹൃദം പ്രദർശിപ്പിക്കാൻ കൈനീട്ടി. അയാൾ ഞെട്ടി പിന്നോട്ടു തെറിച്ചു. ''അരുത്, അഭിവന്ദ്യനായ മേയർ കുറ്റ വാളിക്ക് കൈതരികയോ! ഞാൻ അധികാരം ദുരുപയോഗപ്പെ ടുത്തി. എന്നെ പിരിച്ചു വിടണം. നാളെ ആരസ് നഗരത്തിലെ സെഷൻസ് കോടതി ഈ കേസ് വിചാരണ ചെയ്യുന്നു. സാക്ഷി യായി എന്നെ വിളിച്ചിട്ടുണ്ട്. ഞാൻ അങ്ങോട്ടു പോകയാണ്. തിരിച്ചുവന്ന ഉടനെ എന്നെ ജോലിയിൽനിന്നും പിരിച്ചു വിടണം.''

ഇത്രയും പറഞ്ഞ് മേയറെ താണുവണങ്ങി ഇൻസ്പെക്ടർ വെളിയിലിറങ്ങി. അയാളുടെ ദൃഢമായ കാൽവയ്പുകൾ കേട്ടുകൊണ്ട് മേയർ അഗാധചിന്തയിൽ മുഴുകി സ്തബ്ധനായിരുന്നുപോയി.

## II

മോസ്യുമദലിയൻെറ ഹൃദയത്തിൽ ആദ്യം ഉറഞ്ഞുവന്നത് ഒരുതരം ആനന്ദവും ആശ്വാസവുമായിരുന്നു. തൻെറ പൂർവ്വ ചരിത്രവും ശരിയായ പേരും ലോകത്തിൻെറ ദൃഷ്ടിയിൽനിന്ന് മറച്ചുവയ്ക്കാനും ജീവിതശേഷം മാന്യമായി ലോകോപകാരപ്രദമായി നയിക്കാനുമാണ് അദ്ദേഹം ആശിച്ചിരുന്നത്. കഴിഞ്ഞ എട്ടു കൊല്ലമായി അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു പോന്നത് അതുമാത്രമായിരുന്നു. ജീവിതത്തിലെ ആ ഏകാഭിലാഷം ഇതാ ദൈവഗത്യാ അനായാസമായി നിറവേറിയിരിക്കുന്നു! പെട്ടെന്ന് ആത്മാവിൻെറ അഗാധതയിൽനിന്ന് വേറൊരു ശബ്ദമുയർന്നു. ''നന്നായി, ജീൻവാൽജീൻ, നന്നായി! പഴയപേരും ചരിത്രവും പാടേമറിച്ച് ഒരു പാവത്തെ ബലികൊടുത്ത് ലോകത്തിൻെറ ദൃഷ്ടിയിൽ മാന്യനായി ജീവിക്കൂ!'' ഈ വിരുദ്ധ വിചാരങ്ങൾ തമ്മിലുള്ള തീവ്രസംഘട്ടനത്തിൻെറ ഫലമായി മേയറുടെ ചേതന രണ്ടായിപ്പിളർന്നു. ഒരുഭാഗം ഇങ്ങനെ യുക്തിവാദം ചെയ്തു: ''ദൈവമാണ് ഇതെല്ലാം വരുത്തിയത്, ഞാനല്ല. ഇവിടത്തെ വിധിയെ ചോദ്യം ചെയ്യാൻ ഇവനാര്? ലോകോപകാരപ്രദമായ ഈ ജീവിതം ഞാൻ തുടരണം. അതാണ് ദൈവേച്ഛ. അതിനു വഴങ്ങണം.''

ഉടനെ മറുഭാഗം തിരിച്ചടിച്ചു: ''ആത്മാവിനെ ബലികൊടുത്ത് ശരീരത്തെ രക്ഷിക്കുക, അല്ല? പഴയ ചരിത്രത്തിൻെറ വാതിൽ അടയ്ക്കുക. അത് സാദ്ധ്യമാണോ? വാസ്തവത്തിൽ ഈ നീചകർമ്മംകൊണ്ട് ആ വാതിൽ മലർക്കെ തുറന്നിടുകയല്ലേ, കൊള്ളക്കാരൻെറ നിന്ദ്യജീവിതത്തിലേക്കു തിരിച്ചുപോവുകയല്ലേ, നീ ചെയ്യുന്നത്! ഒരു പാവത്തിൻെറ ജീവിതവും സ്വാതന്ത്ര്യവും തട്ടിയെടുക്കുക! ഇതാണോ നീയാശിച്ച മോചനം? ഇതാണോ പുണ്യശ്ലോകനായ ബിഷപ്പ് തിരുമേനി നിന്നെ പഠിപ്പിച്ചത്?''

ബിഷപ്പിൻെറ ദിവ്യരൂപം തൻെറ മുമ്പിൽ നിൽക്കുന്നപോലെ അദ്ദേഹത്തിന് തോന്നി. അന്നു രാത്രി മുഴുവൻ വിരുദ്ധവികാരങ്ങൾക്കിടയിൽപ്പെട്ട് അദ്ദേഹത്തിൻെറ ഹൃദയം ഞെങ്ങിഞെരുങ്ങി. പിറ്റേന്നു കാലത്ത് അഞ്ചുമണിക്ക് മേയർ വാടകയ്ക്കെടുത്ത ഒരു കുതിരവണ്ടിയിൽക്കയറി ആരുമറിയാതെ

ആരസ് നഗരത്തിലേക്ക് യാത്രയായി. അദ്ദേഹം തന്നെയാണ് വണ്ടിതെളിച്ചിരുന്നത്.

കൂരാക്കൂരിരുട്ട്, മരവിപ്പിക്കുന്ന തണുപ്പ്. ആത്മാവിനെ ഞെരിക്കുന്ന വിചാരഭാരം. ഹൃദയത്തെ കീറിപ്പിളർക്കുന്ന വികാരകീലവും !

കുതിച്ചു പായുന്ന വണ്ടി എതിരേവരുന്ന വേറൊരു വണ്ടിയിൽ ചെന്നിടിച്ചു. ഒരു ചക്രത്തിന് ഗണ്യമായ കേടുപറ്റി. മേയർ അതൊന്നും അറിഞ്ഞില്ല. കുതിരയുടെ ഗതിക്ക് വേഗം കൂടി.

നേരം ഏഴുമണിയായി. പൊന്നൊളി തൂകുന്ന വെയിൽ പരന്നു. കുതിരയ്ക്കു തീൻ കൊടുപ്പാൻ മേയർ ഒരു കൊച്ചു പട്ടണത്തിൽ വണ്ടി നിർത്തി താഴെയിറങ്ങി. അപ്പോഴാണ് ചക്രത്തിന് പറ്റിയിട്ടുള്ള കേട് അദ്ദേഹം കണ്ടത്. ആ കേടു തീർത്തിട്ടുവേണം യാത്ര തുടരാൻ. അതിന് കുറഞ്ഞത് ഒരു ദിവസമെങ്കിലുമെടുക്കും. മാറ്റിയിടാൻ വേറെയൊരു ചക്രം കിട്ടാനുണ്ടോ എന്നു തിരക്കി; എന്തു വില കൊടുത്താലും കിട്ടാനില്ല. വിലയേറിയ രണ്ടു മണിക്കൂർ അങ്ങനെ നഷ്ടപ്പെട്ടു. ഇനി ആരസ് പട്ടണത്തിലേക്ക് പോയിട്ടെന്തു കാര്യം ! താൻ അവിടെ എത്തുമ്പോഴേക്കും കേസുവിചാരണയും വിധിപറയലും എല്ലാം കഴിഞ്ഞിരിക്കും. മേയറുടെ ഹൃദയത്തിൻെറ ഒരു ഭാഗത്ത് സന്തോഷം തലപൊക്കി. ''എന്നാലാവതത്രയും ഞാൻ ചെയ്തു. ദൈവത്തിൻെറ ദൃഷ്ടിയിൽ ഞാൻ അപരാധിയല്ല'' എന്ന് അദ്ദേഹം സ്വയം ആശ്വസിച്ചു.

അപ്പോഴതാ ദൈവം ഇടപെടുന്നു. വേറൊരു വണ്ടി കിട്ടാനുണ്ട്. പഴയതാണ്; ഭാരം കൂടുതലാണ്; അതിനാൽ വേഗം കുറയും; എങ്കിലും യാത്ര തുടരാം. മേയർ ശങ്കിച്ചുനിന്നു. ''പോകൂ, വേഗം പോകൂ !''എന്ന് അന്തർയ്യാമി ആജ്ഞാപിച്ചു. കേടുവന്ന വണ്ടി അവിടെ അഴിച്ചിട്ട് കുതിരയെ പഴയവണ്ടിയിൽ പൂട്ടി മദലിയൻ യാത്ര തുടർന്നു.

നേരം അന്തിയോടടുത്തു. ഇനിയും ഏഴുലീഗുകൂടിപോകണം ആരസിലെത്താൻ. കുതിര നന്നെ തളർന്നിരുന്നു. മേയർ വേറൊരു കുതിരയെക്കൂടി വിലയ്ക്കുവാങ്ങി അതിനെയും വണ്ടിയിൽപൂട്ടി. അവിടന്നങ്ങോട്ടുള്ള യാത്ര വളരെ വിഷമംപിടിച്ചതായിരുന്നു. പാത വളരെ മോശം; ചെങ്കുത്തായ കയറ്റവും ഇറക്കവുമുണ്ട് ഇടയ്ക്കിടെ; വഴിനീളെ കുത്തിയൊലിക്കുന്ന വെള്ളച്ചാലുകൾ; കൂരാക്കൂരിരുട്ട്, കോരിച്ചൊരിയുന്ന മഴയും. കുറച്ചുദൂരം പോയപ്പോൾ വണ്ടിയുടെ ഒരു

തണ്ട് മുറിഞ്ഞു. ഒരു മരക്കൊമ്പുമുറിച്ചെടുത്ത് കേടുവന്ന തണ്ടിനോടു ചേർത്തുകെട്ടി അദ്ദേഹം യാത്ര തുടർന്നു.

ആരസിൽ എത്തുമ്പോഠം സമയം രാത്രി എട്ടുമണി. ഇനി കോടതിയ്ക്കുപോയിട്ടെന്തു കാര്യം ! എല്ലാം കഴിഞ്ഞിരിക്കും ! വണ്ടി ഒരു ഹോട്ടലിൽ നിർത്തിയിട്ട് മേയർ ഇറങ്ങിനടന്നു. ആ സ്ഥലം അദ്ദേഹത്തിന് തികച്ചും അപരിചിതമായിരുന്നു. എങ്ങോട്ടെന്നില്ലാതെ ഇരുഠംനിറഞ്ഞ തെരുവീഥിയിലൂടെ ആ അസ്വസ്ഥചിത്തൻ നടന്നു. പിടികൊടുക്കുകയോ ഒഴിഞ്ഞു മാറുകയോ വേണ്ടത് എന്ന് അപ്പോഴും അദ്ദേഹം തീരുമാനിച്ചു കഴിഞ്ഞിരുന്നില്ല.

അപ്പോഴതാ കൈയിൽ റാന്തലുമായി ഒരാഠം എതിരെ വരുന്നു. അയാഠം മദലിയനെ സെഷൻസ് കോടതിയിൽ കൊണ്ടുപോയാക്കി.

### പദങ്ങഠം -

തദ്ദേശീയർ, നവാഗതൻ, അഭിവാദനം, അവജ്ഞ, അസ്വാസ്ഥ്യം, നിർമ്മര്യാദമായി, ഉദാസീനഭാവം, സൗഹൃദം, ദൈവഗത്യാ, അനായാസം, ചേതനം, പുണ്യശ്ലോകൻ, വികാരകീലം, അന്തർയ്യാമി.

### അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:

(a) തദ്ദേശീയർ, നവാഗതൻ, അഭിവാദനം, അവജ്ഞ, അസ്വാസ്ഥ്യം, നിർമ്മര്യാദം, ദൈവഗത്യാ, അനായാസം, പുണ്യശ്ലോകൻ, കൺകണ്ടദൈവം, മൗനംഭജിക്കുക, മൗനംഭഞ്ജിക്കുക.

(b) ഏതു നാമത്തിൽനിന്ന് അല്ലെങ്കിൽ നാമവിശേഷണത്തിൽനിന്ന് രൂപംകൊള്ളുന്നു?
അസ്വാസ്ഥ്യം, ഔദ്യോഗികം, സൗഹൃദം, ഗൗരവം, ദാർഢ്യം.

II. താഴെചേർക്കുന്ന വാക്യങ്ങളെ അംഗാംഗിവാക്യങ്ങളായി പിരിക്കുക: അംഗവാക്യങ്ങളെ നാമവാക്യം, നാമവിശേഷണവാക്യം, ക്രിയാവിശേഷണവാക്യം എന്നീ ഉഠംപ്പിരിവുകളായി വേർതിരിക്കുക.

(1) നിർമ്മാണസാമഗ്രിക്ക് വിലകൂടിയത് ആ വ്യവസായത്തിൻെറ തകർച്ചയ്ക്ക് കാരണമായി.

(2) ഈ ഘട്ടത്തിലായിരുന്നു അമ്പതോടടുത്ത ഒരു അപരിചിതൻ അവിടെ എത്തിയത്.

(3) പട്ടണത്തിൽ ഭയങ്കരമായ ഒരഗ്നിബാധ ഉണ്ടായ സമയത്താണ് അയാഠം വന്നത്.

(4) പണം വന്നുചേർന്നപ്പോഠം ഫാദർ മദലിയൻ മോസ്യു മദലിയനായി.

(5) കാലാവധി കഴിഞ്ഞപ്പോഠം അവൻ ജയിൽക്കാവൽക്കാരനായി നിയമിക്കപ്പെട്ടു.

(6) മേയർ പരിശോധിച്ചുകൊണ്ടിരുന്ന കടലാസ് കൈയിൽനിന്ന് താഴെ വീണു.

III. പൂർണ്ണികയോ സങ്കീർണ്ണകമോ? എന്തുകൊണ്ട്?

(1) നഗരത്തിലെ മേലാളൻമാർ കണ്ടുമുട്ടുമ്പോൾ അദ്ദേഹത്തെ അഭിവാദനം ചെയ്തുതുടങ്ങി.

(2) അവിടേക്കു വരുമ്പോൾ അയാളുടെ കൈയിൽ പണം അധികമൊന്നുമുണ്ടായിരുന്നില്ല.

(3) ജാവെർ പ്രവേശിച്ച് ആദരപൂർവ്വം സലാം ചെയ്തിട്ട് മാറിനിന്നു.

IV. വാക്യവിനിമയം:

(1) അദ്ദേഹം ആ നഗരത്തെ മുഴുവൻ സമ്പന്നമാക്കി. പള്ളിക്കൂടം, ആശുപത്രി, മുതലായ സ്ഥാപനങ്ങൾക്ക് കൈയയച്ചു സംഭാവനകൾ നൽകി. (രണ്ടും ചേർത്ത് ഒരു മഹാവാക്യമാക്കുക)

(2) ജാവർ നിലത്തുറപ്പിച്ച നോട്ടത്തോടെ ഗൗരവഭാവത്തിൽ തുടർന്നു.
''മേയർ, കുറ്റപത്രം തയ്യാറാക്കി എന്നെ പിരിച്ചുവിടണം എന്നപേക്ഷിക്കാൻ വന്നിരിക്കയാണ് ഞാൻ.'' (അന്യാഖ്യാനമാക്കുക)

V. (1) അങ്ങനെ നവാഗതൻ എല്ലാവർക്കും പരിചിതനും പ്രിയപ്പെട്ടവനുമായി, എങ്ങനെ?

(2) മദലിയൻ എം– പട്ടണത്തെ സാമ്പത്തികത്തകർച്ചയിൽനിന്ന് എങ്ങനെ രക്ഷിച്ചു?

(3) ജാവെർ മേയറെ വെറുക്കുവാനും സംശയദൃഷ്ട്യാ വീക്ഷിക്കാനും കാരണം എന്തായിരുന്നു?

VI. പത്തുവരിയിൽ കവിയാതെ പ്രതിപാദിക്കുക:

(1) മേയറുടെ ഹൃദയത്തിൽ നടന്ന വികാരസംഘട്ടനം.

(2) മേയർക്ക് യാത്രക്കിടയിൽ നേരിട്ട പ്രതിബന്ധങ്ങൾ.

---

പാഠം 17

# ആത്മാഹുതി

നേരം വളരെ വൈകിയെങ്കിലും കോടതി പിരിഞ്ഞിട്ടില്ല. ജീൻവാൽജീനെതിരായുള്ള കേസിൻെറ വിചാരണ നടക്കുന്നു. അടിയന്തിരമായി വേറൊരു കേസ് വിചാരണയ്ക്കു വന്നതുകൊണ്ട് സന്ധ്യയ്ക്കു ശേഷമാണ് ജീനിൻെറ കേസെടുത്തത്. അന്നുതന്നെ വിചാരണ മുഴുമിച്ച് വിധിപറയണമെന്ന് പ്രധാന ജഡ്ജിക്ക് നിർബന്ധമുണ്ടായിരുന്നു. കെട്ടിടത്തിൻെറ മുകൾനിലയിലുള്ള വിശാലമായ ശാലയിൽ അഭിഭാഷകൻമാരും കാണികളും തിങ്ങിക്കൂടിട്ടുണ്ട്. മേയർ കോണിപ്പടികൾ കയറി വിചാരണമുറിയുടെ വാതിൽക്കലെത്തി. വാതിൽ അടച്ചിരിക്കുന്നു. ഒരു പോലീസുകാരൻ അതിൻെറ മുമ്പിൽ കാവൽ നിൽക്കുന്നുമുണ്ട്. മേയർ അകത്തേക്കു കടത്തിവിടണമെന്ന് അപേക്ഷിച്ചു. പോലീസുകാരൻ പറഞ്ഞു: ''നിവൃത്തിയില്ല.

അകത്തേക്കു സൂചികുത്താൻപോലും സ്ഥലം ഒഴിവില്ല. ജഡ്ജിമാർ ഇരിക്കുന്ന വേദിയുടെ പിൻഭാഗത്ത് മുഖ്യാതിഥികൾക്കായി നീക്കിവച്ച സ്ഥലത്ത് ഒരു കസേര ഒഴിവുണ്ട്. പ്രധാന ജഡ്ജിയുടെ പ്രത്യേകാനുമതി കൂടാതെ ആരെയും അവിടെ ഇരുത്തിക്കൂടാ.'' മേയർ കീശയിൽനിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെടുത്തു; അതിൽനിന്നും ഒരു താൾ പറിച്ചെടുത്ത് പെൻസിൽകൊണ്ട് എന്തോ കുറിച്ചു; ''ഇതു കൊണ്ടുപോയി ജഡ്ജിക്കു കൊടുക്കൂ'' എന്ന് പോലീസുകാരനോടു പറഞ്ഞു. അയാൾ അകത്തുപോയി തിരിച്ചു വന്നു; മേയറെ അഭിവാദ്യം ചെയ്ത് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഒരു ഇടനാഴിയിൽ എത്തിച്ചു; അടച്ചിട്ട ഒരു വാതിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: ''ആ പിച്ചളപ്പിടി തിരിച്ചാൽ വാതിൽ തുറക്കും. അകത്തുകടന്ന് മാന്യാതിഥികൾക്കുള്ള സ്ഥാനത്തിരിക്കാം.'' ഇത്രയും പറഞ്ഞിട്ട് മേയറെ താണുവണങ്ങി പോലീസുകാരൻ സ്വസ്ഥാനത്തേക്കു മടങ്ങി.

മേയറുടെ ഹൃദയം വീണ്ടും ഒരു പോർക്കളമായി മാറി. അടികാണാത്ത ഒരു ഗർത്തത്തിൻെറ വക്കത്താണ് താൻ നിൽക്കുന്നതെന്ന് ഒരു നടുക്കത്തോടെ അദ്ദേഹമോർത്തു. വേഗം അവിടെനിന്ന് പുറത്തു കടന്നു; കോണിപ്പടികൾ ഇറങ്ങി; പകുതിയോളം ഇറങ്ങിക്കഴിഞ്ഞപ്പോൾ പെട്ടെന്ന് സ്തംഭിച്ചുനിന്നു; വന്നവഴിക്കുതന്നെ മടങ്ങി. ഇടനാഴിയിലെത്തി; ഏതോ ആവേശമേറ്റപോലെ വാതിൽതുറന്ന് അകത്തുക്ടന്നു. പ്രധാന ജഡ്ജിയും സർക്കാർ വക്കീലും അദ്ദേഹത്തെ തിരിച്ചറിയുകയും തലകുനിച്ചു വന്ദിക്കുകയും ചെയ്തു. മേയർ അതൊന്നും കണ്ടില്ല. താൻ എവിടെയാണെന്നും എന്താണ് അവിടെ നടക്കുന്നതെന്നും കുറേനേരത്തോളം അദ്ദേഹത്തിന് ഓർക്കാൻ കഴിഞ്ഞില്ല.

കേസുവിചാരണ അവസാനിക്കാറായിരുന്നു. ഗവൺമെൻറു വക്കീൽ വളരെ സമർത്ഥമായി കേസു വാദിച്ചു. പ്രതിയുടെ വക്കീൽ വലിയ പ്രതീക്ഷയൊന്നും കൂടാതെയാണ് എതിർവാദം നടത്തിയത്. തൻെറ കക്ഷി പഴയ തടവുപുള്ളിയായ ജീൻ വാൽജീനാണെന്ന് ഇൻസ്പെക്ടർ ജാവെറിൻെറയും മറ്റു സാക്ഷികളുടെയും മൊഴികളിൽനിന്ന് തെളിഞ്ഞിരിക്കുന്നുവെന്ന് സമ്മതിച്ചുകൊടുപ്പാൻ അദ്ദേഹം നിർബദ്ധനായി. എന്നാൽ ഇപ്പോൾ ചുമത്തപ്പെട്ട കുറ്റം—ആപ്പിൾമോഷണം—തൻെറ കക്ഷി ചെയ്തതായി തെളിയിച്ചിട്ടില്ലെന്നും അതിനാൽ അയാൾ ശിക്ഷാർഹനല്ലെന്നുമായിരുന്നു വക്കീൽ വാദിച്ചത്.

ജൂറിമാരും ജഡ്ജിമാരും മാത്രമല്ല കാഴ്ചക്കാരത്രയും കുറ്റം സംശയാതീതമാംവണ്ണം തെളിയിക്കപ്പെട്ടതായി കരുതി. പ്രതി നന്നേ അവശനായി ഒരു ബഞ്ചിൽ അതാ ഇരിക്കുന്നു. മേയറുടെ നോട്ടം ആ പാവത്തിൻെറ മേൽ പതിച്ചു. താൻ തന്നെയല്ലേ അത്! എന്തൊരു സാദൃശ്യം! ആ കീറി മുഷിഞ്ഞ ഉടുപ്പുകറം മാറ്റിയാൽ താൻതന്നെ!

പ്രധാന ജഡ്ജി ഗംഭീരസ്വരത്തിൽ ആജ്ഞാപിച്ചു: ''പ്രതി എഴുന്നേറ്റു നിൽക്കട്ടെ.'' അപ്പാവം ഉത്തരവനുസരിച്ചു. മുഖത്ത് മൂഢമായ ഒരമ്പരപ്പ്! ''തനിക്ക് ഇനി വല്ലതും പറയാനുണ്ടോ?'' എന്ന് ന്യായാധിപൻ ചോദിച്ചു.

ആ ചോദ്യം അവൻ കേട്ടതായി തോന്നിയില്ല. കൈയിലുണ്ടായിരുന്ന വൃത്തികെട്ട തൊപ്പിയിൽ തിരുപ്പിടിച്ചുകൊണ്ട് ഒരു വിഡ്ഢിയെപ്പോലെ അവൻ മിഴിച്ചുനിന്നു. ജഡ്ജി ചോദ്യം ആവർത്തിച്ചു. ഉറക്കത്തിൽ നിന്നെന്നപോലെ അവൻ ഞെട്ടിയുണർന്നു; ചുറ്റും പകച്ചുനോക്കി. പിന്നെ ഗവൺമെൻറ് വക്കീലിൻെറമേൽ നോട്ടമുറപ്പിച്ചുകൊണ്ട് തൻെറ ഉള്ളുപൊട്ടിത്തെറിക്കുകയാണോ എന്നു തോന്നുമാറ് ഇങ്ങനെ പറഞ്ഞു: ''ഞാൻ കുറെക്കാലം പാരീസിലായിരുന്നു. മോസ്യു ബാലുവിൻെറ കീഴിൽ വണ്ടിച്ചക്രങ്ങറം ഉണ്ടാക്കുകയായിരുന്നു എൻെറ ജോലി. ഹോ! വല്ലാത്ത ജോലിയാണത്. നാൽപ്പതു വയസ്സാകുമ്പോഴേക്ക് മനുഷ്യൻ തകർന്നുപോകും. പാവം! എനിക്കൊരു മകളുണ്ടായിരുന്നു. അലക്കായിരുന്നു അവളുടെ ജോലി. അന്തിയോളം അലക്കും; പിന്നെ വല്ലമൂലയിലും തളർന്നുവീണുറങ്ങും. അവളുടെ കാലം അങ്ങനെ കഴിഞ്ഞു. ഒരു ചൊവ്വാഴ്ച രാത്രി എട്ടുമണിക്ക് കിടന്നുറങ്ങി. പിന്നെ എണീറ്റില്ല. സത്യമാണ് ഞാൻ പറയുന്നത്. ഇനിയൊന്നും എനിക്കു പറയാനില്ല. സംശയമുണ്ടെങ്കിൽ പോകണം, മോസ്യു ബാലുവിനോടു ചോദിക്കണം.'' ഇതുകേട്ട് അവിടെ കൂടിയവരെല്ലാം ചിരിച്ചു. പ്രതിയും ചിരിച്ചു. ആ ചിരി ഒരു ദുർനിമിത്തമായിരുന്നു.

ജഡ്ജി പറഞ്ഞു: ''ജൂറിമാരെ, മോസ്യുബാലുവിനെ നാം സമൺ ചെയ്തിരുന്നു. അയാറം വന്നിട്ടില്ല. കച്ചവടം പൊളിഞ്ഞ് ദീപാളി കുളിച്ച് അയാറം നാടുവിട്ടുപോയി എന്നാണ് അന്വേഷണത്തിൽ അറിയുന്നത്.'' പിന്നെ ന്യായാധിപൻ തടവുകാരൻെറ നേർക്കു തിരിഞ്ഞു. ''തനിക്ക് ഒരവസരം നൽകാൻ ഞാൻ വീണ്ടും ചോദിക്കുകയാണ്. വിശദമായി

മറുപടി പറയണം. താൻ മതിൽ കയറി അകത്തു കടന്ന് ആപ്പിൾ ക്കൊമ്പു പൊട്ടിച്ച് പഴം മോഷ്ടിച്ചുവോ? താൻ ജീൻവാൽ ജീനാണോ, അല്ലയോ?''


പ്രതി തല വിലങ്ങനെയാട്ടി കുറ്റം നിഷേധിച്ചു. അവൻ എന്തോ പറയാൻ മുതിർന്നു. അപ്പോഴേക്ക് ഗവൺമെൻറു വക്കീൽ ഇടപെട്ടു. ''ചോദിച്ച ചോദ്യത്തിനൊന്നും താൻ ഉത്തരം പറഞ്ഞില്ല. ഞാൻ പറയുന്നു പേരും വേഷവും മാറി നട ക്കുന്ന ജീൻവാൽജീനാണ് താനെന്ന്. മതിൽ കയറി മറിഞ്ഞ് മോഷണം നടത്തിയെന്ന കുറ്റം ഞാൻ തൻെറമേൽ ചുമത്തുന്നു. എന്താണ് തനിക്കു പറയാനുള്ളത്? കേൾക്കട്ടെ.'' ഇടയ്ക്ക് തളർന്നിരുന്നുപോയ പ്രതി ചാടിയെഴുന്നേറ്റ് ആക്രോശിച്ചു: ''നിങ്ങൾ പരമദുഷ്ടനാണ്, അതെ പരമദുഷ്ടൻ, അതാണെ നിക്കു പറയാനുള്ളത്. അത് ആദ്യമേ പറയാൻ എനിക്കു തോന്നിയില്ല. ഞാൻ ഒരിക്കലും ഒന്നും മോഷ്ടിച്ചിട്ടില്ല. എന്നെപ്പോലെയുള്ളവർക്ക് എന്നും ആഹാരം കിട്ടിയെന്നു വരില്ല. അതുകൊണ്ട് കട്ടുകൊള്ളണം എന്നില്ലല്ലോ. പഴങ്ങളോടുകൂടിയ ആപ്പിൾചില്ല റോഡിൽ കിടന്നിരുന്നു. അത് ഞാൻ എടുത്തു. ഈ ആപത്തൊക്കെ അതു വരുത്തിവയ്ക്കുമെന്ന് ആരറിഞ്ഞു! മൂന്നുമാസമായി ജയിലിൽ കിടക്കുന്നു. ജീൻവാൽജീൻ! ആരാണയാൾ? എനിക്കറിഞ്ഞുകൂടാ.''

ജഡ്ജി സാക്ഷികളെ ഹാജരാക്കാൻ കൽപ്പന കൊടുത്തു. അപ്പോൾ ഗവൺമെൻറുവക്കീൽ ബോധിപ്പിച്ചു: ''ഇൻസ്പെ ക്ടർ ജാവെർ കോടതിമുമ്പാകെ മൊഴികൊടുത്തിട്ട് ബഹുമാന്യ നായ ജഡ്ജിയുടെ അനുവാദത്തോടെ സ്ഥലം വിട്ടിരിക്കുന്നു.'' ജഡ്ജി പറഞ്ഞു: ''ശരി, മറ്റുള്ള മൂന്നുപേരെ വിളിക്കൂ.''

ഒന്നാം സാക്ഷി ബ്രെവെ പറഞ്ഞു: ''ഞാനാണ് ഇയാളെ ആദ്യം തിരിച്ചറിഞ്ഞത്. ഇപ്പോഴും ഞാൻ തീർത്തുപറയുന്നു ഇയാൾ ജീൻവാൽജീനാണെന്ന്.'' ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന രണ്ടാംസാക്ഷിയും മൂന്നാംസാക്ഷിയും സംശയാ തീതമാംവണ്ണം ആ വസ്തുത ഉറപ്പിച്ചു. ജഡ്ജി പ്രതിയോടു ചോദിച്ചു: ''ഇനി തനിക്ക് എന്തു പറയാനുണ്ട്?'' ''അസലായി എന്നു തന്നെ!''

അസാധാരണമായ ഈ മറുപടി കോടതിയിലാകെ ഒരു ഇരമ്പം ഇളക്കിവിട്ടു. ന്യായാധിപൻ ഗൗരവഭാവത്തിൽ

ആജ്ഞാപിച്ചു: ''അച്ചടക്കം പാലിക്കുക. നാം വിധി പറയാൻ പോകയാണ്.''



പെട്ടെന്ന് ന്യായാധിപവേദിക്കടുത്ത് ഒരു ചലനമുണ്ടായി. വികാരവായ്പുള്ള ഒരു ശബ്ദം ഉയർന്നു. ''ബ്രെവെ! കോഷ് പെയിൻ! ഷെനിൽദിയു! ഇങ്ങോട്ടു നോക്കിൻ നിങ്ങാംക്ക് എന്നെ അറിഞ്ഞുകൂടെ?''

മേയർ മദലിയൻ ആയിരുന്നു അത്! എല്ലാ കണ്ണുകളും അദ്ദേഹത്തിൻെറ നേർക്കു തിരിഞ്ഞു. ജഡ്ജിക്കോ ഗവൺമെൻറ് വക്കീലിനോ വല്ലതും പറയാൻ കഴിയുന്നതിനു മുൻപ് മേയർ തുടർന്നു: ''നിങ്ങാം എന്നെ തിരിച്ചറിയുന്നില്ലേ?'' സാക്ഷികാം നിഷേധാർത്ഥത്തിൽ തലയാട്ടി. കോഷ്പെയിൻ നടുങ്ങിക്കൊണ്ട് ഒരു സലാം കൊടുത്തു. മദലിയൻ ശാന്തമായ സ്വരത്തിൽ പറഞ്ഞു: ''ജൂറിമാരേ, പ്രതിയെ വിടുക. ബഹുമാന്യനായ ജഡ്ജി അവർകളേ, എന്നെ അറസ്റ്റ് ചെയ്യുക. നിങ്ങാം അന്വേഷിക്കുന്ന ആാം ആ മനുഷ്യനല്ല, ഞാനാണ്. ഞാൻ ജീൻവാൽജീനാണ്.''

കോടതിയാകെ തരിച്ചുപോയി. കുറെ നിമിഷങ്ങളോളം ഒരു ചലനവുമുണ്ടായില്ല. ജഡ്ജി സർക്കാർ വക്കീലിൻെറ നേരേ അർത്ഥഗർഭമായൊന്നു നോക്കി. ''ഇവിടെ കൂടിയവർക്കിടയിൽ ഡോക്ടർമാർ ആരെങ്കിലും ഉണ്ടോ?'' എന്ന് വക്കീൽ വിളിച്ചു ചോദിച്ചു. അദ്ദേഹം തുടർന്നു: ''ജൂറിമാരെ, ബഹുമാന്യനായ മദലിയനെക്കുറിച്ച് നിങ്ങാം കേട്ടിരിക്കും, എം— പട്ടണത്തിലെ മേയർ. അദ്ദേഹത്തിനു സുഖമില്ല.

ഡോക്ടർമാർ ആരെങ്കിലും ഇവിടെ ഉണ്ടെങ്കിൽ അദ്ദേഹത്തെ സഹായിക്കാൻവേഗം വരണം! ബഹുമാനപ്പെട്ട ജഡ്ജിയോടൊപ്പം ഞാനും അപേക്ഷിക്കുന്നു.''

വക്കീൽ ഇത്രയും പറഞ്ഞ് മുഴുമിപ്പിക്കുന്നതിനു മുൻപ് മേയർ ഇടപെട്ടു: ''കാരുണ്യത്തിനു നന്ദി. എന്നാൽ നിങ്ങൾ വിചാരിക്കുന്നപോലെ എനിക്ക് ബുദ്ധിഭ്രമമൊന്നും സംഭവിച്ചിട്ടില്ല. തികഞ്ഞ ബോധത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. എന്ത്, ഈ പഴയ കൂട്ടുകാരൊന്നും എന്നെ തിരിച്ചറിയുന്നില്ലെന്നോ! ഹാ! ജാവെർ ഇവിടെ ഉണ്ടായിരുന്നെങ്കിൽ!''

ഒരു നിമിഷം മൗനം ഭജിച്ചിട്ട് അദ്ദേഹം സാക്ഷികളായ ആ തടവുപുള്ളികളെ നോക്കിപ്പറഞ്ഞു:

''ബ്രെവെ! തന്നെ ഞാനറിയും.'' തടവിലായിരുന്നപ്പോൾ അയാൾ ധരിച്ചിരുന്ന ഉടുപ്പിൻെറ പ്രത്യേകതകൾ മേയർ അപ്പടി വിവരിച്ചു. അയാൾ അദ്ഭുതത്തോടെ അതു ശരിവച്ചു. ഷെനിൽദിയു! തൻെറ ഇടതു തോളിൽ തീപ്പൊള്ളലിൻെറ ആഴമേറിയ പാടില്ലേ? T. P. F. എന്നീ അക്ഷരങ്ങൾ ഇപ്പോഴും അവിടെ മായാതെ കിടപ്പില്ലേ? അതു മാച്ചുകളയാൻ താൻ കനൽക്കട്ട നിറച്ച തീച്ചട്ടിയിൽ തോൾവച്ചു പൊള്ളിച്ചു. എന്നിട്ടും അക്ഷരങ്ങൾ മാഞ്ഞുപോയില്ല. ശരിയല്ലേ ഞാൻ പറയുന്നത്?''

ശരിയാണെന്ന് അയാൾ സമ്മതിച്ചു.

മദലിയൻ മൂന്നാമത്തെ സാക്ഷിയോടു ചോദിച്ചു.

''തൻെറ കൈത്തണ്ടയിൽ കത്തിച്ച വെടിമരുന്നുകൊണ്ട് നീലനിറത്തിൽ മാർച്ച് 1, 1815 എന്ന് എഴുതീട്ടില്ലേ? കുപ്പായത്തിൻെറ കൈപൊക്കി കാണിച്ചുകൊടുക്കൂ.''

അതും ശരിയായിരുന്നു. കോടതിയാകെ അദ്ഭുതസ്തബ്ധമായി. അൽപനേരം കഴിഞ്ഞ് മേയർ തുടർന്നു: ''നിങ്ങൾ എന്നെ അറസ്റ്റു ചെയ്യാൻ ഭാവമില്ല, അല്ലേ? എന്നാൽ ഞാനിതാ പോകുന്നു. സർക്കാർവക്കീൽ അവർകളേ, ഞാൻ എവിടേക്കാണ് പോകുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. നിങ്ങളുടെ സൗകര്യംപോലെ അവിടെവന്ന് എന്നെ അറസ്റ്റു ചെയ്യാം.''

സുദൃഢമായ കാൽവയ്പുകളോടെ മേയർ വാതിൽക്കലേക്കു നടന്നു. ജനക്കൂട്ടം ആദരപൂർവ്വം വഴിമാറിക്കൊടുത്തു. അടച്ചിരുന്ന വാതിൽ അതാ മലർക്കെ തുറന്നു കിടക്കുന്നു.

ആരാണ് തുറന്നത്? ആർക്കും അറിഞ്ഞുകൂടാ അദ്ദേഹം പുറത്തുകടന്ന ഉടനെ വാതിൽ മുൻപോലെ അടഞ്ഞു. അതിമഹത്തായ കർമ്മങ്ങൾ ചെയ്യുന്നവനെ തുണയ്ക്കാൻ ജനക്കൂട്ടത്തിൽനിന്ന് ആരെങ്കിലും മുന്നോട്ടുവരും, തീർച്ച.

കോടതി തടവുകാരനെ മോചിപ്പിച്ചു. ആ പാവത്തിന് ഇതിന്റെ അർത്ഥമൊന്നും മനസ്സിലായില്ല. ''എല്ലാവർക്കും ഭ്രാന്താണോ! അതെ, ഏറ്റവും അധികം ഭ്രാന്ത് ആ മനുഷ്യനാണ്. ആ ഭ്രാന്ത് എന്നെ രക്ഷിച്ചു.'' എന്ന് തന്നോടുതന്നെ പറഞ്ഞുകൊണ്ട് അയാൾ കോടതി വിട്ടിറങ്ങി.

പദങ്ങൾ

അഭിഭാഷകൻ, ഗർത്തം, സംശയാതീതം, നിർബദ്ധൻ, ആത്മാഹുതി.

അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക: സംശയാതീതം, നിർബദ്ധൻ.
(b) 'അതീതം' ചേർത്ത് 'സംശയാതീതം' പോലുള്ള നാലു പദം ഉണ്ടാക്കുക.

II. (a) അർത്ഥഭേദം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക:
(1) മേയർ മദലിയനായിരുന്നു അത്.
(2) തികഞ്ഞ ബോധത്തോടെയാണ് ഞാൻ സംസാരിക്കുന്നത്.
(3) അത് ശരിയായിരുന്നു.
(4) അതിമഹത്തായ കർമ്മങ്ങൾ ചെയ്യുന്നവരെ സഹായിക്കാൻ ജനക്കൂട്ടത്തിൽനിന്ന് ആരെങ്കിലും മുന്നോട്ടു വരും, തീർച്ച.

(b) അർത്ഥഭേദംവരാതെ നിഷേധവാക്യം വിധിവാക്യമാക്കുക:
(1) നേരം വളരെ വൈകിയെങ്കിലും കോടതി പിരിഞ്ഞിട്ടില്ല.
(2) പ്രധാന ജഡ്ജിയുടെ സമ്മതം കൂടാതെ ആരെയും അവിടെ ഇരുത്തിക്കൂടാ.
(3) ആ ചോദ്യം അവൻ കേട്ടതായി തോന്നിയില്ല.
(4) ഇനിയൊന്നും എനിക്കു പറയാനില്ല.

III. അപോദ്ധരിക്കുക:
(1) ജീൻവാൽജീനെതിരായുള്ള കേസിന്റെ വിചാരണ നടക്കുന്നു.
(2) മേയർ കോണിപ്പടികയറി വിചാരണമുറിയുടെ വാതിൽക്കലെത്തി.
(3) കൈയിലുണ്ടായിരുന്ന വൃത്തികെട്ട തൊപ്പിയിൽ തിരുപ്പിടിച്ചുകൊണ്ട് ഒരു വിഡ്ഢിയെപ്പോലെ അവൻ മിഴിച്ചുനിന്നു.
(4) പ്രതി തല വിലങ്ങനെയാട്ടി കുറ്റം നിഷേധിച്ചു.
(5) ജഡ്ജി സാക്ഷികളെ ഹാജരാക്കാൻ കൽപന കൊടുത്തു.
(6) ആ പിച്ചളപ്പിടി തിരിച്ചാൽ വാതിൽ തുറക്കും.

IV. സന്ദർഭം പറഞ്ഞ് ആശയം വിശദീകരിക്കുക:
(1) ''അടികാണാത്ത ഒരു ഗർത്തത്തിന്റെ വക്കത്താണ് താൻ നിൽക്കുന്നതെന്ന് അദ്ദേഹം ഓർത്തു.''
(2) ''ആ ചിരി ഒരു ദുർനിമിത്തമായിരുന്നു.''

(3) ''നിങ്ങൾ പരമദുഷ്ടനാണ്, അതെ, പരമദുഷ്ടൻ.''
(4) ''കാരുണ്യത്തിനു നന്ദി. എന്നാൽ നിങ്ങൾ വിചാരിക്കുന്നതു പോലെ എനിക്ക് ബുദ്ധിഭ്രമമൊന്നുമില്ല.''
(5) ''നിങ്ങളുടെ സൗകര്യംപോലെ എന്നെ അവിടെവന്ന് അറസ്റ്റു ചെയ്യാം.''
(6) ''ഏറ്റവുമധികം ഭ്രാന്ത് ആ മനുഷ്യനാണ്, ആ ഭ്രാന്ത് എന്നെ രക്ഷിച്ചു.''

V. അഞ്ചുവരിയിൽ കവിയാതെ പ്രതിപാദിക്കുക :
(1) താനാണ് ജീൻവാൽജീനെന്ന് മേയർ പ്രഖ്യാപിച്ചപ്പോൾ കോടതിയിലുണ്ടായ പ്രതികരണം.
(2) താനാണ് ജീൻവാൽജീനെന്ന് മേയർ എങ്ങനെ സമർത്ഥിച്ചു?
(3) ശുദ്ധഗതിക്കാരനായ പ്രതി കോടതിയിൽ പെരുമാറിയ വിധം.

VI. ഈ പാഠത്തിലെ കഥാഭാഗം ഒരു നാടകരംഗമായി മാറ്റിയെഴുതുക.

---

പാഠം 18

# ഒരരിപ്പിറാവ്

പുലർകാലമെനിക്കു പുണ്യമിന്നു–
ജ്ജ്വലതേജസ്സെഴുമോമനപ്പിറാവേ,
ഉലകിൽ പ്രിയദർശനൻ ഭവാനെൻ–
നിലയോപാന്തമലങ്കരിച്ചുവല്ലോ. 1

ചിറകിൻെറചിതപ്പെടുന്ന നാനാ–
നിറവും തുണ്ഡപദങ്ങൾ തൻതുടുപ്പും
പറവാൻ പണി, ഗാത്രസൗഭഗം തേ
പറവച്ചാർത്തിനു മാനഹേതു പാരം. 2

ഇരുകണ്ണിതു കുങ്കുമദ്രവത്താൽ
നറുതേൻവാണികൾ തൊട്ട പൊട്ടുപോലെ;
ചുരുളിപ്പൊഴുതേ വിടുർത്ത വാഴ–
ച്ചെറുകൂമ്പിൻപടി കോമളം തവാംഗം. 3

അലസാതൊരു സൂചിശില്പദക്ഷൻ
പലവർണ്ണങ്ങളിലുള്ള പട്ടുനൂലാൽ
നലമാം പടി തയ്ച്ചു തീർത്തതോ, നിൻ–
മലർമെയ്യെത്ര മനോഹരം പിറാവേ! 4

ജനിസിദ്ധമനോജ്ഞമാർദ്ദവത്താൽ–
ത്തനിവില്ലീസൊടിടഞ്ഞ താവകാംഗം
കനിവിൽത്തടവുന്നു ബാലസൂരൻ,
പനിനീർപ്പൂ പണിയുന്ന തൻകരത്താൽ. 5

സ്ഫുരദംഗമരീചിവീചിയാലെൻ—
പുരമുറ്റത്തു, പുരന്ധ്രിമാർ കണക്കേ,
വിരവോടു വിചിത്രമംഗളപ്പൂ—
നിര കാലത്തു വിരിച്ചിടുന്നിതോ നീ? 6

ഭുവനത്രയശില്പി ചിത്രരത്ന—
പ്രവരശ്രേണി പതിച്ചതിൻ പ്രകാശം
തവ മെയ്യിലിതാ, പതിൻമടങ്ങായ്
നവസൂര്യക്കതിരേറ്റു, മിന്നിടുന്നൂ. 7

അതിരറ്റഴകുള്ളതായ കാർവി—
ല്ലതിവേഗേന മറഞ്ഞു പോകുമല്ലോ;
അതിനാൽ വിധി പേർത്തുതീർത്തതാവാ—
മതിനൊക്കുന്നൊളി വീശുമിക്ഖഗത്തെ. 8

തവഗേഹിനിയെങ്ങു? ലോകനേത്രോ—
ത്സവമേ, താങ്കൾ തനിച്ചു പോന്നതെന്തേ?
അവൾ കൊച്ചുകിടാങ്ങൾ തൻതുണയ്ക്കായ്—
ബ്ഭവനത്തിങ്കൽ വസിക്കയായിരിക്കാം. 9

അരി ഞാൻ വിതറിത്തരാം നിനക്കെ;—
ന്നരികത്തേക്കണകൊന്നരിപ്പിറാവേ!
ശരിയായ് മമ മന്ദിരാഗതൻ നീ—
യരിമപ്പെട്ട വിരുന്നുകാരനത്രേ. 10

സാഹിത്യമഞ്ജരി] [മഹാകവി വള്ളത്തോൾ

## അഭ്യാസം

1. അലങ്കാരം നിർണ്ണയിക്കുക: 3, 4, 5, 6, 7, 8 ശ്ലോകങ്ങൾ.
2. 'പുലർകാലമെനിക്കു പുണ്യമിന്ന്'—എന്തുകൊണ്ട്?
3. 'പറവച്ചാർത്തിനു മാനഹേതുപാരം'—ഏത്?
4. അരിപ്പിറാവിന്റെ ശരീരം എങ്ങനെ നിർമ്മിക്കപ്പെട്ടതായിരിക്കാം എന്നാണ് കവി ആശങ്കിക്കുന്നത്?
5. 'വിരവോടു വിചിത്രമംഗളപ്പൂനിര കാലത്തു വിരിച്ചിടുന്നിതോ നീ'—ആരാണ് പൂ വിരിക്കുന്നത്? ആരെപ്പോലെ? ഏതിനെയാണ് പൂനിരയായി കല്പിച്ചിട്ടുള്ളത്?
6. പ്രകൃതി പ്രാവിനെ സൃഷ്ടിപ്പാനുള്ള ഹേതു എന്തായിരിക്കാം എന്നാണ് കവി കല്പിക്കുന്നത്? ഈ കല്പനയിൽനിന്ന് വ്യഞ്ജിക്കുന്ന ആശയമെന്ത്?
7. ഈ കവിതയിൽ ഉടനീളം സ്ഫുരിക്കുന്ന ഹൃദയവികാരമെന്ത്?
8. "അരിപ്പിറാവിനെ ഒരു പക്ഷിയായല്ല മനുഷ്യനിർവിശേഷമായാണ് വള്ളത്തോൾ കാണുന്നത്" ഈ അഭിപ്രായത്തെ സമർത്ഥിക്കുന്ന ശ്ലോകങ്ങൾ ഏവ?

---

പാഠം 19

# ചന്ദ്രനിലേക്ക്

ഫലമൂലങ്ങളും പച്ചമാംസവും തിന്ന് ഗിരിഗഹ്വരങ്ങളിലും വൃക്ഷകോടരങ്ങളിലും പക്ഷിമൃഗാദികളെപ്പോലെ അനേകം നൂറ്റാണ്ടുകൾ കഴിച്ച മനുഷ്യൻ ഇന്ന് പ്രകൃതിയെ കീഴടക്കി വാഴുകയാണ്. ബുദ്ധിയുടെ വികാസമാണ് അവൻെറ എല്ലാ നേട്ടങ്ങളുടെയും രഹസ്യം. കരയിൽ ഇഷ്ടംപോലെ സഞ്ചരിക്കാൻ സാധിച്ചതുകൊണ്ട് അവൻ സംതൃപ്തനായില്ല. ജലോപരിഭാഗത്തെന്നപോലെ ജലധിയുടെ അന്തർഭാഗത്തും യഥേഷ്ടം ചരിപ്പാനുള്ള കഴിവ് അവൻ കാലക്രമത്തിൽ നേടി; പക്ഷികളെപ്പോലെ ആകാശത്തിൽ പറക്കുവാനും പഠിച്ചു; അതുകൊണ്ടും അടങ്ങാതെ ചന്ദ്രനിലേക്കു പറന്നെത്തി! അതിദൂരസ്ഥങ്ങളായ ഇതര ഗ്രഹങ്ങളിലേക്കു കുതിക്കാനാണ് അവൻ ഇപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശുക്രനാണ് ഭൂമിക്ക് ഏറ്റവും അടുത്തുകിടക്കുന്ന ഗ്രഹം. അതിനാൽ അടുത്ത പരിപാടി ശുക്രനിലേക്കുള്ള യാത്രയാണ്.

മാനവബുദ്ധിയുടെ ഈ സിദ്ധികൾക്കെല്ലാം മുന്നോടി അവൻെറ ഭാവനയാണ്. ആദികവിയായ വാല്മീകി പുഷ്പകവിമാനത്തെ വിഭാവനം ചെയ്തു. അനേകശതം വർഷങ്ങൾക്കുശേഷം കവിയുടെ ആ സങ്കൽപത്തെ ശാസ്ത്രജ്ഞൻ ഒരു യാഥാർത്ഥ്യമാക്കി മാറ്റി. പതിനാറാം നൂറ്റാണ്ടിൽ ഷേയ്ക്സ്പിയർ ടെംപെസ്റ്റ് എന്ന നാടകത്തിൽ അശരീരിയായ സംഗീതത്തെ സങ്കൽപിച്ചു. ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞൻ റേഡിയോ എന്ന ഉപജ്ഞയിലൂടെ ആ ഭാവനയെ ചരിത്രസത്യമാക്കി. 1873-ൽ ജൂൾസ് വെർണെ എന്ന ഫ്രഞ്ചു കഥാകൃത്ത് കടലിന്നടിയിലൂടെയുള്ള യാത്രയെപ്പറ്റി സരസമായ ഒരു കഥയെഴുതി. പിന്നെ അധികകാലം കഴിയുന്നതിനുമുമ്പ് മുങ്ങിക്കപ്പൽ കണ്ടുപിടിക്കപ്പെട്ടു. ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള യാത്രയാണ് ജൂൾസ് വെർണെയുടെ മറ്റൊരു കഥയ്ക്കു വിഷയം. അക്കാര്യവും മനുഷ്യൻ ഇപ്പോൾ സാധിച്ചുകഴിഞ്ഞിരിക്കുന്നു. ഉടലോടുകൂടി ചന്ദ്രനിലെത്താൻ കഴിയുമെന്ന് അടുത്തകാലംവരെ ആരും വിചാരിച്ചിരുന്നില്ല. പിതൃക്കളുടെ ലോകമായാണ് ഹിന്ദുപുരാണങ്ങളിൽ ചന്ദ്രമണ്ഡലത്തെ സങ്കൽപിച്ചിരുന്നത്. ഇപ്പോൾ പിതൃക്കൾക്ക് വേറെ വാസസ്ഥാനം അന്വേഷിച്ചുപോകേണ്ടി വന്നിരിക്കണം.

അനാദികാലം മുതൽക്കുതന്നെ മനുഷ്യൻെറ ഭാവനയെ തഴപ്പിച്ചുപോന്ന ഒരു സുന്ദരശീതളഗോളമാണ് ചന്ദ്രൻ. സൗന്ദര്യത്തിൻെറയും ആനന്ദത്തിൻെറയും പ്രതീകമായി കവികൾ അതിനെ കൽപിച്ചുപോന്നു. എന്നാൽ അടുത്തകാലത്ത് ചന്ദ്രനെ ക്കുറിച്ച് അറിയാൻ ഇടയായ യാഥാർത്ഥ്യങ്ങൾ ''മിന്നുന്ന തെല്ലാം പൊന്നല്ല'' എന്നു തെളിയിച്ചിരിക്കുന്നു.

സ്ഥാവരമോ ജംഗമമോ ആയ യാതൊരു സജീവവസ്തുവും ഇല്ലാത്ത ഒരു വൻമരുഭൂമിയാണ് ചന്ദ്രഗോളം. ഭൂമിയെ ആവരണം ചെയ്തു നിൽക്കുന്ന വായുമണ്ഡലം അവിടെയില്ല. അതിനാൽ മേഘമോ, മഴയോ, കാറ്റോ, ശബ്ദമോ ഒന്നും തന്നെ ചന്ദ്രനിൽ സംഭവ്യമല്ല. ഹിമമോ, ജലമോ, നീരാവിയോ അവിടെ കണ്ടെത്തിയിട്ടില്ല. പൊടിമൂടിക്കിടക്കുന്ന മരുഭൂമികളും കൂറ്റൻ പർവ്വതനിരകളും അഗാധഗർത്തങ്ങളും ആപൽക്കരമായ കിടങ്ങുകളുംകൊണ്ടു നിറഞ്ഞതാണ് ചന്ദ്രഗോളം. അവിടത്തെ പകൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്നു. രാത്രിയും അത്രതന്നെ ദൈർഘ്യമുള്ളതാണ്. ചന്ദ്രനിലെ മധ്യരേഖാപ്രദേശത്ത് പകൽ സമയത്തുള്ള ഊഷ്മാവ് തിളയ്ക്കുന്ന വെള്ളത്തിൻേറതിനു സമാനമാണ്. രാത്രിയിലെ തണുപ്പ് വെള്ളം ഉറച്ചു കട്ടിയാകാൻ വേണ്ടതിലും എത്രയോ അധികവും. ഭൂമിയിൽ ധ്രുവപ്രദേശങ്ങളിൽപോലും ഒരു കാലത്തും ഇത്ര തണുപ്പ് അനുഭവപ്പെടുകയില്ല. അങ്ങേയറ്റത്തെ ചൂടും ഇങ്ങേയറ്റത്തെ തണുപ്പുമാണ് ചന്ദ്രനിലെ കാലാവസ്ഥ. അവിടെയാണ് നമുക്കു ചെന്നിറങ്ങേണ്ടത്. പകൽസമയം മധ്യരേഖാപ്രദേശത്തു ചെന്നിറങ്ങിയാൽ തീയിൽ വീണ പാറ്റയെപ്പോലെ കരിഞ്ഞുപോകും. ഈ വിപത്തുകളെയെല്ലാം ചെറുത്തുനില്ക്കാനുള്ള വഴികൾ ശാസ്ത്രത്തിൻെറ വളർച്ച നമുക്കു നേടിത്തന്നിരിക്കുന്നു. ചന്ദ്രനിലെ ധ്രുവപ്രദേശങ്ങളിലെ ചൂട് ഏതാണ്ട് ഭൂമിയുടേതിനു തുല്യമാണ്. മാത്രമല്ല, അവിടങ്ങളിൽ രാവും പകലും ഉഷ്ണത്തിൻെറ നിലയ്ക്ക് വലിയ മാറ്റങ്ങൾ സംഭവിക്കുന്നതുമില്ല. അതിനാൽ ധ്രുവപ്രദേശങ്ങളാണ് ചന്ദ്രനിൽ പോയി ഇറങ്ങാൻ പറ്റിയത്. അതിവേഗത്തോടെ പറന്നുവരുന്ന ഉല്ക്കകൾ നിമിഷംപ്രതി ആയിരക്കണക്കിൽ ചന്ദ്രമണ്ഡലത്തിൽ വീണുകൊണ്ടിരിക്കുന്നു. നിരന്തരമായ കല്ലേറു നടക്കുന്ന ഒരു രംഗമാണത്. ഈ വിപത്തുകളെയൊക്കെ വെല്ലുവിളിച്ചുകൊണ്ട് ചന്ദ്രനിൽ ചെന്നിറങ്ങിയ മനുഷ്യൻെറ ധീരതയും സാഹസികതയും ജിജ്ഞാസയും എങ്ങനെ മതിയാവോളം പുകഴ്ത്താം.

ചന്ദ്രോത്പത്തിയെപ്പറ്റി പല സിദ്ധാന്തങ്ങളുണ്ട്. പരിണാമവാദത്തിൻെറ കർത്താവായ ചാൾസ് ഡാർവിൻെറ പുത്രൻ ജോർജ്ജ് ഡാർവിൻ ഏതാണ്ട് അമ്പതുകൊല്ലം മുമ്പ് ഇതിനെക്കുറിച്ചു പറഞ്ഞത് ഇങ്ങനെയാണ്: ഭൂമിയുടെ ഉപരിതലത്തിൽനിന്ന് ഏതോ വിശ്വശക്തി (Cosmic Force) അടർത്തിയെടുത്തു കൊണ്ടുപോയ ഒരു ഭാഗമാണ് ചന്ദ്രൻ. ഈ സിദ്ധാന്തത്തെ അംഗീകരിക്കുന്ന ചില ശാസ്ത്രജ്ഞൻമാർ ഇപ്പോഴും ഉണ്ടെങ്കിലും ഭൂരിപക്ഷം ഇതിനെതിരാണ്. ആദ്യം വാതകരൂപമായിരുന്ന ഭൂമി ക്രമേണ തണുത്ത് ദ്രവാവസ്ഥയിലെത്തിയ ദശയിൽ അതിൻെറ ഉപരിതലത്തിൽനിന്ന് അതിഭീമമായ ഒരു ജലഗോളം തെറിച്ചുപോയതാണ് ചന്ദ്രനായി പരിണമിച്ചതെന്ന് വേറൊരു അഭിപ്രായമുണ്ട്. സലിലമയമാണ് ചന്ദ്രമണ്ഡലമെന്ന് ഭാരതീയജ്യോതിശ്ശാസ്ത്രജ്ഞൻമാർ പരമ്പരയാ പറഞ്ഞുവന്നിട്ടുള്ളത് ഇതുകൊണ്ടായിരിക്കുമോ? തോമസ് ഗോൾഡ് എന്ന ആധുനികശാസ്ത്രജ്ഞൻ ചന്ദ്രമണ്ഡലത്തിൽ, ഉപരിതലത്തിന് കുറെയേറെ താഴെയായി ഹിമത്തിൻെറ കട്ടികൂടിയ ഒരു നിര വ്യാപിച്ചുകിടപ്പുണ്ടെന്നും അതാണ് ചന്ദ്രഗോളത്തിൻെറ ലാഘവത്തിന് കാരണമെന്നും അഭ്യൂഹിക്കുന്നുവെന്ന കാര്യവും കൂടി ഇവിടെ പ്രസ്താവ്യമാണ്.

ചന്ദ്രൻ ഏതെങ്കിലും കാലത്ത് ഭൂമിയുടെ ഒരു ഭാഗമായിരുന്നുവോ എന്നു തീർത്തു പറയാൻ ഇപ്പോൾ സാധ്യമല്ല. എന്നാൽ ഇന്നു ഭൂമിയിലെയും ചന്ദ്രനിലെയും സ്ഥിതികൾക്കു തമ്മിൽ വലിയ അന്തരമുണ്ട്. ഇതിനു പ്രധാനകാരണം ചന്ദ്രനിൽ വായുമണ്ഡലമില്ലെന്നതാണ്. പ്രകൃതി ഭൂമിക്കു നല്കിയ അദ്ഭുതകരമായ ഒരു പുതപ്പാണ് വായുമണ്ഡലമെന്നു പറയാം. ശൈത്യോഷ്ണങ്ങളെ സമീകരിക്കുന്നത് ഈ ആവരണമാണ്. വായുമണ്ഡലത്തിലെ നീരാവി സൂര്യകിരണങ്ങളെ തടഞ്ഞുനിർത്തി അവയുടെ താപത്തെ ലഘൂകരിക്കുന്നു. പകൽ സമയത്ത് ഭൂമി സൂര്യനിൽനിന്ന് നേടിയ ചൂട് രാത്രിയിൽ നഷ്ടപ്പെടാതെ നിലനിർത്തുന്നതും ഈ പുതപ്പാണ്. മഴയും, മഞ്ഞും, വായുവും, ശബ്ദവും ജീവജാലങ്ങളുടെ ഉത്പത്തിയും നിലനിൽപുമെല്ലാം വായുമണ്ഡലത്തിൻെറ അനുഗ്രഹമാണ്. ഈ വായുമണ്ഡലമാണ് ചന്ദ്രന് ഇല്ലാത്തത്. എന്തുകൊണ്ട് എന്നല്ലേ ചോദ്യം? ജീവവായു, നൈട്രജൻ, വളരെ കുറഞ്ഞ തോതിൽ വേറെ ചില വാതകങ്ങൾ എന്നിവ ചേർന്നതാണ് വായുമണ്ഡലം. അതിനെ ആകർഷണശക്തികൊണ്ടാണ് ഭൂമി തനിക്കുചുറ്റും പിടിച്ചു

നിറുത്തുന്നത്. ചന്ദ്രനിൽ ഭൂമിയെ അപേക്ഷിച്ച് ആകർഷണ ശക്തി വളരെ വളരെ കുറവാണ്.

ചന്ദ്രൻ രണ്ടായിരത്തിയൊരുനൂറ്റിയറുപത് നാഴിക വ്യാസമുള്ള ഒരേകദേശ ഗോളമാണ്. അത് മണിക്കൂറിൽ രണ്ടായിരത്തിയിരുനൂറ്റിയെൺപതു നാഴിക വേഗത്തിൽ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്നു. 27 ദിവസം 7 മണിക്കൂർ 43 മിനിറ്റു കൊണ്ട് അത് ഭൂമിയെ ഒരു പ്രാവശ്യം ചുറ്റുന്നു. അത്രയും സമയംകൊണ്ടുതന്നെ അത് സ്വന്തം അച്ചുതണ്ടിൻമേൽ ഒരിക്കൽ കറങ്ങുകയും ചെയ്യുന്നു. അതിനാൽ ചന്ദ്രന്റെ ഒരു വശം മാത്രമേ നാം എപ്പോഴും കാണുന്നുള്ളൂ. ചന്ദ്രന്റെ ഭ്രമണപഥം ഭൂമിയിൽനിന്നു ശരാശരി രണ്ടുലക്ഷത്തിമുപ്പത്തൊമ്പതിനായിരം നാഴിക അകലെയാണ്. സൗരയൂഥത്തിൽ നമ്മുടെ മറ്റൊരു അയൽവാസി എന്നു പറയാവുന്ന ശുക്രൻ ഇരുനൂറു ലക്ഷം നാഴിക അകലത്താണ്.

ശ്വസിപ്പാൻ വായുവില്ല; കുടിപ്പാൻ വെള്ളമില്ല; ആഹാരത്തിന് പറ്റിയതൊന്നുമില്ല; കൂട്ടുകൂടാൻ ജീവികളില്ല; കണ്ണഞ്ചിക്കുന്ന വർണ്ണവിലാസങ്ങളില്ല. എവിടെ നോക്കിയാലും ഒരു നരച്ച നിറം മാത്രം. ആപത്തുകൾ എങ്ങും പതിയിരിക്കുന്നു. ഇതാണ് ചന്ദ്രമണ്ഡലത്തിന്റെ അവസ്ഥ. പിന്നെ എന്തിനാണ് അവിടെയെത്താൻ മനുഷ്യൻ ഇത്രയൊക്കെ വെമ്പൽകൊള്ളുന്നത്? അനിയന്ത്രിതമായ ജിജ്ഞാസകൊണ്ട് അവന് എല്ലാമറിഞ്ഞേ കഴിയൂ. പ്രകൃതിയുടെ എല്ലാ രഹസ്യങ്ങളെയും മറനീക്കിക്കാണണം. ചന്ദ്രനും ഭൂമിയും തമ്മിലുള്ള ബന്ധമെന്ത്? ചന്ദ്രനിർമ്മിതിക്കുപയോഗിച്ച ദ്രവ്യമെന്ത്? നാം ഇതുവരെ കണ്ടിട്ടില്ലാത്ത ചന്ദ്രമണ്ഡലത്തിന്റെ മറുവശം എങ്ങനെയിരിക്കും? ചന്ദ്രനിലെ ഗർത്തങ്ങൾ എങ്ങനെയുണ്ടായി? ഇങ്ങനെ ഒരു നൂറായിരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കണം. ചന്ദ്രന്റെ ഉത്പത്തിയെക്കുറിച്ചറിഞ്ഞാൽ പ്രപഞ്ചത്തിന്റെ ഉത്പത്തിയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞേക്കാം. അത്രയുമല്ല, ചന്ദ്രനെ ചവിട്ടു പടിയാക്കിക്കൊണ്ട് ഇതരഗ്രഹങ്ങളിൽ എത്താൻ ശ്രമിക്കുകയും ചെയ്യാം.

ചന്ദ്രനിലെത്തുന്നതെങ്ങനെ എന്നാണല്ലോ ഇനി ചിന്തിക്കേണ്ടത്. രണ്ടുലക്ഷത്തിമുപ്പത്തൊമ്പതിനായിരം നാഴികയല്ലേ ദൂരം! അതെങ്ങനെ തരണം ചെയ്യും?

ഭൂമിയുടെ ആകർഷണശക്തിയാണ് ബാഹ്യാകാശയാത്രയിൽ മുഖ്യമായ പ്രതിബന്ധം. തന്റെ ഉപരിതലം വിട്ടു പോകുന്ന ഏതിനെയും ഭൂമി തന്നിലേക്കാകർഷിക്കുന്നു.

അതിൻെറ പിടിയിൽനിന്നു രക്ഷപ്പെടണം. രക്ഷപ്പെടാമെന്ന് വിമാനങ്ങൾ തെളിയിച്ചു. ആകർഷണശക്തിക്കെതിരായാണ് വിമാനങ്ങൾ ആകാശത്തിലേക്കുയരുന്നത്. യന്ത്രശക്തി കൊണ്ട് ആകർഷണശക്തിയെ ജയിക്കാം.

സെക്കൻറിൽ 11.2 കിലോമീറ്റർ വേഗം സിദ്ധിക്കുമാറ് വിക്ഷേപിക്കപ്പെടുന്ന റോക്കറ്റ് ഭൂമിയുടെ ആകർഷണവലയത്തെ ഭേദിച്ച് ചന്ദ്രനിലേക്കു നിർബാധം യാത്രചെയ്തുകൊള്ളും. ചന്ദ്രമണ്ഡലത്തിനടുത്തെത്തുമ്പോൾ വേഗം സെക്കൻറിൽ 2.4 കിലോമീറ്ററാക്കണം. ക്രമേണ അത് പൂജ്യമായി ചുരുക്കുകയും വേണം. മടക്കയാത്ര സെക്കൻറിൽ 2.4 കിലോമീറ്റർ വേഗത്തോടെ ആരംഭിച്ച് ക്രമത്തിൽ 11.2 കിലോമീറ്ററായി വർധിപ്പിച്ച് ഭൂമിയുടെ അടുത്തെത്തുമ്പോൾ പൂജ്യമായി കുറയ്ക്കണം. ഇങ്ങനെ ചെയ്താൽ ചന്ദ്രനിലെത്തി മടങ്ങിവരാം.

എളുപ്പത്തിൽ പറഞ്ഞുകഴിഞ്ഞു. എന്നാൽ എത്രയെത്ര മുൻകരുതലുകൾ എടുക്കണം, ഈ യാത്ര വിജയകരമായി കലാശിക്കാൻ!

ശൂന്യാകാശത്തിൽ ജീവസന്ധാരണത്തിനാവശ്യമായ വായു ഇല്ല. സമ്മർദ്ദവുമില്ല. ഭൂമിയിൽനിന്ന് 1600 കിലോമീറ്റർ ഉയരത്തോളം വായുമണ്ഡലം വ്യാപിച്ചു കിടക്കുന്നുണ്ടെങ്കിലും ഏതാണ്ടൊരു 16 കിലോമീറ്റർ ഉയരത്തെത്തിക്കഴിഞ്ഞാൽത്തന്നെ പ്രതികൂലപരിതഃസ്ഥിതി അനുഭവപ്പെട്ടുതുടങ്ങും. ചാന്ദ്രവാഹനത്തിൻെറ അന്തർഭാഗത്ത് ഭൂമിയുടെ അന്തരീക്ഷം തന്നെ യന്ത്രസഹായംകൊണ്ടു സൃഷ്ടിച്ചിട്ടാണ് ഈ പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നത്. ശ്വസിക്കാനുള്ള വായു, കുടിക്കാനുള്ള വെള്ളം, കഴിക്കാനുള്ള ഭക്ഷണം എന്നുവേണ്ട എല്ലാമെല്ലാം വാഹനത്തിനകത്ത് സജ്ജമാക്കിയിരിക്കും.

ബാഹ്യാകാശകവചം ധരിച്ചുകൊണ്ടാണ് ചന്ദ്രനിലിറങ്ങുന്നത്. ശ്വസിക്കാനുള്ള വായു അതിലടങ്ങിയിരിക്കും. ആകർഷണശക്തി കുറവായതിനാൽ ചന്ദ്രനിൽ ഏതു വസ്തുവിൻെറയും ഭാരം ഭൂമിയിലുള്ളതിനെക്കാൾ വളരെ കുറവാണെന്നു പറഞ്ഞല്ലോ. അതുകൊണ്ട് നിലത്തു കാലുറപ്പിച്ചുവയ്ക്കാൻ തന്നെ പ്രയാസമുണ്ട്. അടിയുറപ്പിച്ചിട്ടു വേണ്ടേ നടക്കാൻ? ചന്ദ്രനിൽ ബാഹ്യാകാശസഞ്ചാരികൾ നടക്കുന്നതു കാണാൻ നല്ല രസമുണ്ട്. ഒരുതരം നൃത്തം പോലെയുള്ള നടത്തം. ഭൂമിയിലെത്തുമ്പോൾ വളരെയേറെ ഭാരം തോന്നിക്കുന്ന വസ്തുക്കൾ ചന്ദ്രനിലായിരിക്കുമ്പോൾ പൊക്കാൻ ഒരു പ്രയാസവുമില്ല. ലാഘവത്തിൻെറ കേളീരംഗമാണ് അവിടം.

ബാഹ്യാകാശസഞ്ചാരികഠം യാത്രയുടെ ആരംഭം മുതൽ അവസാനംവരെ ഭൂമിയുമായി നിരന്തരബന്ധം പുലർത്തിക്കൊണ്ടിരിക്കുന്നു. അവർക്കുവേണ്ട നിർദ്ദേശങ്ങഠം നല്കുന്നത് ഇങ്ങുതാഴെയുള്ള ശാസ്ത്രവിശാരദൻമാരാണ്. അതിസങ്കീർണ്ണമായ ഇലക്ട്രോണിക് ഉപകരണങ്ങഠംകൊണ്ടാണ് ഇതെല്ലാം നിർവ്വഹിക്കുന്നത്. ധീരരും സാഹസികരും പ്രത്യുൽപന്നമതികളുമായ ബാഹ്യാകാശസഞ്ചാരികളെ അവരുടെ സുദീർഘവും അത്യാപൽക്കരവുമായ യാത്രയിൽ വിജയിപ്പിക്കുന്നത് അന്യാദൃശമേധാശാലികളും ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരുമായ ഈ മഹാമതികളത്രെ. ഇരുകൂട്ടരുടെയും ഒരുമിച്ചുള്ള മഹായത്നമാണ് ഭൂമിവിട്ട് ചന്ദ്രനോളം ഉയരുന്ന അമാനുഷസിദ്ധിയുടെ പിന്നിൽ പ്രവർത്തിക്കുന്നത്.

### പദങ്ങഠം

വൃക്ഷകോടരം, അതിദൂരസ്ഥം, വിഭാവനംചെയ്യുക, സുന്ദരശീതളഗോളം, പ്രതീകം, സ്ഥാവരം, ജംഗമം, സംഭവ്യം, ഉല്ക്ക, ജിജ്ഞാസ, പരിണാമവാദം, പരമ്പരയാ, സലിലമയം, അഭ്യൂഹം, ലാഘവം, ലഘൂകരിക്കുക, ഭ്രമണപഥം, വർണ്ണവിലാസം, ജീവസന്ധാരണം, നിർബാധം, ചാന്ദ്രവാഹനം, വിശാരദൻ, അതിസങ്കീർണ്ണം, പ്രത്യുൽപന്നമതി, മേധാശാലി.

### അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:
അതിദൂരസ്ഥം, വിഭാവനംചെയ്യുക, പ്രതീകം, സംഭവ്യം, ജിജ്ഞാസ, പരമ്പരയാ, അഭ്യൂഹം, ലഘൂകരിക്കുക, ജീവസന്ധാരണം, നിർബാധം, വിശാരദൻ, മേധാശാലി, മറനീക്കിക്കാണുക.

(b) താഴെ ചേർക്കുന്ന പദങ്ങഠം ഏതു നാമത്തിൽനിന്ന് അല്ലെങ്കിൽ നാമവിശേഷണത്തിൽനിന്നാണ് രൂപംകൊള്ളുന്നത്?
യാഥാർത്ഥ്യം, സാഹസികത, ലാഘവം, ശൈത്യം.

(c) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക:
ഭ്രമണപഥം, സുന്ദരശീതളഗോളം, വർണ്ണവിലാസം, ജീവസന്ധാരണം.

II. അപോദ്ധരിക്കുക:

(1) ഫലമൂലങ്ങളും പച്ചമാംസവും തിന്ന് ഗിരിഗഹ്വരങ്ങളിലും വൃക്ഷകോടരങ്ങളിലും പക്ഷിമൃഗാദികളെപ്പോലെ അനേകം നൂറ്റാണ്ടുകഠം കഴിച്ച മനുഷ്യൻ ഇന്ന് പ്രകൃതിയെ കീഴടക്കി വാഴുകയാണ്.

(2) ആദികവിയായ വാല്മീകി പുഷ്പകവിമാനത്തെ വിഭാവനം ചെയ്തു.

(3) ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞൻ റേഡിയോ എന്ന ഉപജ്ഞയിലൂടെ ആ ഭാവനയെ ചരിത്രസത്യമാക്കി.

(4) സൗന്ദര്യത്തിൻെറയും ആനന്ദത്തിൻെറയും പ്രതീകമായി കവികാം അതിനെ സങ്കൽപിച്ചുപോന്നു.

(5) പൊടിമൂടിക്കിടക്കുന്ന മരുഭൂമികളും കൂറ്റൻ പർവ്വതനിരകളും അഗാധഗർത്തങ്ങളും ആപൽക്കരമായ കിടങ്ങുകളുംകൊണ്ട് നിറഞ്ഞതാണ് ചന്ദ്രഗോളം.

(6) ഈ വിപത്തുകളെയൊക്കെ വെല്ലുവിളിച്ചുകൊണ്ട് ചന്ദ്രനിൽ ച്ചെന്നിറങ്ങിയ മനുഷ്യൻെറ ധീരതയും ജിജ്ഞാസയും എങ്ങനെ മതിയാവോളം പുകഴ്ത്താം?

(7) അവിടങ്ങളിൽ രാവും പകലും ഉഷ്ണത്തിൻെറ നിലയ്ക്ക് വലിയ മാറ്റങ്ങാം സംഭവിക്കുന്നതുമില്ല.

(8) വായുമണ്ഡലത്തിലെ നീരാവി സൂര്യകിരണങ്ങളെ തടഞ്ഞു നിർത്തി അവയുടെ താപത്തെ ലഘൂകരിക്കുന്നു.

(9) തൻെറ ഉപരിതലം വിട്ടുപോകുന്ന ഏതിനെയും ഭൂമി തന്നിലേക്ക് ആകർഷിക്കുന്നു.

III. ചുരുക്കിയെഴുതുക:

(1) ചന്ദ്രഗോളത്തിലെ സ്ഥിതിവിശേഷങ്ങാം, (2) ചന്ദ്രോൽപത്തിയെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങാം, (3) ചന്ദ്രൻ ശുദ്ധശൂന്യവും, നിശ്ശബ്ദവുമായിരിക്കാനുള്ള കാരണങ്ങാം, (4) ശൂന്യാകാശയാത്രയിൽ തരണംചെയ്യേണ്ട പ്രതിബന്ധങ്ങളും അവയെ തരണംചെയ്യുന്ന വിധവും, (5) ഭൂമിയിലിരിക്കുന്ന ശാസ്ത്രജ്ഞൻമാർ ശൂന്യാകാശസഞ്ചാരികളെ എങ്ങനെയെല്ലാം സഹായിക്കുന്നു?

---

പാഠം 20

# ഒരു വിപ്ലവത്തിൻെറ കഥ

''പ്രജാസുഖം സുഖം ഭൂപ—
ന്നാവർ തൻ ഹിതമേ ഹിതം:
ഹിതം തൻ പ്രിയമല്ലോർത്താൽ,
പ്രജാപ്രിയമതേ ഹിതം.''

എന്ന് ചാണക്യൻ ക്രിസ്തുവിനുമുമ്പ് നാലാം നൂറ്റാണ്ടിനോടടുത്തു നിർമ്മിച്ച അർത്ഥശാസ്ത്രത്തിൽ പറഞ്ഞുകാണുന്നു. ഈ പരമസത്യം രാജാക്കൻമാരും മറ്റു ഭരണാധികാരികളും എപ്പോഠം മറക്കുന്നുവോ അപ്പോഠം വിപ്ലവത്തിന് കളമൊരുങ്ങുന്നു. ഈജിപ്റ്റിലെ രാജാവായിരുന്ന ഫാറൂക്ക് അമേരിക്കയിലെ പ്രസിഡൻറായിരുന്ന റൂസ്‌വെൽറ്റിനോട് ഒരഭിമുഖ സംഭാഷണത്തിൽ

പറഞ്ഞുവത്രേ: ''ലോകത്തിൽ മൂന്നു രാജാക്കൻമാരേ അവശേഷിക്കാൻ പോകുന്നുള്ളൂ.'' കൃത്യമായി മൂന്നു രാജാക്കൻമാർ എന്നു പറഞ്ഞുകേട്ടപ്പോഠം ജിജ്ഞാസമൂലം പ്രസിഡൻറ് ആരെല്ലാമായിരിക്കും അത്, എന്നു ചോദിച്ചു. ''ആസ്‌രാജാവ്, ഇസ്പേഡ് രാജാവ്, ഇംഗ്ലണ്ടിലെ രാജാവ്'' എന്നായിരുന്നു ഫാറൂക്കിൻെറ മറുപടി.

ഈ പ്രവചനം ആദ്യമായി ഫലിച്ചത് ഫാറൂക്കിൻെറ വിഷയത്തിൽ തന്നെയായിരുന്നു. ഏതാനും വർഷങ്ങഠം കഴിയുന്നതിനുമുമ്പ് രാജപദവി നഷ്ടപ്പെട്ട് അദ്ദേഹം രാജ്യഭ്രഷ്ടനായി. സ്വന്തം മണ്ണിൽക്കിടന്നു മരിക്കാനുള്ള ഭാഗ്യം പോലും ആ മന്നന് ലഭിച്ചില്ല.

ഇംഗ്ലണ്ടിൽമാത്രം രാജത്വം തുടർന്നുപോകുമെന്നാണല്ലോ ഫാറൂക്കിൻെറ ഫലിതോക്തിയുടെ പൊരുഠം. എന്താണിതിൻെറ രഹസ്യം? ഇംഗ്ലണ്ടിലെ രാജാവ് യഥാർത്ഥത്തിൽ രാജാവല്ലെന്നതുതന്നെ. പാർലമെൻറിനാണ് അവിടെ പരമാധികാരം. രാജാവ് അതിൽ കൈകടത്താതെ അടങ്ങിയൊതുങ്ങി കഴിയുന്നു. ഈ വിവേകം ജനിച്ചത് ചരിത്രം നൽകിയ ചുട്ടപാഠങ്ങളിൽ നിന്നാണ്. പ്രജാഹിതത്തെ ധ്വംസിച്ചുകൊണ്ട് ഏകാധിപതിയായി തേർവാഴ്ച നടത്താൻ മുതിർന്ന ജോൺ രാജാവിനെ സൈമൺ ഡി. മോൺഫൈർട്ടിൻെറ നേതൃത്വത്തിൽ ഇംഗ്ലണ്ടിലെ പൊതുജനങ്ങഠം വരച്ച വരയിൽ നിർത്തി ജനാധികാരത്തിൻെറ ആദ്യത്തെ രേഖയെന്നു പറയാവുന്ന 'മാഗ്നാകാർട്ട'യിൽ തൃക്കൈ വിളയാടിച്ചു. 1215-ലായിരുന്നു ഈ സംഭവം. പിന്നീട് നാലുനൂറ്റാണ്ടോളം രാജാധികാരത്തിൻെറ അതിരുകവിഞ്ഞ ദുർലളിതങ്ങളെ തടഞ്ഞുനിർത്താൻ ഈ മഹാസംഭവത്തിനു കഴിഞ്ഞു. പതിനേഴാം നൂറ്റാണ്ടിൻെറ പൂർവ്വാർധത്തിൽ ചാഠംസ് ഒന്നാമൻ പാർലമെൻറിനെ ധിക്കരിച്ചു. ശിരച്ഛേദമായിരുന്നു അതിനു ലഭിച്ച ശിക്ഷ. അതിൽ പിന്നീട് ഇംഗ്ലണ്ടിൽ രാജാവും പാർലമെൻറും അവരവരുടെ അധികാരസീമകളെക്കുറിച്ച് തികഞ്ഞബോധത്തോടെ രഞ്ജിപ്പിൽ കഴിയുകയാണ്. അതുകൊണ്ടുതന്നെയാണ് അവശേഷിക്കാൻപോകുന്ന ഏകനൃപൻ ഇംഗ്ലണ്ടിലെ രാജാവായിരിക്കും എന്ന് ഫാറൂക്ക് പ്രവചിച്ചത്.

മാനവചരിത്രത്തിൻെറ ആദ്യഘട്ടങ്ങളിൽ രാജാക്കൻമാർ ഉണ്ടായിരുന്നില്ല. ലോകജനത അന്ന് കൊച്ചു സമൂഹങ്ങളായി ജീവിച്ചുപോന്നു. സമൂഹത്തിലെ എല്ലാ അംഗങ്ങഠംക്കും

അവകാശങ്ങളും അവസരങ്ങളും ഏറക്കുറെ തുല്യമായിരുന്നു. പിൽക്കാലത്ത് ഓരോ സമൂഹവും കഴിവുറ്റ ഒരു നേതാവിനെ തെരഞ്ഞെടുത്തു. തലവൻ തൻെറ സമൂഹത്തിൻെറ താത്പര്യ ങ്ങളെ പരിരക്ഷിച്ചുപോന്നു. ഇങ്ങനെ വളരെക്കാലം കഴിഞ്ഞതിൽ പിന്നെയാണ് പാരമ്പര്യമനുസരിച്ചുള്ള രാജത്വം നടപ്പായത്. എന്നാൽ ആ പ്രാചീനകാലത്തുപോലും പരിഷ്കൃതലോക ത്തിൻെറ ചില ഭാഗങ്ങളിൽ ജനാധിപത്യം രൂപംകൊണ്ടു; വളരെ ക്കാലത്തോളം നിലനിൽക്കുകയും ചെയ്തു. ഗ്രീസിലും റോമിലും ക്രിസ്തുവിനുമുമ്പ് ആറാം നൂറ്റാണ്ടുതൊട്ട് പ്രജാ ധിപത്യം കൊടികുത്തിവാണു. ഇന്ത്യയിലും ചില ജനവർഗ്ഗ ങ്ങൾക്കിടയിൽ ഈ ഭരണരീതി മധ്യകാലംവരെ നിലനിന്നു പോന്നതായി ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റു രാജ്യങ്ങളെ ആക്രമിച്ച് വിപുലമായ സാമ്രാജ്യം സ്ഥാ പിച്ചപ്പോഴാണ് ഗ്രീസിലും റോമിലും പ്രജാധിപത്യം ക്ഷയി ച്ചത്. ഭൂരിപക്ഷത്തിൻെറ താത്പര്യത്തെ അവഗണിച്ചും അവ കാശങ്ങളെ ധ്വംസിച്ചും കൊണ്ടുള്ള ഭരണം, രാജാവിൻെറതോ, പട്ടാളത്തലവൻെറതോ, മുതലാളി വർഗ്ഗത്തിൻെറതോ ഏതു മാകട്ടെ, വിപ്ലവത്തിനു കളമൊരുക്കുന്നു. ഭീകരമായ മർദ്ദനവും കടുത്ത സാമ്പത്തികാസമത്വവും കൊടിയ ദാരിദ്ര്യവും അതിൻെറ മുന്നോടികളാണ്. അൽപം ചിലരുടെ കൈയിൽ ധനവും അധികാരവും കേന്ദ്രീകരിക്കപ്പെടുകയും ബഹുഭൂരിപക്ഷം ദുഃഖവും അപമാനവും പട്ടിണിയും വിഴുങ്ങിക്കഴിയേണ്ടിവരി കയും ചെയ്യുമ്പോൾ, ചിരകാലമായി അടങ്ങിയൊതുങ്ങിക്കഴി ഞ്ഞിരുന്ന ബഹുജനം അഗ്നിപർവ്വതത്തെപ്പോലെ പെട്ടെന്ന് പൊട്ടിത്തെറിക്കുന്നു. അന്നുവരെ ആരും ചോദ്യംചെയ്യാൻ ധൈര്യപ്പെടാത്ത ആശയങ്ങളും നൂറ്റാണ്ടുകളായി നിലനിന്നു പോന്ന മതപരവും സാംസ്കാരികവുമായ സ്ഥാപനങ്ങളും വിപ്ലവത്തിൻെറ ആഘാതമേറ്റ് തകർന്നു തരിപ്പണമാകുന്നു. സാമൂഹികവും മതപരവും രാഷ്ട്രീയവും സാമ്പത്തികവു മായ എല്ലാ രംഗങ്ങളിലും പഴയ ആശയങ്ങൾ തുടച്ചു നീക്കപ്പെടു കയും പുതിയ ചിന്താഗതികൾമൂലംതകർന്ന് കുത്തിയൊലി ക്കുകയും ചെയ്യുന്നു.

അങ്ങനെയുള്ള ഒരു വിപ്ലവമാണ് ഫ്രാൻസിൽ 18--ാം നൂറ്റാ ണ്ടിൻെറ ഉത്തരാർധത്തിൽ പൊട്ടിപ്പുറപ്പെട്ട് രാഷ്ട്രത്തെ തകിടം മറിച്ചത്. അതിനു രണ്ടു തലമുറ മുമ്പുതന്നെ വിപ്ല വത്തിനുള്ള അരങ്ങ് ഒരുങ്ങിക്കഴിഞ്ഞിരുന്നു. ലൂയി

പതിനാലാമന്റെ കാലത്ത് രാജാവ് എന്നു പറഞ്ഞാൽ എല്ലാമെല്ലാമായിരുന്നു. രാഷ്ട്രത്തിന്റെ പര്യായംതന്നെയായിരുന്നു രാജാവ്. മുമ്പൊക്കെ പ്രഭുവർഗ്ഗത്തിന് ഭരണത്തിൽ ഗണ്യമായ പങ്കുണ്ടായിരുന്നതുപോലും കാലക്രമത്തിൽ രാജാവിന് അടിയറ വയ്ക്കപ്പെട്ടു. കൊട്ടാരം ചാർത്തിയ വെറും ഭൂഷണമായി പ്രഭുവർഗ്ഗം അധഃപതിച്ചു. പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസിലെ അരമന ദുസ്സഹമായ ദുർവ്യയത്തിന്റെയും ശ്വാസംമുട്ടിക്കുന്ന ആഡംബരഭ്രമത്തിന്റെയും കേളീരംഗമായി ത്തീർന്നു. ഇതിനുള്ള പണമത്രയും നികുതി പിരിച്ചു തന്നെ ഉണ്ടാക്കേണ്ടിയിരുന്നു. പ്രഭുവർഗ്ഗത്തിൽനിന്നും പുരോഹിത വർഗ്ഗത്തിൽനിന്നും നികുതി പിരിച്ചെടുക്കാൻ രാജാവിന് കഴിഞ്ഞില്ല. അതിനാൽ പാവപ്പെട്ട കൃഷിക്കാർ തന്നെ കൂടി ക്കൂടിവരുന്ന ഭാരമത്രയും ചുമക്കേണ്ടിവന്നു. ഈ ചുമടേറ്റി അവർ ഞെരങ്ങുകയായിരുന്നു.

ഈ ഘട്ടത്തിലാണ് വോാൾട്ടയർ എന്ന പ്രസിദ്ധ ചിന്തകൻ മുന്നോട്ടുവന്നത്. അദ്ദേഹം തന്റെ കൃതികളിലൂടെ മതപരവും രാഷ്ട്രീയവുമായ എല്ലാത്തരം മർദ്ദനങ്ങളുടെ മേലും നിശിത വിമർശനത്തിന്റെ ബോംബുകൾ വർഷിച്ചു. ഫ്രാൻസിലെ ബഹുഭൂരിപക്ഷം ജനങ്ങളും ആവേശത്തോടെ വോൾട്ടയറിന്റെ ആശയങ്ങളെ പ്രകീർത്തിച്ചു. അദ്ദേഹത്തിന്റെ നാടകങ്ങൾ കാണാൻ ജനങ്ങൾ തിങ്ങിക്കൂടി. റൂസ്സോ എന്ന മറ്റൊരു ചിന്തകൻ രാജാവില്ലായിരുന്ന, പരമാധികാരം ജനങ്ങളുടെ കൈയിലായിരുന്ന, ആ പഴയകാലത്തേയ്ക്ക് മടങ്ങിപ്പോകാൻ ജനതയെ ഉദ്ബോധിപ്പിച്ചു. വേറെയും എഴുത്തുകാർ രംഗത്തുവന്നു. നിലവിലുള്ള ഏതിനെയും അപഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന വിപ്ലവസാഹിത്യത്തിന്റെ ഒരു വെള്ളപ്പൊക്കംതന്നെ അക്കാലത്തുണ്ടായി. മധ്യകക്ഷിയിൽപെട്ട ഈ ചിന്തകൻമാരും എഴുത്തുകാരുമായിരുന്നു വിപ്ലവത്തിന്റെ മരുന്നറയ്ക്കു തീകൊടുത്തത്.

ലൂയി പതിനാറാമനായിരുന്നു അന്ന് ഫ്രാൻസിലെ രാജാവ്. അദ്ദേഹം ഒരു ശുദ്ധഗതിക്കാരനായിരുന്നു. കാര്യത്തിന്റെ ഗൗരവം അദ്ദേഹം ഒരിക്കലും വേണ്ട സമയത്തു മനസ്സിലാക്കിയിരുന്നില്ല. രാഷ്ട്രീയപ്രശ്നങ്ങൾ കൊടുമ്പിരി ക്കൊള്ളുമ്പോൾ അദ്ദേഹം നായാട്ടിനുപോകും. അല്ലെങ്കിൽ ലോഹപ്പൂട്ടുകളുണ്ടാക്കി വിനോദിക്കും. വാസ്തവത്തിൽ രാജ്ഞിയാണ് രാജ്യം ഭരിച്ചിരുന്നത് എന്നു പറയാം. അതി സുന്ദരിയായ അവർ ആഡംബരത്തിലും ദുർവ്യയത്തിലും

അഹന്തയിലും നീന്തിത്തുടിച്ചു. / ചെലവു ചുരുക്കുക എന്നു കേട്ടാൽ രാജ്ഞി അരിശംകൊള്ളുമായിരുന്നു. ഉദാസീനനായി കഴിഞ്ഞിരുന്ന രാജാവിനുപോലും ഇനി എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന് ബോധ്യമായി. അദ്ദേഹം ഒരു പുതിയ ധനകാര്യ മന്ത്രിയെ നിയമിച്ചു. അന്ന് ഫ്രാൻസിന് നാനൂറുകോടി ഫ്രാങ്ക് കടമുണ്ടായിരുന്നു. പുതുതായി ഒരു നികുതിയും ചുമത്താൻ കഴിയാത്തവണ്ണം നികുതിഭാരം അത്രയേറെ വർധിച്ചുമിരുന്നു. ചിരകാലമായി ഒരു പൈസപോലും നികുതി കൊടുക്കാത്ത പ്രഭുവർഗ്ഗത്തെയും പുരോഹിതസമൂഹത്തെയും നികുതി കൊടുക്കുവാൻ നിർബന്ധിക്കുക മാത്രമായിരുന്നു പോംവഴി. അതിന് പുതിയ ധനകാര്യമന്ത്രി മുതിർന്നപ്പോൾ അദ്ദേഹം രാജധാനിയിലെ ഏറ്റവും വെറുക്കപ്പെട്ട വ്യക്തിയായിത്തീർന്നു. ഒടുവിൽ രാജിവച്ചുപോകാൻ അദ്ദേഹം നിർബദ്ധനായിത്തീരുകയും ചെയ്തു. പിന്നെയും രണ്ടു ധനകാര്യമന്തിമാർ വന്നുപോയി. ഇതിനിടയ്ക്ക് ഫ്രാൻസിന്റെ കടം കുറെക്കൂടി വർധിച്ചു. അമേരിക്കയുടെ സ്വാതന്ത്ര്യസമരത്തിൽ ആ രാജ്യത്തെ ഇംഗ്ലണ്ടിനെതിരായി ഫ്രാൻസ് സഹായിച്ചു. ഫ്രാൻസിന്റെ ഋണവും വിപ്ലവാഭിമുഖ്യവും പെരുകാൻ അതൊരു കാരണമായിത്തീർന്നു. പിന്നെയും കടം വാങ്ങി പ്രശ്നം പരിഹരിക്കാമെന്നായിരുന്നു ധനകാര്യമന്ത്രിയുടെ വിദഗ്ദ്ധോപദേശം! ഏതായാലും ഈ വിഷമസന്ധിയിൽ ജനപ്രതിനിധികളുമായി ചർച്ചചെയ്യണമെന്നു ചിലർക്കുതോന്നി. 1614–നുശേഷം സ്റ്റേറ്റ്സ് ജനറൽ എന്ന ജനപ്രതിനിധി സഭ വിളിച്ചുകൂട്ടിയിരുന്നില്ല. ആ സഭ ഉടനെ വിളിച്ചുകൂട്ടണമെന്ന് ബഹുജനങ്ങൾ മുറവിളികൂട്ടി. പക്ഷേ ലൂയി അത്രയ്ക്കു മുന്നോട്ടുപോകാൻ സന്നദ്ധനായിരുന്നില്ല. ''പ്രമുഖ''ന്മാരുടെ ഒരു സമ്മേളനം .വിളിച്ചുകൂട്ടാൻ അദ്ദേഹം സമ്മതിച്ചു. 1787–ൽ ചേർന്ന ഈ സമ്മേളനത്തിൽ പ്രഭുക്കൻമാർക്കും പുരോഹിതൻമാർക്കും മാത്രമേ സ്ഥാനമുണ്ടായിരുന്നുള്ളൂ. തങ്ങളുടെ പ്രത്യേകാവകാശങ്ങളെ തൊടാതെ വല്ല പരിഹാരമാർഗ്ഗവും കണ്ടെത്തുന്നതിൽ ആ മഹാമനസ്കൻമാർക്ക് വിരോധമുണ്ടായിരുന്നില്ല. തെരുവിൽ തിങ്ങിക്കൂടിയിരുന്ന ബഹുജനം പല വിക്രിയകളും കാട്ടി; കൂക്കിവിളിച്ചു; മുദ്രാവാക്യങ്ങൾ മുഴക്കി; കല്ലെറിഞ്ഞു; സഭാമന്ദിരത്തിന്റെ ജാലകങ്ങൾ തല്ലിപ്പൊളിച്ചു. ആവും വേഗം 'സ്റ്റേറ്റ്സ് ജനറൽ' വിളിച്ചുകൂട്ടാമെന്നു ലൂയി ഒടുവിൽ സമ്മതിച്ചു.

കടുത്ത മഞ്ഞുകാലം വന്നു. അത്ര ഭയങ്കരമായ ഒരു ശിശിരം ഒരുനൂറ്റാണ്ടായി ഫ്രാൻസിനെ ബാധിച്ചിരുന്നില്ല. വയലിലെ

വിളകളത്രയും നശിച്ചു. പതിനെട്ടു ദശലക്ഷം പട്ടിണിപ്പാവങ്ങരം നാട്ടിൽ അലഞ്ഞുതിരിഞ്ഞു. ഭക്ഷണദ്രവ്യങ്ങരം കൊള്ളയടിക്കുക സാധാരണമായിത്തീർന്നു. ഒരു തലമുറ മുമ്പായിരുന്നെങ്കിൽ പട്ടാളത്തെ ഉപയോഗിച്ച് ഈ പ്രക്ഷോഭം അടിച്ചമർത്താൻ കഴിയുമായിരുന്നു. എന്നാൽ വോരംട്ടയർ പ്രഭൃതികളുടെ തത്ത്വശാസ്ത്രം ഫലിക്കാൻ തുടങ്ങിയിരുന്ന പരിതഃസ്ഥിതിയിൽ ഭക്ഷണത്തിനുപകരം വെടിയുണ്ടകരം കൊടുത്താൽ അടങ്ങുമായിരുന്നില്ല പൊതുജനം. പട്ടാളക്കാരിൽ ഭൂരിഭാഗവും സാധാരണക്കാരുടെ ഇടയിൽനിന്നു വന്നവരായിരുന്നു. അതിനാൽ അവരെ മാത്രം വിശ്വസിച്ച് പ്രക്ഷോഭത്തെ നേരിടുക സാധ്യമല്ലാതായി. ജനങ്ങളെ പ്രീണിപ്പിക്കാൻ വല്ലതും ചെയ്തേതീരൂ എന്നുവന്നു.

1789 മേയ് അഞ്ചാം തീയതി സ്റ്റേറ്റ്സ് ജനറൽ സമ്മേളിച്ചു. രാജാവിന് ആകെക്കൂടെ വെറി പിടിച്ചിരുന്നു. പ്രഭുക്കൻമാരും പുരോഹിതൻമാരും മുൻനിലവിട്ട് അണുപോലും ഇളകിയില്ല. ബഹുജനപ്രതിനിധികളോടൊന്നിച്ചിരുന്നു കാര്യങ്ങരം ചർച്ചചെയ്യാൻ തന്നെ അവർ ഇഷ്ടപ്പെട്ടില്ല. അതിനാൽ പ്രഭുക്കളും പുരോഹിതൻമാരും ബഹുജനപ്രതിനിധികളും വെവ്വേറെ സ്ഥലങ്ങളിലിരുന്ന് ചർച്ചകരം നടത്താൻ ലൂയി കൽപിച്ചു. ഇതൊരു അപമാനമായി ജനപ്രതിനിധികരംക്കു തോന്നി. അവർ രാജാജ്ഞയ്ക്കു വഴങ്ങിയില്ല. എല്ലാവരും ഒന്നിച്ചിരുന്നുതന്നെ പ്രശ്നങ്ങരം ചർച്ചചെയ്യണമെന്ന് ശഠിച്ചു. ലൂയി ആ നിർബന്ധത്തിനു വഴങ്ങി. എന്നാൽ സമ്മേളനത്തിൽവച്ചുണ്ടായ തീവ്രമായ അഭിപ്രായപ്രകടനങ്ങരം അദ്ദേഹത്തെ ക്ഷുഭിതനാക്കി. തൻെറ പരമാധികാരം ഒരിക്കലും താൻ അടിയറവയ്ക്കുകയില്ലെന്ന് പ്രഖ്യാപിച്ചിട്ട്, വരും വരായ്കകരം ചിന്തിക്കാൻ കഴിയാത്ത ആ മനുഷ്യൻ നായാട്ടിനുപോയി: അതോടുകൂടി രാഷ്ട്രകാര്യങ്ങളെല്ലാം മറക്കുകയും ചെയ്തു. നായാട്ടു കഴിഞ്ഞു മടങ്ങിവന്നപ്പോരം ലൂയിയുടെ ചൂട് ആറിയിരുന്നു. അദ്ദേഹം ജനഹിതത്തിനു വഴങ്ങി. അപ്പോരം ജനങ്ങരം കൂടുതൽ അധികാരങ്ങരം ആവശ്യപ്പെട്ടു. രാജാവ് നിരസിച്ചു. ഈ വിലപേശൽ തുടർന്നുപോയി. എന്തിനധികം, ഒരു ഒത്തുതീർപ്പിലെത്താൻ അവർക്കു സാധിച്ചില്ല. പിടിവാശിക്കാരിയായ രാജ്ഞി തിരശ്ശീലയ്ക്കു പിന്നിൽനിന്നു ചരടു വലിച്ചുകൊണ്ടിരുന്നു. അവർ വിപ്ലവത്തിനെ തകർക്കാൻ ഒരു എതിരണിയൊരുക്കി. ജനങ്ങരം വിട്ടുകൊടുത്തില്ല. അവർ ബാസ്റ്റീൽ കാരാഗൃഹം ആക്രമിച്ചു തടവുകാരെ മോചിപ്പിച്ച് രാജാധികാരത്തെ വെല്ലുവിളിച്ചു. പ്രഭുവർഗ്ഗത്തിൽ പലരും

നാടുവിട്ടോടി. അപ്പോഴും ലൂയി അനങ്ങിയില്ല, വിപ്ലവ കാരികൾ ബാസ്റ്റീൽകോട്ട തകർക്കുമ്പോൾ അദ്ദേഹം മൃഗയാ വിനോദത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. അന്ന് ധാരാളം മാനുകളെ വെടിവച്ചുകൊല്ലാൻ കഴിഞ്ഞതിൽ അദ്ദേഹം വളരെ യേറെ സന്തോഷിക്കുകയും ചെയ്തു.

ആ വർഷം ആഗസ്റ്റ് 4—ാം തീയതി ചേർന്ന ജനപ്രതി നിധിസഭ (National Assembly) എല്ലാ പ്രത്യേകാവകാശങ്ങളും റദ്ദാക്കി. അതിനെത്തുടർന്ന് മനുഷ്യാവകാശങ്ങളെക്കുറി ച്ചുള്ള പ്രസിദ്ധമായ പ്രഖ്യാപനമുണ്ടായി:— ''സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം.'' ഇത്രയുമായിട്ടും കൊട്ടാരം ഉണർന്നില്ല. രാജാവ് പുതിയ ഭരണഘടനയെ തുരങ്കം വയ്ക്കാൻ ശ്രമി ക്കുകയാണെന്നു കിംവദന്തി നാട്ടിൽ പരന്നു. ഒക്ടോബർ അഞ്ചാംതീയതി വീണ്ടും പാരീസ് നഗരം പൊട്ടിത്തെറിച്ചു. ആ ക്ഷോഭം വേഴ്സയിൽസിലേക്കും വ്യാപിച്ചു. ലൂയി അവിടെ തൻെറ വിശ്രമമന്ദിരത്തിൽ ഉല്ലാസഭരിതനായി കഴിയുകയായി രുന്നു. ജനങ്ങൾ അദ്ദേഹത്തെ പാരീസിലേക്കു പിടിച്ചു കൊണ്ടുവന്നു. ഈ നോട്ടപ്പുള്ളിയെ തങ്ങളുടെ കൺമുമ്പിൽ നിന്ന് ഇനി വിടരുത് എന്ന് അവർ തീർച്ചയാക്കി. ജീവൻ അപകടത്തിലാണെന്നുകണ്ട രാജാവ് 1791 ജൂൺ 21—ാം തീയതി പാരീസിൽനിന്ന് ഒളിച്ചോടി. എന്നാൽ ഒരു നാണ്യത്തിൽ മുദ്രണം ചെയ്തിരുന്ന രൂപത്തിൽനിന്ന് ജനകീയപ്പോലീസ് അദ്ദേഹത്തെ തിരിച്ചറിഞ്ഞു വീണ്ടും പാരീസിലേക്ക് കൊണ്ടുവന്നു.

ഈ ഘട്ടത്തിൽ പ്രഷ്യയിലെ രാജാവും ഓസ്ട്രിയയിലെ ചക്രവർത്തിയും ഫ്രാൻസിലെ രാജാവിൻെറയും രാജ്ഞി യുടെയും രക്ഷയ്ക്കെത്തി. രക്തബന്ധമാണ് അവരെ അതിനു പ്രേരിപ്പിച്ചത്. വിദേശസൈന്യം രാജാവിനെയും രാജ്ഞി യെയും മോചിപ്പിക്കാൻ ഫ്രാൻസിനെ ആക്രമിച്ചപ്പോൾ ജനങ്ങൾ ഭയചകിതരും പരിഭ്രാന്തരുമായിത്തീർന്നു. 1792 സെപ്റ്റംബർ ആദ്യത്തെ വാരത്തിൽ ജനക്കൂട്ടം ഇളകിപ്പുറപ്പെട്ട് ജയിലുകൾ തകർത്തു. വീണ്ടും ജനപ്രതിനിധികൾ സമ്മേ ളിച്ചു. അങ്ങേയറ്റത്തെ വിപ്ലവകാരികളായിരുന്നു ആ സഭയിൽ സന്നിഹിതരായത്. അവർ രാജാവിനെ കടുത്ത രാജ്യദ്രോഹ ക്കുറ്റത്തിനു വിചാരണ ചെയ്തു. 360 വോട്ടിനെതിരെ 361 വോട്ടോടുകൂടി ആ സഭ രാജാവിനു വധശിക്ഷ വിധിച്ചു. അദ്ദേഹം തടവിലടയ്ക്കപ്പെട്ടു. ഭൂരിപക്ഷമുണ്ടാക്കാൻ സഹാ യിച്ച ഒരു വോട്ട് അദ്ദേഹത്തിൻെറ സഹോദരസ്ഥാനീയനായ

ഓർലിയൻസ് പ്രഭുവിൻേറതായിരുന്നു! 1793 ജനുവരി 21–ാം തീയതി ലൂയി പതിനാറാമൻ വളരെ ശാന്തനായി തികഞ്ഞ അന്തസ്സോടെ തൂക്കുമരത്തിലേക്കു നടന്നുപോയി. എന്തൊക്കെയാണ് ഈ ദുരന്തത്തിലേക്കു നയിച്ച സംഭവവികാസങ്ങൾ എന്ന് ആ പാവം ധരിച്ചിരുന്നില്ല. ചോദിച്ചറിയാൻ രാജകീയ ഗർവം സമ്മതിച്ചതുമില്ല.

ഇത്രയുംകൊണ്ട് വിപ്ലവം അവസാനിച്ചില്ല. ആ അഗ്നിവലയം അനുനിമിഷം അധികമധികം വലുതായി, ദാവാഗ്നിപോലെ അത്യന്തകരാളമായി രാജ്യത്തെ ഗ്രസിച്ചു. രാജകീയ കക്ഷിയിൽപ്പെട്ടവരെന്ന ശങ്കയ്ക്ക് പാത്രമായവരെല്ലാം കൊലചെയ്യപ്പെട്ടു. അവിടെയും നിന്നില്ല ആ ഭീകരതാണ്ഡവം വിപ്ലവകാരികൾ തന്നെ രണ്ടു കക്ഷികളായിപ്പിരിഞ്ഞു—തീവ്രവാദികളും; മിതവാദികളും. കുറെക്കാലം തീവ്രവാദികളുടെ തേർവാഴ്ച നടന്നു. മിതവാദികളിൽ പലരും കുരുതി കൊടുക്കപ്പെട്ടു. ഒടുവിൽ അവർ എതിരാളികളെ ചെറുത്തുനിൽക്കാനുള്ള ശക്തിയാർജ്ജിച്ചു. തീവ്രവാദികളുടെ പ്രമുഖനേതാവായ റോബെസ്പെറിയെ 1794 ജൂലായ് 27–ാം തീയതി തൂക്കുമരത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുപോയി. അതിനെ തുടർന്നു പിന്നെയും അനേകായിരം കൊലകൾ നടന്നു— വിപ്ലവകാരികൾ തമ്മിൽ തമ്മിൽ നടത്തിയ കൂട്ടക്കൊലകൾ! രാജാവിൻെറ ഭീകരവാഴ്ചയിൽനിന്നു രക്ഷപ്പെട്ട ഫ്രാൻസ് കൂടുതൽ ഭീകരമായ കുറെയേറെപ്പേരുടെ വാഴ്ചക്കധീനമായി കിടിലംകൊണ്ടു.

സുശക്തരായ ഏതാനും പേരുടെ കൈയിൽ ഭരണം ഏൽപിക്കുകയല്ലാതെ ഈ വിപ്ലവത്തിൽനിന്ന് രക്ഷപ്പെടാൻ ഒരു വഴിയുമില്ലെന്ന് ജനങ്ങൾക്കു ബോധ്യപ്പെട്ടു. അഞ്ചു നേതാക്കൾ നിയമിതരായി. അവർ നാലുകൊല്ലം രാജ്യം ഭരിച്ചു. അതിനെത്തുടർന്ന് 1799–ൽ നെപ്പോളിയൻ എന്ന ഏകവ്യക്തിയുടെ ദൃഢമുഷ്ടിയിൽ പരമാധികാരം ചെന്നൊതുങ്ങി. ഏകാധിപത്യത്തിൻെറ തിരിച്ചടി!

നെപ്പോളിയൻ ഫ്രാൻസിൻെറ ആധിപത്യംകൊണ്ടു തൃപ്തനായില്ല. രക്തപ്പുഴകൾ നീന്തിക്കടന്ന് ആ മഹാസാഹസികൻ യൂറോപ്പിൻെറ ചക്രവർത്തിപദത്തിലേക്ക് സത്വരം മുന്നേറി. ഫ്രാൻസിനു വേണ്ടിയാണ് താനിതൊക്കെ ചെയ്യുന്നതെന്ന് ഫ്രഞ്ചുജനതയെ വിശ്വസിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. വിജയത്തിൽനിന്നു വിജയത്തിലേക്ക് ഫ്രാൻസിനെ നയിക്കുന്ന നേതാവിനെ അവർ ആവേശത്തോടും അഭിമാനത്തോടും കൂടി അനുഗമിച്ചു. ഈ ഭ്രാന്തിൽനിന്നു മുക്തമായി

യഥാർത്ഥ പ്രജാധിപത്യത്തിലെത്തിച്ചേരാൻ ഫ്രാൻസിനു പിന്നെയും വളരെക്കാലം നരകിക്കേണ്ടിവന്നു.

ഒറ്റക്കുതികൊണ്ട് ഒരു വിപ്ലവം ജനക്ഷേമത്തിലും ജനങ്ങളുടെ പരമാധികാരത്തിലും ചെന്നുപറ്റുന്നില്ല. തിരിച്ചടികൾ നിറഞ്ഞതാണ് അതിന്റെ മാർഗ്ഗം. വ്യക്തികളുടെ അദമ്യമായ സ്വാർത്ഥപരതയും അധികാരദുർമോഹവും ആ വന്യസരണിയിൽ നെടുനീളം ചെന്നായ്ക്കളെപ്പോലെ പതിയിരിക്കുന്നു.

### പദങ്ങൾ

അർത്ഥശാസ്ത്രം, അഭിമുഖസംഭാഷണം, ഫലിതോക്തി, പ്രവചനം, ധ്വംസിക്കുക, മാഗ്നകാർട്ട, തൃക്കൈവിളയാടുക, ദുർലളിതം, ശിരച്ഛേദം, അധികാരസീമ, കേന്ദ്രീകരിക്കുക, ആഘാതം, കൂലം, നിശിതം, പ്രകീർത്തിക്കുക, ഉദ്ബോധിപ്പിക്കുക, പരമാധികാരം, ശുദ്ധഗതിക്കാരൻ, അഹന്ത, അരിശംകൊള്ളുക, ഉദാസീനൻ, ഫ്രാങ്ക്, ഋണം, ആഭിമുഖ്യം, മഹാമനസ്കൻ, വിക്രിയ, ദശലക്ഷം, പ്രീണിപ്പിക്കുക, വരുംവരായ്കകൾ, വിലപേശൽ, മൃഗയാ, കിംവദന്തി, ഉല്ലാസഭരിതൻ, നോട്ടപ്പുള്ളി, മുദ്രണം, പരിഭ്രാന്തൻ, സഹോദരസ്ഥാനീയൻ, ദുരന്തം, സംഭവവികാസം, അഗ്നിവലയം, കരാളം, ഗ്രസിക്കുക, താണ്ഡവം, തീവ്രവാദി, മിതവാദി, അദമ്യം, സ്വാർത്ഥപരത, വന്യസരണി.

### അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:

അഭിമുഖസംഭാഷണം, ഫലിതോക്തി, പ്രവചനം, ധ്വംസിക്കുക, തൃക്കൈവിളയാടുക, അധികാരസീമ, കേന്ദ്രീകരിക്കുക, പ്രകീർത്തിക്കുക, ഉദ്ബോധിപ്പിക്കുക, ഉദാസീനൻ, വരുംവരായ്കകൾ, നോട്ടപ്പുള്ളി, ദുരന്തം, കിംവദന്തി, സംഭവവികാസം, അദമ്യം, കളമൊരുക്കുക, കൂലംകുത്തിയൊലിക്കുക, തകിടം മറിക്കുക, അരങ്ങൊരുങ്ങുക, അടിയറവയ്ക്കുക, തകർന്നു തരിപ്പണമാവുക, തേർവാഴ്ച നടത്തുക, കൊടികുത്തിവാഴുക, കൊടുമ്പിരിക്കൊള്ളുക, ചരടുവലിക്കുക, എതിരണിയൊരുക്കുക, തുരങ്കം വയ്ക്കുക, കിടിലംകൊള്ളുക, തിരശ്ശീലയ്ക്കുപിന്നിൽനിന്ന്, ദൃഢമുഷ്ടിയിൽ ഒതുങ്ങുക, മരുന്നറയ്ക്കുതീകൊടുക്കുക, തുടച്ചുനീക്കുക, വരച്ചവരയിൽ നിറുത്തുക.

(b) താഴെ ചേർക്കുന്ന പദങ്ങളെ തദ്ധിതങ്ങളും കൃത്തുകളുമായി വേർതിരിക്കുക:

ആധിപത്യം, ധ്വംസനം, ഛേദം, പ്രകീർത്തനം, ഉദ്ബോധനം, ആഭിമുഖ്യം, പ്രീണനം, മുദ്രണം, വികാസം, പ്രവചനം.

II. അപോദ്ധരിക്കുക:

(1) ഈ പരമരഹസ്യം രാജാക്കൻമാരും മറ്റു ഭരണാധികാരികളും എപ്പോൾ മറക്കുന്നുവോ അപ്പോൾ വിപ്ലവത്തിനു കളമൊരുങ്ങുന്നു.

(2) ഈ പ്രവചനം ആദ്യമായി ഫലിച്ചത് ഫാറൂക്കിൻെറ വിഷയത്തിൽത്തന്നെയായിരുന്നു.

(3) ഈ വിവേകം ജനിച്ചത് ചരിത്രം നൽകിയ ചുട്ടപാഠങ്ങളിൽ നിന്നാണ്.

(4) അതുകൊണ്ടുതന്നെയാണ് അവശേഷിക്കാൻ പോകുന്ന ഏക നൃപൻ ഇംഗ്ലണ്ടിലെ രാജാവായിരിക്കും എന്ന് ഫാറൂക്ക് പ്രവചിച്ചത്.

(5) ഇന്ത്യയിലും ചില ജനവർഗ്ഗങ്ങൾക്കിടയിൽ ഈ ഭരണരീതി മധ്യകാലംവരെ നിലനിന്നുപോന്നതായി ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്.

(6) അല്പം ചിലരുടെ കൈയിൽ ധനവും അധികാരവും കേന്ദ്രീകരിക്കപ്പെടുകയും ബഹുഭൂരിപക്ഷം ദുഃഖവും അപമാനവും പട്ടിണിയും വിഴുങ്ങിക്കഴിയേണ്ടിവരുകയും ചെയ്യുമ്പോൾ ചിരകാലമായി അടങ്ങിയൊതുങ്ങിക്കഴിഞ്ഞിരുന്ന ബഹുജനം അഗ്നിപർവ്വതംപോലെ പൊട്ടിത്തെറിക്കുന്നു.

III. (1) ഇംഗ്ലണ്ടിൽമാത്രം രാജത്വം തുടർന്നുപോകുമെന്ന് ഫാറൂക്ക് പ്രവചിക്കാൻ എന്താണു കാരണം?

(2) പ്രാചീനകാലത്തുതന്നെ ജനാധിപത്യം നടപ്പായ രാജ്യങ്ങൾ ഏവ?

(3) വിപ്ലവത്തിന് അരങ്ങൊരുങ്ങുന്ന പരിതഃസ്ഥിതികൾ വിവരിക്കുക.

(4) വിപ്ലവത്തിൻെറ സാമാന്യഫലങ്ങൾ ഏവ?

(5) ഫ്രഞ്ചുവിപ്ലവത്തിൻെറ ചരിത്രം പത്തുവരിയിൽ ചുരുക്കി എഴുതുക.

(6) ഫ്രഞ്ചുവിപ്ലവം എങ്ങനെ ഏകാധിപത്യത്തിൽ കലാശിച്ചു?

(7) ലൂയി പതിനാറാമൻെറ സ്വഭാവം നിരൂപണം ചെയ്യുക.

---

പാഠം 21

# അണയാത്ത മണിവിളക്ക്

തൻപ്രിയൻപോമടവിതാൻ തന്നയോധ്യാരാജധാനി
തൻപ്രിയൻതൻ പുൽക്കുടിൽതാൻ തൻമണിസൗധം;
എന്നു തേറിയിടംവലമേതുമൊന്നു തിരിയാതെ
തന്നുടയ സതീവ്രതം ചരിപ്പതിന്നായ്
പരുപരുത്തിരിപ്പോരു മരവുരിയരുവയർ
തിരുവരമറയുമാറെടുത്തു ചാർത്തി;
കായസാദംകരുതാതെ കാനനത്തിൽപ്പിൻതുടർന്നാൾ
ഛായപോലെദ്ദയിതനെച്ചാരിത്രധാമം.

കാട്ടിലെഴും കല്ലും മുള്ളും കാന്തമാർക്കു കുസുമത്തെ-
ക്കാട്ടിലേറ്റം മൃദുവെന്നു കാട്ടീകല്യാണി.
പ്രേമസംസ്ഥയല്ലീ ദേവി? പിന്നെയെങ്ങു രുജയവാം-
ക്കാമണിത്തേർ പുഷ്പകത്തെക്കാളതിരമ്യം.
പൂരുഷനു നല്ലനാളിൽതൻ കളത്രം പകിട്ടേറും
സാരസനിവാസിനിതൻ സപത്നിമാത്രം!
ഹാ! കദനം വരുമ്പോഠത്താനാത്മഹൃദയേശ്വരനെ
യാകമാനം ഗൃഹിണികളനുഭവിപ്പൂ.
യാതുധാനപ്പെരുമാഠതൻ രാജധാനിക്കകം ദൈവ-
യാതനയാൽ മഥിച്ചോരു കാലത്തുപോലും
ചാരിത്രമാം തനുത്രത്താൽ ഛാദിതയാമിസ്സതിക്കു
വൈരിയോങ്ങും വാളുതോന്നി വാഴനാരായി.
അമ്പിളിയും കതിരോനുമഷ്ടദിക്പാലകൻമാരും
തൻപ്രിയത്തെക്കൊതിച്ചിടും ദാസരാകട്ടെ;
താർമകഠപോയ് മണിമേടത്തങ്കമുറ്റം തളിക്കട്ടെ;
കാമദേവൻ വപുസ്സിനു കപ്പമേകട്ടെ;
തൻകഴുത്തിൽത്താലിവച്ചോൻ തൻകണവ, നന്യനെത്ര-
ലങ്കമുടി ചൂടിയാലും തുച്ഛനേ തുച്ഛൻ!
എന്നുറച്ചു നിലകൊണ്ടാളീവധൂടി—ഭാരതോർവി-
തന്നുടയജീവനാഡി—ചൈതന്യമൂർത്തി.
പാർത്ഥിവനായ്ക്കാൺമൂ നമ്മഠ ഹാ! ചിലപ്പോഠരാഘവനെ
സ്വാർത്ഥചിന്താപരനായും മറ്റു ചിലപ്പോഠ.
പൂരുഷൻതൻ ദിവ്യതയ്ക്കു പൂർത്തിയില്ല; കരിപ്പുള്ളി
സൂരനിലും സുലഭം താൻ സൂക്ഷിച്ചുപാർത്താൽ;
ഭിന്നയതിൽനിന്നു വധുവെന്നുചൊന്നാളെരികനൽ-
പ്പൊന്നശോകത്തോപ്പുവീണ്ടും പൂകിയിദ്ദേവി.
അണയാത്ത മണിവിളക്കഴിയാത്ത കുങ്കുമപ്പൊ-
ട്ടണി വാടാമലർമാലയവനിക്കിവഠ.

ചിത്രശാല) [ഉള്ളൂർ

## അഭ്യാസം

1. സന്ദർഭം പറഞ്ഞ് ആശയവും ചമൽക്കാരവും വിശദീകരിക്കുക:
   (a) ''ആ മണിത്തേർ പുഷ്പകത്തെക്കാളതിരമ്യം.''
   (b) ''പുരുഷനു നല്ലനാളിൽ.........................സപത്നിമാത്രം.''
   (c) ''ചാരിത്രമാം തനുത്രത്താൽ .........................വാഴനാരായി.''
   (d) ''ഭിന്നതയിൽനിന്നു വധു ...................... പൂകിയിദ്ദേവി.''
2. അലങ്കാരം നിർണ്ണയിക്കുക:
   (a) ''കായസാദം.........................ചാരിത്രധാമം.''
   (b) ''ചാരിത്രമാം തനുത്രത്താൽ.........................വാഴനാരായി.''

(c) ''ഈ വധൂടി ................ ഭാരതോർവിതന്നുടയ ജീവനാഡി.''
(d) ''പാർത്ഥിവനായ് .................... സൂക്ഷിച്ചു പാർത്താൽ.''

3. സീതാദേവി ഭൂമിക്ക് മണിവിളക്കും, കുങ്കുമപ്പൊട്ടും മലർമാലയുമാണ്. എങ്കിലും ഈ ഉപമാനങ്ങൾക്കില്ലാത്ത വിശേഷം ദേവിക്കുണ്ട്. എന്താണ് വിശേഷങ്ങൾ? ഇത് എന്തലങ്കാരമാണ്?


4. ഈ കവിതയുടെ വൃത്തമെന്ത്? ഈ വൃത്തത്തിൽ എഴുതപ്പെട്ട രണ്ടു പ്രസിദ്ധകൃതികളുടെ പേർ പറയുക.

---

പാഠം 22

# തലച്ചോറ്

കണ്ടും, കേട്ടും, ഘ്രാണിച്ചും, സ്പർശിച്ചും, സ്വാദു നോക്കിയും മനുഷ്യൻ ബാഹ്യപ്രപഞ്ചത്തെക്കുറിച്ചറിയുന്നു. ദേഹത്തിലെ അംഗങ്ങളെയും ഉപാംഗങ്ങളെയും നിയന്ത്രിക്കുന്ന മാംസപേശികളെ യഥോചിതം ചലിപ്പിച്ച് അവൻ പല ജോലികളും ചെയ്യുന്നു. ഈ വ്യാപാരങ്ങളെയെല്ലാം നിയന്ത്രിക്കുന്ന




അദ്ഭുതകരമായ അംഗമാണ് തലച്ചോറ്. മനുഷ്യശരീരമാകുന്ന സാമ്രാജ്യത്തിലെ ചക്രവർത്തിയാണ് അത്. അതിന്റെ വിസ്മയകരമായ ചരിത്രം നമുക്കു പഠിക്കുക.


തലയോടിൻെറ മുകൾഭാഗം തുറന്ന് താഴോട്ടു നോക്കിയാൽ കാണുന്നതെന്തായിരിക്കും? അനേകം ചുളികളോടും ചാലുകളോടുംകൂടിയ നരച്ച നിറമുള്ള ഒരു അവയവം. ഇതിനെ ഇംഗ്ലീഷിൽ 'ന്യൂബ്രെയിൻ' (പുതിയ തലച്ചോറ്) എന്നു വിളിക്കുന്നു. 'സെറിബ്രം' എന്ന സംജ്ഞയാണ് ശാസ്ത്രകാരൻമാർ ഇതിനു നൽകിയിട്ടുള്ളത്. മലയാളത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങളിൽ 'മഹാമസ്തിഷ്കം' എന്ന പേർ ഇതിനു കൽപിച്ചുകാണുന്നു. ഇതിനിടയിലാണ് ഉപമസ്തിഷ്കം (Cerebellum), മസ്തിഷ്കമുകുളം (Medulla), എന്നീ അംഗങ്ങൾ സ്ഥിതിചെയ്യുന്നത്. മഹാമസ്തിഷ്കം ഇവയെ നിശ്ശേഷം ആവരണം ചെയ്യുന്നു. നാഡീമണ്ഡലത്തിൻെറ (Nervous system) താഴികക്കുടമാണ് ഈ അംഗം. തലച്ചോറിലെ സുപ്രധാനഭാഗവും ഇതുതന്നെ. ഇതിനെ 'പുതിയ തലച്ചോറെ'ന്നു വിളിക്കുവാൻ കാരണമെന്തെന്ന് നമുക്കു ചിന്തിക്കുക.

അനാദികാലം മുതൽക്കുതന്നെ ജന്തുക്കളുടെ തലച്ചോറ് വളർന്നുകൊണ്ടുവന്നിട്ടുള്ളതായി ശാസ്ത്രീയ ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ജീവിതസമരത്തിലേർപ്പെട്ട ജന്തുക്കൾക്ക് ആത്മരക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ സദാ ചിന്തിക്കേണ്ടിവന്നു. തത്ഫലമായി കാലം കഴിയുംതോറും ജന്തുവർഗ്ഗങ്ങൾ ബുദ്ധിപരമായി വളർന്നു. ബുദ്ധിപരമായ ഈ വളർച്ചയുടെ ഫലമാണ് മഹാമസ്തിഷ്കം. അതിനുതാഴെ സ്ഥിതിചെയ്യുന്ന ഉപമസ്തിഷ്കവും മസ്തിഷ്കമുകുളവും ശരീരത്തിലെ യാന്ത്രികപ്രവർത്തനങ്ങളെ മാത്രമാണ് നിയന്ത്രിക്കുന്നത്. ബുദ്ധിയുടെ എല്ലാതരം ഉയർന്ന വ്യാപാരങ്ങളും മഹാമസ്തിഷ്കത്തിനധീനമാണ്.

മഹാമസ്തിഷ്കം ഇടത്തേപ്പകുതിയെന്നും വലത്തേപ്പകുതിയെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. വലിപ്പത്തിലും ആകൃതിയിലും ഇവ പ്രായേണ സദൃശങ്ങളാണ്. എന്നാൽ ചിലരിൽ ഒരു പകുതി മറ്റേതിനേക്കാൾ അൽപം വലുതായി കണ്ടെന്നു വരാം. രണ്ടുകൈ, രണ്ടുകാൽ, രണ്ടുകണ്ണ്, രണ്ടു ചെവി ഇങ്ങനെ ദ്വന്ദ്വങ്ങളുടെ സമാഹാരമാണല്ലോ ജന്തുശരീരം. ഈ സാമാന്യനിയമത്തിനു വിധേയമാണ് മഹാമസ്തിഷ്കവും. അതിൻെറ വാമവും ദക്ഷിണവുമായ അർധങ്ങളെ പത്തുലക്ഷത്തിലേറെ ഞരമ്പുകൾ ചേർന്നുണ്ടായ ഒരു അവയവം സമ്മേളിപ്പിക്കുന്നു. ഇതിനെ ഒരു മഹത്തായ പാലത്തോട് ഉപമിക്കാം. ഇങ്ങനെ സംബന്ധിപ്പിക്കപ്പെട്ടതിനാലാണ് രണ്ടു ഭാഗവും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നത്.

മഹാമസ്തിഷ്കത്തിൻെറ മുകാം ഭാഗം ഒരു സമതലമല്ല. അനേകം ചുളികളോടും ചാലുകളോടും കൂടിയതാണെന്ന് ആദ്യമേ പറഞ്ഞുവല്ലോ. എന്താണ് ഈ ചുളികളുടെ പ്രയോജനം എന്നു ചിന്തിക്കുമ്പോഴാണ് സൃഷ്ടിയിലെ ഏറ്റവും അദ്ഭുതകരമായ ഒരു തത്ത്വം നാം കണ്ടെത്തുന്നത്. തലമുറകാം കഴിയുംതോറും ജന്തുക്കളുടെ തലയോട് വളർന്നു വളർന്നുവന്നതായി ജന്തുശാസ്ത്രപരമായ ഗവേഷണങ്ങാം തെളിയിച്ചിട്ടുണ്ട്. ബുദ്ധിപരമായ വികാസമാണ് ഇതിനു കാരണം. മറ്റുള്ള ജന്തുക്കളോടു താരതമ്യപ്പെടുത്തിനോക്കുമ്പോാം, മനുഷ്യൻെറ തലയോടാണ് ഏറ്റവുമധികം വളർന്നിട്ടുള്ളതെന്നു കാണാം. അവൻെറ ശരീരത്തിനൊത്ത വലിപ്പമല്ല തലയോടിനുള്ളത്.

ജന്തുക്കളുടെ തലയോടിനെക്കാാം എത്രയോ വേഗത്തിലാണ് അതിനുള്ളിൽ നിക്ഷിപ്തമായ തലച്ചോറു വളർന്നുവന്നത്. വികസിക്കുന്ന മസ്തിഷ്കത്തിന് കപാലത്തിനുള്ളിൽവേണ്ടത്ര സ്ഥലം കിട്ടാത്തതുകൊണ്ട് ചുരുണ്ടുമടങ്ങിക്കൂടേണ്ടിവന്നു.




അതിൻെറ ഫലമാണ് മുൻപറഞ്ഞ ചുളികളും ചാലുകളും. ബുദ്ധിശക്തിയെ പുരസ്കരിച്ച് ജന്തുക്കളെ പലതരങ്ങളായി


വിഭജിച്ചിട്ടുണ്ട്. താണതരം ജന്തുക്കളുടെ തലച്ചോറിലുള്ള തിനെക്കാഠം എത്രയോ അധികം ചുളികഠം കാണും ഉയർന്ന വയുടെ തലച്ചോറിൽ. മനുഷ്യൻെറ മസ്തിഷ്കത്തിലാണ് ഏറ്റവുമധികം ചുളികഠം കാണുന്നത് (ചിത്രങ്ങഠം നോക്കുക).

മനുഷ്യവർഗ്ഗത്തിൽതന്നെ, ബുദ്ധിമാൻമാരുടെ മസ്തിഷ്കത്തിൽ മന്ദബുദ്ധികളെ അപേക്ഷിച്ച് അധികം ചുളികഠം കാണുമെന്ന് പരീക്ഷണങ്ങഠം തെളിയിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഈ ചുളികളാണ് ബുദ്ധിയുടെ മാനദണ്ഡം. തലച്ചോറ് പുറത്തെടുത്തു പരത്തി ചുളികഠം തീർത്താൽ കാണാം അതിൻെറ അദ്ഭുതകരമായ പരപ്പ്.

മഹാമസ്തിഷ്കത്തെക്കുറിച്ചുള്ള വിജ്ഞാനം ലഭിക്കുന്നതിനുമുമ്പ് തലയോടിൻെറ വലിപ്പമാണ് ബുദ്ധിയുടെ അളവുകോലായി കരുതപ്പെട്ടിരുന്നത്. ആ സിദ്ധാന്തം അബദ്ധമാണെന്ന് ഇപ്പോഠം തെളിഞ്ഞിരിക്കുന്നു. ഉള്ളുപൊള്ളയായ ചില വലിയ തലകളും കാണപ്പെടുന്നുണ്ട്.

നരച്ചനിറത്തിലുള്ള മഹാമസ്തിഷ്കത്തെ പിളർന്നു നോക്കിയാൽ, അതിനു താഴെ വെളുത്ത ഒരു ഭാഗം കാണാം. അതാണ് ഉപമസ്തിഷ്കം. ഈ ഭാഗം നാഡീതന്തുക്കഠം (Nerve-fibres) കൊണ്ട് ഉണ്ടാക്കപ്പെട്ടതാണ്. എന്നാൽ മഹാമസ്തിഷ്കത്തിൻെറ അധികഭാഗവും ഇങ്ങനെ നാഡീതന്തുക്കഠം ചേർന്നുണ്ടായതല്ല; നാഡീസെല്ലുകഠം (Nerve-cell) കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. മഹാമസ്തിഷ്കത്തിൻെറ വിവിധ ഭാഗങ്ങളെ സമ്മേളിപ്പിക്കുന്ന കുറെ തന്തുക്കഠം ആ ഭാഗങ്ങഠംക്കിടയിലുണ്ട്. സൂക്ഷ്മദർശിനിയുപയോഗിച്ചു നടത്തിയ ഗവേഷണങ്ങളുടെ ഫലമായി, മഹാമസ്തിഷ്കത്തിൽ ഒന്നിനു മീതെ ഒന്നായി നാഡീസെല്ലുകളുടെ അഞ്ചട്ടികളുണ്ട് എന്നു കണ്ടിരിക്കുന്നു. തലച്ചോറിൻെറ വിഭിന്ന കേന്ദ്രങ്ങളിലുള്ള നാഡീസെല്ലുകഠം ആകൃതിയിലും വലിപ്പത്തിലും ഭിന്നങ്ങളാണ്. എന്നാൽ എല്ലാ ജന്തുക്കളുടെയും തലച്ചോറിൽ ഒരേ കേന്ദ്രത്തിലുള്ള സെല്ലുകഠം ആകൃതിയിലും വലിപ്പത്തിലും ഒരേപോലെയിരിക്കുന്നു. അതിനാൽ, ഏതെങ്കിലും ഒരു ജന്തുവിൻെറ തലച്ചോറിൻെറ ഒരു ഭാഗമെടുത്ത് ശാസ്ത്രജ്ഞൻെറ കൈയിൽ ക്കൊടുത്താൽ, അത് തലച്ചോറിൻെറ ഏതുഭാഗമാണ്, ഏതു കേന്ദ്രമാണ്, അതിൽ അടങ്ങിയിരിക്കുന്നത്, എന്ന് അദ്ദേഹത്തിന് നിഷ്പ്രയാസം പറയുവാൻ കഴിയും. എന്നാൽ ഏതു ജന്തുവിൻെറ തലച്ചോറാണെന്ന് നിർണ്ണയിക്കുക അത്ര തന്നെ എളുപ്പമല്ല.

മനുഷ്യൻെറ മഹാമസ്തിഷ്കത്തിൽ, ദർശനം, ശ്രവണം, സ്പർശനം, ഗന്ധം, രുചി, പ്രവർത്തനം എന്നീ ആറുകേന്ദ്രങ്ങൾ ഉണ്ട്. ഇവ തലച്ചോറിൻെറ ഒരു ചെറിയ ഭാഗമേ ആകുന്നുള്ളൂ. വലിയൊരുഭാഗം ഒഴിഞ്ഞുകിടക്കുകയാണ്. മഹാസമുദ്രത്തിലെ ചെറിയ ദ്വീപുകൾപോലെയാണവ (കേന്ദ്രങ്ങൾ). ഒഴിഞ്ഞുകിടക്കുന്ന ഭാഗത്തിന് 'നിശ്ശബ്ദതലം' (Silent area) എന്നാണ് പേർ. താണതരം ജന്തുക്കളിൽ ഈ കേന്ദ്രങ്ങൾ തമ്മിൽ വലിയ അകൽച്ചയില്ല. ഏറ്റവും താണ ജന്തുവർഗ്ഗങ്ങളുടെ തലച്ചോറിൽ ഈ കേന്ദ്രങ്ങൾ മാത്രമേയുള്ളൂ; നിശ്ശബ്ദതലം ഇല്ലതന്നെ. നിശ്ശബ്ദതലം തന്തുക്കളാൽ നിബിഡമാണ്.




ഈ തന്തുക്കൾ തലച്ചോറിലെ വിവിധകേന്ദ്രങ്ങളെ സമ്മേളിപ്പിക്കുന്നു. അതിനാൽ അവയ്ക്കു നൽകപ്പെട്ടിട്ടുള്ള 'സംയോജന തന്തുക്കൾ' എന്ന പേർ അന്വർത്ഥം തന്നെ. മനുഷ്യൻെറ തലച്ചോറിന് മറ്റുള്ള ജന്തുക്കളുടെ തലച്ചോറിനെ അപേക്ഷിച്ചുള്ള മെച്ചം കേന്ദ്രങ്ങൾ പരസ്പരം സുസംഘടിതങ്ങളായിരുന്നുവെന്നത്രേ. മനുഷ്യൻെറ മസ്തിഷ്കത്തിലെ കേന്ദ്രങ്ങൾ കട്ടികൂടിയവയുമാണ്.

മനുഷ്യൻെറ തലച്ചോറിലെ ഗന്ധകേന്ദ്രം നന്നേ സങ്കോചിച്ചുപോയിരിക്കുന്നു. അതിൻെറ ശക്തിയും വളരെ

കുറഞ്ഞുപോയിരിക്കുന്നു. അതെവിടെയാണെന്നു കണ്ടുപിടിപ്പാൻ ശാസ്ത്രജ്ഞൻമാർ വളരെ ക്ലേശിക്കേണ്ടിവന്നു. പക്ഷിമൃഗാദികളിലാകട്ടെ, ഈ കേന്ദ്രം വളരെ ഊർജ്ജിതമായിരിക്കുന്നു.

മനുഷ്യൻെറ ദർശനകേന്ദ്രം മികവുറ്റതാണ്. മഹാമസ്തിഷ്കത്തിൻെറ പിൻഭാഗമാണ് ഇതിൻെറ സ്ഥാനം. മറ്റു ജന്തുക്കളെക്കാരം മനുഷ്യന് ദർശനശക്തിയുണ്ടെന്നുപറഞ്ഞാൽ, ഭിന്നാഭിപ്രായത്തിനു വകയുണ്ട്. പല പക്ഷികാംക്കും മൃഗങ്ങാംക്കും മനുഷ്യനെ അപേക്ഷിച്ച് കൂടുതൽ കാഴ്ചയുണ്ട്. ആകാശത്തിൽ വളരെ ഉയരത്തിൽ പറക്കുന്ന കഴുകൻ താഴത്തുള്ള അതിസൂക്ഷ്മമായ വസ്തുക്കളെപ്പോലും കാണുന്നു. അപ്പോരം മനുഷ്യന് ദർശനശക്തി കൂടുമെന്നു പറഞ്ഞാൽ ശരിയാവുകയില്ല. എന്നാൽ സൂക്ഷ്മത മാത്രമാണോ വീക്ഷണത്തിൻെറ മേൻമയ്ക്ക് നിയാമകം? ഉദയാസ്തമയങ്ങാം, ചിത്രപടങ്ങാം, ഇവയുടെ മനോഹാരിതയും അവയിൽ മേളിക്കുന്ന വിവിധ വർണ്ണങ്ങളുടെ സുഷമയും മനുഷ്യൻെറ ദർശനത്തിനു മാത്രമേ വിഷയീഭവിക്കുന്നുള്ളൂ. ഇതാണ് നമ്മുടെ വീക്ഷണകേന്ദ്രത്തിനുള്ള മെച്ചം.

ശബ്ദകേന്ദ്രവും മനുഷ്യനിൽ മറ്റു ജന്തുക്കളെ അപേക്ഷിച്ച് സംപുഷ്ടമാണ്. മനുഷ്യൻെറ ശ്രോത്രത്തിനു ഗോചരമല്ലാത്ത സൂക്ഷ്മശബ്ദങ്ങാം ചില ജന്തുക്കാംക്ക് കേരംക്കുവാൻ കഴിയും. എന്നാൽ അവയ്ക്കൊന്നും തന്നെ നമ്മെപ്പോലെ ശബ്ദത്തിൻെറ മാധുര്യമോ പാരുഷ്യമോ തിരിച്ചറിയുക സാധ്യമല്ല. ഈ വിവേചനശക്തിയാണ് നമ്മുടെ ശബ്ദകേന്ദ്രത്തിൻെറ പ്രത്യേക മേൻമ. സുകുമാരകലകളിൽ മനുഷ്യനുള്ള പ്രാവീണ്യം വീക്ഷണകേന്ദ്രത്തിൻെറയും ശബ്ദകേന്ദ്രത്തിൻെറയും അന്യാദൃശമായ വളർച്ചയുടെ ഫലമാണ്.

സ്പർശനകേന്ദ്രവും എവിടെയാണെന്നു കണ്ടുപിടിപ്പാൻ ശാസ്ത്രജ്ഞൻമാർ വളരെക്കാലം ഗവേഷണം നടത്തേണ്ടിവന്നു. പലേടത്തും അതിനെത്തിരഞ്ഞു. കണ്ടുകിട്ടിയില്ല. ഒടുവിൽ തീരെ പ്രതീക്ഷിക്കാത്ത സ്ഥലത്താണ് കാണുകയുണ്ടായത്. മനുഷ്യൻെറ മസ്തിഷ്കത്തിലെ പ്രവർത്തനകേന്ദ്രം (Motor area) വളരെ വിസ്തൃതമാണ്. അതിനോട് സമ്മിളിതമായി കിടക്കുകയാണ് സ്പർശനകേന്ദ്രം. മറ്റെല്ലാ കേന്ദ്രങ്ങളെക്കാളും നാഡീമണ്ഡലത്തോട് അടുത്തുകിടക്കുന്നു സ്പർശനകേന്ദ്രം. ഈ കേന്ദ്രത്തിൻെറ വളർച്ച മനുഷ്യൻെറ വിജ്ഞാനാഭിവൃദ്ധിയിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അന്ധൻമാർ അംഗുലികളെക്കൊണ്ട് അക്ഷരങ്ങാം സ്പർശിച്ചറിഞ്ഞ് വായിക്കുന്നു. അത്ര ഊർജ്ജിതമാണ് മനുഷ്യൻെറ സ്പർശനകേന്ദ്രം.

INSTITUTE OF CHILDREN'S LITERATURE TRIVANDRUM
Date No — 932

മഹാമസ്തിഷ്കം വാമാർധമെന്നും ദക്ഷിണാർധമെന്നും രണ്ടു സമഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞല്ലോ. ഇതിൽ വാമാർധം പ്രജ്ഞയുടെ (ബോധത്തിൻെറ) സാധാരണ വ്യാപാരങ്ങളുടെ ചുമതല വഹിക്കുന്നു. ബുദ്ധിപരമായി വളരെ ഉന്നതവും സങ്കീർണ്ണവുമായ പ്രക്രിയകളുടെ പിന്നിൽ പ്രവർത്തിക്കുന്നത് ദക്ഷിണാർധമാണ്. ബുദ്ധിപരമായി മനുഷ്യവർഗ്ഗത്തിനു കൈവന്നിട്ടുള്ള പരമോന്നതിക്കു കാരണം ദക്ഷിണാർധത്തിൻെറ വളർച്ചയാണെന്ന് അത്യാധുനിക ഗവേഷണങ്ങളിൽനിന്ന് അനുമാനിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## പദങ്ങൾ

ബാഹ്യപ്രപഞ്ചം, ഉപാംഗം, ആത്മരക്ഷ, യാന്ത്രികപ്രവർത്തനം, ദ്വന്ദ്വം, സമാഹാരം, വിധേയം, വാമം, ദക്ഷിണം, മസ്തിഷ്കം, നിക്ഷിപ്തം, കപാലം, മന്ദബുദ്ധി, മാനദണ്ഡം, സംയോജനതന്തു, നിബിഡം, സുസംഘടിതം, സങ്കോചിക്കുക, ഊർജ്ജിതം, നിയാമകം, സൂഷ്മ, മനോഹാരിത, വിഷയീഭവിക്കുക, സംപുഷ്ടം, പ്രാവീണ്യം, ശ്രോത്രം, ഗവേഷണം, വിവേചനശക്തി, അംഗുലി, അത്യാധുനികം.

## അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:
ആത്മരക്ഷ, വിധേയം, നിക്ഷിപ്തം, മന്ദബുദ്ധി, സുസംഘടിതം, ഊർജ്ജിതം, നിയാമകം, സൂഷ്മ, വിവേചനശക്തി, നിബിഡം, വിഷയീഭവിക്കുക, പ്രായേണ.

(b) വിശേഷണരൂപം എഴുതുക:
പ്രാവീണ്യം, മനോഹാരിത, മാധുര്യം.

(c) നാമരൂപമുണ്ടാക്കുക:
വിസ്തൃതം, സംപുഷ്ടം, നിബിഡം.

(d) ക്രിയകളിൽനിന്ന് ക്രിയാനാമരൂപമുണ്ടാക്കുക:
ഘ്രാണിക്കുക, നിയന്ത്രിക്കുക, പ്രവർത്തിക്കുക, സങ്കോചിക്കുക.

(e) കൃത്തുകളെയും തദ്ധിതങ്ങളെയും വേർതിരിക്കുക:
പ്രവർത്തനം, സംയോജനം, മനോഹാരിത, നിയന്ത്രണം, വീക്ഷണം, പ്രാവീണ്യം.

II. താഴെച്ചേർക്കുന്ന വാക്യങ്ങളെ നിർദ്ദേശമനുസരിച്ച് രൂപാന്തരപ്പെടുത്തുക:

(1) തലച്ചോറിലെ സുപ്രധാനമായ ഭാഗവും ഇതു തന്നെ. (വിധി നിഷേധമാക്കുക)

(2) എന്നാൽ ഏതു ജന്തുവിൻെറ തലച്ചോറാണിതെന്നു നിർണ്ണയിക്കുക അത്ര എളുപ്പമല്ല. (നിഷേധം വിധിയാക്കുക)

III. അപോദ്ധരിക്കുക.

(1) എന്താണ് ഈ ചുളികളുടെ പ്രയോജനമെന്നു ചിന്തിക്കുമ്പോഴാണ് സൃഷ്ടിയിലെ ഏറ്റവും അദ്ഭുതകരമായ ഒരു തത്ത്വം നാം കണ്ടെത്തുന്നത്.

INSTITUTE OF CHILDREN'S LITERATURE
Date...2.2.4



(2) തലമുറകഠം കഴിയുംതോറും ജന്തുക്കളുടെ തലച്ചോറ് വളർന്നു വളർന്നു വന്നതായി ജന്തുശാസ്ത്രപരമായ ഗവേഷണങ്ങഠം തെളിയിച്ചിട്ടുണ്ട്.

IV. (1) 'ന്യൂബ്രെയിൻ' എന്നാലെന്ത്? ആ പേർ വരുവാനുള്ള കാരണമെന്ത്?

(2) തലച്ചോറിൻെറ ഏതു ഭാഗമാണ് യാന്ത്രികവ്യാപാരങ്ങളെ നിയന്ത്രിക്കുന്നത്?

(3) ബുദ്ധിയുടെ ഉയർന്ന വ്യാപാരങ്ങഠം തലച്ചോറിൻെറ ഏതു ഭാഗത്തിന് അധീനമാണ്.

(4) തലച്ചോറിൽ അനേകം ചുളികളും ചാലുകളും കാണുന്നത് എന്തുകൊണ്ട്?

(5) മഹാമസ്തിഷ്കത്തിലെ കേന്ദ്രങ്ങളേവ? നിശ്ശബ്ദതലം എന്നാൽ എന്ത്?

(6) മറ്റു ജന്തുക്കളെ അപേക്ഷിച്ച് ദർശനത്തിലും ശ്രവണത്തിലും മനുഷ്യനുള്ള പ്രത്യേകതയെന്ത്?

(7) മനുഷ്യരുടെയും ജന്തുക്കളുടെയും തലച്ചോറിലെ ഗന്ധകേന്ദ്രങ്ങളെ താരതമ്യപ്പെടുത്തുക.

(8) തലച്ചോറിലെ ഏതു രണ്ടു കേന്ദ്രങ്ങളുടെ വളർച്ചയാണ് സുകുമാരകലകളിൽ പ്രാവീണ്യംനേടാൻ മനുഷ്യവർഗ്ഗത്തെ സഹായിച്ചത്?

V. ലഘുകുറിപ്പുകളെഴുതുക:
സ്പർശനകേന്ദ്രം. മഹാമസ്തിഷ്കം. ഉപമസ്തിഷ്കം.

## പാഠം 23

# ഭീമറാവ് റാംജി അംബേദ്കർ

''തേച്ചുമിനുക്കിയാൽക്കാന്തിയും മൂല്യവും
വാച്ചിടും കല്ലുകഠം ഭാരതാംബേ,
താണുകിടക്കുന്നു നിൻ കുക്ഷിയിൽച്ചാണ-
കാണാതെയാറേഴു കോടിയിന്നും
..................................................
തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ,
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ! ജാതിക്കോമരങ്ങഠം''

1947 മുതൽ 1951 വരെ സ്വതന്ത്രേന്ത്യയിലെ നിയമമന്ത്രിയായിരുന്ന യുഗപ്രഭാവനായ ഭീമറാവ് റാംജി അംബേദ്കറെക്കുറിച്ചു ചിന്തിക്കുമ്പോഠം മഹാകവി കുമാരനാശാൻെറ മേലുദ്ധരിച്ച വരികഠം താനറിയാതെതന്നെ ആരും പാടിപ്പോകും. ഹരിജനസമുദായത്തിലെ മഹർ എന്ന ഉപവിഭാഗത്തിൽ 1893 ഏപ്രിൽ മാസത്തിൽ അദ്ദേഹം ഭൂജാതനായി. അന്ന് ഒരു

നാട്ടുരാജാവിന്റെ ഭരണത്തിൻകീഴിലായിരുന്ന ബറോഡയാണ് കഥാപുരുഷന്റെ ജന്മദേശം. ജാതിവ്യവസ്ഥയുടെ അനീതികളും അഴിമതികളും കൊടുംപിരിക്കൊണ്ട കാലമായിരുന്നു അത്. അംബേദ്കറുടെ വന്ദ്യപിതാവ് പട്ടാളത്തിൽ ഒരു സുബേദാർ മേജറായിരുന്നു. അതിനാൽ അധഃകൃതർ ചിരകാലമായി പേറിപ്പോന്ന അപമാനഭാരത്തിൽനിന്നും അടിമത്തത്തിൽനിന്നും തെല്ലൊന്നു മുക്തനായി ആത്മാഭിമാനത്തിന്റെ അന്തരീക്ഷത്തിലെ ശുദ്ധവായു നുകരാൻ അദ്ദേഹത്തിനു തരപ്പെട്ടു. തന്റെ സന്തതിപരമ്പര സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും വെളിച്ചമേറ്റ് നിർബാധം വളരണമെന്ന് അദ്ദേഹം സ്വാഭാവികമായി ആശിച്ചിരിക്കണം. പിതാവ് പുത്രനെ കുലത്തൊഴിലായ തുകൽപ്പണിക്ക് ഉഴിഞ്ഞിടാതെ വിദ്യാലയത്തിലേക്കയച്ചു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ അവശസമുദായങ്ങൾക്ക് വളരാൻ കഴിയുകയുള്ളൂവെന്ന പരമാർത്ഥം ആ ക്രാന്തദർശി കണ്ടിരുന്നു.

ബറോഡയിലാണ് അംബേദ്കറുടെ ആദ്യകാലവിദ്യാഭ്യാസം നടന്നത്. അക്കാലത്ത് വിദ്യാലയങ്ങളിൽ ഹരിജനവിഭാഗത്തിൽപ്പെട്ട അദ്ധ്യേതാക്കൾ നന്നേ കുറവായിരുന്നു. സവർണ്ണരായ സഹപാഠികളിൽനിന്ന് പലതരത്തിലുള്ള അവധീരണങ്ങളും പീഡനങ്ങളും അനുഭവിച്ചുകൊണ്ടാണ് അംബേദ്കർ വിദ്യാലയജീവിതം നയിച്ചത്. ബറോഡയിൽനിന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ട് അദ്ദേഹം ബോംബെയിലെ എൽഫിൻസ്റ്റൺ കോളേജിൽ ചേർന്നു; അവിടെനിന്ന് ബി. എ. ബിരുദം നേടി. ഉദാരമതിയായ ബറോഡ മഹാരാജാവു നൽകിയ ഒരു സ്കോളർഷിപ്പിന്റെ സഹായത്തോടെ ആ യുവാവ് ഇംഗ്ലണ്ട്, അമേരിക്ക, ജർമ്മനി എന്നീ രാജ്യങ്ങളിൽപ്പോയി ഉപരിപഠനം നടത്തി; ധനശാസ്ത്രത്തിൽ പി. എച്ച്. ഡി. ബിരുദം നേടി; പിന്നീട് ബാർ—അറ്റ്—ലാ എന്ന നിയമബിരുദവും സമ്പാദിച്ചു. ഇങ്ങനെ തികഞ്ഞ കഴിവുകളോടും കൈക്കോപ്പുകളോടുംകൂടി ആ ധിഷണാശാലി ജീവിതരംഗത്തേക്കു വന്നു.

മഹാരാജാവിന്റെ നിർദ്ദേശമനുസരിച്ച് അദ്ദേഹം ബറോഡാസർക്കാരിന്റെ കീഴിൽ ഒരു ഉദ്യോഗത്തിൽ പ്രവേശിച്ചു. എന്നാൽ അവിടെയും ഉയർന്ന ജാതിക്കാരെന്ന് അഭിമാനിക്കുന്ന സഹപ്രവർത്തകരുടെ ധാർഷ്ട്യപൂർവ്വവും വിദ്വേഷകലുഷിതവുമായ പെരുമാറ്റം അദ്ദേഹത്തിനെ ശല്യപ്പെടുത്തി. ജാതിവ്യവസ്ഥയോടുള്ള കടുത്ത പ്രതിഷേധം വിദ്യാർത്ഥിജീവിതകാലത്തുതന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ

വേരൂന്നിയിരുന്നു. ഉദ്യോഗസ്ഥനായപ്പോഠം നേരിടേണ്ടിവന്ന അവമാനകരങ്ങളും വേദനാജനകങ്ങളുമായ അനുഭവങ്ങഠം അതിനെ മുറ്റിത്തഴപ്പിച്ചു. ഉദ്യോഗം രാജിവച്ച് അദ്ദേഹം ബോംബെക്കുപോയി. കുറച്ചുകാലം അവിടെ ഒരു കോളേജിൽ ധനശാസ്ത്രാദ്ധ്യാപകനായി പ്രവർത്തിച്ചു; പിന്നെ അതും രാജിവച്ച് അഭിഭാഷകവൃത്തി കൈക്കൊണ്ടു. അതോടൊപ്പം തൻെറ ജീവിതലക്ഷ്യമായ ഹരിജനോദ്ധാരണത്തിന് ബദ്ധപരികരനായി ഇറങ്ങുകയും ചെയ്തു. സമുദായത്തിനു വേണ്ടി തൻെറ സമയവും കഴിവുകളും ഭാവിശ്രേയസ്സു മെല്ലാം അദ്ദേഹം ആഹുതി ചെയ്തു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഹരിജനോദ്ധാരണ പരിപാടികഠം നാടുനീളെ ഊർജ്ജിതമായി നടക്കുന്ന കാലമായിരുന്നു അത്. എന്നാൽ അംബേദ്കർ ആ പൊതുധാരയിൽ ലയിക്കാൻ ഇഷ്ടപ്പെട്ടില്ല. ചരിത്രാതീതകാലം തൊട്ട് അധഃകൃതരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ദൈന്യത്തിൻെറയും സമസ്തജനഹാസ്യമായ ദാസ്യത്തിൻെറയും നിർദ്ദയമായ മർദ്ദനങ്ങളുടെയും ആഴമേറിയ വ്രണങ്ങഠം ആ അഭിമാനമൂർത്തിയുടെ ഹൃദയത്തിൽ വടുകെട്ടിക്കിടന്നിരുന്നു. ചെറിയ ഒരു പോറൽപോലും അവയിൽനിന്ന് ചുടുരക്തം തെറിപ്പിച്ചു. സവർണ്ണരുടെ മനഃപരിവർത്തനത്തിലൂടെ, അവരുടെ ദാക്ഷിണ്യത്തിലൂടെ, ഹരിജനോദ്ധാരണം സാധിക്കുക എന്ന ആദർശത്തോടും അതിൻെറ പരിപാടികളോടും യോജിക്കാൻ ആ അഭിമാനധനന്നു കഴിഞ്ഞില്ല. അധഃകൃതർ അവരുടെ അവകാശങ്ങളും സാർവത്രികമായ സമത്വവും വിട്ടുവീഴ്ചയില്ലാത്ത സമരത്തിലൂടെ നേടണം; അതിലൂടെ മാത്രമേ അവർക്കു നേടാൻ കഴിയൂ; ഇതായിരുന്നു അദ്ദേഹത്തിൻെറ ഉത്തമവിശ്വാസം. അതിനാൽ ഗാന്ധിമാർഗ്ഗത്തിൽനിന്ന് അകന്നുനിന്നുകൊണ്ട് അദ്ദേഹം സമരകാഹളം മുഴക്കി. ഹരിജനങ്ങളുടെ ഒരു വലിയ വിഭാഗം ആ നേതാവിൻെറ പിന്നിൽ അണിനിരന്നു.

എന്നും തങ്ങളെ അകറ്റി നിർത്തുകയും അടിച്ചമർത്തുകയും ചെയ്തിട്ടുള്ളവർ പെട്ടെന്ന് മനഃപരിവർത്തനം വന്ന് നീതി പ്രവർത്തിക്കുമെന്നു വിശ്വസിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതിനാൽ അംബേദ്കർ ഹിന്ദുസമുദായത്തിലെ അപരിഹാര്യമായ ഈ വിടവ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് ഹരിജനങ്ങഠംക്ക് പ്രത്യേക നിയോജകമണ്ഡലങ്ങഠം വേണമെന്ന് വീറോടെ വാദിച്ചു. 1928-29-ൽ സൈമൺ കമ്മീഷൻെറ മുമ്പാകെ തെളിവു കൊടുത്തപ്പോഴും, 1930-32-ൽ

ലണ്ടനിൽവച്ചു നടന്ന വട്ടമേശസമ്മേളനത്തിൽ ഹരിജന പ്രതിനിധിയായി പങ്കെടുത്തപ്പോഴും, അദ്ദേഹം ഈ വാദം ഉയർത്തിപ്പിടിച്ചു. അതിന്റെ ഫലമായി ഹരിജനങ്ങൾക്ക് പ്രത്യേകനിയോജകമണ്ഡലങ്ങളേർപ്പെടുത്താൻ ബ്രിട്ടീഷ് ഗവൺമെന്റ് സമ്മതിച്ചു. ഇത് മഹാത്മാഗാന്ധിയെ ഏറ്റവു മധികം വ്യാകുലനാക്കി. വിവിധ ജാതിമതസ്ഥരെ കൂട്ടിയി ണക്കി ഭാരതജനതയുടെ ഐക്യം സ്ഥാപിക്കാൻ അനവരതം ശ്രമിച്ചിരുന്ന രാഷ്ട്രപിതാവ് ഇതിനെതിരെ നിരാഹാരവ്രതം ആരംഭിച്ചതും ഒടുവിൽ ഒരു ഒത്തുതീർപ്പുണ്ടായതും ചരിത്ര പ്രസിദ്ധമായ വസ്തുതയാണ്.

ഉത്തപ്തമായ ആ കാലഘട്ടത്തിൽനിന്നും അതിന്റെ പരിതഃ സ്ഥിതികളിൽനിന്നും അകന്നുനിന്ന് ചിന്തിക്കുമ്പോൾ അംബേ ദ്കറുടെ തീവ്രവാദം ദേശീയോൽഗ്രഥനത്തിനും ഭാരതഭൂമിയുടെ വിശാലമായ താത്പര്യങ്ങൾക്കും എതിരായിരുന്നുവെന്നു നമുക്കു തോന്നാം. നാം അദ്ദേഹത്തെ പഴിക്കാൻ തുനിഞ്ഞു വെന്നും വരാം. എന്നാൽ അനേകം നൂറ്റാണ്ടുകളായി ഉയർന്ന ജാതിക്കാർ തുടർന്നുപോന്ന അഴിമതികളായിരുന്നു ഈ പിളർ പ്പിനു വഴിവച്ചതെന്ന് വിസ്മരിക്കരുത്. നീക്കുപോക്കില്ലാത്ത സമരത്തിലൂടെതന്നെവേണം അധഃകൃതർ അവരുടെ അവകാ ശങ്ങൾ നേടിയെടുക്കാനെന്ന് അവരുടെ നേതാവിനു തോന്നി യെങ്കിൽ അതിനുത്തരവാദി ഭാരതചരിത്രമാണ്.

ഹരിജനങ്ങളിൽ ഒരു വലിയ വിഭാഗം എക്കാലത്തും ചരിത്ര പുരുഷനെ അവരുടെ വിശ്വസ്തനും ആരാധ്യനുമായ നേതാ വായി അംഗീകരിച്ചിരുന്നു. ഈ ജനസമ്മതിയാണ് അദ്ദേ ഹത്തെ പല ഉയർന്ന സ്ഥാനങ്ങളിലേക്കും നയിച്ചത്. 1926-ൽ അദ്ദേഹം ബോംബെ ലെജിസ്ലേറ്റീവ് കൗൺസിലിലെ അംഗമായി നോമിനേറ്റ് ചെയ്യപ്പെട്ടു. 1942 മുതൽ 1945 വരെ അംബേദ്കർ വൈസ്റോയിയുടെ എക്സിക്യൂട്ടീവ് കൗൺ സിലിൽ അംഗമായിരുന്നു. തൊഴിൽകാര്യവകുപ്പാണ് അന്ന് അദ്ദേഹം കൈകാര്യം ചെയ്തിരുന്നത്. 1947--ൽ അംബേദ്കർ സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ നിയമകാര്യമന്ത്രിയായി സ്ഥാനമേറ്റു. നമ്മുടെ ഭരണഘടന രൂപപ്പെടുത്തുന്നതിൽ അദ്ദേഹം വഹിച്ചിട്ടുള്ള മാന്യമായ പങ്ക് ഒരു കാലത്തും വിസ്മരിക്കപ്പെടുകയില്ല.

ഈ ഉയർന്ന സ്ഥാനങ്ങളിലിരിക്കുമ്പോഴും അംബേദ്കർ സ്വസമുദായത്തിന്റെ ഒരെളിയ സേവകനായിത്തുടർന്നു. പണത്തിനും പദവിക്കും അദ്ദേഹത്തെ ഒരുകാലത്തും

വ്യാമോഹിപ്പിക്കാൻ കഴിഞ്ഞില്ല. ഹരിജനങ്ങളുടെ താത്പര്യത്തിനും തൻെറ ആദർശത്തിനും മനസ്സാക്ഷിക്കും നിരക്കാത്ത ഏതു പദവിയും ഏതു നേട്ടവും അദ്ദേഹം തൊണ്ടിനെപ്പോലെ വലിച്ചെറിഞ്ഞു.

1951–ൽ അംബേദ്കർ കേന്ദ്രസർക്കാരിലെ നിയമമന്ത്രിപദം വിട്ടിറങ്ങി; വീണ്ടും സമുദായസേവനത്തിൽ മുഴുകി. ഹിന്ദുസമുദായത്തിനകത്തുനിന്നുകൊണ്ട് ഹരിജനങ്ങൾക്ക് സമത്വവും ജന്മാവകാശങ്ങളും വീണ്ടെടുക്കാനും സ്വാഭിമാനം പുലർത്താനും കഴിയുകയില്ലെന്ന വിശ്വാസം ഓരോനാൾ കഴിയുംതോറും അദ്ദേഹത്തിൻെറ ഹൃദയത്തിൽ അധികമധികം രൂഢമൂലമായി. ഒടുവിൽ 1956–ൽ അദ്ദേഹം രണ്ടു ലക്ഷത്തോളം അനുയായികളോടുകൂടി ബുദ്ധമതം സ്വീകരിച്ചു. അതുകഴിഞ്ഞ് രണ്ടുമാസത്തിനുള്ളിൽ 1956 ഡിസംബർ 6–ാം തീയതി ആ വന്ദ്യനേതാവ് കാലയവനികയ്ക്കുള്ളിൽ തിരോഭവിക്കുകയും ചെയ്തു.

''നമസ്കാരമുപഗുപ്താ, വരിക ഭവാൻ നിർവാണ
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്''

എന്നു പ്രാർത്ഥിക്കാൻ ഏതു ഹൃദയാലുവിനും തോന്നിപ്പോകും, അംബേദ്കറുടെ നിസ്വാർത്ഥസേവനങ്ങൾ ഓർക്കുമ്പോൾ. സമരത്തിൻെറ മാർഗ്ഗമായിരുന്നു അദ്ദേഹം അവലംബിച്ചത് എന്നതിനാൽ ആ സേവനങ്ങളുടെ വില ഇടിഞ്ഞുപോകുന്നില്ല.

ധീരനും സത്യസന്ധനും നിസ്വാർത്ഥനും ആയ ഒരു സമുദായസേവകൻ, നിപുണനായ ഒരു ഭരണകർത്താവ്, വിദഗ്ദ്ധനായ ഒരു നിയമജ്ഞൻ ഈ നിലകളിലെല്ലാം അംബേദ്കർ പ്രഖ്യാതനാണ്. എന്നാൽ അദ്ദേഹത്തിൻെറ മഹത്തായ വ്യക്തിത്വത്തിന് ആരാധ്യമായ വേറൊരു വശമുള്ളത് അത്രതന്നെ പ്രസിദ്ധമല്ല. ഈ ഉപന്യാസം അവസാനിപ്പിക്കുന്നതിനുമുമ്പ് അതിനെക്കുറിച്ചുകൂടി അൽപം പറയാനുണ്ട്.

ഭാരതഭൂമിയുടെ ചരിത്രത്തിലും ചിരന്തനസംസ്കാരത്തിലും അദ്ദേഹത്തെപ്പോലെ അടിയുറച്ച പാണ്ഡിത്യം നേടിയവർ അപൂർവമാണ്. ആര്യൻമാർ ഏതോ വിദേശത്തുനിന്ന് ഇൻഡ്യയിലേക്കു വന്നവരാണെന്നും, അവർ ഇവിടത്തെ ആദിമനിവാസികളായ ദ്രാവിഡരെ യുദ്ധത്തിൽ ജയിച്ച് പുഷ്കലമായ ദ്രാവിഡസംസ്കാരത്തെ നശിപ്പിച്ചുവെന്നും, നമ്മുടെ ചരിത്രപുസ്തകങ്ങളുടെ താളുകളിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്.

പാശ്ചാത്യരാണ് ഈ പ്രചാരവേല തുടങ്ങിവച്ചതെങ്കിലും ഭാരതീയരായ ചരിത്രകാരൻമാരും അവരെ പിൻപറ്റുകയേ ഉണ്ടായുള്ളൂ. ആര്യൻമാരുടെ ഇടയിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ എന്നീ മൂന്നു വർണ്ണങ്ങളെ ഉണ്ടായിരുന്നുള്ളൂവെന്നും വൈദികകാലത്ത് ദസ്യുക്കളെന്ന് അവർ വിളിച്ചുപോന്ന ദ്രാവിഡരാണ് പിന്നീട് ശൂദ്രരായി മുദ്രയടിക്കപ്പെട്ടതെന്നും ചില ഗ്രന്ഥകാരൻമാർ പറഞ്ഞിട്ടുണ്ട്. ഈ സിദ്ധാന്തങ്ങളെ അംബേദ്കർ എതിർത്തു. ആര്യൻമാർ അന്യദേശത്തുനിന്നും വന്നവരാണെന്നൂഹിക്കാൻ മതിയായ ഒരു തെളിവും ഋഗ്വേദത്തിൽനിന്ന് നമുക്ക് ലഭിക്കുന്നില്ലെന്നാണ് ആ പണ്ഡിതാഗ്രേസരൻെറ ഖണ്ഡിതമായ അഭിപ്രായം. 'ആര്യൻ' എന്ന പദം ഋഗ്വേദത്തിൽ ഒരിടത്തും ഒരു പ്രത്യേക ജനവർഗ്ഗത്തിൻെറ സംജ്ഞയായി പ്രയോഗിക്കപ്പെട്ടിട്ടില്ലെന്നും, അത് ഒരു പ്രത്യേക സംസ്കാരത്തെയും ജീവിതരീതിയെയും കുറിക്കുന്ന ശബ്ദം മാത്രമാണെന്നും അദ്ദേഹം പ്രസ്താവിച്ചുകാണുന്നു. ചിലർ വാദിക്കുന്നതുപോലെ, ആര്യൻമാർ വൈദേശികരായ ജേതാക്കളായിരുന്നുവെങ്കിൽ, അവർ അതിനെക്കുറിച്ച് വീണ്ടും വീണ്ടും വീമ്പുപറയുമായിരുന്നുവെന്നും ഋഗ്വേദത്തിൽ അങ്ങനെ ചെയ്തുകാണുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ''ആര്യൻ'' എന്ന ഒരു പ്രത്യേക ജനവർഗ്ഗത്തെ സൃഷ്ടിച്ചുവിട്ടതും ആ വർഗ്ഗം മറ്റുള്ളവയെക്കാൾ കായികമായി മെച്ചപ്പെട്ടതാണെന്ന് സ്ഥാപിക്കാൻ വെമ്പൽകൊണ്ടതും ജർമ്മൻകാരാണ്. ചില ബ്രാഹ്മണപണ്ഡിതൻമാർ ഈ സിദ്ധാന്തത്തെ അനുകൂലിച്ചു; കാരണം, തങ്ങളുടെ മേന്മ സ്ഥാപിക്കാൻ അതു സഹായകമായതുതന്നെ; ഇതായിരുന്നു അംബേദ്കറുടെ വാദഗതി.

ഇരുപതാം നൂറ്റാണ്ടിൻെറ നാലാം ദശകത്തിൽ നടത്തിയ ഖനനങ്ങളുടെ ഫലമായി വെളിച്ചംകണ്ട സൈന്ധവസംസ്കാരത്തെക്കുറിച്ച് കഴിഞ്ഞ കുറെ വർഷങ്ങളായി അവതരിക്കപ്പെട്ട പല നിഗമനങ്ങളും അഭദ്രമാണെന്ന് ഇപ്പോൾ ചില ഗവേഷകന്മാർ പറഞ്ഞുതുടങ്ങിയിരിക്കുന്നുവെന്ന വസ്തുത ഈ സന്ദർഭത്തിൽ പ്രസ്താവ്യമാണ്. സൈന്ധവസംസ്കാരം ആര്യേതരവും ആര്യൻമാരുടെ ആഗമനത്തിനു മുമ്പുള്ളതും ആണെന്ന അഭിപ്രായം അടുത്തകാലംവരെ ഗതാനുഗതികന്യായേന എല്ലാവരും അംഗീകരിച്ചുപോന്നതാണ്. എന്നാൽ ഇന്ന് അത് പുനഃപരിശോധനയ്ക്കു വിഷയമായിട്ടുണ്ട്. ഈ പുതിയ ചിന്താഗതിയുടെ ഉദ്ഘാടകൻമാരിൽ ഒരാളാണ് അംബേദ്കർ.

പദങ്ങൾ

യുഗപ്രഭാവൻ, ആത്മാഭിമാനം, സ്വാഭാവികമായി, സവർണ്ണർ, അവധീരണം, പീഡനം, ഉദാരമതി, കൈക്കോപ്പ്, ധിഷണാശാലി, ധാർഷ്ട്യപൂർവ്വം, വിദ്വേഷകലുഷിതം, ജീവിതലക്ഷ്യം, ബദ്ധപരികരൻ, ഭാവിശ്രേയസ്സ്, പൊതുധാര, സമസ്തജനഹാസ്യം, മനഃപരിവർത്തനം, ദാക്ഷിണ്യം, അഭിമാനധനൻ, സാർവ്വത്രികം, ഉത്തമവിശ്വാസം, അപരിഹാര്യം, അസന്ദിഗ്ദ്ധം, ഉത്തപ്തം, ആരാധ്യൻ, ജനസമ്മതി, വ്യാമോഹിപ്പിക്കുക, ജന്മാവകാശം, തിരോഭവിക്കുക, നിയമജ്ഞൻ, പുഷ്കലം, ദസ്യു, പണ്ഡിതാഗ്രേസരൻ, സംജ്ഞ, ജേതാവ്, നിഗമനം, അഭദ്രം, ആര്യേതരം, ഗതാനുഗതികന്യായം, പുനഃപരിശോധന, ഉദ്ഘാടകൻ.

അഭ്യാസം

I. (a) വാക്യത്തിൽ പ്രയോഗിക്കുക:
യുഗപ്രഭാവൻ, ആത്മാഭിമാനം, സ്വാഭാവികമായി, കൈക്കോപ്പ്, ധിഷണാശാലി, കലുഷിതം, ജീവിതലക്ഷ്യം, ബദ്ധപരികരൻ, പൊതുധാര, മനഃപരിവർത്തനം, ഉത്തമവിശ്വാസം, അപരിഹാര്യം, വ്യാമോഹിപ്പിക്കുക, ജന്മാവകാശം, തിരോഭവിക്കുക, നിഗമനം, ജേതാവ്, ഗതാനുഗതികന്യായേന, പുനഃപരിശോധന, പിൻപറ്റുക, വടുകെട്ടിക്കിടക്കുക, സമരകാഹളം മുഴക്കുക, വീറോടെ വാദിക്കുക, ഖണ്ഡിതമായ അഭിപ്രായം, എഴുതിപ്പിടിപ്പിക്കുക.

(b) കൃത്തുകളെയും തദ്ധിതങ്ങളെയും വേർതിരിക്കുക:
സ്വാഭാവികം, അവധീരണം, പീഡനം, ധാർഷ്ട്യം, ദൈന്യം, ദാസ്യം, ദാക്ഷിണ്യം, പരിഹാര്യം, താത്പര്യം, മാന്യം, പാണ്ഡിത്യം, കായികം, നിഗമനം, പരിശോധന, ഐക്യം.

II. അപോദ്ധരിക്കുക:

(1) അതിനാൽ അധഃകൃതർ ചിരകാലമായി പേറിപ്പോന്ന അവമാനഭാരത്തിൽ നിന്നും അടിമത്തത്തിൽ നിന്നും തെല്ലൊന്നു മുക്തനായി ആത്മാഭിമാനത്തിൻെറ അന്തരീക്ഷത്തിലെ ശുദ്ധവായു നുകരാൻ അദ്ദേഹത്തിനു തരപ്പെട്ടു.

(2) തൻെറ സന്തതിപരമ്പര സ്വാതന്ത്ര്യത്തിൻെറയും സമത്വത്തിൻെറയും വെളിച്ചമേറ്റ് നിർബാധം വളരണമെന്ന് അദ്ദേഹം സ്വാഭാവികമായി ആശിച്ചിരിക്കണം.

(3) അതിനാൽ അംബേദ്കർ ഹിന്ദുസമുദായത്തിലെ അപരിഹാര്യമായ ഈ വിടവ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് ഹരിജനങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ വേണമെന്ന് വീറോടെ വാദിച്ചു.

(4) വിവിധജാതിമതസ്ഥരെ കൂട്ടിയിണക്കി ഭാരതജനതയുടെ ഐക്യം സ്ഥാപിക്കാൻ അനവരതം ശ്രമിച്ചിരുന്ന രാഷ്ട്രപിതാവ് ഇതിനെതിരെ നിരാഹാരവ്രതം ആരംഭിച്ചതും ഒടുവിൽ ഒരു ഒത്തുതീർപ്പുണ്ടായതും ചരിത്രപ്രസിദ്ധമായ വസ്തുതയാണ്.

(5) പണത്തിനും പദവിക്കും അദ്ദേഹത്തെ ഒരുകാലത്തും വ്യാമോഹിപ്പിക്കാൻ കഴിഞ്ഞില്ല.

(6) ആര്യൻമാർ ഏതോ വിദേശത്തുനിന്ന് ഇൻഡ്യയിലേക്ക് വന്നവരാണെന്നും അവർ ഇവിടത്തെ ആദിമനിവാസികളായ ദ്രാവിഡരെ യുദ്ധത്തിൽ ജയിച്ച് പുഷ്കലമായ ദ്രാവിഡ സംസ്കാരത്തെ നശിപ്പിച്ചുവെന്നും നമ്മുടെ ചരിത്രപുസ്തകങ്ങളുടെ താളുകളിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്.

III. ചൂർണ്ണികകളെ സംയോജിപ്പിച്ച് ഒരു മഹാവാക്യമോ സങ്കീർണ്ണകമോ ആക്കുക:

(1) ഉദ്യോഗം രാജിവച്ച് അദ്ദേഹം ബോംബെയ്ക്കുപോയി. കുറച്ചുകാലം അവിടെ ഒരു കോളേജിൽ ധനശാസ്ത്രാധ്യാപകനായി പ്രവർത്തിച്ചു. പിന്നെ അതും രാജിവച്ച് അഭിഭാഷകവൃത്തി കൈക്കൊണ്ടു.

(2) അധഃകൃതർ അവരുടെ അവകാശങ്ങളും സാർവ്വത്രികമായ സമത്വവും വിട്ടുവീഴ്ചയില്ലാത്ത സമരത്തിലൂടെ നേടണം; അതിലൂടെ മാത്രമേ അവർക്കു നേടാൻ കഴിയൂ, ഇതായിരുന്നു അദ്ദേഹത്തിന്റെ ഉത്തമവിശ്വാസം.

(3) അതിനാൽ ഗാന്ധിമാർഗ്ഗത്തിൽനിന്ന് അകന്നുനിന്നുകൊണ്ട്- അദ്ദേഹം സമരകാഹളം മുഴക്കി. ഹരിജനങ്ങളുടെ ഒരു വലിയ വിഭാഗം അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു.

IV. (1) സൈനികവൃത്തികൊണ്ട് അംബേദ്കറുടെ പിതാവിനു ലഭിച്ച വലിയ മെച്ചം എന്തായിരുന്നു?

(2) അധഃകൃതരുടെ നേതൃത്വം വഹിക്കാനുള്ള കഴിവുകൾ കഥാപുരുഷനു എങ്ങനെ കൈവന്നു?

(3) സർക്കാർ ഉദ്യോഗം ഉപേക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി എന്തായിരുന്നു?

(4) ബാല്യത്തിൽത്തന്നെ അംബേദ്കറുടെ ഹൃദയത്തിൽ ജാതിവ്യവസ്ഥയോട് കടുത്ത വെറുപ്പ് വേരൂന്നാൻ എങ്ങനെ ഇടയായി?

(5) അദ്ദേഹം ഗാന്ധിമാർഗ്ഗത്തിൽനിന്ന് അകന്നുനിൽക്കാൻ കാരണമെന്ത്?

(6) കഥാനായകൻ വഹിച്ച സമുന്നതപദവികൾ ഏവ?

(7) ഒരുപുറത്തിൽകവിയാതെ അംബേദ്കറുടെ സ്വഭാവം നിരൂപണം ചെയ്യുക.

(8) പാശ്ചാത്യരായ ഭാരതചരിത്രകാരൻമാരുടെ ഏതേതഭിപ്രായങ്ങളെയാണ് അംബേദ്കർ ഖണ്ഡിച്ചത്?

---

പാഠം 24

# ബാല്യകാലസഖി

മുതിർന്നു, മെല്ലെച്ചെറുപിച്ചവപ്പാൻ
തുടർന്ന നാൾതൊട്ടു പിരിഞ്ഞിടാതെ, -
ഒരമ്മതൻ രണ്ടു കിടാങ്ങളെന്ന—
പോലെക്കഴിച്ചു പല തിങ്ങൾ ഞങ്ങൾ. 1

കളിച്ചുകൊള്ളട്ടെ യഥേഷ്ടമെങ്ങോ
മറ്റുള്ളകൂട്ടാളികളായിരംപേർ;
ഞങ്ങൾക്കു സർവ്വോത്സവവും വിളഞ്ഞ-
താ ഞങ്ങൾ ചേർന്നൊക്കുമിടത്തിൽ മാത്രം. 2

ഒരേ കളിപ്പാട്ട, മൊരേ കളിക്കൂ-
ത്തൊരേ കളിക്കൊട്ടി, ലൊരേ വികാരം;
ഒരാൾക്കു മറ്റാൾ തണൽ;—ഈ നിലയ്ക്കാ-
യിരുന്നു ഹാ! കൊച്ചുകിടാങ്ങൾ ഞങ്ങൾ? 3

ഓടിക്കളിച്ചോട്ടു വിശന്നു ചെന്ന-
ങ്ങ'മ്മേ, പഴം പാലവിലെ'ന്നു കെഞ്ചി
ചേറാണ്ട ചെംതാരെതിർ പിഞ്ചുകൈയാൽ-
ച്ചേലാഞ്ചലത്തിൽക്കസവിട്ടിടുമ്പോൾ. 4

ഒരാളെയായ്ത്തൻ മടിയിൽക്കരേറ്റാൻ
കൈനീട്ടി, യീഞ്ഞങ്ങളെ മാറിമാറി
ശാഠ്യം പിടിപ്പിക്കുകയാണുതായ-
മാർക്കന്നു വാത്സല്യപരം വിനോദം! 5

മന്നിൽ സ്വയം വിണ്ണിനെയാരചിക്കു-
മാശ്ശൈശവത്തിൻെറ തപോബലത്തെ
കെടുക്കുവാൻ ദേവകൾ ചൊല്ലിയിട്ടോ
കൗമാരമൊട്ടൊട്ടടിവച്ചടുത്തു! 6

കണ്ണുനീർത്തുള്ളി] [നാലപ്പാട്ട് നാരായണമേനോൻ

## അഭ്യാസം

(1) ഈ കവിതയിൽ വ്യഞ്ജിക്കുന്ന പ്രധാനഭാവമെന്ത്?

(2) 'തായമാർക്കന്നു വാത്സല്യപരം വിനോദം' ആയിരുന്നതെന്ത്?

(3) ശൈശവം തപോബലത്തോടുകൂടിയതാണ് എന്നു പറവാൻ കാരണമെന്ത്?

(4) ഏതാണ് മന്നിൽ വിണ്ണിനെ രചിച്ചത്?

(5) കൗമാരത്തെ ആർ എന്തിനുവേണ്ടി അയച്ചു എന്നാണ് കവി ആശങ്കിക്കുന്നത്? അങ്ങനെ ശങ്കിപ്പാൻ കാരണമെന്ത്?

(6) തപോഭംഗം ചെയ്വാൻ ദേവൻമാർ ആരെ നിയോഗിച്ചതായാണ് ഹിന്ദുപുരാണങ്ങളിൽ സാധാരണ പറഞ്ഞു കാണുന്നത്?


(7) 'കൗമാരമൊട്ടൊട്ടടിവച്ചടുത്തു' കൗമാരത്തിന് ആരോടുള്ള സാദൃശ്യമാണ് ഇവിടെ വ്യഞ്ജിക്കുന്നത്?

പാഠം 25

# അനന്തമായ വിശ്വം

''അനന്തമജ്ഞാതമവർണ്ണനീയ-
മീലോകഗോളം തിരിയുന്ന മാർഗ്ഗം;
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തുകണ്ടു!''

നാം അധിവസിക്കുന്ന ഭൂമി ഏതാണ്ട് 12,742 കിലോ മീറ്റർ വ്യാസമുള്ള ഒരു മഹാഗോളമാണ്. 500 കോടിയോളം ജനങ്ങളെയും വേറെ അസംഖ്യം ജീവജാലങ്ങളെയും മാമലകളെയും




മഹാസമുദ്രങ്ങളെയും അത് ഉൾക്കൊള്ളുന്നു. അമ്പോ! എന്തൊരു വലിപ്പം എന്നു തോന്നുന്നുവല്ലേ? ശരിതന്നെ,

എന്നാൽ വിശ്വത്തെ അപേക്ഷിച്ചുനോക്കുമ്പോൾ ഭൂമി ഒരു മണൽത്തരി മാത്രമാണ്. വിജ്ഞാനം അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന ആധുനികയുഗത്തിലും വിശ്വം അനന്തവും അജ്ഞാതവുമായിത്തന്നെ അവശേഷിക്കുന്നു.

ഭൂമി സൗരയൂഥത്തിലെ ഒരംഗമാണ്. സൗരയൂഥം അപരിമേയമായ വിശ്വത്തിലെ എണ്ണമറ്റ ഗോളസമൂഹങ്ങളിൽ ഒന്നു മാത്രമാണെന്ന് ഓർക്കണം. സൂര്യനാണ് സൗരയൂഥത്തിലെ കുലകൂടസ്ഥൻ. ഭൂമിക്കുപുറമേ, കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, യൂറാനസ്, നെപ്റ്റ്യൂൺ, പ്ലൂട്ടോ എന്നീ ഗോളങ്ങളും ഈ തറവാട്ടിലെ പ്രമുഖാംഗങ്ങളത്രേ. ഇവയെല്ലാം പ്രകാശിക്കുന്നത് സ്വന്തം പ്രഭകൊണ്ടല്ല. ആദിത്യൻെറ കാന്തി പ്രതിഫലിച്ചിട്ടാണ്. ഗ്രഹങ്ങൾ എന്ന സംജ്ഞകൊണ്ടാണ് ജ്യോതിശ്ശാസ്ത്രത്തിൽ ഇവ അറിയപ്പെടുന്നത്. കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നീ ഗ്രഹങ്ങളെ നഗ്നനേത്രം കൊണ്ടു കാണാം. യൂറാനസ്, നെപ്റ്റ്യൂൺ, പ്ലൂട്ടോ എന്നിവയെ ദൂരദർശിനിയുടെ സഹായത്തോടുകൂടി മാത്രമേ ദർശിക്കാൻ കഴിയുകയുള്ളൂ.

ചന്ദ്രനെക്കുറിച്ചു ഒന്നും പറഞ്ഞില്ലല്ലോ, എന്നല്ലേ ശങ്കിക്കുന്നത്? ചന്ദ്രൻ ഗ്രഹമല്ല. അതു ഭൂമിയുടെ ഉപഗ്രഹം മാത്രമേ ആകുന്നുള്ളൂ. ഗ്രഹങ്ങൾ സൂര്യനെ നിരന്തരമായി നിശ്ചിത മാർഗ്ഗത്തിലൂടെ ചുറ്റിക്കൊണ്ടിരിക്കുന്നു. അതുപോലെ ചന്ദ്രൻ ഭൂമിയെ ചുറ്റിക്കൊണ്ടിരിക്കുന്നു; അതോടൊപ്പം സൂര്യനെയും.

ബുധൻ, ശുക്രൻ ഇവയൊഴിച്ചുള്ള ഗ്രഹങ്ങൾക്കെല്ലാം ഭൂമിക്കെന്നപോലെ ചന്ദ്രൻമാരുണ്ട്. ദൂരദർശിനിയിൽക്കൂടിമാത്രമേ അവയെ കാണാൻ കഴിയുകയുള്ളൂ. ചൊവ്വായ്ക്കു രണ്ടും വ്യാഴത്തിനു പന്ത്രണ്ടും ചന്ദ്രൻമാരുണ്ട്. വ്യാഴത്തിൻെറ ആകാശത്തിൽ ഒരു ചന്ദ്രൻ അസ്തമിക്കുമ്പോഴേക്ക് മറ്റൊരു ചന്ദ്രൻ ഉദിക്കും. ചിലപ്പോൾ രണ്ടോ മൂന്നോ ചന്ദ്രൻമാരെ ഏകകാലത്തു തന്നെ കാണുകയും ചെയ്യാം. ശനിക്കുമുണ്ട് പത്തു ചന്ദ്രൻമാർ. ഈ ഗ്രഹത്തിനു ചുറ്റും മൂന്നു പ്രഭാവലയങ്ങൾ ഉള്ളതായി വളരെക്കാലം മുമ്പുതന്നെ കണ്ടുപിടിച്ചിരുന്നു. നാലാമതൊരു തേജോവലയം കൂടിയുള്ളതായി അടുത്ത കാലത്തെ വിദഗ്ദ്ധ നിരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഓരോ ഗ്രഹത്തിൻെറയും ഉപഗ്രഹങ്ങൾ അതാതു ഗ്രഹത്തെ ചുറ്റുന്നതോടൊപ്പംതന്നെ കുലകൂടസ്ഥനായ സൂര്യനെയും ചുറ്റുന്നു. ഭാവന ചെയ്തുനോക്കൂ. എത്ര ഗംഭീരമായ സംഘനൃത്തം!

ഗ്രഹങ്ങൾ സൂര്യനെ ചുറ്റുന്നത് അപ്രദക്ഷിണമായിട്ടത്രേ (anti-clock-wise). പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ് അവ നീങ്ങുന്നത്. ഇതിനുപുറമെ അവയ്ക്ക് വേറൊരു ചലനംകൂടി യുണ്ട്. എല്ലാം സ്വന്തം (സാങ്കൽപികമായ) അച്ചുതണ്ടിൻമേൽ കറങ്ങുന്നു. അഥവാ സ്വയം ഭ്രമണം ചെയ്യുന്നു. സ്വയം ചുറ്റുന്ന ഒരു നർത്തകി അതോടുകൂടി രംഗവേദിയേയും ചുറ്റുന്നതിനു സമാനമാണ് ഗ്രഹങ്ങളുടെ ചലനമെന്നർത്ഥം. കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു പമ്പരം അതോടൊപ്പം ഒരു വൃത്ത മാർഗ്ഗത്തിൽ നീങ്ങുന്നതുപോലെയാണ് ഗ്രഹസഞ്ചാരം എന്നു പറയാം. ഭൂമി ഇങ്ങനെ അതിൻെറ അച്ചുതണ്ടിൻമേൽ കറങ്ങുന്ന തിൻെറ ഫലമാണ് ദിനരാത്രങ്ങൾ. ഈ ഭ്രമണവും പടിഞ്ഞാറു നിന്ന് കിഴക്കോട്ടാണ്. ഭൂമിയിലുള്ള നമുക്ക് ഭൂമി ഇളകാതെ നിൽക്കുന്നുവെന്നും സൂര്യൻ കിഴക്കുദിച്ച് പ്രദക്ഷിണമായി പടി ഞ്ഞാട്ടു നീങ്ങുന്നുവെന്നുമാണ് തോന്നുന്നത്. നാം കയറി യിട്ടുള്ള തോണി പുഴയുടെ മറുകരയിലേക്കു നീങ്ങുമ്പോൾ തോണി ഇളകാതെ നിൽക്കുന്നുവെന്നും മറുകര നമ്മെ സമീപിക്കു ന്നുവെന്നും തോന്നാറില്ലേ? അതുപോലെയുള്ളൊരു വിഭ്രാന്തി മാത്രമാണ് മേൽപറഞ്ഞ അനുഭവമെന്ന് ഭാരതീയജ്യൗതിഷി കളിൽ പ്രമുഖനായ ആര്യഭടൻ വളരെക്കാലം മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്.

ഭൂമിയിലെന്നപോലെ കുജാദികളായ മറ്റു ഗ്രഹങ്ങളിലും രാപ്പകലുകളുണ്ട്. എന്നാൽ ദിവസത്തിൻെറ ദൈർഘ്യം ഓരോ ഗ്രഹത്തിലും ഓരോന്നാണെന്ന് ഓർക്കണം. സ്വയം ഭ്രമണ ത്തിൻെറ വേഗതയിലുള്ള വ്യത്യാസമാണ് ഇതിനുകാരണം. കുജ നിലെ ദിവസത്തിൻെറ ദൈർഘ്യം ഭൂമിയിലേതുപോലെ ഏതാണ്ട് ഇരുപത്തിനാലു മണിക്കൂറാണ്. എന്നാൽ വ്യാഴവും ശനിയും വലിയ ഭാരമുള്ള ഗ്രഹങ്ങളാണെങ്കിലും കൂടുതൽ വേഗത്തിലാണ് സ്വയം ചുറ്റിക്കൊണ്ടിരിക്കുന്നത്. വ്യാഴം പത്തു മണിക്കൂറുകൊണ്ടും ശനി പത്തരമണിക്കൂറുകൊണ്ടും ഒരു പ്രാവശ്യം സ്വന്തം അച്ചുതണ്ടിൻമേൽ ചുറ്റുന്നു. അതിനാൽ വ്യാഴത്തിലെ ദിവസദൈർഘ്യം പത്തുമണിക്കൂറാണ്. ശനി യിൽ പത്തരയും. ഭൂമിയിലെ ആറുദിവസവും ഒൻപതുമണി ക്കൂറും കൂടിയതാണ് പ്ലൂട്ടോവിലെ ഒരു ദിവസം. ഗ്രഹങ്ങ ളെപ്പോലെ തന്നെ സൂര്യനും സ്വന്തം അച്ചുതണ്ടിൻമേൽ ചുറ്റി ക്കൊണ്ടിരിക്കുന്നു. 27 ദിവസംകൊണ്ടാണ് ആദിത്യൻെറ ഒരു കറക്കം പൂർത്തിയാകുന്നത്.

സൂര്യന് ഏറ്റവും അടുത്തുകിടക്കുന്ന ഗ്രഹമാണ് ബുധൻ. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യൂറാനസ്,

നെപ്റ്റ്യൂൺ, പ്ലൂട്ടോ ഈ ക്രമത്തിലാണ് ഗ്രഹങ്ങളുടെ സൂര്യനിൽനിന്നുള്ള അവസ്ഥാനം. കേന്ദ്രസ്ഥനായ സൂര്യനിൽ നിന്ന് അകലുംതോറും ഗ്രഹത്തിൻെറ ഭ്രമണപഥത്തിനു വ്യാപ്തികൂടുമെന്ന് പറയേണ്ടതില്ലല്ലോ. പ്ലൂട്ടോവിൻെറ സഞ്ചാരപഥമാണ് ഏറ്റവുമധികം ദീർഘം.

സൗരയൂഥത്തിലെ ഗ്രഹങ്ങളിൽവച്ച് ഏറ്റവുമധികം വലുത് വ്യാഴമാണ്. ഭൂമിയുടെ 1414 പങ്കുവലിപ്പമുള്ളതാണ് ആ ഗ്രഹം. രണ്ടാം സ്ഥാനത്തു നില്ക്കുന്ന ശനിക്ക് വ്യാഴൻെറ പകുതി വലിപ്പമേയുള്ളു. എല്ലാ ഗ്രഹങ്ങളും ഒന്നിച്ചുകൂടിയാലും വലിപ്പത്തിൽ സൂര്യൻെറ 1/600 അംശമേ ആകയുള്ളൂ.

ഏറ്റവും ഭാരംകൂടിയ ഗ്രഹവും വ്യാഴമാണ്. ഭൂമിയുടെ 388 മടങ്ങു ഭാരമുണ്ട് വ്യാഴത്തിന്. ശനിയുടെ ഭാരം അതിൻെറ നാലിലൊരുഭാഗം മാത്രമാണ്. എല്ലാ ഗ്രഹങ്ങളുടെയും ഭാരത്തിൻെറ ആകത്തുകയുടെ 700 മടങ്ങാണ് സൂര്യൻെറ ഭാരം.


ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സുനിശ്ചിതങ്ങളായ അവയുടെ സഞ്ചാരപഥങ്ങളിൽനിന്ന് വ്യതിചലിക്കാതെ നോക്കുന്നത് ഏതു ശക്തിയാണ്? ഈ ചോദ്യത്തിനുള്ള ഉത്തരം പ്രകൃതിയുടെ ഒരു വലിയ രഹസ്യമാകുന്നു—ആകർഷണ ശക്തി. വിശ്വത്തിലുള്ള എല്ലാ വസ്തുക്കളും പരസ്പരം ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഒരു വസ്തു മറ്റൊന്നിൻമേൽ ചെലുത്തുന്ന ആകർഷണശക്തി അവ തമ്മിലുള്ള ദൂരം കൂടുന്തോറും കുറയും. ഭാരംകൂടിയ വസ്തുവിന് ഭാരം കുറഞ്ഞതിനേക്കാാം ആകർഷണശക്തി അധികമാണുതാനും. സൗരയൂഥത്തിലെ അംഗങ്ങളിൽ ഏറ്റവുമധികം ഭാരമുള്ളത് സൂര്യനാണെന്ന് മേൽപ്രസ്താവിച്ചത് ഓർക്കുമല്ലോ. ഏറ്റവുമധികം ആകർഷണശക്തിയും ആ കുലപതിക്കുതന്നെ. മഹാഗ്രഹങ്ങളായ വ്യാഴത്തിനോ ശനിക്കോ പോലും തറവാട്ടിൽ കാരണവരുടെ ബലിഷ്ഠമായ പിടിയിൽനിന്ന് തെല്ലെങ്കിലും വ്യതിചലിക്കുക സാദ്ധ്യമല്ല. എന്തൊരച്ചടക്കം!

എല്ലാ ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും സുനിശ്ചിത പഥത്തിൽ ചുറ്റിച്ചുകൊണ്ടിരിക്കുന്ന സൂര്യനും മറ്റൊരാകർഷണ ശക്തിക്കു വിധേയമായി സദാ ചുറ്റിക്കൊണ്ടിരിക്കുന്നു. പ്രപഞ്ചം ചലനാത്മകമാണ്. ഒന്നുംതന്നെ ഒരു നിമിഷം പോലും നിന്നേടത്തു നില്ക്കുന്നില്ല.

ഇതുവരെപ്പറഞ്ഞത് സൗരയൂഥത്തിലെ ഭാരംകൂടിയ ഗോളങ്ങളെക്കുറിച്ചാണ്. ഇവയ്ക്കു പുറമേ ഈ കുടുംബത്തിൽ ലഘുഭാരങ്ങളായ വളരെയേറെ അംഗങ്ങളുണ്ട്—ക്ഷുദ്രഗ്രഹ

ങ്ങൾ (Asteroids), ഉല്ക്കകൾ (Meteors), ധൂമകേതുക്കൾ (Comets) എന്നീ മൂന്നു വിഭാഗത്തിൽ അവയെ ഉൾപ്പെടുത്താം.

ക്ഷുദ്രഗ്രഹങ്ങൾ എന്നു പറയുന്നവ വലിപ്പം നന്നേ കുറവായ ഖരവസ്തുക്കളാണ്. അവയിൽ അധികവും എതാണ്ടൊരു ഗോളാകൃതിയിലാണെങ്കിലും, അങ്ങനെയല്ലാത്തവയും ധാരാളമുണ്ട്. വലിപ്പം കൂടിയ ഗ്രഹങ്ങളെപ്പോലെ ക്ഷുദ്രഗ്രഹങ്ങളും സൂര്യനെ അപമണ്ഡലമായി നിരന്തരം ചുറ്റുന്നു. എണ്ണമറ്റവയാണെങ്കിലും നഗ്നനേത്രംകൊണ്ടുകാണാവുന്നവ ഈ കൂട്ടത്തിൽ വളരെ കുറയും. കുജൻെറയും വ്യാഴത്തിൻെറയും സഞ്ചാരപഥങ്ങൾക്കിടയിലാണ് ഇവയിൽ ഭൂരിഭാഗവും ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ കുജമാർഗ്ഗത്തെക്കടന്ന് ഭൂമിയുടെ ഭ്രമണപഥത്തിനകത്തും ചിലത് വന്നുപെട്ടിട്ടുണ്ട്. ക്ഷുദ്രഗ്രഹങ്ങളെല്ലാം കൂടിയാലും വലിപ്പത്തിൽ ഭൂമിയുടെ രണ്ടായിരത്തിലൊരംശമേ വരികയുള്ളൂവെന്ന് കണക്കാക്കിയിരിക്കുന്നു.




## ധൂമകേതുവിൻെറ സഞ്ചാരപഥം

തെളിഞ്ഞ ആകാശത്തിൽ രാത്രികാലത്ത് ദൃഷ്ടിയുറപ്പിച്ചാൽ, അത്യുജ്ജ്വലങ്ങളായ ചില നക്ഷത്രങ്ങൾ വാനിടത്തിലൂടെ മിന്നൽവേഗത്തിൽ പാഞ്ഞ് ഭൂമിയിൽ പതിക്കുന്നപോലെ

തോന്നും. വാസ്തവത്തിൽ അവ നക്ഷത്രങ്ങളല്ല; അപരിമിതമായ വിശ്വത്തിൽ ചുറ്റിത്തിരിയുന്ന ഖരപദാർത്ഥശകലങ്ങളാണ്. അവയിൽച്ചിലത് ഭൗമാന്തരീക്ഷത്തിൻെറ ഉപരിതലത്തിലൂടെ അതിവേഗം പാഞ്ഞുപോകുമ്പോൾ ഘർഷണംകൊണ്ട് തപ്തമായി ജ്വലിക്കുന്നു. ഇവയാണ് ഉല്ക്കകൾ. കൊള്ളിമീൻ എന്നും ഇവയെ പറയാറുണ്ട്.

ധൂമകേതുക്കൾ സൗരയൂഥത്തിലെ മറ്റംഗങ്ങളെപ്പോലെ എപ്പോഴും നമ്മുടെ ആകാശത്തിൽ ദൃശ്യമാകുന്നില്ല. വളരെക്കാലംകൊണ്ട് അവ പെട്ടെന്ന് നമ്മുടെ ദൃഷ്ടിപഥത്തിലെത്തുന്നു. ഇതരഗ്രഹങ്ങളെപ്പോലെ അവയും സൂര്യനെ ചുറ്റുന്നു. എന്നാൽ അവയുടെ ഭ്രമണപഥങ്ങൾ അതിദീർഘങ്ങളാണ്. താരതമ്യേന ദൈർഘ്യം കുറഞ്ഞ ഭ്രമണപഥമുള്ള ധൂമകേതുക്കൾ 2.3 കൊല്ലംമുതൽ 17.9 കൊല്ലംകൊണ്ട് ഒരു ഭ്രമണം പൂർത്തിയാക്കുന്നു. എന്നാൽ 200—ൽ അധികം വർഷങ്ങൾകൊണ്ടാണ് പല ധൂമകേതുക്കളും ഒരു ചുറ്റൽ മുഴുമിക്കുന്നത്.

ജ്വലിക്കുന്ന വാതകങ്ങളുടെ സമാഹാരമാണ് ധൂമകേതു. വലിപ്പംകൂടുമെങ്കിലും ഭാരം അതീവലഘുവാണ്. സൂര്യനിൽ നിന്നകന്നിരിക്കുമ്പോൾ വളരെ മന്ദമായാണ് അതിൻെറ ഗതി. സൂര്യനോട് അടുക്കുന്തോറും ഗതിവേഗവും പ്രകാശവും കൂടിക്കൂടിവരും. അപ്പോൾ ആദിത്യൻെറ എതിർദിശയിലായി ഒരു വാൽ വളർന്നു വരികയും ചെയ്യും. അതുകൊണ്ടാണ് ഈ ഗ്രഹത്തിന് വാൽനക്ഷത്രം എന്ന അപരനാമധേയം കൈവന്നത്. .ചിലതിൻെറ പുച്ഛം ആകാശത്തിൽ വളരെ ദൂരത്തോളം നീണ്ടു കിടക്കും. സൂര്യനിൽനിന്ന് അകലുന്തോറും വാൽ കുറുതായിക്കുറുതായി ഒടുവിൽ തീരെ ഇല്ലാതാകും.

4 കോടി 88 ലക്ഷം കിലോമീറ്റർ അകലെയുള്ള സൂര്യനാണ് ഭൂമിക്കു വേണ്ടുന്ന ചൂടും വെളിച്ചവും നല്കിക്കൊണ്ടിരിക്കുന്നത്. ചിലപ്പോൾ ഭൂമിയെ ചുട്ടുപൊള്ളിക്കുന്ന ശക്തിയും അതുതന്നെ. ഇതിൽനിന്ന് സൂര്യമണ്ഡലത്തിലെ ഊഷ്മാവിനെക്കുറിച്ച് നിങ്ങൾക്ക് ഏറക്കുറെ അനുമാനിക്കാം. ഘനരൂപത്തിലോ ദ്രവരൂപത്തിലോ അവിടെ ഒരു വസ്തുവിനും നിലനില്ക്കാവുന്നതല്ല. ലോഹങ്ങളും ധാതുക്കളുംകൂടി അവിടെ വാതകാവസ്ഥയിലാണ് വർത്തിക്കുന്നത്.

നമ്മുടെ സൗരയൂഥത്തിൻെറ കഥയാണ് ഇതുവരെ പറഞ്ഞത്. അനന്തമായ വിശ്വത്തിൽ ഇതുപോലെയുള്ള അസംഖ്യം സൗരയൂഥങ്ങൾ വേറെയുമുണ്ട്. പിന്നെയും വളരെയേറെ സ്ഥലം ഒഴിഞ്ഞുകിടക്കുന്നുമുണ്ട്. ഓരോ നക്ഷത്രവും

ഒരു സൂര്യനാണ്. നക്ഷത്രങ്ങളിൽ ചിലതിന് നമ്മുടെ സൂര്യനെക്കാൾ വലിപ്പവും പ്രകാശവും ഊഷ്മാവും കൂടുതലുണ്ടുതാനും. സൂര്യനെക്കാൾ പത്തുലക്ഷം മടങ്ങു പ്രകാശമുള്ള നക്ഷത്രങ്ങളുണ്ട്. ദൂരത്തിന്റെ ആധിക്യംകൊണ്ട് അവയുടെ അത്യുജ്ജ്വലത നാം അറിയുന്നില്ലെന്നേയുള്ളൂ.

സൂര്യനിൽനിന്നു പുറപ്പെടുന്ന വെളിച്ചം കേവലം 8 മിനിറ്റുകൊണ്ട് 4 കോടി 88 ലക്ഷം കിലോമീറ്റർ തരണം ചെയ്ത് ഭൂമിയിലെത്തുന്നു. ഏറ്റവും വേഗത്തിലോടുന്ന തീവണ്ടിക്ക് 175 കൊല്ലം വേണം ഇത്രയും ദൂരം സഞ്ചരിക്കാൻ. ഇത്രയും വേഗത്തിൽ സഞ്ചരിക്കുന്ന വെളിച്ചം ഏറ്റവും അടുത്തുള്ള നക്ഷത്രത്തിൽനിന്ന് ഭൂമിയിലെത്തുന്നത് 4.3 കൊല്ലം കൊണ്ടാണ്. ദൂരസ്ഥങ്ങളായ ചില നക്ഷത്രങ്ങളിൽനിന്ന് വെളിച്ചം ഇവിടെയെത്താൻ പതിനഞ്ചും ഇരുപതും നൂറ്റാണ്ടുകൾ വേണ്ടിവരുന്നു. ചില നക്ഷത്രങ്ങളുടെ പ്രകാശം നാം ഇപ്പോൾ കാണുന്നുണ്ടായിരിക്കും. എന്നാൽ എത്രയോ ശതവർഷങ്ങൾക്കുമുമ്പ് അവ പൊലിഞ്ഞുപോയിരിക്കാം. അവയിൽനിന്നു പുറപ്പെട്ട വെളിച്ചം ഇവിടെയെത്താൻ വളരെവളരെക്കാലം വേണ്ടിവരുന്നതാണ് ഈ അദ്ഭുതപ്രതിഭാസത്തിനു കാരണം.

ഈ വിശ്വം അനന്തവും അജ്ഞാതവും അവർണ്ണനീയവുമാണെന്ന് ഇനിയും എടുത്തു പറയേണമോ?

### പദങ്ങൾ

വിശ്വം, സൗരയൂഥം, അപരിമേയം, കുലകൂടസ്ഥൻ, ദൂരദർശിനി, പ്രഭാവലയം, തേജോവലയം, രംഗവേദി, വിഭ്രാന്തി, ജ്യൗതിഷി, ഭ്രമണം, അവസ്ഥാനം, ഭ്രമണപഥം, സഞ്ചാരപഥം, കുലപതി, ബലിഷ്ഠം, വിധേയം, ചലനാത്മകം, അപമണ്ഡലം, ഭൗമാന്തരീക്ഷം, ഘർഷണം, ദൃഷ്ടിപഥം, താരതമ്യേന, അതീവ, ദിശ, പുച്ഛം, പ്രതിഭാസം, ഉല്ക്ക, കൊള്ളിമീൻ, ക്ഷുദ്രഗ്രഹം, ധൂമകേതു, സമാഹാരം.

### അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:
അപരിമേയം, കുലകൂടസ്ഥൻ, വിഭ്രാന്തി, ബലിഷ്ഠം, വിധേയം, ചലനാത്മകം, താരതമ്യേന, അതീവ, പ്രതിഭാസം, സമാഹാരം, ഘർഷണം, ദൃഷ്ടിപഥം.

II. (a) വിഗ്രഹിക്കുക:
ഭ്രമണപഥം, സഞ്ചാരപഥം, ദൃഷ്ടിപഥം.

(b) പിരിച്ചെഴുതുക:
തേജോവലയം, അത്യുജ്ജ്വലം.

(c) കൃത്തോ തദ്ധിതമോ എന്നു കാരണസഹിതം പറയുക:
നർത്തകി, ദർശിനി, ഘർഷണം, ജ്യൗതിഷി.

III. (1) സൗരയൂഥത്തിലെ പ്രമുഖാംഗങ്ങൾ ഏതെല്ലാം?

(2) ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

(3) ഗ്രഹങ്ങൾക്കുള്ള രണ്ടുതരം ചലനങ്ങൾ ഏവ?

(4) ഏതു ചലനത്തിൻെറ ഫലമായാണ് രാപ്പകലുകൾ ഉണ്ടാകുന്നത്?

(5) ഗ്രഹങ്ങൾ സൂര്യനെ ചുറ്റുന്നത് പ്രദക്ഷിണമായോ അപ്രദക്ഷിണമായോ?

(6) സൂര്യൻ ഭൂമിയെ ചുറ്റുന്നു എന്ന തോന്നൽ ഒരു വിഭ്രാന്തി മാത്രമാണെന്നു തെളിയിക്കാൻ ആര്യഭടൻ നല്കിയ ഉദാഹരണമെന്ത്?

(7) എല്ലാ ഗ്രഹങ്ങളിലും രാപ്പകലുകളുടെ ദൈർഘ്യം ഒരുപോലെയല്ല. എന്താണിതിനു കാരണം?

(8) വലിപ്പവും ഭാരവും എതു ഗ്രഹത്തിനാണ് ഏറ്റവുമധികം? രണ്ടാം സ്ഥാനത്തു നില്ക്കുന്ന ഗ്രഹമേത്?

(9) ഗ്രഹങ്ങളെ നിശ്ചിതപഥത്തിൽ നിരന്തരം ചുറ്റിക്കുന്ന ശക്തി ഏത്?

(10) ഭൂമിയോ, പ്ലൂട്ടോവോ ഏതാണ് കൂടുതൽ വേഗത്തോടെ സ്വന്തം അച്ചുതണ്ടിൻമേൽ കറങ്ങുന്നത്?

(11) വ്യാഴമോ, ഭൂമിയോ ഏതാണ് കൂടുതൽ വേഗത്തോടെ സ്വന്തം അച്ചുതണ്ടിൻമേൽ കറങ്ങുന്നത്?

IV. കുറിപ്പുകളെഴുതുക:

ക്ഷുദ്രഗ്രഹം, ഉല്ക്ക, വാൽനക്ഷത്രം, നക്ഷത്രങ്ങൾ, ഗ്രഹഭ്രമണങ്ങൾ, ഉപഗ്രഹങ്ങൾ.

---

പാഠം 26

# ആരു നീ?

ആരുനീയാരുനീ ശീതളസ്പർശമേ
യാരുനീയജ്ഞാതസൗഭാഗ്യമേ?
മാമരക്കൂട്ടം കുണുങ്ങുന്നു നിന്നുടെ
യാഗമവേളയിലാനന്ദത്താൽ.

താവകകീർത്തനം പാടിയത്തെങ്ങോല—
മാലകൾ നർത്തനം ചെയ്തിടുന്നു;
വാസനപ്പൂംപൊടി പൂശുമാറുണ്ടു നീ
വാസരശ്രീതൻ കവിളിണയിൽ.

സായന്തനാരുണൻ ചായം പിടിപ്പിച്ച
വാരുണീമങ്കതന്നങ്കണത്തിൽ,
ചേണെഴും ചെമ്മുകിൽക്കുഞ്ഞുങ്ങളൊപ്പം, നീ
കാണാം കളിക്കുന്നതോടിയോടി.

നീലനിഭൃതനിശീഥിനിയിൽ നിൻെറ
നീണ്ട നിശ്വാസങ്ങൾ ഞാൻ ശ്രവിക്കും
മാമരത്തോപ്പിലും തൂമലർക്കാവിലും
മാനത്തും താഴത്തുമെങ്ങുമെങ്ങും.

മന്ദമലഞ്ഞലഞ്ഞെത്തുന്നു നീ ഹന്ത!
മഞ്ജുളസ്വപ്നമേ, മത്സമീപം.
ആരുനീയാരുനീ ശീതളസ്പർശമേ—
യാരുനീയജ്ഞാതസൗഭാഗ്യമേ!

—കടത്തനാട്ട് മാധവിയമ്മ

## അഭ്യാസം

1. ഏതിനെയാണ് ശീതളസ്പർശമായും അജ്ഞാതസൗഭാഗ്യമായും കവയിത്രി കല്പിച്ചിട്ടുള്ളത്?
2. മാമരക്കൂട്ടത്തിൻെറ കുണുങ്ങലായി ഏതിനെ ഉൽപ്രേക്ഷിച്ചിരിക്കുന്നു?
3. ആരാണ് കീർത്തനങ്ങൾ പാടി നർത്തനം ചെയ്യുന്നത്? ആരുടെ കീർത്തനങ്ങളാണ് പാടുന്നത്?
4. ആരുടെ മുറ്റത്താണ് ഇളംകാറ്റ് ഓടിക്കളിക്കുന്നത്? ആരാണ് കളിത്തോഴൻമാർ?
5. കാറ്റിൻെറ നിശ്വാസങ്ങൾ കവയിത്രി എപ്പോൾ, എവിടെയെല്ലാം കേൾക്കുന്നു?
6. കാറ്റിനെ മഞ്ജുളസ്വപ്നമായി കല്പിച്ചതെന്തുകൊണ്ട്? രണ്ടിനും പൊതുവിലുള്ള ധർമ്മമെന്ത്?
7. ഈ പാഠപുസ്തകത്തിൽ ചേർത്തിട്ടുള്ള മറ്റേതു കവിതയാണ് ഇതേ വൃത്തത്തിൽ രചിക്കപ്പെട്ടിട്ടുള്ളത്?
8. അലങ്കാരം പറയുക:
   (a) 'താവകകീർത്തനം....................................ചെയ്തിടുന്നു.'
   (b) 'ചേണെഴും ചെമ്മുകിൽക്കുഞ്ഞുങ്ങൾ'
   (c) 'നീ ഹന്ത മഞ്ജുള സ്വപ്നമേ'
   (d) 'മാമരക്കൂട്ടം..................... .........ആനന്ദത്താൽ.'
9. മന്ദമരുത്തിന് ലീലാലോലനായ ഒരു കുട്ടിയോടുള്ള സാദൃശ്യം വ്യഞ്ജിപ്പിക്കുന്ന വരികൾ ഏവ?

പാഠം 27

# കവിത്രയം

ആധുനികമലയാളസാഹിത്യത്തിലെ ത്രിമൂർത്തികളായി പേർപെറ്റവരാണ് ആശാൻ, വള്ളത്തോാം, ഉള്ളൂർ എന്നീ കവികാം. മദ്ധ്യകാല മലയാളകവിതയുടെ അന്തരീക്ഷത്തിൽ ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ എന്നീ മഹാകവികളെന്നപോലെ ആധുനികകവിതാനഭസ്സിൽ ഉജ്ജ്വലകാന്തി ചിതറിക്കൊണ്ട് ഇവർ ശോഭിക്കുന്നു. ഇവർക്കുതൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ ഭാഷാകവികാം പൊതുവേ ശ്രദ്ധിച്ചത് ചൊല്ലാൻ രസമുള്ള ശ്ലോകങ്ങാം വാർത്തുവിടുന്നതിലായിരുന്നു. പറയാനുള്ളതെന്തും നാലു പാദത്തിൽ നിൽക്കത്തക്ക വണ്ണം രൂപപ്പെടുത്തുകയായിരുന്നു അവരുടെ ഏറ്റവും വലിയ വിനോദം. കത്തുകാം എന്നുവേണ്ട, സംഭാഷണംപോലും കവിതയിലാക്കാൻ കഴിവുള്ളവർ അന്നുണ്ടായിരുന്നു. ദ്രുതകവനപാടവം കവിത്വത്തിൻെറ മാറ്റുരക്കല്ലായി കരുതപ്പെട്ടു. കുഞ്ഞിക്കുട്ടൻ തമ്പുരാനായിരുന്നു ഇവരിൽ അഗ്രണി. കവിത ഭാവനാപൂർണ്ണവും വികാരപ്രധാനവും ആയിരിക്കണം എന്ന അടിസ്ഥാനതത്ത്വത്തിൽ ആ കാലഘട്ടം വേണ്ടത്ര ശ്രദ്ധിച്ചില്ല. കവിതാരചനയിൽ അനുഗൃഹീത സിദ്ധികളുണ്ടായിരുന്ന വെൺമണിക്കവികളും കൊടുങ്ങല്ലൂർക്കവികളും കൂട്ടുകാരും മുൻപറഞ്ഞ മുഖ്യകാവ്യസിദ്ധാന്തത്തിൽ കുറേക്കൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ അവരുടെ കൃതികാം ഒരിക്കലും മായാത്ത സൗരഭം കൈരളിയുടെ ആരാമത്തിൽ വീശുമായിരുന്നു.

കവിത്രയമാണ് ഇതിവൃത്തം, പ്രതിപാദനം, ഭാവപ്പൊലിമ മുതലായവയിലെല്ലാം പുതിയ ചക്രവാളങ്ങാം അനാവരണം ചെയ്തത്. അവരുടെ ഭാവന പുതിയ മേച്ചിൽസ്ഥലങ്ങാം കണ്ടെത്തി.

ഒരു നൂറ്റാണ്ടുമുമ്പു ജനിച്ചവരാണ് ഈ മഹാകവികാം. എങ്കിലും ആധുനികകവികളായിത്തന്നെ അവർ ഇന്നും പരിഗണിക്കപ്പെടുന്നു. ഈ കാലഘട്ടത്തിനിടയിൽ നമ്മുടെ സാഹിത്യത്തിൽ പല രുചിഭേദങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിലും കവിത്രയത്തിൻെറ കവിത ഇന്നും എല്ലാവർക്കും ആസ്വാദ്യമായിത്തന്നെയിരിക്കുന്നു. വറ്റിപ്പോകാത്ത ഏതോ പുതുമയും സുഷമയും അവയ്ക്കുണ്ട് എന്നല്ലേ ഇത് തെളിയിക്കുന്നത്?

ആശാൻ അമ്പത്തൊന്നാമത്തെ വയസ്സിൽ ചരമമടഞ്ഞു. പല്ലനയാറ്റിൽവച്ചുണ്ടായ കുപ്രസിദ്ധമായ ബോട്ടപകടം 'വിശിഷ്ട മൃദുഗാന'ങ്ങൾ പാടിയ ആ കവികോകിലത്തെ നിശ്ശബ്ദനാക്കി. അന്നുവരെ അദ്ദേഹം പാടിയ പാട്ടുകൾ ഇന്നും നമ്മുടെ കാതിലും കരളിലും മധുരിമയൊഴിക്കുന്നു. പാടാനിരുന്ന മധുരതരമായ പാട്ടുകളെക്കുറിച്ചോർക്കുമ്പോൾ നാം പൊട്ടിക്കരഞ്ഞുപോകയും ചെയ്യുന്നു!

വീണപൂവ് എന്ന ഖണ്ഡകാവ്യമാണ് ആശാൻെറ അന്യാദൃശകവിത്വത്തെ വിളംബരം ചെയ്ത ആദ്യകൃതി. പിന്നീടെഴുതിയ നളിനി, ലീല, ചിന്താവിഷ്ടയായ സീത, പ്രരോദനം, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ മുതലായ ഖണ്ഡകാവ്യങ്ങൾ അദ്ദേഹത്തിനു പ്രശസ്തിയുടെ കൊടുമുടിയിൽ സ്ഥിരപ്രതിഷ്ഠയേകി. പ്രതിപാദ്യത്തിലും പ്രതിപാദനരീതിയിലും പുതുമ തികഞ്ഞവയായിരുന്നു ഈ കൃതികളെല്ലാം. എങ്കിലും അവയിൽ മാലയിൽ നൂലെന്നോണം മഹനീയമായ ഒരാദർശം ഉടനീളം ദർശിക്കാവുന്നതാണ്—സ്നേഹം.

''സ്നേഹമാണഖിലസാരമൂഴിയിൽ,
സ്നേഹസാരമിഹ സത്യമേകമാം.''

''സ്നേഹത്തിൽനിന്നുദിക്കുന്നൂ—ലോകം,
സ്നേഹത്താൽ വൃദ്ധിതേടുന്നൂ,
സ്നേഹം താൻ ശക്തിജഗത്തിൽ,—സ്വയം
സ്നേഹം താനാനന്ദമാർക്കും,
സ്നേഹം താൻ ജീവിതം; ശ്രീമൻ
സ്നേഹവ്യാഹതിതന്നെ മരണം.''

''സ്നേഹിക്ക ഉണ്ണീ, നീ നിന്നെ—
ദ്രോഹിക്കുന്ന ജനത്തെയും.''

''സ്നേഹത്തെക്കരുതി സ്വയം കഴികിൽ,
നൂറാവൃത്തി ചത്തീടുവിൻ!''

മുതലായ സൂക്തിരത്നങ്ങളെല്ലാം ഒരേയൊരു ദിവ്യകാന്തി ചിതറുന്ന സ്നേഹത്തിൻെറ ഭവ്യപ്രകാശം.

സാമുദായികമായ ഉച്ചനീചത്വങ്ങൾക്കെതിരെ തൂലിക ചലിപ്പിച്ച ആശാൻ യാഥാസ്ഥിതികത്വത്തിൻെറ മടിയിൽ തലവച്ചു ഉറങ്ങിയിരുന്ന ലോകത്തെ ഉദ്ബോധിപ്പിച്ചു.

''മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ.''

ഈ ശംഖനാദം ഇന്നും കേരളത്തിലങ്ങോളമിങ്ങോളം മുഴങ്ങിക്കൊണ്ടിരിക്കുന്നു. ജാതിക്കെതിരെ ആശാൻ ഉയർത്തിയ പോർവിളിയും സ്നേഹപ്രചോദിതമായിരുന്നു. വിദ്വേഷത്തിൻെറ ലവവും അതിൽ കലർന്നിരുന്നില്ല.

പാശ്ചാത്യമായ നൂതനകാവ്യശൈലികളെയും ശാശ്വതമൂല്യമുള്ള ഭാരതീയാദർശങ്ങളെയും അദ്ദേഹം തൻെറ കാവ്യങ്ങളിൽ വളരെ മനോഹരമായി സമ്മേളിപ്പിച്ചു.

ശ്രീനാരായണഗുരുവിൻെറ ശിഷ്യപ്രമുഖനായിരുന്ന ആശാൻ സാമുദായികരംഗത്തു നിർവ്വഹിച്ച സ്തുത്യർഹങ്ങളായ സേവനങ്ങൾക്ക് പ്രചോദനമേകിയതും അദ്ദേഹത്തിൻെറ കാവ്യങ്ങളുടെ ആത്മാവായ സ്നേഹം തന്നെയാണ്. അധസ്ഥരെ ഉയർത്തുവാൻവേണ്ടി പ്രസംഗങ്ങൾ, ലേഖനങ്ങൾ മുതലായവയിലൂടെയും ശ്രീനാരായണധർമ്മപരിപാലന സംഘത്തിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രവർത്തനങ്ങളിലൂടെയും ആ സ്നേഹധന്യൻ ജീവിതാവസാനംവരെ അവിശ്രാന്തമായി പരിശ്രമിച്ചു.

ആർഷസംസ്കാരത്തോടുള്ള അചഞ്ചലമായ ആദരവാണ് ഉള്ളൂർക്കവിതയുടെ ചൈതന്യപൂരം. താരാഹാരം, തരംഗിണി, കിരണാവലി, രത്നമാല, ഹൃദയകൗമുദി മുതലായ ഒട്ടേറെ കവിതാസമാഹാരങ്ങളും കർണ്ണഭൂഷണം, പിങ്ഗള, ഭക്തിദീപിക, ചിത്രശാല മുതലായ ഖണ്ഡകാവ്യങ്ങളും ഉള്ളൂരിൻെറ അക്ഷയമായ കവിയശസ്സിനു നിദാനങ്ങളായി വർത്തിക്കുന്നു. ഉമാകേരളം മലയാളമഹാകാവ്യങ്ങൾക്ക് നടുനായകമായി ശോഭിക്കുന്നുവെന്ന കാര്യം അവിതർക്കിതമാണ്.

കവിത്വത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നില്ല ഉള്ളൂരിൻെറ സംപൂജ്യമായ സാഹിതീസപര്യ. മലയാളത്തിലെ ഏറ്റവും ആരാധ്യനായ സാഹിത്യചരിത്രകാരൻകൂടിയാണ് അദ്ദേഹം. വിജ്ഞാനദീപിക തുടങ്ങിയ ഉപന്യാസസമാഹാരങ്ങളിൽ ചേർത്തിട്ടുള്ള സാഹിത്യനിരൂപണങ്ങളും ഗവേഷണപ്രബന്ധങ്ങളും ഒരു ജംഗമവിജ്ഞാനകോശം എന്ന പേരിന് അദ്ദേഹത്തെ അർഹതമനാക്കിത്തീർക്കുന്നു. കേരളസാഹിത്യചരിത്രം എന്ന ബൃഹദ്ഗ്രന്ഥം ഉള്ളൂരിൻെറ പരന്ന വായനയ്ക്കും നിറഞ്ഞ പാണ്ഡിത്യത്തിനും അക്ഷീണമായ പ്രയത്നശീലത്തിനും ഉത്തമനിദർശനമാണ്. ആഴക്കയങ്ങളിൽ ഏറെക്കാലം മുങ്ങിത്തപ്പിയെടുത്ത മുത്തുമണികൾ ആ കർമ്മയോഗി ഒരു രത്നപേടകത്തിലാക്കി കൈരളിക്കു കാഴ്ചവെച്ചു. അതാണ് കേരളസാഹിത്യചരിത്രം. മലയാളസാഹിത്യത്തെക്കുറിച്ചു മാത്രമല്ല ആ മഹാ

ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. കേരളീയർ മലയാളത്തിലും സംസ്കൃതത്തിലും തമിഴിലും വിജ്ഞാനത്തിന്റെ വിവിധശാഖകളിൽ രചിച്ചിട്ടുള്ള സകല കൃതികളുടെയും സാമാന്യമായ നിരൂപണവും ചരിത്രവും അതിലടങ്ങുന്നു.

വെൺമണിക്കവികളുടെ കളരിയിൽ പയറ്റിക്കൊണ്ടാണ് വള്ളത്തോൾ രംഗപ്രവേശം ചെയ്തത്. എങ്കിലും ഏറെക്കാലം കഴിയുന്നതിനുമുമ്പ് അദ്ദേഹം പുരോഗമനത്തിന്റെ അനിഷേധ്യാചാര്യനായിത്തീർന്നു. അന്നത്തെ ഏറ്റവും വലിയ പ്രശ്നമായിരുന്ന രാഷ്ട്രീയസ്വാതന്ത്ര്യം കവിയെ ആവേശം കൊള്ളിച്ചു. തികഞ്ഞ വികാരോഷ്മളതയോടെ അതിനെക്കുറിച്ച് അദ്ദേഹം പാടി. ഏതു വിഷയത്തെക്കുറിച്ച് കവിതയെഴുതുമ്പോഴും അടിയൊഴുക്കായി ഈ ആവേശം നിലനിന്നുപോകയും ചെയ്തു. അങ്ങനെ കാലികപ്രാധാന്യമുള്ള കവിതകളിലൂടെ വള്ളത്തോൾ കേരളീയരെ ആകമാനം തട്ടിയുണർത്തുകയും അവരുടെ കണ്ണിലുണ്ണിയായിത്തീരുകയും ചെയ്തു. അതേസമയത്തുതന്നെ ശാശ്വതമായകാവ്യസൗന്ദര്യം ഉൾക്കൊള്ളുന്ന കവിതകളും അദ്ദേഹം ധാരാളം എഴുതി. ശിഷ്യനും മകനും, ബന്ധനസ്ഥനായ അനിരുദ്ധൻ, കൊച്ചുസീത, മഗ്ദലന മറിയം, അച്ഛനും മകളും എന്നീ ഖണ്ഡകാവ്യങ്ങളും സാഹിത്യമജ്ഞരികളിലെ പല കവിതകളും ഈ ഇനത്തിൽപ്പെടുന്നു. നാടകീയമായ കഥാസംവിധാനംകൊണ്ടും പുതിയ പുതിയ ഉക്തിവൈചിത്ര്യങ്ങൾകൊണ്ടും അദ്ദേഹത്തിന്റെ ഏതുകവിതയും, വിഷയമെന്തുമാകട്ടെ, സഹൃദയരെ വശീകരിക്കുന്നു.

ഉള്ളൂരിന്റെ സാഹിത്യചരിത്രനിർമ്മാണംപോലെയുള്ള ഒരു മഹാപ്രയത്നമാണ് വള്ളത്തോളിന്റെ ഋഗ്വേദവിവർത്തനം. അതിനെത്രയോ മുമ്പുതന്നെ വാല്മീകിരാമായണത്തിന്റെ വിവർത്തനത്തിലൂടെ അദ്ദേഹം തനിക്കതിനുള്ള അർഹത തെളിയിച്ചിരുന്നു.

വള്ളത്തോൾ വളരെ ചെറുപ്പത്തിൽത്തന്നെ ബധിരനായിപ്പോയി. ആ അത്യാഹിതത്തെക്കുറിച്ചുള്ള ഉള്ളിൽത്തട്ടിയ വിലാപമാണ് ബധിരവിലാപം. സ്വാനുഭവത്തിന്റെ ഊഷ്മാവ് ആ കൃതിയെ വികാരോജ്ജ്വലമാക്കുന്നു. മധുരമധുരമായ ശബ്ദങ്ങളെക്കൊണ്ട് ബഹുസഹസ്രം കേരളീയരുടെ കർണ്ണങ്ങൾ കുളിർപ്പിച്ച മഹാകവിയുടെ കർണ്ണങ്ങളെ വിധി നിർദ്ദയം അടച്ചുകളഞ്ഞു. എങ്കിലും ജന്മസിദ്ധമായ ശബ്ദമാധുര്യബോധം ഹൃദയംനിറഞ്ഞുവഴിയുന്നത് അദ്ദേഹത്തിന്റെ

പിൽക്കാല കവിതകളിലും നമുക്കനുഭവപ്പെടുന്നു. സ്വന്തം കാതുകഠംകൊണ്ടു കേഠംക്കാൻ കഴിയാത്ത മധുരശബ്ദങ്ങഠം അദ്ദേഹത്തിൻെറ ഹൃദയത്തിൽ എന്നും മുഴങ്ങിക്കൊണ്ടിരുന്ന പോലെ തോന്നുന്നു.

കവിതകളിൽ മാത്രമല്ല ഇതരകലകളിലും അദ്ദേഹത്തിന് അസാധാരണമായ അഭിനിവേശവും—പ്രാവീണ്യവും ഉണ്ടായിരുന്നു. കേരളീയകലകളിൽ ശ്രേഷ്ഠതമമായ കഥകളിയെ അദ്ദേഹം ഉദ്ധരിച്ചു. ഭാരതത്തിൻെറ നാനാഭാഗങ്ങളിൽ മാത്രമല്ല, കടലിനപ്പുറത്തും അതിൻെറ കീർത്തിപരിമളം അദ്ദേഹം പരത്തി. അവിസ്മരണീയമായ ഈ സേവനത്തിൻെറ ശാശ്വത സ്മാരകമായി കേരളകലാമണ്ഡലം വർത്തിക്കുന്നു.

ഈ മൂന്നു കവികളുടെയും മഹത്ത്വം ഏതാണ്ട് സമശീർഷമാണ്. എന്നാൽ അവരുടെ കാവ്യശൈലികളാകട്ടെ തികച്ചും വിഭിന്നങ്ങളാണ്. മൂന്നുപേരും കവിത വെറും പദ്യമല്ലെന്നും ഭാവമാണ് അതിൻെറ ജീവനെന്നും തെളിയിച്ചിട്ടുണ്ട്. നല്ലകവികളെല്ലാം വളരെ ഭംഗിയായി കഥ പറഞ്ഞിട്ടുള്ളവരാണ്. ഈ കവിത്രയവും അതുചെയ്തു. എന്നാൽ കഥമാത്രമാണ് കവിത എന്ന തെറ്റായ ധാരണ അവർ തിരുത്തി. കഥാപരമല്ലാത്ത പല നല്ല കവിതകളും രചിച്ച് അവർ ഭാവഗീതങ്ങളുടെ ആരംഭം കുറിച്ചു. അങ്ങനെ പിൽക്കാലത്തെ കവികഠംക്ക് മാർഗ്ഗദർശനം ചെയ്തവരാണ് ഈ മഹാകവികഠം.

കവിതയുടെ മണ്ഡലത്തിൽ മൂന്നുപേരും മഹത്തായ വിജയം നേടി. അതിനുപുറമേ അവരവരുടേതായ പ്രത്യേക മണ്ഡലങ്ങളിലും സ്തുത്യർഹമായി പ്രവർത്തിച്ചു. ആശാൻ സാമുദായികരംഗത്തും, വള്ളത്തോഠം കേരളകലാവേദിയിലും ഉള്ളൂർ മഹാപണ്ഡിതൻമാർക്കുമാത്രം കടന്നുചെല്ലാവുന്ന പല സാഹിത്യശാഖകളിലും മായാത്ത പാദമുദ്രകഠം പതിപ്പിച്ചു കൊണ്ടാണ് കാലയവനികക്കുള്ളിൽ മറഞ്ഞത്.

പദങ്ങഠം

ത്രിമൂർത്തികഠം, ആധുനികകവിതാനഭസ്സ്, ദ്രുതകവനപാടവം. അനുഗൃഹീതസിദ്ധി, കാവ്യസിദ്ധാന്തം, സൗരഭം, ചക്രവാളം. ആസ്വാദ്യം, വിശിഷ്ടമൃദുഗാനം, കവികോകിലം, സൂക്തിരത്നം. ഭവ്യപ്രകാശം, യാഥാസ്ഥിതികത്വം, സ്നേഹപ്രചോദിതം, കാവ്യശൈലി. ആർഷസംസ്കാരം, സ്നേഹധന്യൻ, ചൈതന്യപൂരം, നടുനായകം. സാഹിതീസപര്യ, ജംഗമവിജ്ഞാനകോശം, ബൃഹദ്ഗ്രന്ഥം, നിദർശനം. കർമ്മയോഗി, രത്നപേടകം, കാലികപ്രാധാന്യം, കഥാസംവിധാനം, ഉക്തിവൈചിത്ര്യം, വിവർത്തനം, അർഹതമം, ബധിരൻ, ശ്രേഷ്ഠതമം. സമശീർഷം, ഭാവഗീതം, സഹൃദയൻ.

## അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:

മാറ്റുരക്കല്ല്, സൗരഭം, ആസ്വാദ്യം, പ്രശസ്തി, പ്രതിപാദ്യം, പ്രതിപാദനം, സൂക്തിരത്നം, യാഥാസ്ഥിതികൻ, പ്രചോദിതം, പ്രചോദനം, നടുനായകം, സപര്യ, നിദർശനം, കാലികപ്രാധാന്യം, സ്ഥിരപ്രതിഷ്ഠനേടുക, പാദമുദ്രപതിപ്പിക്കുക, കാലയവനിക്കുള്ളിൽ മറയുക.

II. വിഗ്രഹിച്ചു സമാസം പറയുക:

മദ്ധ്യകാലമലയാളകവിത, ആധുനികകവിതാനഭസ്സ്, ദ്രുതകവനപാടവം, ഭാവനാപൂർണ്ണം, അനുഗൃഹീതസിദ്ധി, വിശിഷ്ടമൃദുഗാനം, കവികോകിലം, ഭവ്യപ്രകാശം, ഉച്ചനീചത്വങ്ങൾ, സ്നേഹപ്രചോദിതം, സ്നേഹധന്യൻ, ആർഷസംസ്കാരം, ചൈതന്യപൂരം, സാഹിതീസപര്യ, ബൃഹദ്ഗ്രന്ഥം, രത്നപേടകം, അനിഷേധ്യാചാര്യൻ, വികാരോഷ്മളത, കാലികപ്രാധാന്യം, കഥാസംവിധാനം, ഉക്തിവൈചിത്ര്യം, കീർത്തിപരിമളം, ശാശ്വതസ്മാരകം, കാലയവനിക, സമശീർഷർ, സൂക്തിരത്നം.

III. പിരിച്ചെഴുതുക:

സ്തുത്യർഹം, ബൃഹദ്ഗ്രന്ഥം, വികാരോഷ്മളം.

IV. കൃത്തദ്ധിതങ്ങളെ വേർതിരിച്ച് ഓരോ പദവും ഏതു കൃതിയിൽ നിന്ന്/നാമത്തിൽ നിന്ന്/നാമവിശേഷണത്തിൽ നിന്ന് രൂപംകൊള്ളുന്നു എന്നു പറയുക:—

ആസ്വാദ്യം, പ്രതിപാദ്യം, പ്രതിപാദനം, പ്രചോദനം, പ്രാധാന്യം, വൈചിത്ര്യം, വിവർത്തനം, അനിഷേധ്യം, സംപൂജ്യം.

V. പൂരിപ്പിക്കുക:

ശ്രേഷ്ഠം, ശ്രേഷ്ഠതരം, ശ്രേഷ്ഠതമം,; കൃശം,——————; സുന്ദരം,——————; ദ്രുതം,——————; മൃദു——————; ബൃഹത്——————.

VI. (1) കവിത്രയത്തിന്റെ തൊട്ടുമുമ്പുള്ള കാലഘട്ടത്തിലെ കവികളുടെ ശ്രദ്ധ കാര്യമായിപ്പതിഞ്ഞത് ഏതിലായിരുന്നു?

(2) കവിത്രയം ഭാഷാകവിതയുടെ ഏതേതംശങ്ങളിലാണ് പുതുമകൾ ഉളവാക്കിയത്?

(3) ആശാന്റെ എല്ലാ കൃതികളിലും ദർശിക്കാവുന്ന മഹനീയാദർശമെന്ത്?

(4) ആശാൻ യാഥാസ്ഥിതികൻമാർക്കു നൽകിയ താക്കീത് എന്തായിരുന്നു?

(5) ഏതിന്റെ പ്രചോദനമായിരുന്നു ആശാനെ നിസ്വാർത്ഥമായ സമുദായസേവനത്തിനു പ്രേരിപ്പിച്ചത്?

(6) ഉള്ളൂർക്കവിതയുടെ അസാധാരണമായ ചൈതന്യത്തിന്റെ ഉറവിടം ഏത്?

(7) കവിതയ്ക്കു പുറമേ ഏതേതു സാഹിത്യശാഖകളിൽ ഉള്ളൂർ പ്രശസ്തി നേടി?

(8) വള്ളത്തോൾക്കവിതയുടെ ഏതു ഗുണവിശേഷമാണ് കവിയെ കേരളീയരുടെ കണ്ണിലുണ്ണിയാക്കിയത്?
(9) വള്ളത്തോളിൻെറ ഏതു കവിതയും, വിഷയം എന്തായാലും സഹൃദയരെ വശീകരിക്കുന്നു; ഏതേതു ഗുണങ്ങളിലൂടെ?

VII. ഓരോ ഖണ്ഡികയെഴുതുക:
(1) ആശാൻെറ സമുദായസേവനം.
(2) വള്ളത്തോൾ കേരളകലകൾക്കു നൽകിയ പോഷണം.
(3) ഉള്ളൂരിൻെറ നാനാമുഖമായ സാഹിത്യസേവനം.
(4) ആശാൻ, വള്ളത്തോൾ, ഉള്ളൂർ ഇവരുടെ കാവ്യശൈലികളുടെ പ്രത്യേകത.
(5) സ്നേഹഗായകനായ ആശാൻ.

---

പാഠം 28

# മാതൃപാദങ്ങളിൽ

[പുരാതനകാലത്ത് റോമിൽ മാർഷ്യസ് കയസ് എന്നു പേരായ ഒരു യുവയോദ്ധാവുണ്ടായിരുന്നു. അദ്ദേഹം കൗമാരത്തിൽത്തന്നെ പല പോർക്കളങ്ങളിലും ധീരധീരം അടരാടി സ്വരാജ്യത്തിനു വെറ്റിയും തനിക്ക് അക്ഷയകീർത്തിയും സമ്പാദിച്ചു. മാതാവായ വലുമ്നിയയായിരുന്നു കയസ്സിനെ ഇങ്ങനെ റോമിൻെറ അഭിമാനപാത്രമായി വളർത്തിയെടുത്തത്. ആ വീരകേസരി യൗവനം പരമകാഷ്ഠയെ പ്രാപിച്ചു നിൽക്കുമ്പോൾ അഭൂതപൂർവ്വമായ ഒരു വിജയം നേടി. റോമിൻെറ ചിരന്തനശത്രുക്കളായിരുന്ന വോൾഷിയർ എന്ന ജനവർഗ്ഗത്തെ നിശ്ശേഷം തോൽപ്പിച്ച് അവരുടെ തലസ്ഥാനനഗരിയായ കൊറിയോലി പിടിച്ചടക്കിയതായിരുന്നു ഈ അസാമാന്യ പരാക്രമം. അതിലൂടെ അദ്ദേഹം കൊറിയോലാനസ് എന്ന ബിരുദപ്പേരിന് പാത്രമായി. റോമിലെ പ്രഭുക്കൻമാർ കയസ്സിൻെറ വീര്യപരാക്രമങ്ങളെ യഥോചിതം ആദരിക്കാനായി അദ്ദേഹത്തെ കോൺസൽ എന്ന സമുന്നതപദവിയിലേക്ക് ഉയർത്താൻ വെമ്പൽകൊണ്ടു. എന്നാൽ അവർമാത്രം വിചാരിച്ചാൽ സാധിക്കാവുന്ന കാര്യമല്ലായിരുന്നു അത്. റോമിൽ അന്ന് ഒരുതരം ജനാധിപത്യഭരണമാണ് നിലവിലുണ്ടായിരുന്നത്. അതിനാൽ ബഹുജനങ്ങളുടെ സമ്മതികൂടി വേണ്ടിയിരുന്നു ആരേയും കോൺസലായി വാഴിക്കാൻ. പ്രഭുക്കൻമാർ കോൺസൽ പദവിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി പൊതുസ്ഥലത്തുവച്ച് ജനാവലിയെ അഭിമുഖീകരിച്ച് സവിനയം അവരുടെ വോട്ടിനായി അർത്ഥിക്കണം. ഇതായിരുന്നു കീഴ്വഴക്കം.

കയസ് പല ഗുണങ്ങളുടെയും വിളനിലമായിരുന്നുവെങ്കിലും ഒരു വമ്പിച്ച ദോഷം—അഹന്ത—അവയെല്ലാം മറച്ചുകളഞ്ഞു. താൻ ഉന്നതകുലത്തിൽ ജനിച്ചവനാണെന്ന അതിരുകവിഞ്ഞ അഭിമാനം നിമിത്തം അദ്ദേഹം അധ്വാനിക്കുന്ന ജനവിഭാഗത്തെ അവജ്ഞയോടെ വീക്ഷിച്ചു: അവസരം കിട്ടുമ്പോഴൊക്കെ അവരെ അവഹേളിക്കുകയും ചെയ്തുപോന്നു. കോൺസൽ പദവി കൈക്കലാക്കുന്നതിനുപോലും അവരുടെ മുമ്പിൽ തല കുനിക്കാൻ ഇഷ്ടപ്പെട്ടില്ല. സുഹൃത്തുക്കളുടെ നിർബന്ധത്തിനുവഴങ്ങി മനമില്ലാമനസ്സോടെ ഒടുവിൽ, അദ്ദേഹം അതിനു സന്നദ്ധനായി. എന്നാൽ ആ തെരഞ്ഞെടുപ്പു പ്രസംഗത്തിലും അഹങ്കാരവും തൊഴിലാളി വർഗ്ഗത്തോടുള്ള വെറുപ്പും മുഴച്ചുനിന്നു. എങ്കിലും ശുദ്ധഗതിക്കാരായ പൊതുജനങ്ങൾ കയസ്സിൻെറ സേവനങ്ങളെയും പരാക്രമങ്ങളെയും മാനിച്ച് അദ്ദേഹത്തെ കോൺസലായി വാഴിക്കാൻ അനുമതിയേകി. എന്നാൽ കയസ്സിൻെറ ഉയർച്ചയിൽ അസൂയ പൂണ്ട രണ്ടു ജനപ്രതിനിധികൾ ഇടപെട്ട് സ്ഥാനാരോഹണം മുടക്കി. കയസ് തൊഴിലാളിവർഗ്ഗത്തിൻെറയും റോമിലെ ജനാധിപത്യത്തിൻെറയും പരമശത്രുവാണെന്ന് അവർ ജനങ്ങളെ വിശ്വസിപ്പിച്ചു.

അവമാനിതനായ കൊറിയോലാനസ് ക്ഷുഭിതനായി ജനപ്രതിനിധികളെയും ബഹുജനങ്ങളെയും പരുഷപരുഷമായി നിന്ദിച്ചു. എന്തിനധികം, കോപാകുലമായ ജനത അദ്ദേഹത്തെ ജീവപര്യന്തം നാടുകടത്തി. ആളിക്കത്തിയ പക വീട്ടാൻ കൊറിയോലാനസ് റോമിൻെറ നിത്യവൈരികളായ വോൾഷിയരുടെ ഭാഗത്തുചേർന്നു. അദ്ദേഹത്തിൻെറയും വോൾഷിയൻ സേനാപതി ഔഫീഡിയസ്സിൻെറയും കൂട്ടായ നേതൃത്വത്തിൽ ശത്രുസേന ഇറ്റലിയെ ആക്രമിച്ച് കണ്ണിൽക്കണ്ടതെല്ലാം ചുട്ടുപൊട്ടിച്ചുകൊണ്ട് റോം നഗരിയുടെ പരിസരത്തിലെത്തി. പരിഭ്രാന്തരായ പൗരന്മാർ സമാധാനത്തിനപേക്ഷിച്ചുകൊണ്ട് കൊറിയോലാനസ്സിൻെറ സന്നിധിയിലേക്ക് അദ്ദേഹത്തിൻെറ ഉറ്റമിത്രങ്ങളെ ദൂതൻമാരായി നിയോഗിച്ചു. ആ ദൗത്യങ്ങളെല്ലാം പരാജയപ്പെട്ടു. ഈ ഘട്ടത്തിലാണ് താഴെ ചേർത്ത നാടകരംഗത്തിലെ കഥ ആരംഭിക്കുന്നത്.

കൊറിയോലാനസ് രംഗത്തുവന്നതോടുകൂടി വോൾഷിയൻ സേനാപതി ഔഫീഡിയസ് നിഷ്പ്രഭനായിത്തീർന്നു. പട്ടാളക്കാർക്കിടയിൽ ഒരു നാമംമാത്രം മാറ്റൊലിക്കൊണ്ടു—കൊറിയോലാനസ്! നഷ്ടപ്പെട്ടുപോയ പേരും പദവിയും

വീണ്ടെടുക്കാൻ അവസരം കാത്തിരിക്കുകയാണ് ഒഫീഡിയസ് എന്ന വസ്തുത കൂടി ഇവിടെ പ്രസ്താവ്യമാണ്.]

സ്ഥലം—കൊറിയോലാനസ്സിൻെറ പടകുടീരം.

കൊറിയോലാനസ്സും ഒഫീഡിയസ്സും അനുചരൻമാരും പ്രവേശിക്കുന്നു.

കൊറിയോലാനസ്: നാളെ റോം നഗരത്തിൻെറ മതിൽക്കെട്ടിനു മുമ്പിൽ നമ്മുടെ സേനയെ അണിനിരത്താം. ഈ യുദ്ധത്തിൽ എൻെറ കൂട്ടുകാരനായ നിങ്ങൾ വോൾഷിയൻ പ്രഭുക്കൻമാരെ അറിയിക്കണം. എത്ര ആത്മാർത്ഥതയോടും, സത്യസന്ധതയോടും കൂടിയാണ് ഞാൻ അവരെന്നെ ഏൽപിച്ച കാര്യം നിർവ്വഹിച്ചതെന്ന്.

ഒഫീഡിയസ്: ശരിയാണ്. അവരുടെ താൽപര്യം മാത്രമാണ് അങ്ങ് എപ്പോഴും ആദരിച്ചിട്ടുള്ളത്. റോമിൻെറ ഏകകണ്ഠമായ അപേക്ഷ ഭവാൻ ചെവിക്കൊണ്ടില്ല. രഹസ്യമായി ഒരക്ഷരവും പറവാൻ ആരെയും അനുവദിച്ചില്ല, അങ്ങയുടെ മേൽ വമ്പിച്ച സ്വാധീന ശക്തിയുണ്ടെന്ന് വിശ്വസിച്ച് ഇങ്ങോട്ടുവന്ന ആത്മസുഹൃത്തുക്കളെപ്പോലും.

കൊറിയോലാനസ്: അവസാനമായി വന്നയാൾ, പിളർന്ന ഹൃദയത്തോടെ റോമിലേക്ക് ഞാൻ തിരിച്ചയച്ച ആ വൃദ്ധൻ, ഒരു പിതാവിനെക്കാൾ എന്നെ സ്നേഹിച്ചു; പോരാ, ഒരു ദേവനായിത്തന്നെ എന്നെ സങ്കൽപ്പിച്ചു പോന്നു. അവരുടെ അവസാനത്തെ രക്ഷാമാർഗ്ഗം അദ്ദേഹത്തെ ഇങ്ങോട്ടയയ്ക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തോടും നീരസമാണ് കാണിച്ചതെങ്കിലും ആ പഴയ സൗഹൃദത്തെ മാനിച്ച് വീണ്ടും അതേ സന്ധിവ്യവസ്ഥകൾ—റോം നിഷേധിച്ചുകഴിഞ്ഞതും ഇനി സ്വീകരിക്കാൻ ഇടയില്ലാത്തതുമായ വ്യവസ്ഥകൾ—നിർദ്ദേശിച്ചിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും ഞാൻ ചെയ്തിട്ടില്ല. ഭരണകൂടത്തിൽനിന്നും എൻെറ ഇഷ്ടമിത്രങ്ങളിൽ നിന്നും ഇനിയും ദൂതസംഘങ്ങളും അപേക്ഷകളും വരാനിടയുണ്ട്. എന്നാൽ ഇനിമേൽ ഞാനതൊന്നും ചെവിക്കൊള്ളുകയില്ല. (അകത്തുനിന്ന് ശബ്ദ കോലാഹലം) എന്താണ് കേൾക്കുന്ന മുറവിളി! ചൊല്ലിമുഴുമിക്കുന്ന ശ്വാസത്തിൽത്തന്നെ പ്രതിജ്ഞ

ലംഘിക്കാൻ ഞാൻ പ്രേരിതനാകുമോ? ഇല്ല. ഒരിക്കലും ഞാനതു ചെയ്കയില്ല.

[കൊറിയോലാനസ്സിൻെറ ഭാര്യ വെർജീലിയയും മാതാവായ വലുമ്നിയയും കൊച്ചുമകൻ മാർഷ്യസ്സിനെ കൈപിടിച്ചു നടത്തിക്കൊണ്ടു പ്രവേശിക്കുന്നു. റോമിലെ മഹിളമാർക്കിടയിൽ ഏറ്റവും മാന്യയും ഗുണവതിയുമായ വലേരിയയും അകമ്പടിക്കാരും അവരെ അനുഗമിക്കുന്നുണ്ട്. ദുഃഖാചരണോചിതമായ ഉടുപ്പുകളാണ് എല്ലാവരും ധരിച്ചിട്ടുള്ളത്.]

കൊറിയോലാനസ്: എൻെറ പത്നിയാണ് ഏറ്റവും മുന്നിൽ വരുന്നത്; പിന്നെ ഈ ഉടലിന് രൂപം കൊടുത്ത ആരാധ്യ. അവരുടെ കൈപിടിച്ചുകൊണ്ട് കൊച്ചുപൗത്രനും. സ്നേഹമേ! പോ അകലെ! നൈസർഗ്ഗികമായ എല്ലാ ബന്ധവും എല്ലാ അവകാശവും പൊട്ടിത്തകരട്ടെ! ശാഠ്യം സദാചാരമാകട്ടെ! വിനയം! അതിനുണ്ടോ വല്ല വിലയും? ദേവൻമാരെക്കൊണ്ടുപോലും പ്രതിജ്ഞ ലംഘിപ്പിക്കുന്ന, കരളലിയിക്കുന്ന ഈ കണ്ണുകൾ! അവയും വിലപ്പോവുകയില്ല. അല്ല, ഞാനിതാ ഉരുകിപ്പോകുന്നു! മറ്റുള്ളവരെ പടച്ചെടുത്ത മണ്ണിനെക്കാൾ ഉറപ്പുള്ളതല്ലേ ഈയുള്ളവൻെറ മണ്ണും. എൻെറ അമ്മ കുമ്പിടുന്നു. ഒലിംപ്സ് പർവ്വതം ഉറുമ്പുപുറ്റിൻെറ മുമ്പിൽ പ്രാർത്ഥനാഭാവത്തിൽ തലതാഴ്ത്തും പോലെ! അവർക്കുവേണ്ടി കനിവർത്ഥിക്കുന്ന ഒരു ഭാവം— നിഷേധിക്കാനാവാത്ത ഒരു ഭാവം— എൻെറ കൊച്ചുമകൻെറ മുഖത്തും കാൺമാനുണ്ട്............

(മനസ്സുറപ്പിച്ചുകൊണ്ട്) വോൾഷിയർ റോമിനെ ഉഴുതുമറിക്കട്ടെ! ഇറ്റലിയെ തട്ടിയുടച്ച് നിരപ്പാക്കട്ടെ! ഞാൻ വികാരങ്ങൾക്ക് അടിമപ്പെടുന്ന ഒരു വിഡ്ഢിയാകയില്ല. ഇളകാതെ നിൽക്കും, മനുഷ്യൻ സ്വയംഭൂവാണെന്ന മട്ടിൽ. അവന് ആരോടും ഒരു കടപ്പാടും ഇല്ലെന്ന മട്ടിൽ.

വെർജിലിയ: ആത്മനാഥാ!

കൊറിയോലാനസ്: ബുദ്ധികെട്ട ഒരു നടനെപ്പോലെ പഠിച്ചൊരുക്കിയ ഭാഗം നിശ്ശേഷം മറന്ന് ഞാനിപ്പോൾ പരിഹാസ്യനാകാൻ പോകുന്നു. പ്രിയതമേ, എൻെറ നൈഷ്ഠുര്യം പൊറുക്കണം. എന്നാൽ അതിനു

പകരമായി ''നമ്മുടെ റോമൻജനതയ്ക്കു മാപ്പു കൊടുക്കുക'' എന്നപേക്ഷിക്കരുതേ!

....................................................................

ഞാൻ എന്തൊക്കെയോ പുലമ്പുന്നു. ലോകത്തിലെ ഏറ്റവും മാന്യയായ മാതാവ് അഭിവാദനം ചെയ്യപ്പെടാതെ നിൽക്കുമ്പോഠം! കാൽമുട്ടേ, താഴൂ! മണ്ണിൽ താഴൂ! സാമാന്യരായ പുത്രന്മാർ കാണിക്കുന്നതിലുമേറെ ആഴമുള്ള ഭക്തിയുടെ മുദ്ര മണ്ണിൽ പതിപ്പിക്കൂ!

(മുട്ടുകുത്തുന്നു)

വലുമ്നിയ: അനുഗൃഹീതനായി. എഴുന്നേൽക്കൂ! കൂർത്തു മൂർത്ത കല്ലല്ലാതെ മറ്റൊരു മെത്തയുമെന്നിയേ ഞാനിതാ നിൻെറ മുമ്പിൽ മുട്ടുകുത്തുന്നു, അവിഹിതമായ ആദരം പ്രദർശിപ്പിക്കുന്നു; അമ്മയും മകനും തമ്മിൽ ആർ ആരെ ആദരിക്കണം എന്ന് ഇക്കാലംവരെയും നിലനിന്നുപോന്ന തെറ്റായ ധാരണ തിരുത്തിക്കൊണ്ട് ഞാൻ നിന്നെ വണങ്ങുന്നു.

കൊറിയോലാനസ്: ഇതെന്ത്! അമ്മ മുട്ടുകുത്തുകയോ എൻെറ മുമ്പിൽ, ശിക്ഷിച്ചു വളർത്തിയ മകൻെറ മുമ്പിൽ!

വലുമ്നിയ: നീ എൻെറ യോദ്ധാവാണ്. നീ ഈ രൂപം കൊള്ളാൻ ഞാൻ സഹായിച്ചു. ഈ മാന്യയെ നീയറിയുമോ?

കൊറിയോലാനസ്: റോമിലെ ചാരിത്രദേവത, വലേരിയ!

വലുമ്നിയ: (കൊച്ചുമകനെ ചൂണ്ടിക്കാണിച്ചുകൊണ്ട്)—ഇത് നിൻെറ തന്നെ ഒരു എളിയ പതിപ്പാണ്. എല്ലാ അംശത്തിലും നിന്നോട് സാദൃശ്യം വഹിക്കുമാറ് കാലം ഇതിനെ വികസിപ്പിച്ചെടുക്കും.

കൊറിയോലാനസ്: ദേവൻമാർ അനുഗ്രഹിക്കട്ടെ. നിൻെറ വിചാരങ്ങഠം ഉദാത്തമാകാൻ! അപകീർത്തിക്ക് നിന്നെ മുറിവേൽപിക്കാൻ കഴിയാതെ വരട്ടെ! കടൽക്കരയിലെ ദീപസ്തംഭംപോലെ കല്ലോലമാലകളെച്ചെറുത്തുനിന്ന് നീ അഭയമരുളുമാറാകട്ടെ, നിന്നിൽ മിഴികഠം ഉറപ്പിക്കുന്നവർക്ക്.

വലുമ്നിയ: ഓമനെ, മുട്ടുകുത്തൂ.

(കുട്ടി മുട്ടുകുത്തുന്നു)

കൊറിയോലാനസ്: ഹാ! എൻെറ ധീരപുത്രൻ!

വലുമ്നിയ: ഇവനും നിൻെറ ഭാര്യയും: ഈ മാന്യയും, ഞാനും നിൻെറ സന്നിധിയിൽ അപേക്ഷകരായി വന്നിരിക്കയാണ്.

കൊറിയോലാനസ്: അരുത്, ഒന്നും പറയരുത്, ഞാൻ അപേക്ഷിക്കുന്നു. അഥവാ വല്ലതും പറകയാണെങ്കിൽ ഇക്കാര്യം ആദ്യമേ ഓർക്കണം: വഴങ്ങുകയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തിട്ടുള്ള കാര്യങ്ങൾ അനുവദിച്ചില്ലെങ്കിൽ അത് നിരസനമായി കരുതാതിരിക്കണം. എൻെറ ഭടൻമാരെ പിരിച്ചുവിടാനും വീണ്ടും റോമിലെ തൊഴിലാളിപ്പറ്റങ്ങളുമായി ഒത്തുതീർപ്പിലെത്താനും എന്നോട് ആവശ്യപ്പെടരുത്. നിസർഗ്ഗധർമ്മത്തിനു വിരുദ്ധമായി ഞാൻ പ്രവർത്തിച്ചുവെന്നു തോന്നാൻ ഇടയാക്കുന്ന ഒരു കാര്യവും എന്നോട് പറയരുത്. എൻെറ കോപവും പ്രതികാരദാഹവും നിങ്ങളുടെ തണുത്ത, യുക്തിവാദങ്ങൾകൊണ്ട് കെടുത്തിക്കളയാൻ ആശിക്കേണ്ടാ.

വലുമ്നിയ: മതിയാക്കൂ. മതിയാക്കൂ. ഞങ്ങളുടെ എല്ലാ അപേക്ഷകളും ഇത്രയുംകൊണ്ട് നീ നിരസിച്ചിരിക്കുന്നു. നീ നിഷേധിച്ചുകഴിഞ്ഞതല്ലാതെ മറ്റൊന്നും ഞങ്ങൾക്കു യാചിക്കാനില്ല. എങ്കിലും ചോദിക്കുക തന്നെ. നിരാകരിക്കുകയാണെങ്കിൽ, ആ അപരാധം നിൻെറ നിഷ്ഠുരതയുടെ പേരിൽ പറ്റിനിൽക്കട്ടെ. അതിനാൽ കേൾക്കൂ.

കൊറിയോലാനസ്: ഒഫീഡിയസ്സേ, ഹേ! വോൾഷിയരേ: ശ്രദ്ധിക്കൂ. റോമിൽനിന്നു വരുന്ന ഒരു സന്ദേശവും നാം രഹസ്യമായി കേൾക്കുകയില്ല. (അമ്മയോട്) എന്താണ് നിങ്ങളുടെ അപേക്ഷ?

വലുമ്നിയ: ഞങ്ങൾ മൗനം ഭജിക്കുകയാണെങ്കിൽത്തന്നെയും ഞങ്ങളുടെ ഉടയും ഉടലും വെളിപ്പെടുത്തും നീ രാജ്യഭ്രഷ്ടനായതിനുശേഷം ഞങ്ങൾ നയിച്ച ജീവിതം എത്തരത്തിലുള്ളതായിരുന്നുവെന്ന്. നിൻെറ ദർശനത്തിൽ ആനന്ദത്താൽ നിറഞ്ഞു വഴിയേണ്ട ഞങ്ങളുടെ കണ്ണുകൾ കരയുന്നു; ആശ്വാസത്താൽ നൃത്തമാടേണ്ട ഞങ്ങളുടെ ഹൃദയങ്ങൾ ഭയശോകങ്ങളാൽ വിറകൊള്ളുന്നു. തൻെറ മകൻ, തൻെറ ഭർത്താവ്, തൻെറ അച്ഛൻ, മാതൃഭൂമിയുടെ കുടൽമാല വലിച്ചു

ചിന്തുന്നത് കണ്ടുനില്ക്കണം, നിൻെറ അമ്മയും നിൻെറ ഭാര്യയും, നിൻെറ മകനും! മാതൃഭൂമിക്കു വേണ്ടി പ്രാർത്ഥിപ്പാൻ ഞങ്ങറം കടപ്പെട്ടവരാണ്. എന്നാൽ ഹാ! അതെങ്ങനെ ചെയ്യാൻ കഴിയും നിൻെറ വിജയത്തിനായി പ്രാർത്ഥിക്കുന്നതോടൊപ്പം? അതും ഞങ്ങളുടെ കർത്തവ്യമാണല്ലോ. ഒന്നുകിൽ ഞങ്ങളുടെ ധാത്രിയായ ജന്മഭൂമി, അല്ലെങ്കിൽ ആ പുണ്യഭൂമിയിൽ ഞങ്ങളുടെ ഏകാശ്വാസകേന്ദ്രമായ നീ, രണ്ടിലൊന്നു ഞങ്ങറംക്ക് നഷ്ടപ്പെടണം! ഞങ്ങളുടെ ആശയ്ക്കൊത്തവണ്ണം തന്നെ ജയാപജയങ്ങറം സംഭവിക്കുകയാണെങ്കിലും ഞങ്ങറംക്കു കൈവരുന്നത് ദുസ്സഹദുരന്തമായിരിക്കും, തീർച്ച. ഒന്നുകിൽ വൈദേശികനായ ഒരു ഭീരുവിനെപ്പോലെ നിന്നെ ചങ്ങലയ്ക്കിട്ട് നമ്മുടെ തെരുവീഥികളിലൂടെ നടത്തിക്കൊണ്ടുപോകും. അല്ലെങ്കിൽ ജന്മഭൂമിയുടെ നഷ്ടാവശിഷ്ടങ്ങളിൽ വിജയോന്മത്തനായി ചവിട്ടിക്കൊണ്ട് നീ കടന്നുപോകും. നിൻെറ ഭാര്യയുടെയും മക്കളുടെയും രക്തം ചൊരിഞ്ഞു നേടിയ വിജയമുദ്രയും കൈയിലേന്തിക്കൊണ്ട്. ഏതായാലും ഈ യുദ്ധത്തിലെ ജയാപജയങ്ങറം തീരുമാനിക്കപ്പെടുന്നതുവരെ ഭാഗ്യദേവതയെ സേവിച്ചുകൊണ്ട് ജീവിപ്പാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇരുകക്ഷികളോടും ഉദാരമായി പെരുമാറാൻ നിന്നെ പ്രേരിപ്പിക്കാൻ കഴിയാത്തപക്ഷം ഒരു പക്ഷത്തിൻെറ പൂർണ്ണവിനാശത്തിൽ നീ ഉറച്ചു നിൽക്കുകയാണെങ്കിൽ, സംശയിക്കേണ്ട, നിൻെറ രാജ്യത്തെ ആക്രമിക്കാൻ നിനക്ക് സാദ്ധ്യമാവുകയില്ല. നിന്നെ ഈ ലോകത്തിലേക്കു കൊണ്ടുവന്ന നിൻെറ അമ്മയുടെ ഗർഭപാത്രത്തെ ചവിട്ടിമെതിക്കുന്നതിനു മുമ്പ്.

വെർജീലിയ: എൻെറയും, അവിടുത്തെ നാമത്തെ ശാശ്വതീകരിക്കുവാൻ ഈ പുത്രനെ പ്രസവിച്ച എൻെറയും.

മകൻ: എൻെറമേൽ ചവിട്ടാൻ ഒക്കുകയില്ല. ഞാൻ ഓടിയൊളിക്കും. വലുതാവുംവരെ. വലുതായാൽ പട പൊരുതും.

കൊറിയോലാനസ്: സ്ത്രീയെപ്പോലെ മൃദുചിത്തനാകാതിരിക്കണമെങ്കിൽ കുഞ്ഞിൻെറയും സ്ത്രീയുടെയും

മുഖം കാണാതിരിക്കണം. ഞാൻ വളരെയേറെ താമസിച്ചുപോയി.

(പോകാൻ എഴുന്നേൽക്കുന്നു)

വലുമ്നിയ: (വിലാപസ്വരത്തിൽ)അരുതേ, ഞങ്ങളെ അങ്ങനെ വിട്ടുപോകരുതേ! റോമാക്കാരെ രക്ഷിക്കാൻ വോൾഷിയരെ നശിപ്പിക്കണമെന്നാണ് ഞങ്ങളുടെ പ്രാർത്ഥനയെങ്കിൽ നിൻെറ മാന്യതയെ വിഷം കൊടുത്തു കൊല്ലുകയാണെന്ന കുറ്റം ഞങ്ങളുടെമേൽ ചുമത്താമായിരുന്നു. ഇപ്പോൾ അതു സാദ്ധ്യമല്ല. ''ഇരുപക്ഷങ്ങളെയും ഇണക്കൂ'' എന്നാണ് ഞങ്ങൾ അപേക്ഷിക്കുന്നത്. 'ഈ കാരുണ്യം ഞങ്ങൾ കാണിച്ചു' എന്നു വോൾഷിയരും, 'ഈ കാരുണ്യം ഞങ്ങൾക്കു ലഭിച്ചു' എന്ന് റോമൻ ജനതയും പറയാൻ ഇടവരട്ടെ. ഇരുപക്ഷത്തുമുള്ള ഓരോരുത്തനും നിൻെറ പേർചൊല്ലി വിജയാശംസകൾ മുഴക്കട്ടെ; ഈ സമാധാനം മെനഞ്ഞെടുത്തതിന് നിന്നെ അനുഗ്രഹിക്കട്ടെ. മഹാനായ മകനേ, നിനക്കറിയാം യുദ്ധത്തിൻെറ പര്യവസാനം അനിശ്ചിതമാണെന്ന്. എന്നാൽ ഇത് നിശ്ചയമാണ്. നീ റോം പിടിച്ചെടുക്കുകയാണെങ്കിൽ നിനക്കുണ്ടാകുന്ന നേട്ടം ആവർത്തിച്ചാവർത്തിച്ച് ശപിക്കപ്പെടുന്ന ഒരു നാമം മാത്രമായിരിക്കും!. മകനേ, നീയെന്താണ് ഇനിയും മിണ്ടാതെ നില്ക്കുന്നത്? അപരാധങ്ങളെ അയവിറക്കുക, ഒരു മാന്യനു ചേർന്നതാണെന്ന് നീ വിചാരിക്കുന്നുവോ? മകളെ, സംസാരിക്കൂ, നിൻെറ കണ്ണീരിനെ അവൻ മാനിക്കുന്നില്ല. ഉണ്ണീ, സംസാരിക്കൂ. നിൻെറ ഓമനത്തം ഞങ്ങളുടെ യുക്തിവാദങ്ങളെക്കാൾ അവൻെറ ഹൃദയം അലിയിച്ചേക്കാം. അമ്മയോട് ഇത്രയധികം കടപ്പെട്ട ഒരു മകൻ വേറെയില്ല. എന്നിട്ടും ഒരു കുറ്റവാളിയെപ്പോലെ ഞാൻ മുന്നിൽനിന്നു പുലമ്പുന്നത് അവൻ ഒരു ഭാവഭേദവും കൂടാതെ കേട്ടുനിൽക്കുന്നു. എൻെറ അപേക്ഷ അധാർമ്മികമാണെങ്കിൽ; പറയൂ: എന്നെ അവഹേളിക്കൂ—അങ്ങനെയല്ലെങ്കിൽ നീ ധർമ്മത്തെ അനാദരിക്കുന്നു. അമ്മയോടുള്ള ന്യായമായ കർത്തവ്യം നിർവ്വഹിക്കാത്തതിന് ദേവൻമാർ നിന്നെ ദുസ്സഹമായി പീഡിപ്പിക്കും. ഹാ! അവൻ പുറം

തിരിക്കുന്നു! മഹിളകളേ, മുട്ടുകുത്തൂ, അവനെ നാണിപ്പിക്കൂ! ദയയെക്കാരം ഗർവ്വമാണ് അവൻെറ കൊറിയോലാനസ് എന്ന ബിരുദപ്പേരിന് ചേർന്നത്. താഴ്ത്തൂ മുട്ടുകരം! രണ്ടിലൊന്നു തീർച്ചയാക്കണം. ഇത് അവസാനത്തേതാണ്.

(എല്ലാവരും മുട്ടുകുത്തുന്നു)

ഇനി നമുക്ക് റോമിലേക്കു മടങ്ങാം; നമ്മുടെ അയൽക്കാരൊത്തു മരിക്കാം. ഇതു നോക്കൂ, തൻെറ ഇംഗിതം പറയാൻ അറിഞ്ഞുകൂടാത്ത ഈ ബാലൻ മുട്ടുകുത്തി സൗഹാർദ്ദത്തിനിരന്നുകൊണ്ട് കൊച്ചുകൈകരംപൊക്കുന്നു! നിൻെറ യുക്തികരംക്ക് നിഷേധിക്കാൻ കഴിയാത്തവണ്ണം അവൻ ഞങ്ങളുടെ അപേക്ഷയെ ബലപ്പെടുത്തുന്നു........................................

വരൂ; നമുക്കു പോകാം. ഈയാളുടെ അമ്മ ഒരു വോരംഷിയത്തിയാണ്; ഈയാളുടെ ഭാര്യ കൊറിയോലിയിലാണ്; ഈ കുഞ്ഞ് ഇവനെപ്പോലെയിരിക്കുന്നുവെങ്കിൽ അത് കേവലം യാദൃച്ഛികവും. എന്നാൽ ഞങ്ങരംക്കു വിട നൽകൂ. ഞാൻ ഇനിയൊന്നും മിണ്ടുകയില്ല. നമ്മുടെ പട്ടണത്തിനു തീ പിടിക്കുന്നതുവരെ. അതുണ്ടാകുമ്പോരം ഞാൽ അൽപം ചിലതു പറയും!

കൊറിയോലാനസ്: (അമ്മയുടെ കൈപിടിച്ചുകൊണ്ട്) അമ്മേ! എൻെറ അമ്മേ! എന്താണ് ഭവതി ചെയ്തത്? നോക്കൂ! വിണ്ണ് വെട്ടിത്തുറക്കുന്നു. ദേവൻമാർ പ്രകൃതിവിരുദ്ധമായ ഈ രംഗം വീക്ഷിച്ച് പരിഹാസം പൊഴിക്കുന്നു. എൻെറ അമ്മേ! അമ്മേ! നിങ്ങരം റോമിനു വിജയം നേടിയിരിക്കുന്നു. ആനന്ദപൂർണ്ണമായ വിജയം! എന്നാൽ നിങ്ങളുടെ മകനോ? വിശ്വസിക്കൂ, ഏറ്റവും ആപൽക്കരമായ വിധത്തിൽ, ഒരുപക്ഷേ മാരകമായിത്തന്നെ, നിങ്ങരം അവനെ കീഴടക്കിയിരിക്കുന്നു. ശരി, അതുതന്നെ സംഭവിക്കട്ടെ. ഒഫീഡിയസ്, വിട്ടുവീഴ്ചയില്ലാത്ത യുദ്ധം ചെയ്യാൻ എനിക്കു സാദ്ധ്യമല്ലെങ്കിലും; അനുകൂലമായ സന്ധിയുണ്ടാക്കുവാൻ എനിക്കു കഴിയും. പ്രിയപ്പെട്ട ഒഫീഡിയസ്, എൻെറ സ്ഥാനത്തു നിങ്ങളായിരുന്നുവെങ്കിൽ, അമ്മയുടെ അഭ്യർത്ഥന നിങ്ങരം ഇത്രയെങ്കിലും ചെവിക്കൊള്ളുമായിരുന്നില്ലേ? പറയൂ, ഒഫീഡിയസ്.

ഒഫീഡിയസ്: ആകെക്കൂടി ഞാനും ചലിതചിത്തനായി.

കൊറിയോലാനസ്: സത്യമാണ് ആ പറഞ്ഞത്. എൻെറ കണ്ണുകളെ കരുണാർദ്രമാക്കുക അത്രയെളുപ്പമല്ല. സുഹൃത്തേ, ഏതുതരത്തിലുള്ള സമാധാനമാണ് നിങ്ങൾ കാംക്ഷിക്കുന്നത്? എന്തെല്ലാമായിരിക്കണം സന്ധിവ്യവസ്ഥകൾ? പറയൂ. ഞാൻ റോമിലേക്കു പോകുന്നില്ല; നിങ്ങളുടെ കൂടെ മടങ്ങും. ഇക്കാര്യത്തിൽ നിങ്ങൾ എനിക്കു സഹായമേകണം. അമ്മേ! പ്രിയതമേ!

ഒഫീഡിയസ്: (വിചാരം) നല്ലത്, കാരുണ്യവും അഭിമാനവും തമ്മിൽ ഈയാളുടെ ഉൾക്കളത്തിൽ അടരാടുന്നു. നഷ്ടപ്പെട്ടുപോയ എൻെറ ഭാഗ്യം ഞാൻ ഇതിലൂടെ വീണ്ടെടുക്കും.

(വലുമ്നിയയും മറ്റു വനിതമാരും കൊറിയോലാനസ്സിനോട് ആംഗ്യത്തിലൂടെ വിട ചോദിക്കുന്നു.)

കൊറിയോലാനസ്: അൽപം ക്ഷമിക്കൂ. ഒരു ചെറിയ പാനോപചാരം സ്വീകരിച്ചിട്ടു പോകാം. വെറും വാക്കുകളെക്കാൾ വിശ്വാസ്യമായ തെളിവുംകൊണ്ട്—മുദ്ര വച്ച രേഖയുംകൊണ്ട്—മടങ്ങാം. വരൂ എൻെറ കൂടെ മഹതിമാരെ, നിങ്ങൾക്കായി ഒരമ്പലംതന്നെ പണിയിക്കണം. ഇറ്റലിയിലെ എല്ലാ ഖഡ്ഗങ്ങളും സേനാവിഭാഗങ്ങളും ഒരുമിച്ചാൽപ്പോലും ഇങ്ങനെയൊരു സമാധാനം സൃഷ്ടിക്കാൻ കഴിയുമായിരുന്നില്ല.

(എല്ലാവരും പോകുന്നു.)

—ഷേക്സ്പിയറിൽനിന്ന്

പദങ്ങൾ

കൗമാരം, വെറ്റി, നാമനിർദ്ദേശംചെയ്യുക, കീഴ്വഴക്കം, അവജ്ഞ, അവഹേളിക്കുക, ശുദ്ധഗതിക്കാരൻ, ദൗത്യം, ആത്മാർത്ഥത, ആത്മസുഹൃത്ത്, സന്ധിവ്യവസ്ഥ, പ്രേരിതൻ, ദുഃഖാചരണം, നൈസർഗ്ഗികം, സ്വയംഭൂ, നൈഷ്ഠുര്യം, അഭിവാദനം, അവിഹിതം, ഉദാത്തം, കല്ലോലമാല, നീരസം, യുക്തിവാദം, ഏകാശ്വാസകേന്ദ്രം, ദുരന്തം, നഷ്ടാവശിഷ്ടങ്ങൾ, വിജയോന്മത്തൻ, ശാശ്വതീകരിക്കുക, മെനഞ്ഞെടുക്കുക, ഇംഗിതം, ഉൾക്കളം, പാനോപചാരം.

അഭ്യാസം

1. വാക്യത്തിൽ പ്രയോഗിക്കുക:
കൗമാരം, വെറ്റി, നാമനിർദ്ദേശം ചെയ്യുക, കീഴ്വഴക്കം, അവജ്ഞ, അവഹേളിക്കുക, പ്രേരിതം, നൈസർഗ്ഗികം, നഷ്ടാവശിഷ്ടങ്ങൾ, ശാശ്വതീകരിക്കുക, മെനഞ്ഞെടുക്കുക, വിജയോന്മത്തൻ, ഇംഗിതം.

II. ഏതു നാമത്തിൽനിന്ന് അല്ലെങ്കിൽ നാമവിശേഷണത്തിൽനിന്ന് രൂപം കൊള്ളുന്നു?—കൗമാരം, ദൗത്യം, സൗഹൃദം, നൈഷ്ഠുര്യം, ശാഠ്യം, വിശ്വാസ്യം.

III. (1) കൊറിയോലാനസ്സിൻെറ സ്വഭാവത്തിലെ പ്രധാനഘടകങ്ങളേവ? ഏതേതു ഭാഗത്താണ് ഇവ പ്രകാശിക്കുന്നത്?

(2) ദേശഭക്തിയുടെ ഉത്തമമാതൃകയായി ഈ രംഗത്തു ശോഭിക്കുന്നത് ആരാണ്?

(3) ഈ നാടകരംഗത്തിലെ ഏതു കഥാപാത്രമാണ് നിങ്ങളെ ഏറ്റവും അധികം ആകർഷിക്കുന്നത്? എന്തുകൊണ്ട്?

(4) ദൃഢവും നിഷ്ഠുരവുമായ നിശ്ചയത്തിൽനിന്ന് അമ്മ മകനെ എങ്ങനെ പിന്തിരിപ്പിക്കുന്നുവെന്ന് ചുരുക്കിയെഴുതുക.

(5) നാടകരംഗത്തെ കഥാരൂപമാക്കി മാറ്റിയെഴുതുക.

(6) ഏതു നാടകത്തിലുള്ളതാണ് ഈ രംഗം? ആരാണ് നാടകകർത്താവ്?

---

പാഠം 29

# അത്യാഹിതം

ഒരുയാമമിവണ്ണമേശുവ—
ക്കുരിശിൽത്തന്നെ കിടന്നു സങ്കടം
അതിയായ്പ്പലതും സഹിച്ചു നി—
ശ്ചലനായന്യസുഖാഭിലാഷിയായ്. 1

ഇതുപോൽ നരചിത്തമേന്തിടും—
നിനവും, ഭാവവുമാർന്നൊരീശ്വരൻ
മുഖമൊട്ടു കുനിച്ചു തൽക്ഷണാ—
ലുയിർവിട്ടു, മിഴികൂമ്പി മന്ദമായ്. 2

ഉടനങ്ങിടിവെട്ടി നിഷ്ഠുരം,
നിലവിട്ടാഞ്ഞലറി സ്സമുദ്രവും
ക്ഷിതിഗോളമടിച്ചുടയ്ക്കുവാൻ—
മുതിരും വണ്ണമുയർന്നു മാരുതൻ. 3

തലചുറ്റി മറിഞ്ഞുവീണുപോയ്—
ത്തഴുകും വള്ളിയൊടും തരുവ്രജം,
മൃഗരാജി പകച്ചു പായുമാ—
റലറീ കാറ്റിലുലഞ്ഞ കാടുകൾ. 4

രവിബിംബമുയർന്ന വാരിദ–
ച്ഛടയാൽ മൂടി; യിരുണ്ടുപാരിടം;
ഇളകീ മഹി; പർവ്വതം രവ–
ത്തൊടു പൊട്ടിച്ചിതറീ ഭയാനകം. 5

പ്രതിസീരകൾ കീറി ദേവതാ–
ലയ കക്ഷ്യാന്തരലംബമാനകൾ
ഉടനങ്ങു വിപാടിതങ്ങളായ്,
ശവസംസ്കാരകുടീരകോടികൾ. 6

മഹാത്യാഗി] [എം. ഒ. അവര

### അഭ്യാസം

1. യേശു ഉയിർവിട്ടപ്പോഴുണ്ടായ പ്രകൃതിക്ഷോഭത്തിന്റെ വർണ്ണനം കൊണ്ട് കവി സാധിക്കുന്ന കാര്യമെന്ത്?
2. ഈ വർണ്ണനത്തിലൂടെ തഴച്ചുവരുന്ന ഭാവങ്ങളേവ? ഈ കവിത ഏതു വൃത്തത്തിൽ രചിക്കപ്പെട്ടിരിക്കുന്നു?
3. ഏതു ഭാവം വ്യഞ്ജിപ്പിക്കുവാനാണ് കവികൾ ഈ വൃത്തം അധികമായും ഉപയോഗിക്കുന്നത്?
4. ഈ വൃത്തത്തിൽ ആശാൻ എഴുതിയ ഒരു പ്രസിദ്ധകൃതിയുടെ പേർ പറയുക.
5. ഈ പാഠപുസ്തകത്തിലെ കവിതകളിൽ സംസ്കൃത വൃത്തങ്ങളിൽ രചിക്കപ്പെട്ടവ ഏവ? ഭാഷാവൃത്തങ്ങളിൽ രചിക്കപ്പെട്ടവ ഏവ?

---

പാഠം 30

# എന്റെ ബാബു

ജോലിയിൽ പ്രവേശിക്കുമ്പോൾ റായ്ചരന് പന്ത്രണ്ടു വയസ്സായിരുന്നു. യജമാനന്റെ സമുദായത്തിൽപ്പെട്ടവനായിരുന്നതിനാൽ അവൻ ബാബുവിന്റെ കൊച്ചുമകനെ പരിലാളിക്കുവാൻ നിയുക്തനായി. കാലം കുതിച്ചുപാഞ്ഞു. കുഞ്ഞ് റായ്ചരന്റെ പാണികൾവിട്ട് പള്ളിക്കൂടത്തിലേക്കും അവിടെനിന്ന് കലാലയത്തിലേക്കും തിരിച്ചു; അചിരേണ ബിരുദം നേടി നീതിന്യായവകുപ്പിൽ ഒരു ഉദ്യോഗവും സമ്പാദിച്ചു. എങ്കിലും വിവാഹിതനാകുംവരെ റായ്ചരൻതന്നെയായിരുന്നു കൊച്ചുബാബുവിന്റെ പ്രധാന കൂട്ടുകാരൻ. ഗൃഹേശ്വരി വന്നുകയറിയതോടെ അയാൾക്ക് രണ്ടുപേരുടെ പാകം നോക്കേണ്ടിവന്നു. അതുപോകട്ടെ; മുമ്പു തനിക്കുണ്ടായിരുന്ന അധികാരങ്ങളും അവകാശങ്ങളും അപ്പാടെ അവളുടേതായിത്തീർന്നു.

എന്നാൽ അൽപകാലത്തിനുള്ളിൽ ഈ നഷ്ടം പരിഹരിക്കപ്പെട്ടു. അനുകൂലന്—അതായിരുന്നു ബാബുവിൻെറ പേർ—ഒരു ഉണ്ണി പിറന്നു. നിരന്തരമായ ലാളനകൊണ്ട് റായ്ചരൻ ആ ശിശുവിനെ തൻെറ പാട്ടിലാക്കി. അയാൾ കുഞ്ഞിനെ കയ്യിലെടുത്തു കൊഞ്ചും; ശിശുക്കളുടെ നിരർത്ഥഭാഷയിൽ അതിനോടു സംസാരിക്കും; മുഖത്തോടുമുഖം ചേർത്തുനിൽക്കും; പെട്ടെന്ന് മുഖം പിൻവലിക്കും.

കുട്ടിക്ക് നീന്താനും ഉമ്മരപ്പടി കയറിക്കടക്കാനുമായി റായ്ചരൻ എടുക്കാൻ ചെല്ലുമ്പോൾ ആ വികൃതിക്കുട്ടൻ ചിരിച്ച് കൊണ്ട് ഒഴിഞ്ഞുമാറും. കുട്ടിയുടെ മിടുക്ക് റായ്ചരനെ വിസ്മയിപ്പിച്ചു. അപ്പോഴെല്ലാം വിരിഞ്ഞ കണ്ണുകളോടെ ആ വത്സലഭൃത്യൻ യജമാനത്തിയോടു പറയും ''അമ്മേ, നിങ്ങളുടെ മകൻ ഒരു ജഡ്ജിയായിത്തീരും, തീർച്ച.''

പുതിയ പുതിയ അദ്ഭുതങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കുഞ്ഞ് പിച്ചവച്ചു നടക്കാൻ തുടങ്ങി. ആ സുദിനം മാനവചരിത്രത്തിലെ ഒരു സുപ്രധാനദിവസമായി റായ്ചരനു തോന്നി. അവൻ അച്ഛനെ, 'ബാബ' എന്നും അമ്മയെ 'മാമ' എന്നും റായ്ചരനെ 'ഛന്നാ' എന്നും വിളിച്ചുതുടങ്ങിയപ്പോൾ ആ പാവപ്പെട്ട പരിചാരകനുണ്ടായ ആനന്ദത്തിന് അതിരില്ലായിരുന്നു. കണ്ടവരോടെല്ലാം അവൻ ഈ സന്തോഷവാർത്ത പറഞ്ഞു.

കുറച്ചുകാലം കഴിഞ്ഞപ്പോൾ റായ്ചരനു തൻെറ സാമർത്ഥ്യം മറ്റു വിഷയങ്ങളിൽ പ്രകടിപ്പിക്കേണ്ടിവന്നു. ചിലപ്പോൾ അവൻ കുതിരയാകണം. കടിഞ്ഞാൺ കടിച്ചുപിടിച്ചുകൊണ്ട് കുതിരയെപ്പോലെ കുതിക്കണം. മറ്റു ചിലപ്പോൾ കൊച്ചു ബാബുവിനോടു ഗുസ്തി പിടിക്കണം. അതിൽ എപ്പോഴും അവൻ തോറ്റേമതിയാകൂതാനും. അല്ലെങ്കിൽ കുട്ടിയുടെ നിലവിളികൊണ്ട് വീടു മുഴങ്ങും.

ഏതാണ്ട് ഇക്കാലത്തായിരുന്നു അനുകൂലബാബുവിനെ പത്മാനദീതീരത്തുള്ള ഒരു സ്ഥലത്തേക്കു മാറ്റി നിയമിച്ചത്. അവിടേക്ക് പോകുംവഴി കൽക്കത്തയിൽനിന്ന് ഓമനപ്പുത്രന് ഒരുവണ്ടി, മഞ്ഞപ്പട്ടുകൊണ്ടുള്ള ഒരു കോട്ട്, കിന്നരി വച്ച ഒരു തൊപ്പി, കൈവളകൾ, കാൽത്തളകൾ എന്നിവ വാങ്ങാൻ ബാബു വിട്ടുപോയില്ല. പുറത്തിറങ്ങുമ്പോൾ റായ്ചരൻ ഈ കോപ്പുകൾകൊണ്ട് കുട്ടിയെ അന്തസ്സിൽ ചമയിക്കുക പതിവായി.

മഴക്കാലംവന്നു. പേമാരി കോരിച്ചൊരിഞ്ഞു. എന്തു തിന്നാലും വിശപ്പടങ്ങാത്ത ഘോരസർപ്പത്തെപ്പോലെ പത്മാനദി തിട്ടുകളെയും ഗ്രാമങ്ങളെയും വയലുകളെയും വിഴുങ്ങി. പുളിനത്തിൽ നിന്നിരുന്ന പുല്ലിൻകൂട്ടങ്ങളും പറങ്കിമാവുകളും വെള്ളത്തിനുള്ളിലായി. തീരങ്ങൾ ഇടിഞ്ഞുവീഴുമ്പോൾ ഉണ്ടാകുന്ന മുഴക്കം ഇടയ്ക്കിടെ മാറ്റൊലിക്കൊണ്ടു. ഊക്കോടെയൊഴുകുന്ന പുഴയുടെ ഇരമ്പം വളരെ ദൂരത്തോളം കേൾക്കാമായിരുന്നു. കുതിച്ചുപായുന്ന ഫേനപിണ്ഡങ്ങൾ സരിത്തിൻെറ ഗതിവേഗത്തെ വിളംബരം ചെയ്തു.

ഒരു സായാഹ്നവേളയിൽ മഴ നിന്നു. മേഘപാളികൾ ആകാശംവിട്ട് നിശ്ശേഷം അകന്നിരുന്നില്ലെങ്കിലും ഒരു തെളിമയും കുളിർമയും എങ്ങും കളിയാടി. അത്ര പ്രശാന്തസുന്ദരമായ ഒരു സായാഹ്നത്തിൽ വീട്ടിനകത്ത് അടച്ചുകൂടാൻ നമ്മുടെ കൊച്ചു സ്വേച്ഛാധിപതി ഇഷ്ടപ്പെട്ടില്ല. കൊച്ചുബാബു വണ്ടിയിൽക്കയറി; റായ്ചരൻ മെല്ലെ വണ്ടി വലിച്ചു പുറപ്പെട്ടു. അവർ നദീതീരത്തുള്ള വയലിൽ എത്തിച്ചേർന്നു. അവിടം നിർജ്ജനമായിരുന്നു. പുഴയിൽ ഒരു തോണിപോലുമുണ്ടായിരുന്നില്ല. പശ്ചിമാംബരത്തിൽ പയോദശകലങ്ങൾ ചിന്നിക്കിടന്നു. സൂര്യാസ്തമയത്തിൻെറ സുഷമ എങ്ങും വിളയാടി.

അങ്ങൊരു ഭാഗത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് കുട്ടി 'ചരന്നാ' എന്നുവിളിച്ചു. ആ ആജ്ഞ അവിടെങ്ങും നിറഞ്ഞുനിന്ന പ്രശാന്തതയെ ഭഞ്ജിച്ചു. അടുത്ത് ഒരു മൺതിട്ടിൽ ഒരു കദംബവൃക്ഷം പൂത്തുനിന്നിരുന്നു. കൊച്ചെജമാനൻ കൊതിയോടെ അതിൻെറ നേരേ നോക്കി. റായ്ചരൻ അതിൻെറ അർത്ഥം മനസ്സിലാക്കാതിരുന്നില്ല. അവൻ ഇതേ പൂങ്കുലകൾകൊണ്ട് ഒരു വണ്ടിയുണ്ടാക്കി കുട്ടിക്കു സമ്മാനിച്ചത് ഏതാനും നാളുകൾ മുമ്പു മാത്രമായിരുന്നു. കുട്ടിക്ക് അത് എത്രയധികം ഇഷ്ടപ്പെട്ടുവെന്നോ! റായ്ചരന് അന്നു മുഴുവൻ കടിഞ്ഞാൺ കടിച്ചുപിടിച്ച് കുതിരയായി കളിക്കേണ്ടിവന്നില്ല. അശ്വത്തിൽനിന്ന് സാരഥിയായി അവന് ഉദ്യോഗക്കയറ്റം കിട്ടി.

എന്നാൽ മുട്ടോളം പൂന്തുന്ന ചേറ്റിലിറങ്ങാൻ റായ്ചരൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ അയാൾ മറ്റൊരു ഭാഗത്തേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ''നോക്കൂ, അതാ ഒരു പക്ഷി! എന്തൊരു ചന്തം, നോക്കൂ!'' എന്ന് തട്ടിവിട്ടു; പല

ശബ്ദങ്ങളും ഉണ്ടാക്കിക്കൊണ്ട് വണ്ടിയും വലിച്ച് അവിടെ നിന്നുപോകയും ചെയ്തു.

ജഡ്ജിയാവാൻ പോകുന്ന ഒരു കൊച്ചുമിടുക്കനെ അത്ര എളുപ്പത്തിൽ കബളിപ്പിക്കാനൊക്കുമോ? മാത്രമല്ല, കുട്ടിയുടെ ശ്രദ്ധയാകർഷിപ്പാൻ അവിടെ യഥാർത്ഥത്തിൽ വേറൊന്നും ഉണ്ടായിരുന്നതുമില്ല. ഇല്ലാത്ത ഒരു പക്ഷിയുടെ വർണ്ണനം കൊണ്ട് അവനെ എത്രനേരം വ്യാമോഹിപ്പിക്കാം?

കൊച്ചെജമാനൻ മനസ്സുറപ്പിച്ചു കഴിഞ്ഞിരുന്നു. അതിനാൽ റായ്ചരൻ വളരെ വിഷമിച്ചു. ഒടുവിൽ അയാൾ ''എന്നാലങ്ങനെയാവട്ടെ, ബാബു വണ്ടിയിലിരിക്കൂ. ഞാൻ പോയി പൂവു പറിച്ചുകൊണ്ടുവരാം. ദാ വെള്ളത്തിനടുത്തുമാത്രം പോവരുതേ!'' എന്നു ചട്ടംകെട്ടിയിട്ട് ഉടുവസ്ത്രം മുട്ടിനു മീതെ കയറ്റിക്കെട്ടി ചേറിലിറങ്ങി മരത്തിനു നേരേ നടന്നു.

റായ്ചരൻ പോയതും കുട്ടി വിലക്കപ്പെട്ട വെള്ളത്തിൻെറ അരികത്തേക്കു കുതികൊണ്ടതും ഒന്നിച്ചു കഴിഞ്ഞു. കൂലം തല്ലിത്തകർത്ത് ആർത്തിരമ്പിയൊഴുകുന്ന പുഴ അവനെ മദിപ്പിച്ചു. തിരമാലകൾ ഏതോ ഒരു വലിയ റായ്ചരൻെറ പിടിയിൻനിന്ന് കുതറിപ്പോന്നപോലെ ഉറക്കെച്ചിരിച്ചുകൊണ്ട് ഓടുകയാണെന്ന് അവനു തോന്നി. ആ പടുവികൃതികളെക്കണ്ടപ്പോൾ അവൻെറ ഹൃദയവും ഇളകിമറിഞ്ഞു. അവൻ വണ്ടിയിൽ നിന്നിറങ്ങി നദിയുടെ നേരേ പിച്ചവച്ചു നടന്നു; വഴിക്കു കിട്ടിയ ഒരു ചില്ലയെടുത്തു മീൻപിടിത്തം അഭിനയിച്ചുകൊണ്ട് മുന്നേറി. കുസൃതിക്കുടുക്കകളായ നദീദേവതകൾ ഗൂഢാർത്ഥങ്ങളായ ഏതോ ശബ്ദങ്ങളുണ്ടാക്കി തന്നെ അവരുടെ കേളീരംഗത്തേക്ക് ക്ഷണിക്കുന്നതായി അവനുതോന്നി.

റായ്ചരൻ കുറെ പൂക്കളിറുത്തു മടിയിലിട്ട് തിരിച്ചു വന്നു. അയാളുടെ മുഖം പുഞ്ചിരികൊണ്ട് തിളങ്ങി. എന്നാൽ അടുത്തെത്തിയപ്പോൾ വണ്ടിയുണ്ട് ശൂന്യമായിക്കിടക്കുന്നു. നാലുപാടും തിരഞ്ഞുനടന്നു; ആരെയും കണ്ടില്ല. വീണ്ടും വണ്ടിയുടെ അരികത്തേക്കു വന്നു. അപ്പോഴും അതേ അനുഭവം തന്നെ.

റായ്ചരൻെറ ജീവിതത്തിലെ ആദ്യത്തെ കരാളനിമിഷമായിരുന്നു അത്. അയാളുടെ രക്തം ഉറച്ചു കട്ടിയായി. ഏതോ ഇരുണ്ടപുകപോലെ ഭൂഗോളം അയാളുടെകണ്ണുകൾക്കു മുമ്പാകെ പാഞ്ഞുപോയി. തകർന്ന ഹൃദയത്തിൻെറ അടിത്തട്ടിൽനിന്ന് ''ഏമാന്നേ! ഏമാന്നേ! എൻെറകൊച്ചെമാന്നേ!'' എന്നൊരു

മുറവിളിപൊങ്ങി. എന്നാൽ 'ഛന്നാ' എന്ന മുറവിളി ഉണ്ടായില്ല. ഒരു വികൃതിക്കുഞ്ഞനും പ്രതികരണമായി പൊട്ടിച്ചിരിച്ചില്ല. തീരം തല്ലിത്തകർത്തുകൊണ്ട് പത്മാനദി താനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തോടും ഒരു കുട്ടിയുടെ മരണമെന്ന നിസ്സാരകാര്യത്തിൽ ശ്രദ്ധിച്ചു നിൽപ്പാൻ തനിക്കു സാവകാശമില്ലാത്തപോലെയും മുന്നേപ്പോലെ പ്രവഹിച്ചു.

നേരം വളരെ വൈകിയിട്ടും ഓമനപ്പുത്രനും റായ്ചരനും തിരിച്ചുചെല്ലാത്തപ്പോൾ അമ്മ അസ്വസ്ഥയായി. ആ സ്ത്രീ അവരെത്തിരക്കി നാലുഭാഗത്തേക്കും ആളുകളെ അയച്ചു. റാന്തലുകളുമെടുത്ത് പുറപ്പെട്ട അവർ തിരഞ്ഞു തിരഞ്ഞ് പുഴയുടെ തീരത്തെത്തി. അവിടെ 'ഏമാന്നേ! കൊച്ചെമാന്നേ!' എന്നു നിലവിളിച്ചുകൊണ്ട് റായ്ചരൻ അങ്ങോട്ടുമിങ്ങോട്ടും കൊടുങ്കാറ്റിനെപ്പോലെ പായുന്നതാണ് അവർ കണ്ടത്. വളരെ പാടുപെട്ട് ആൾക്കാർ അയാളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. റായ്ചരൻ തേങ്ങിക്കരഞ്ഞുകൊണ്ട് അമ്മയുടെ കാൽക്കൽ വീണു. ആളുകൾ ആ പാവത്തെ പിടിച്ചു കുലുക്കിയെഴുന്നേൽപ്പിച്ച് കുട്ടിയെക്കുറിച്ച് ചോദ്യംചെയ്തു. എന്നാൽ തനിക്കൊന്നുമറികയില്ലെന്നു മാത്രമായിരുന്നു മറുപടി.

പത്മാനദി കുട്ടിയെ വിഴുങ്ങിക്കളഞ്ഞിരിക്കണം എന്നു തന്നെയാണ് അധികമാളുകളും വിചാരിച്ചത്. എങ്കിലും ഒരു സംശയത്തിന് അവകാശമില്ലാതിരുന്നില്ല. അന്നു വൈകുന്നേരം പട്ടണത്തിൽ ഒരു കാബൂളിസംഘം കറങ്ങിയിരുന്നു. അവർ കുട്ടിയെ തട്ടിക്കൊണ്ടുപോയിരിക്കാമെന്നു ചിലർ സംശയിച്ചു. അമ്മയാകട്ടെ റായ്ചരൻതന്നെയായിരിക്കണം കുട്ടിയെ ഒളിപ്പിച്ചുവച്ചിരിക്കുന്നതെന്ന് ബലമായി ശങ്കിച്ചു.

''റായ്ചരാ, എൻെറ കുട്ടിയെ തിരിച്ചുതരൂ, തരൂ, നിനക്കെത്ര പണം വേണമെങ്കിലും തരാം. എൻെറ ഓമനയെ തിരിച്ചുതരൂ!'' എന്ന് അവർ കേണിരന്നു. ഇതിനു മറുപടിയായി അയാൾ തൻെറ തലയ്ക്കുതല്ലി. റായ്ചരൻ വീടുവിട്ട് പുറത്തുപോകണമെന്ന് ഗൃഹേശ്വരി ഉത്തരവിട്ടു. ഈ സംശയം അടിസ്ഥാനമില്ലാത്തതും നീതിക്കു നിരക്കാത്തതുമാണെന്ന് അനുകൂലബാബു വാദിക്കാതിരുന്നില്ല. ''കുട്ടിയെ ഒളിപ്പിച്ചു വച്ചിട്ട് അവനെന്തുകാര്യം?'' എന്നദ്ദേഹം പത്നിയോടു ചോദിച്ചു. ''കുട്ടി പൊൻപണ്ടങ്ങളല്ലേ അണിഞ്ഞിരുന്നത്?'' എന്ന് അമ്മ തിരിച്ചുചോദിച്ചു. അതിൽപ്പിന്നെ അവരോടു വാദിക്കുക അസാധ്യമായിരുന്നു.

## II

റായ്ചരൻ സ്വന്തം ഗ്രാമത്തിലേക്കു തിരിച്ചു പോയി. അയാൾക്ക് മക്കളുണ്ടായിരുന്നില്ല. പ്രായവും കവിഞ്ഞിരുന്നു. അതിനാൽ ഒരു സന്താനമുണ്ടാവുമെന്ന് പ്രതീക്ഷിക്കാനും വഴിയുണ്ടായിരുന്നില്ല. എന്നാൽ അയാൾ നാട്ടിൽതിരിച്ചെത്തിയിട്ട് ഒരു കൊല്ലം തികയുന്നതിനുമുമ്പ് അയാളുടെ ഭാര്യ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. പിന്നെ അധികദിവസങ്ങൾ കഴിയുന്നതിനുമുമ്പ് അവർ മരിച്ചുപോകയും ചെയ്തു.

ഈ ശിശുവിനോട് റായ്ചരന് ആദ്യമൊക്കെ എന്തെന്നില്ലാത്ത വെറുപ്പാണ് തോന്നിയത്. കൊച്ചെജമാനൻെറ സ്ഥാനം തട്ടിയെടുക്കാൻ വന്ന കൈയേറ്റക്കാരനായി അയാൾ ആ കുഞ്ഞിനെ എണ്ണി. യജമാനെൻെറ പൊന്നോമനയ്ക്ക് സംഭവിച്ച അത്യാഹിതത്തിനുശേഷം താൻ തൻെറ കുഞ്ഞോടുകൂടി സുഖമായിരിക്കുകയോ! അത് ആ ശുദ്ധഹൃദയന് വിചാരിക്കാൻപോലും കഴിഞ്ഞില്ല. വിധവയായ പിതൃസഹോദരിയുടെ വാത്സല്യപൂർണ്ണമായ ശുശ്രൂഷ ലഭിച്ചില്ലായിരുന്നുവെങ്കിൽ ആ പിഞ്ചുപൈതലിൻെറ കഥ അന്നേ കഴിയുമായിരുന്നു.

എന്നാൽ റായ്ചരൻെറ മനോഭാവത്തിന് പെട്ടെന്നൊരു പരിവർത്തനം സംഭവിച്ചു. ശിശു നീന്താനും ഉമ്മരപ്പടി കയറിക്കടക്കാനും തുടങ്ങി. വികൃതിയിലുള്ള താത്പര്യം അവൻെറ മുഖത്തു വിളയാടി. പിടികൊടുക്കാതെ ഒഴിഞ്ഞുമാറുന്നതിൽ അവനും അസാമാന്യമായ മിടുക്കു കാണിച്ചു. അവൻെറ ശബ്ദവും, ചിരിയും, കരച്ചിലും, ആംഗ്യങ്ങളും എല്ലാമെല്ലാം കൊച്ചെജമാനൻേറതുതന്നെ. ചിലപ്പോൾ കുഞ്ഞിൻെറ കരച്ചിൽ റായ്ചരൻ കേൾക്കാനിടയാകും. അപ്പോൾ അയാളുടെ ഹൃദയം ഊക്കോടെ മിടിക്കും. കൊച്ചെജമാനൻ ഛന്നാവിനെപ്പിരിഞ്ഞ ഖേദത്താൽ യമലോകത്തിൻെറ ഏതോ മൂലയിലിരുന്നു കരയുകയാണെന്ന് അപ്പോഴൊക്കെ അയാൾക്കു തോന്നും.

കുട്ടി സംസാരിക്കാൻ തുടങ്ങി. 'ബാബാ' എന്നും 'മാമാ' എന്നും ശിശുക്കളുടെ ഭാഷയിൽപ്പറയാൻ അവൻ പഠിച്ചു. ചിരപരിചിതങ്ങളായ ഈ ശബ്ദങ്ങൾ കേട്ടതോടുകൂടി റായ്ചരന് രഹസ്യം നല്ലപോലെ മനസ്സിലായി. തന്നെ പിരിഞ്ഞിരിക്കാൻ കഴിയാതെ കൊച്ചെജമാനൻ തൻെറ കുടുംബത്തിൽ വീണ്ടും പിറന്നിരിക്കയാണ്. ഈ നിഗമനത്തിന് സാധകമായ സംഗതികളെക്കുറിച്ച് ആ വൃദ്ധന് യാതൊരു സംശയവും തോന്നിയില്ല,

ഒന്നാമതായി ഈ കുഞ്ഞ് കൊച്ചെജമാനൻ മരിച്ചിട്ട് അധികകാലം കഴിയുന്നതിനു മുമ്പാണ് ജനിച്ചത്. പിന്നെ തൻെറ ഭാര്യയുടെ പ്രായത്തിലുള്ള സ്ത്രീകൾ പ്രസവിക്കുന്നത് അസാധാരണമാണ്. പോരെങ്കിൽ ഇവനും പിച്ചവച്ചു നടക്കുന്നു; 'മാമാ' എന്നും 'ബാബാ' എന്നും വിളിക്കുന്നു. ഭാവിയിൽ ജഡ്ജിയാകാനുള്ള ലക്ഷണങ്ങൾക്ക് ഇവനിലും ഒരു കുറവുമില്ല.

പെട്ടെന്ന് റായ്ചരൻ കൊച്ചെജമാനൻെറ അമ്മ തൻെറമേൽ ചുമത്തിയ കുറ്റം ഓർമ്മിച്ചു. അവൻ അദ്ഭുതപരവശനായി തന്നോടുതന്നെ പറഞ്ഞു: ''അമ്മ ഊഹിച്ചതു ശരിയായിരുന്നു! ഞാനാണ് കുട്ടിയെ തട്ടിയെടുത്തതെന്ന സത്യം അവരറിഞ്ഞു.'' ഈ തീരുമാനത്തിലെത്തിയതോടുകൂടി താൻ അതുവരെ കാണിച്ച അനാസ്ഥയെക്കുറിച്ച് അയാൾ തീവ്രമായി പശ്ചാത്തപിച്ചു. അന്നുമുതൽ തൻെറ ദേഹവും ജീവനും ആ കുട്ടിക്കായി ഉഴിഞ്ഞിട്ടുകൊണ്ട് റായ്ചരൻ അവനെ ഭക്തിപൂർവ്വം പരിചരിച്ചുപോന്നു; ഒരു ധനികൻെറ മകനെപ്പോലെ അവനെ വളർത്തി. കളിവണ്ടിയും മഞ്ഞപ്പട്ടുകൊണ്ടുള്ള കോട്ടും കസവുതൊപ്പിയും വാങ്ങിക്കൊടുത്തു; മരിച്ചുപോയ പത്നിയുടെ ആഭരണങ്ങളുരുക്കി കൈവളകളും കാൽത്തളകളും തീർപ്പിച്ചു. ആ ബാലനെ അയൽവക്കത്തെ കുട്ടികളോടുചേർന്ന് കളിപ്പാൻ റായ്ചരൻ അനുവദിച്ചില്ല. രാവും പകലും അയാൾ തന്നെയായിരുന്നു അവൻെറ കൂട്ടുകാരൻ. ഇങ്ങനെ കുട്ടി വളർന്നുവന്നു, അമിതമായ ലാളനത്താൽ അവൻെറ ശീലം ദുഷിച്ചു. എപ്പോഴും വില പിടിച്ച ഉടുപ്പുകളേ അവൻ ധരിക്കൂ. അതിനാൽ ഗ്രാമത്തിലെ കുട്ടികൾ 'ഏമാന്നേ' എന്നു വിളിച്ച് അവനെ കളിയാക്കിപ്പോന്നു. മുതിർന്നവരാകട്ടെ റായ്ചരന് നൊസ്സാണെന്നും വിചാരിച്ചു.

കുട്ടിക്ക് സ്കൂളിലേക്കു പോകാനുള്ള പ്രായമായി. റായ്ചരൻ കുറച്ചു ഭൂസ്വത്തുണ്ടായിരുന്നത് വിറ്റു പണമാക്കി, കുട്ടിയേയും കൂട്ടി കൽക്കത്തയ്ക്കു തിരിച്ചു. അവിടെ ആ വൃദ്ധൻ വളരെ പാടുപെട്ട് ഒരു വീട്ടിൽ വേലക്കാരനായി ജോലി നേടി. മകനെ സ്ക്കൂളിൽച്ചേർത്തു. അവന് മികച്ച വിദ്യാഭ്യാസവും വിലകൂടിയ ഉടുപ്പുകളും ഏറ്റവും നല്ല ഭക്ഷണവും നൽകാൻ അയാൾ രാപ്പകൽ അധ്വാനിച്ചു; ഒരുപിടി ചോറുകൊണ്ട് താൻ നാൾ കഴിക്കുകയും ചെയ്തു. ഇടയ്ക്കിടെ അയാൾ ഇങ്ങനെ തന്നോടുതന്നെ പറയും: ''കൊച്ചെജമാനാ, അവിടുന്ന് എന്നെ എന്തെന്നില്ലാതെ സ്നേഹിച്ചു, അതു

കൊണ്ടല്ലേ എന്റെ വീട്ടിലേക്കുതന്നെ തിരിച്ചുവന്നത്, എന്റെ ശ്രദ്ധക്കുറവുകൊണ്ട് അവിടുന്ന് കഷ്ടപ്പെടുവാൻ പാടില്ല. അതിന് ഞാൻ ഇടവരുത്തുകയില്ല.''

പന്ത്രണ്ടുകൊല്ലം ഇങ്ങനെ കഴിഞ്ഞുപോയി. കുട്ടിക്ക് നല്ലപോലെ എഴുതാനും വായിക്കുവാനുമായി . ആരോഗ്യവും സൗന്ദര്യവും അവനിൽ തിരതല്ലി. വേഷഭൂഷകളിൽ അവൻ പ്രത്യേകം ശ്രദ്ധിച്ചുപോന്നു. ഭംഗിയായി മുടി ചീകിവയ്ക്കുന്നതിൽ അവനു വലിയ നിഷ്കർഷയായിരുന്നു. വില പിടിച്ച സാധനങ്ങൾ വാങ്ങുന്നത് അവന് ഒരു രസമായി ത്തീർന്നു. റായ്ചരനെ തന്റെ അച്ഛനായിക്കരുതാൻ ആ കുട്ടിക്കു കഴിഞ്ഞില്ല. അയാൾക്ക് അവനോട് പിതൃനിർവ്വിശേഷമായ വാത്സല്യമുണ്ടായിരുന്നുവെന്നത് വാസ്തവം തന്നെ. എങ്കിലും ഒരു വേലക്കാരന്റെ ഭാവമാണ് അയാളിൽ അവൻ കണ്ടുപോന്നത്. അതുമല്ല, താനാണ് ആ കുട്ടിയുടെ അച്ഛൻ എന്ന വസ്തുത റായ്ചരൻ എല്ലാവരിൽനിന്നും മറച്ചുവയ്ക്കുകയും ചെയ്തിരുന്നു.

റായ്ചരന്റെ തനി നാടൻ മട്ടുകൾ കൊച്ചുബാബു താമസിച്ചിരുന്ന ഹോസ്റ്റലിലെ വിദ്യാർത്ഥികളെ രസിപ്പിച്ചു. അയാൾ വന്നുപോയിക്കഴിഞ്ഞാൽ കൊച്ചെജമാനനും മറ്റുള്ള കുട്ടികളോടു ചേർന്ന് അയാളെപ്പറ്റി ഓരോന്നു പറഞ്ഞു ചിരിക്കും. എന്നാൽ അവരുടെയെല്ലാം കരളിന്റെ അടിത്തട്ടിൽ പേശലഹൃദയനായ ആ വൃദ്ധനോട് നിഷ്കളങ്കമായ സ്നേഹം ഊറിനിന്നു. കൊച്ചുബാബുവിന് അയാളെ വളരെ ഇഷ്ടമായിരുന്നു. എന്നാൽ അതൊരുതരം ആശ്രിത വാത്സല്യമല്ലാതെ മറ്റൊന്നുമായിരുന്നില്ല.

റായ്ചരന് പ്രായം കൂടിവന്നു. പുതിയ യജമാനൻ അയാളുടെ നേരേ സദാ അസംതൃപ്തി കാണിച്ചുപോന്നു. കിട്ടുന്നതെല്ലാം കുട്ടിക്കുവേണ്ടി ചെലവഴിച്ച് ഏതാണ്ട് പട്ടിണിയായി കഴിയുകയായിരുന്നല്ലോ ആ പാവം. അതിനാൽ അയാൾ അവശനായിത്തീർന്നിരുന്നു. അതോടെ ഓർമ്മക്കുറവും ബാധിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും അയാളുടെ വീഴ്ചകൾ യജമാനന് ക്ഷന്തവ്യമായിത്തോന്നിയില്ല. നിലംവിറ്റുകിട്ടിയ പണമെല്ലാം ചെലവുചെയ്തുകഴിഞ്ഞു. കൊച്ചുബാബുവാകട്ടെ എപ്പോഴും ഉടുപ്പുകളെപ്പറ്റി ആവലാതിപ്പെട്ടുകൊണ്ടും പണമാവശ്യപ്പെട്ടുകൊണ്ടും ഇരിക്കയാണുതാനും.

## III

റായ്ചരൻ ഒടുവിൽ മനസ്സുറപ്പിച്ചു; ജോലി ഉപേക്ഷിച്ചു കൊച്ചെജമാനൻെറ കയ്യിൽ കുറച്ചു പണം കൊണ്ടു പോയിക്കൊടുത്തിട്ടു പറഞ്ഞു: ''എനിക്ക് നാട്ടിലോളം ഒന്നു പോകണം. താമസിയാതെ തിരിച്ചുവരാം.''

അനുകൂലബാബു ബരാസന്ന് എന്ന സ്ഥലത്ത് മജിസ്ട്രേറ്റായി ഇരിക്കയാണ്. അദ്ദേഹത്തിൻെറ ഭാര്യയുടെ ഹൃദയവ്യഥ തെല്ലും ശമിച്ചില്ല. അവർക്ക് വേറെ സന്താനങ്ങളൊന്നും ജനിച്ചിട്ടുമില്ല.

കോടതിയിൽ അന്ന് യഥാർത്ഥമായിത്തന്നെ ജോലിത്തിരക്കായിരുന്നു. അതെല്ലാം കഴിഞ്ഞ് അനുകൂലബാബു വീട്ടിൽ വന്ന് വിശ്രമിക്കയാണ്. ഭാര്യ തട്ടിപ്പുകാരനായ ഒരു വൈദ്യനിൽനിന്ന് വളരെ വിലകൊടുത്ത് ഒരു മൂലിക വാങ്ങുന്നു. അതു സേവിച്ചാൽ സന്താനമുണ്ടാകുമെന്ന് അയാാം ഉറപ്പുകൊടുത്തിരിക്കുന്നു. ഈ സന്ദർഭത്തിലാണ് മുറ്റത്തുനിന്ന് ആരോ അഭിവാദനം ചെയ്യുന്ന ശബ്ദം കേട്ടത്. ആരാണതെന്നു നോക്കാൻ ബാബു അങ്ങോട്ടുചെന്നു. റായ്ചരനായിരുന്നു അത്. വൃദ്ധനായ ആ ദാസനെക്കണ്ടപ്പോാം ബാബുവിൻെറ ഹൃദയമലിഞ്ഞു. അദ്ദേഹം സ്നേഹപൂർവ്വം കുശലമന്വേഷിച്ചു; അയാളുടെ ദയനീയസ്ഥിതിയറിഞ്ഞപ്പോാം ജോലിക്ക് തിരിച്ചെടുക്കാമെന്ന് പറകയും ചെയ്തു. റായ്ചരൻ പുഞ്ചിരിയോടെ പറഞ്ഞു; ''എനിക്ക് അമ്മയെക്കണ്ടു വന്ദിച്ചാൽ കൊള്ളാമെന്നുണ്ട്.'' അനുകൂലബാബു അയാളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. യജമാനത്തി യജമാനനെപ്പോലെ അയാാംക്ക് ഹാർദ്ദമായ സ്വാഗതമരുളിയില്ല. എന്നാൽ റായ്ചരൻ അത് അത്ര കാര്യമാക്കിയില്ല. കൈകെട്ടിനിന്നുകൊണ്ട് അയാാം ഉണർത്തിച്ചു: ''അമ്മേ! പത്മാനദിയല്ലായിരുന്നു നിങ്ങളുടെ ഓമനയെ തട്ടിക്കൊണ്ടുപോയത്. ഞാനായിരുന്നു.''

''എൻെറ ഈശ്വരാ; ഇതെന്താണ് കോംക്കുന്നത്! എൻെറ കുട്ടിയെവിടെ?'' എന്ന് അനുകൂലബാബു ആശ്ചര്യപൂർവ്വം ചോദിച്ചു. ''എൻെറകൂടെയുണ്ട്. മറ്റെന്നാാം ഞാൻ കൊച്ചുബാബുവിനെ കൂട്ടിക്കൊണ്ടുവരാം'' എന്നു പറഞ്ഞ് റായ്ചരൻ തിരിച്ചുപോയി.

അന്ന് ഞായറാഴ്ചയായിരുന്നു; കോടതിക്ക് ഒഴിവുദിവസം. അനുകൂലബാബുവും പത്നിയും പ്രഭാതംമുതൽ റായ്ചരനെ പ്രതീക്ഷിച്ച് ഉൽക്കണ്ഠയോടെ പാതയിൽ കണ്ണുംനട്ടിരിക്കുകയാണ്. പത്തുമണിയോടെ അയാറം കുട്ടിയുടെ കൈയും പിടിച്ചുകൊണ്ട് വന്നെത്തി.

അമ്മ ഒന്നും ചോദിക്കാതെ കുട്ടിയെ വാരിയെടുത്ത് മടിയിലിരുത്തി. വികാരവായ്പിനാൽ അവർ ഉന്മത്തയായിരുന്നു. അവർ ചിരിച്ചു; ഉടനെ പൊട്ടിക്കരഞ്ഞു. പൊന്നു മകന്റെ നെറ്റിയിലും മൂർദ്ധാവിലും സ്നേഹപൂർവ്വം ചുംബിച്ചു. അവന്റെ മുഖത്തുനിന്ന് കണ്ണെടുക്കാൻ അവർക്കു കഴിഞ്ഞില്ല. കുട്ടി കോമളനായിരുന്നു. ഒരു പ്രഭുകുമാരനു ചേർന്നതായിരുന്നു അവന്റെ വേഷം. അനുകൂലബാബുവിന്റെ ഹൃദയത്തിലും സ്നേഹം അലതല്ലി. എങ്കിലും ആ അവസരത്തിലും ന്യായാധിപന്റെ ശീലം അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ല.

''ഇരിക്കട്ടെ, ഇതിനുവല്ല തെളിവുമുണ്ടോ?'' എന്ന് അദ്ദേഹം റായ്ചരനോടു ചോദിച്ചു.

''എങ്ങനെ തെളിവുണ്ടാകാനാണ്? ഞാനാണ് അവിടുത്തെ കുട്ടിയെ തട്ടിക്കൊണ്ടുപോയതെന്ന് ഈശ്വരനു മാത്രമറിയാം.''

അമ്മയുടെ വാത്സല്യപാരവശ്യം കണ്ടപ്പോഠം ഇനി തെളിവാവശ്യപ്പെട്ടിട്ട് ഒരു കാര്യവുമില്ലെന്ന് ബാബുവിന് ബോദ്ധ്യമായി. റായ്ചരൻ പറഞ്ഞത് വിശ്വസിക്കുകയാണ് നല്ലതെന്ന് തോന്നി. അതുമല്ല, ആ കിഴവന് എവിടെനിന്നാണ് ഇങ്ങനെയുള്ളൊരു കുട്ടിയെ കിട്ടുക? ആ വിശ്വസ്തഭൃത്യന് തന്നെ ചതിച്ചിട്ട് എന്തു ലാഭം?

പിന്നെ മജിസ്ട്രേറ്റ് നിർദ്ദയം ആജ്ഞാപിച്ചു: ''അതെല്ലാം ശരി. എന്നാൽ ഇനി നിന്നെ ഇവിടെ കാണരുത്, പോകണം.''

''ഏമാന്നേ ഞാൻ എവിടെപ്പോകട്ടെ! ഈ കിഴവനെ ആരു ജോലിക്കെടുക്കും?'' ഗദ്ഗദത്തോടെ റായ്ചരൻ ചോദിച്ചു. ''അവൻ ഇവിടെ താമസിച്ചുകൊള്ളട്ടെ. എന്റെ കുട്ടിക്ക് അത് സന്തോഷമായിരിക്കും. ഞാൻ അവനു മാപ്പു കൊടുത്തിരിക്കുന്നു.'' എന്നു ഗൃഹനായിക പറഞ്ഞു.

എന്നാൽ അനുകൂലബാബുവിൽ വേരുറച്ചിരുന്ന ന്യായാധിപബുദ്ധി അതിനു സമ്മതിച്ചില്ല. ''അരുത്, ഈ കുറ്റത്തിന് മാപ്പുകൊടുത്തുകൂടാ'' എന്ന് അദ്ദേഹം വിധിച്ചു.

Institute of Children's Literature, Trivandrum. Date

റായ്ചരൻ ബാബുവിൻെറ പാദങ്ങളിൽവീണ് കാൽപിടിച്ചു കേണുണർത്തിച്ചു: ''ഏമാന്നേ, ഞാൻ ഇവിടെ താമസിച്ചുകൊള്ളട്ടെ! ഞാനല്ല ഇതു ചെയ്തത്, ദൈവമാണ്.''

റായ്ചരൻ ഈശ്വരൻെറ മേൽ കുറ്റം ചാരിയപ്പോൾ മജിസ്ട്രേറ്റിൻെറ വെറുപ്പൊന്നു വർദ്ധിക്കയാണുണ്ടായത്. ''ഇല്ല. ഞാനൊരിക്കലും സമ്മതിക്കില്ല. ഇനി ഞാൻ നിന്നെ എങ്ങനെ വിശ്വസിക്കും. നീ ഒരിക്കൽ എന്നെ ചതിച്ചവനാണ്'' എന്ന് അദ്ദേഹം തീർത്തുപറഞ്ഞു. റായ്ചരൻ എഴുന്നേറ്റുനിന്ന് ''ഏമാന്നേ, ഞാനല്ല ചതിച്ചത്'' എന്ന് വീണ്ടും ബോധിപ്പിച്ചു.

''പിന്നെ ആരാ?'' അനുകൂലബാബു തിരക്കി. ''എൻെറ തലയിലെഴുത്ത്.''

പുതിയ ചിന്താഗതിക്കാരനായ വിദ്യാസമ്പന്നരുണ്ടോ വിധിയിൽ വിശ്വസിക്കുന്നു! ബാബുവിൻെറ നിശ്ചയത്തിന് ഒരിളക്കവും തട്ടിയില്ല.

താൻ മജിസ്ട്രേറ്റിൻെറ മകനാണെന്നും റായ്ചരൻ ഇത്രകാലവും തന്നെ ജന്മാവകാശങ്ങളിൽനിന്ന് അകറ്റിനിറുത്തുകയാണ് ചെയ്തതെന്നും അറിഞ്ഞപ്പോൾ കൊച്ചെജമാനന് അയാളോട് അമർഷം തോന്നി. എങ്കിലും ആ വയോധികൻെറ ദയനീയസ്ഥിതിയോർത്ത് അവൻെറ ഹൃദയമലിഞ്ഞു. ''അച്ഛാ അയാൾക്കു മാപ്പു കൊടുക്കൂ. നമ്മുടെ കൂടെ താമസിക്കുന്നത് അച്ഛന് ഇഷ്ടമല്ലെങ്കിൽ മാസംപ്രതി ഒരു ചെറിയ സംഖ്യ പെൻഷനായി കൊടുത്തേക്കണം.'' എന്ന് അവൻ പറഞ്ഞു.

ഇതു കേട്ടതിൽപ്പിന്നെ റായ്ചരൻ ഒരക്ഷരംപോലും ഉരച്ചില്ല. മകൻെറ മുഖത്ത് ആ കിഴവൻ ഒന്നു നോക്കി. അവസാനത്തെ നോട്ടമായിരുന്നു അത്. യജമാനനെയും യജമാനത്തിയെയും താണുവണങ്ങിയിട്ട് ആ പാവം അവിടെനിന്നിറങ്ങി. ലോകത്തിലെ ലക്ഷോപലക്ഷം ജനങ്ങളുടെ ഇടയിൽ അയാൾ മറഞ്ഞുപോയി.

മാസാവസാനം അനുകൂലബാബു റായ്ചരന് സ്വന്തം ഗ്രാമത്തിലെ മേൽവിലാസത്തിൽ കുറച്ചു പണം അയച്ചുകൊടുത്തു. എന്നാൽ ആ മണിയോർഡർ മടങ്ങിവന്നു. റായ്ചരൻ എന്ന പേരിൽ ആ ഗ്രാമത്തിൽ ആരുമുണ്ടായിരുന്നില്ല.

—ടാഗോർ

STATE INSTITUTE OF CHILDREN'S LITERATURE TRIVANDRUM
Date No - 9.32

## പദങ്ങൾ

നിയുക്തൻ, വിവാഹിതൻ, ഗൃഹേശ്വരി, പരിചാരകൻ, കിന്നരി, പുളിനം, സരിത്ത്, സ്വേച്ഛാധിപതി, പയോദശകലം, സാരഥി, കൂലം, പ്രതികരണം, സാധകം, അനാസ്ഥ, പേശലഹൃദയൻ, കുശലമന്വേഷിക്കുക, ഹാർദ്ദം. കണ്ണുംനട്ടിരിക്കുക, ചിന്താഗതി.

## അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:

നിയുക്തൻ, ഗൃഹേശ്വരി, പുളിനം, സ്വേച്ഛാധിപതി, പ്രതികരണം, സാധകം, അനാസ്ഥ, പേശലഹൃദയൻ, കുശലമന്വേഷിക്കുക, ഹാർദ്ദം, കണ്ണുംനട്ടിരിക്കുക, ചിന്താഗതി.

II. ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുക:

(1) സന്ദർഭോചിതമായ പ്രകൃതിവർണ്ണനങ്ങൾ.

(2) മനുഷ്യസ്വഭാവത്തെക്കുറിച്ച് കവിക്കുള്ള അഗാധജ്ഞാനം.

(3) ശിശുസ്വഭാവത്തിന്റെ തന്മയത്വം തികഞ്ഞ വർണ്ണനം.

III. കഥയുടെ അവസാനം മറ്റൊരുതരത്തിലാകേണ്ടിയിരുന്നുവെന്ന് നിങ്ങൾക്കഭിപ്രായമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെയായിരിക്കണമെന്നാണ് പക്ഷം? എന്തുകൊണ്ട് കവി അവസാനം ആ വിധത്തിലാക്കിയില്ല?

IV. ഈ കഥയിലെ പ്രധാന ഭാവമെന്ത്? എവിടെയാണ് അതിന്റെ പരമകാഷ്ഠ?

V. കുട്ടിയുടെ അമ്മ റായ്ചരനെ സംശയിച്ചപ്പോൾ അച്ഛൻ അയാളെ നിരപരാധിയായിക്കരുതി. പിന്നീട് നേരേ മറിച്ചും സംഭവിച്ചു. എന്താണ് ഈ വൈപരീത്യത്തിനു കാരണം എന്ന് ഒരു ഖണ്ഡികയിൽ വിശദീകരിക്കുക.

VI. റായ്ചരന്റെ ദയനീയചരിത്രം നിങ്ങളുടെ ഹൃദയത്തിൽ ഉളവാക്കുന്ന ഭാവത്തെക്കുറിച്ച് ഒരു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

INSTITUTE OF CHILDREN'S LITERATURE
Date No - 932
STATE - TRIVANDRUM

INSTITUTE OF CHILDREN'S LITERATURE
Date No.— 939
STATE
TRIVANDRUM

PRINTED BY THE MANAGING DIRECTOR, KERALA BOOKS AND PUBLICATIONS SOCIETY
AT THE TEXT BOOK PRESS, THRIKKAKARA, COCHIN-21